പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി I
# (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

(AGRICULTURE, ANIMAL HUSBANDRY AND FISHERIES)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2014 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2014)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളുടെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2014 ജൂലൈ 14-ാം തീയതി സമർപ്പിച്ചത്

(Presented on 14th July, 2014)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2014

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

## വിഷയനിർണ്ണയ സമിതി I

## (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2014 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31ST MARCH, 2014)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of
Business in the Kerala Legislative Assembly]

970/2014.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം—യോഗനടപടിക്കുറിപ്പുകൾ | .. | 108 |

## വിഷയനിർണ്ണയ സമിതി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

(2013-2016)

**ഘടന**

ചെയർമാൻ :

ശ്രീ. കെ. പി. മോഹനൻ,
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി.

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. ജെയിംസ് മാത്യു

„ ഇ. പി. ജയരാജൻ

„ സി. മോയിൻകുട്ടി

„ എസ്. ശർമ്മ

„ എം. വി. ശ്രേയാംസ് കുമാർ

„ പി. തിലോത്തമൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി

ശ്രീ. റ്റി. എം. രത്നാകരൻ, ഡെപ്യൂട്ടി സെക്രട്ടറി

„ എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരം ഞാൻ സമർപ്പിക്കുന്നു.

13-ാം കേരള നിയമസഭയുടെ 2011 ജൂൺ 28-ാം തീയതിയിലെ 15-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം രൂപീകരിച്ച 2011-2013 കാലയളവിലേക്കും 2013 ഡിസംബർ 27-ാം തീയതിയിലെ 463-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം രൂപീകരിച്ച 2013-2016 കാലയളവിലേക്കുമുള്ള കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I, 1-4-2013 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

റിപ്പോർട്ട് കാലയളവിൽ സമിതി 16-4-2013, 23-4-2013, 8-5-2013, 18-6-2013, 20-11-2013, 4-12-2013, 11-12-2013, 21-1-2014, 18-2-2014, 26-2-2014, 12-3-2014 എന്നീ തീയതികളിലായി പതിനൊന്ന് യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 16-4-2013, 23-4-2013 എന്നീ തീയതികളിൽ 2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന കളുടെ സൂക്ഷ്മപരിശോധനയും 8-5-2013-ന് 2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ടും 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരടും 18-6-2013-ന് 2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരടും കേരള അനിമൽ ഹസ്ബന്ററി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് (ഭേദഗതി)-ന്റെ കരട് വിജ്ഞാപനവും സമിതിയുടെ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളും സമിതിക്ക് ലഭ്യമാക്കിയ അധിക വിവരങ്ങൾ പരിശോധി ക്കുന്നതിനും 20-11-2013-ന് റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ മറുപടി ലഭ്യമാക്കാനുള്ളവയെ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുന്നതിനും ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളും അധിക വിവരങ്ങൾ പരിശോധിക്കുന്നതിനും 4-12-2013-ന് 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിന്റെ 44-ാം വകുപ്പു പ്രകാരമുള്ള ചട്ടങ്ങൾ സംബന്ധിച്ച എസ്.ആർ.ഒ. നമ്പർ 429/2013 പരിഗണിക്കുന്നതിനും 11-12-2013-ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1) (iii) പ്രകാരം "ഉപജീവന മാർഗ്ഗമെന്നനിലയിൽ മൃഗസംരക്ഷണം സർക്കാർ പദ്ധതികൾ" എന്ന വിഷയത്തെ ആസ്പദമാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതിനും, 21-1-2014-ന് 2013-ലെ കേരള മത്സ്യത്തൊഴിലാളി കടശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണിക്കുന്നതിനായുമാണ് സമിതി യോഗങ്ങൾ ചേർന്നത്.

തുടർന്ന് 18-2-2014-നും 24-2-2014-നും 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കും 12-3-2014-ന് 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുന്നതിനുമായി സമിതി യോഗം ചേരുകയുണ്ടായി.

യോഗങ്ങളിലെ ശരാശരി ഹാജർ നില 42% ആയിരുന്നു.

ഈ റിപ്പോർട്ട് അഞ്ച് ഭാഗങ്ങളിലായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരങ്ങളും രണ്ടാം ഭാഗത്തിൽ സമിതി പരിഗണിച്ച ബില്ലുകളുടെയും ചട്ടങ്ങളുടെയും വിവരങ്ങളും മൂന്നാം ഭാഗത്ത് ചട്ടം 235(എ)പ്രകാരംചേർന്ന യോഗങ്ങളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. നാലാം ഭാഗത്ത് റിപ്പോർട്ട് കാലയളവിൽ ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചശേഷം ലഭിച്ച സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിവരങ്ങളും പ്രസ്തുത കാലയളവിൽ സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. അഞ്ചാം ഭാഗത്തിൽ സമിതി പരിഗണിച്ച ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേലും സമിതിയുടെ സ്പെഷ്യൽ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേലും സർക്കാർ സ്വീകരിച്ച നടപടിസ്റ്റേറ്റ്മെന്റുകളും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗ നടപടിക്കുറിപ്പുകൾ അനുബന്ധമായും ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2014 ജൂലൈ 1-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

കെ. പി. മോഹനൻ,

*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി I.*

തിരുവനന്തപുരം,
2014 ജൂലൈ 1.

# റിപ്പോർട്ട്

ഭാഗം I

2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി 16-4-2013, 23-4-2013 എന്നീ തീയതികളിൽ സമിതി യോഗം ചേർന്നു. വിഷയനിർണ്ണയ സമിതി I-ന്റെ പരിധിയിൽ വരുന്ന താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ കീഴിൽ വരുന്ന കണക്കിനങ്ങൾ സമിതി പരിശോധിച്ചു :

ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

ധനാഭ്യർത്ഥന നമ്പർ XXX —ഭക്ഷ്യം (വെയർഹൗസിംഗ് കോർപ്പറേഷൻ)

ധനാഭ്യർത്ഥന നമ്പർ XXXI—മൃഗസംരക്ഷണം

ധനാഭ്യർത്ഥന നമ്പർ XXXII—ക്ഷീരവികസനം

ധനാഭ്യർത്ഥന നമ്പർ XXXIII—മത്സ്യബന്ധനം

2013-14 സാമ്പത്തിക വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2013 മേയ് മാസം 8-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 2013 ജൂൺ മാസം 10-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

സമിതിയുടെ 1-4-2012 മുതൽ 31-3-2013 വരെയുള്ള ആനുകാലിക റിപ്പോർട്ട് 19-6-2013-ന് സഭയിൽ സമർപ്പിച്ചു.

2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 8-7-2013-ന് സഭയിൽ സമർപ്പിച്ചു.

2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട് 23-1-2014-ന് സഭയിൽ സമർപ്പിച്ചു.

2014-2015 സാമ്പത്തിക വർഷത്തെ ബജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി 18-2-2014, 26-2-2014 എന്നീ തീയതികളിൽ സമിതി യോഗം ചേർന്നു :

ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം (വെയർഹൗസിംഗ് കോർപ്പറേഷൻ)

ധനാഭ്യർത്ഥന നമ്പർ XXXI—മൃഗസംരക്ഷണം

ധനാഭ്യർത്ഥന നമ്പർ XXXII—ക്ഷീരവികസനം

ധനാഭ്യർത്ഥന നമ്പർ XXXIII—മത്സ്യബന്ധനം

2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2014 മാർച്ച് മാസം 12-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

ഭാഗം 2

(എ) **ബില്ലുകളുടെ പരിഗണന**

2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ 21-1-2014-ലെ സമിതിയോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

(ബി) **ചട്ടങ്ങളുടെ പരിഗണന**

കേരള അനിമൽ ഹസ്ബന്ററി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് (ഭേദഗതി)-ന്റെ കരട് 18-6-2013-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

(സി) **എസ്.ആർ.ഒ.-യുടെ സാധൂകരണം**

2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിന്റെ 44-ാം വകുപ്പ് പ്രകാരമുള്ള ചട്ടങ്ങൾ സംബന്ധിച്ച എസ്. ആർ. ഒ. 429/2013 4-12-2013-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഭാഗം 3

2013 ഡിസംബർ 11-ാം തീയതി ചട്ടം 235 (എ) പ്രകാരം സമിതി യോഗം ചേർന്ന് ചട്ടം 235 (i) (iii) പ്രകാരം "ഉപജീവനമാർഗ്ഗമെന്ന നിലയിൽ മൃഗസംരക്ഷണം-സർക്കാർ പദ്ധതികൾ" എന്ന വിഷയത്തെ ആസ്പദമാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

ഭാഗം 4

**ചട്ടം 236(6) പ്രകാരം സഭയുടെ മേശപ്പുറത്തുവച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ**

1. XXXI—മൃഗസംരക്ഷണം, XXXII—ക്ഷീരവികസനം എന്നീ ധനാഭ്യർത്ഥനകളുടെ കീഴിൽ വരുന്ന യഥാക്രമം മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുടെ 2011-2012 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ 9-4-2013-നും 2012-2013 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ 21-1-2014-നും സഭയുടെ മേശപ്പുറത്തു വച്ചു.

2. XXIX—കൃഷി എന്ന ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന കേരള കാർഷിക സർവ്വകലാശാല, പശ്ചിമഘട്ട വികസന പദ്ധതി എന്നിവയുടെ 2011-2012 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, കേരള സംസ്ഥാന വിദൂരസംവേദന പരിസ്ഥിതി കേന്ദ്രം എന്നിവയുടെ 2012-2013 വർഷത്തെ റിപ്പോർട്ടുകളും 8-7-2013-ന് സഭയുടെ മേശപ്പുറത്തു വച്ചു.

3. XXXIII—മത്സ്യബന്ധനം എന്ന ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന മത്സ്യബന്ധന വകുപ്പിന്റെ 2012-2013 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ 21-1-2014-ന് സഭയുടെ മേശപ്പുറത്തു വച്ചു.

(ബി) **ചട്ടം 236(5) പ്രകാരം, സഭയുടെ മേശപ്പുറത്തുവച്ച സ്റ്റേറ്റ്മെന്റുകൾ**

1. 2010-2011 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 10-ലെ ശുപാർശയിന്മേൽ നടപടി സ്വീകരിക്കാൻ കാലതാമസമുണ്ടായതു സംബന്ധിച്ച വിശദീകരണം അടങ്ങുന്ന സ്റ്റേറ്റ്മെന്റ് 8-7-2013-നും 1, 4, 12, 15, 19 എന്നീ ഖണ്ഡികകളിലെ ശുപാർശകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് 28-1-2014-നും സഭയുടെ മേശപ്പുറത്തുവച്ചു.

2. 2011-2012 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 10, 22 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടായതു സംബന്ധിച്ച വിശദീകരണമടങ്ങുന്ന സ്റ്റേറ്റ്മെന്റ് 8-7-2013-നും 1, 2, 4, 15, 18, 19, 20, 26 എന്നീ ഖണ്ഡികകളിലെ ശുപാർശകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് 28-1-2014-നും സഭയുടെ മേശപ്പുറത്തു വച്ചു.

3. 2012-2013 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 1, 2, 4, 6, 9, 10, 11 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടായതു സംബന്ധിച്ച വിശദീകരണമടങ്ങുന്ന സ്റ്റേറ്റ്മെന്റ് 28-1-2014-നും സഭയുടെ മേശപ്പുറത്തു വച്ചു.

## ഭാഗം 5

1. **ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിച്ച് അംഗീകരിച്ച ശുപാർശകളും നടപടി സ്റ്റേറ്റ്മെന്റുകളും**

## കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2004-2005 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

### ശുപാർശ

സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണെന്നും ഈ സാഹചര്യത്തിൽ ദൈനംദിന പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോകാൻ പ്രയാസമാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയിൽ വെളിപ്പെടുത്തി. നിലവിലുള്ള പ്രവർത്തനങ്ങൾ തുടർന്ന് നടത്തിക്കൊണ്ടുപോകുന്നതിനും ജീവനക്കാരുടെ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള കുടിശ്ശികകൾ ലഭ്യമാക്കുന്നതിനും ഏകദേശം 650 ലക്ഷം രൂപയോളം ആവശ്യമായി വരുമെന്നും ഈ സാഹചര്യത്തിൽ ബാദ്ധ്യതകൾ തീർക്കാൻ ആവശ്യമായ 650 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള അഗ്രോ ഇൻഡസ്ട്രീസിന്റെ ബാദ്ധ്യതകൾ തീർക്കാൻ ആവശ്യമായ 650 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തെങ്കിലും തുകയൊന്നും ബഡ്ജറ്റിൽ വകകൊള്ളിക്കാത്തതിനാൽ അനുവദിച്ചു നൽകാനായിട്ടില്ല.

<u>ശുപാർശ</u>

2004-2005 വർഷത്തേക്ക് കോർപ്പറേഷന് തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. ഇതിനായി ഒരു ടോക്കൺ പ്രൊവിഷനെങ്കിലും വകയിരുത്തിയിരുന്നെങ്കിൽ ആവശ്യമായ തുക ചെലവാക്കാൻ പറ്റുമായിരുന്നുവെന്ന് സമിതി വിലയിരുത്തി. അടുത്ത സാമ്പത്തിക വർഷം ടോക്കൺ പ്രൊവിഷൻ എങ്കിലും ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2005-2006 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല.

<u>ശുപാർശ</u>

കർഷക സമൂഹത്തിന്റെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കേണ്ട കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനങ്ങളിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയുണ്ടായി. പൂക്കോട് വെറ്ററിനറി കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ വർഷങ്ങളിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിരുന്ന തുക അപര്യാപ്തമായതു കൊണ്ടും ഇന്ത്യൻ വെറ്ററിനറി കൗൺസിലിന്റെ അംഗീകാരം നേടിയെടുക്കേണ്ട ആവശ്യകത മുൻനിർത്തിയും അടിസ്ഥാന സൗകര്യങ്ങളോടെ ഉടൻതന്നെ പൂക്കോട് വെറ്ററിനറി കോളേജിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

(ഖണ്ഡിക 12)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വ്യക്തമായ ആസൂത്രണത്തിലൂടെ അദ്ധ്യാപന, ഗവേഷണ വിജ്ഞാനവ്യാപന മേഖലകളിൽ സർവ്വകലാശാലയുടെ പ്രവർത്തനം മുൻവർഷങ്ങളെ അപേക്ഷിച്ച് കാര്യമായി മെച്ചപ്പെടുത്തിയിട്ടുണ്ട്. അക്കാദമിക് മേഖലകളിൽ ലഭിച്ച പുരസ്ക്കാരങ്ങളും വിദ്യാർത്ഥികൾ കൈവരിച്ച നേട്ടങ്ങളും ഗവേഷണങ്ങളിലൂടെ വികസിപ്പിച്ചെടുത്ത് കർഷകർക്ക് കൈമാറിയ വിത്തിനങ്ങളും സാങ്കേതികവിദ്യകളും മറ്റും ഇതിന് ഉദാഹരണങ്ങളാണ്.

പൂക്കോട് വെറ്ററിനറി കോളേജ് നിർമ്മാണത്തിനായി 1998-1999 മുതൽ 2004-2005 വരെയുള്ള കാലഘട്ടത്തിൽ സർക്കാർ അനുവദിച്ച തുകകൾ താഴെ ചേർക്കുന്നു :

| *വർഷം* | *മൃഗസംരക്ഷണ വകുപ്പുവഴി (തുക ലക്ഷത്തിൽ)* | *കൃഷി വകുപ്പ് (തുക ലക്ഷത്തിൽ)* | *ആകെ (തുക ലക്ഷത്തിൽ)* |
|---|---|---|---|
| 1998-99 | 225.00 | .. | 225.00 |
| 1999-00 | 350.00 | .. | 350.00 |
| 2000-01 | 262.50 | .. | 262.50 |
| 2001-02 | 175.00 | .. | 175.00 |
| 2002-03 | 220.00 | 100.00 | 320.00 |
| 2003-04 | .. | 200.00 | 200.00 |
| 2004-05 | .. | 350.00 | 350.00 |
| ആകെ | 1232.50 | 650.00 | 1882.50 |

അത്യാവശ്യ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി 11-12-2004ൽ വെറ്ററിനറി കോളേജിന്റെ പ്രവർത്തനം പൂർണ്ണമായി പൂക്കോട്ടേക്ക് മാറ്റി. മാത്രമല്ല 20-7-2005 മുതൽ പ്രാബല്യത്തിൽ പൂക്കോട് വെറ്ററിനറി കോളേജിന് ഇന്ത്യൻ വെറ്ററിനറി കൗൺസിലിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തു. 2011-ൽ വെറ്ററിനറി സർവ്വകലാശാല നിലവിൽ വന്നതിനാൽ പൂക്കോട് വെറ്ററിനറി കോളേജ് ഇപ്പോൾ കേരള വെറ്ററിനറി & ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ അധീനതയിലാണ്.

<u>ശുപാർശ</u>

ഇന്ത്യൻ വെറ്ററിനറി കൗൺസിലിന്റെ നിർദ്ദേശപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പൂക്കോട് വെറ്ററിനറി കോളേജ് ഷിഫ്റ്റ് ചെയ്യുന്നതിന് ആവശ്യമായ തുക ഈ വർഷം തന്നെ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

1998-ൽ സ്ഥാപിച്ച പൂക്കോട് വെറ്ററിനറി കോളേജ് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ഏറെ നാൾ കാർഷിക സർവ്വകലാശാലയുടെ മണ്ണുത്തി

കാമ്പസിലാണ് പ്രവർത്തിച്ചത്. പൂക്കോട് വെറ്ററിനറി കോളേജ് നിർമ്മാണത്തിനായി സർക്കാരിൽനിന്നും 1998-99 മുതൽ 2004-2005 വരെ ലഭിച്ച തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു :

| *വർഷം* | *മൃഗസംരക്ഷണ വകുപ്പുവഴി (തുക ലക്ഷത്തിൽ)* | *കൃഷി വകുപ്പ് (തുക ലക്ഷത്തിൽ)* | *ആകെ (തുക ലക്ഷത്തിൽ)* |
|---|---|---|---|
| 1998-99 | 225.00 | .. | 225.00 |
| 1999-00 | 350.00 | .. | 350.00 |
| 2000-01 | 262.50 | .. | 262.50 |
| 2001-02 | 175.00 | .. | 175.00 |
| 2002-03 | 220.00 | 100.00 | 320.00 |
| 2003-04 | .. | 200.00 | 200.00 |
| 2004-05 | .. | 350.00 | 350.00 |
| ആകെ | 1232.50 | 650.00 | 1882.50 |

ഇതിനു പുറമെ ഈ ആവശ്യത്തിലേക്കായി 2005-2006 വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ മൃഗസംരക്ഷണ വകുപ്പുവഴി 200 ലക്ഷം രൂപയും കൃഷി വകുപ്പുവഴി 600 ലക്ഷം രൂപയും അനുവദിച്ചിരുന്നു.

11-12-2004-ൽ ബഹു. കേരള മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചതിനെ തുടർന്ന് പൂക്കോട് വെറ്ററിനറി കോളേജിന്റെ പ്രവർത്തനം മണ്ണുത്തിയിൽനിന്നും പൂക്കോട്ടേക്ക് മാറ്റി. ആദ്യ ഘട്ടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായി സജ്ജമാക്കുവാൻ സാധിച്ചില്ലെങ്കിലും പിന്നീട് ആവശ്യം വേണ്ട സൗകര്യങ്ങൾ ഏർപ്പാടാക്കി കോളേജ് പൂർണ്ണമായി പ്രവർത്തനക്ഷമമാക്കിയിരുന്നു. 2011-ൽ വെറ്ററിനറി സർവ്വകലാശാല നിലവിൽ വന്നതിനെ തുടർന്ന് പൂക്കോട് വെറ്ററിനറി കോളേജ് കേരള കാർഷിക സർവ്വകലാശാലയുടെ നിയന്ത്രണത്തിൽനിന്നും മാറ്റി ഇപ്പോൾ വെറ്ററിനറി സർവ്വകലാശാലയുടെ നിയന്ത്രണത്തിലായിട്ടുണ്ട്.

## കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2005-06-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

### ശുപാർശ

2401-00-108-75—സ്വകാര്യ മേഖലയിലെ എണ്ണപ്പന കൃഷി വികസനം

നെൽകൃഷിക്ക് നൽകിവരുന്ന രീതിയിലുള്ള എല്ലാ ആനുകൂല്യങ്ങളും നൽകി എണ്ണപ്പനയെ ഒരു കൃഷിയായി റീ നോട്ടിഫൈ ചെയ്യണമെന്നും എണ്ണപ്പന കൃഷിക്ക് കൂടി വൈദ്യുതി സബ്സിഡി ബാധകമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സർക്കാർ സ്വീകരിച്ച നടപടി

എണ്ണപ്പന കൃഷിക്കായി നിലവിൽ കേന്ദ്രസർക്കാരിന്റെ ഒരു പദ്ധതി മാത്രമേ നടപ്പിലാക്കുന്നുള്ളൂ. ഓയിൽ പാം ഇൻഡ്യ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ എണ്ണപ്പന വ്യാപകമായി കൃഷി ചെയ്യുന്നില്ല. കൂടാതെ നെൽകൃഷിയുമായി എണ്ണപ്പന കൃഷിയെ താരതമ്യം ചെയ്യാൻ കഴിയില്ല. ഈ കൃഷിയെ റീ-നോട്ടിഫൈ ചെയ്യുന്നതിനെ സംബന്ധിച്ച് തീരുമാനമൊന്നും സ്വീകരിച്ചിട്ടില്ല. കാർഷിക വൈദ്യുതി സൗജന്യം അനുവദിച്ചുകൊണ്ടുള്ള നിലവിലെ സർക്കാർ ഉത്തരവ് അനുസരിച്ച് നെൽകൃഷിക്ക് ഭൂപരിധി ബാധകമാക്കാതെയും ഇതര കാർഷിക വിളകൾക്ക് 2 ഹെക്ടർ വരെയും കാർഷിക വൈദ്യുതി സൗജന്യം അനുവദിക്കുന്നുണ്ട്. ഇതനുസരിച്ച് നെൽകർഷകരും മറ്റ് ഇതര കാർഷിക വിളകൾ കൃഷി ചെയ്യുന്നവരും ഈ ആനുകൂല്യത്തിന് അർഹരാണ്.

ശുപാർശ

2404-190-99—കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിനുള്ള ധനസഹായം

കെ.എൽ.ഡി. ബോർഡിന് ഒരു അടിസ്ഥാന വിത്തുല്പാദനഫാമും ഗുണനിയന്ത്രണസംവിധാനവും നിലവിലുണ്ട്. വിത്തുല്പ്പാദിപ്പിക്കുന്നതിനും വിവിധ ഇനങ്ങളിലുള്ള കാലിത്തീറ്റ തിരിച്ചറിഞ്ഞ് വികസിപ്പിച്ചെടുക്കുന്നതിനും വേണ്ട ഗവേഷണ വികസന പരിപാടികളും ബോർഡ് നടത്തുന്നുണ്ട്. ബോർഡിന് കീഴിൽ പുത്തൂരിലുള്ള പന്നിവളർത്തൽ കേന്ദ്രത്തിനും കെ.എൽ.ഡി. ബോർഡിന്റെ മറ്റ് വികസന പ്രവർത്തനങ്ങൾക്കുമായി 35 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സർക്കാർ സ്വീകരിച്ച നടപടി

2005-06 സാമ്പത്തിക വർഷം കെ.എൽ.ഡി. ബോർഡിന്റെ പുത്തൂരിലുള്ള പന്നി വളർത്തൽ കേന്ദ്രത്തിനും മറ്റ് വികസന പ്രവർത്തനങ്ങൾക്കുമായി 35 ലക്ഷം രൂപ ശുപാർശ ചെയ്തിരുന്നുവെങ്കിലും ഈ തുക കെ.എൽ.ഡി. ബോർഡിന് അനുവദിച്ചിരുന്നില്ല. എന്നാൽ, 2006-07 സാമ്പത്തിക വർഷം 45 ലക്ഷവും, 2007-2008, 2008-2009, 2009-2010, 2010--2011, 2011-2012 വർഷങ്ങളിൽ 35 ലക്ഷം രൂപ വീതം ലഭിച്ചിട്ടുണ്ട്. 2012-2013-ൽ കെ.എൽ.ഡി. ബോർഡിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 1130 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

## കൃഷിയും ഗ്രാമവികസനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2006-07-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

ശുപാർശ

2435-01-101-85—വില സ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ

നെല്ല് സംഭരണം കൃത്യ സമയത്ത് നടത്താതിരിക്കുന്നതിനെ തുടർന്ന് വിത്ത് മുളച്ച് ഉപയോഗ ശൂന്യമാകുന്നത് ഒഴിവാക്കുവാൻ സിവിൽ സപ്ലൈസ് യഥാസമയം സംഭരണം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഭക്ഷ്യവിഭവങ്ങളുടെ ശേഖരണവും വിതരണവും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ 2005 വർഷം മുതൽ നെല്ലുസംഭരണം നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ ഏതാനും ജില്ലകളിൽ മാത്ര മായി ഒതുങ്ങി നിന്നിരുന്ന നെല്ലുസംഭരണം 2011 നവംബർ മാസത്തിൽ വയനാട് ജില്ലയിലും നടപ്പിലാക്കി തുടങ്ങി. 2012 ഫെബ്രുവരി മാസത്തിലെ സർക്കാർ ഉത്തരവ് നമ്പർ 31/2012/കൃഷി പ്രകാരം സംസ്ഥാനത്തെ മറ്റ് ജില്ലകളിലും സപ്ലൈകോവഴി നെല്ലു സംഭരണം ആരംഭിച്ച് നടപ്പാക്കി വരുന്നു.

<u>ശുപാർശ</u>

2402-00-102-88—<u>ജലവിതരണ പദ്ധതികളിലെ റിസർവോയറുകളുമായി ബന്ധപ്പെട്ട പ്രദേശങ്ങളുടെ സംരക്ഷണം</u>

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര, കൊല്ലം ജില്ലയിലെ ശാസ്താംകോട്ട എന്നിവിടങ്ങളിലെ ശുദ്ധജലസംഭരണികളുടെ വൃഷ്ടിപ്രദേശത്ത് മണ്ണൊലിപ്പ് തടയുകയും മണ്ണിൽ പരമാവധി മഴജലം തടഞ്ഞുനിർത്തുകയും അതുവഴി പ്രസ്തുത ശുദ്ധജലസംഭരണികളുടെ സംഭരണശേഷി നിലനിർത്തുന്നതിന് ഉപകരിക്കുകയും ചെയ്യുന്നതിന് അനുയോജ്യമായ മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് തുക വക കൊള്ളിച്ചിരിക്കുന്നു.

ഈ പദ്ധതിക്കായി 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39, 40)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധികതുക ബഡ്ജറ്റ് വിഹിതമായി അനുവദിക്കാത്തതിനാൽ, 2006-07 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ഒറിജിനൽ ബഡ്ജറ്റ് വിഹിതത്തിൽ കൂടിയ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

<u>പൊതു ശുപാർശ</u>

കൃഷിഭവനുകളുടെ മേൽനോട്ടത്തിൽ കൃഷിക്കാർക്ക് സൗജന്യ നിരക്കിൽ വൈദ്യുതി നൽകുന്ന പദ്ധതി ദുരുപയോഗം ചെയ്യുന്നത് നിർത്തലാക്കുവാനായി പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് പുനരവലോകനം ചെയ്യണമെന്നും അർഹരായ വർക്ക് ആവശ്യമായ കാലയളവിലേക്ക് മാത്രമേ വൈദ്യുതി സൗജന്യ നിരക്കിൽ നൽകപ്പെടുന്നുള്ളൂ എന്ന് ഉറപ്പു വരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ വൈദ്യുതി ഉപഭോഗത്തിന്റെ ഓരോ മാസത്തെയും ബില്ലുകൾ ലഭ്യമാക്കാൻ കെ.എസ്.ഇ.ബി.യോട് ആവശ്യപ്പെടണമെന്നും സമിതി നിർദ്ദേശിച്ചു.

(ഖണ്ഡിക 48)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശുപാർശ പാലിക്കുന്നതിനായി എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2007-08-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

<u>പൊതു ശുപാർശ</u>

നെൽകൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടിയും പാടശേഖരങ്ങൾ വ്യാപകമായി തരിശിടുന്നത് ഒഴിവാക്കുന്നതിനുമായി വികസന ഏജൻസികൾ, വിവിധ വകുപ്പുകൾ, കാർഷിക സർവ്വകലാശാല, വിവിധ സന്നദ്ധ സംഘടനാ ഏജൻസികൾ എന്നിവയുടെ കൂട്ടായ പ്രവർത്തനം അത്യാന്താപേക്ഷിതമാണെന്നും പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഓരോ പഞ്ചായത്തുകളിലും കേന്ദ്രീകരിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കണമെന്നും സമിതി ശക്തമായി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നെൽകൃഷി വ്യാപിപ്പിക്കുന്നതിന് വേണ്ടിയും പാടശേഖരങ്ങൾ വ്യാപകമായി തരിശിടുന്നത് ഒഴിവാക്കുന്നതിനുമായി കാർഷിക സർവ്വകലാശാല, വിവിധ സന്നദ്ധ സംഘടനകൾ എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിലൂടെ വിവിധ നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ കേരളത്തിലെ പ്രധാന പ്രശ്ന ബാധിത നെൽകൃഷി മേഖലകളുടെ പ്രശ്നങ്ങൾ പരിഹരിച്ച് പ്രോത്സാഹിപ്പിക്കുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾ രൂപീകരിച്ചിട്ടുണ്ട്. ഈ വികസന ഏജൻസികൾ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. തരിശുനില കൃഷി നടപ്പിലാക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2007-08-ൽ 4318 ഹെക്ടറിൽ തരിശുനിലകൃഷിയും 49, 496 ഹെക്ടറിൽ ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

<u>പൊതു ശുപാർശ</u>

ഉൽപ്പാദനക്ഷമത കൈവരിച്ച ഭൂമികളിൽ വിളവെടുപ്പിനുശേഷം വീണ്ടും തരിശ്ശായി ഇടാതിരിക്കാൻ രണ്ടാമതും കൃഷിയിറക്കുന്നവർക്ക് (നെല്ല്, പയർ, പച്ചിലക്കൃഷി മുതലായവ) മാത്രമേ സാമ്പത്തിക സഹായം നൽകാൻ പാടുള്ളൂ എന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

## സർക്കാർ സ്വീകരിച്ച നടപടി

വിളവെടുപ്പിനുശേഷം നെൽപ്പാടങ്ങൾ തരിശ്ശായി ഇടാതിരിക്കുക എന്ന ലക്ഷ്യ ത്തോടെ 2007-08-ൽ നെൽകൃഷി വികസനത്തിനായി ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷി ചെയ്യാത്ത സീസണുകളിൽ പ്രത്യേകിച്ചും മൂന്നാംവിള കാലത്ത് നെൽപ്പാടങ്ങളിൽ അധിക വിള ഉല്പാദന ത്തിനായി മറ്റുവിളകളായ പയർ, പച്ചക്കറി, എള്ള്, നിലക്കടല, പച്ചിലവളങ്ങൾ മുതലായവ കൃഷി ചെയ്യുന്നതിന് സാമ്പത്തിക സഹായം നല്കി. ഇത്തരത്തിൽ 8249.41 ഹെക്ടർ പ്രദേശത്തേക്ക് 2007-08 വർഷത്തിൽ 206.23 ലക്ഷം രൂപ ധനസഹായം നല്കിയിട്ടുണ്ട്.

## പൊതു ശുപാർശ

കൃഷി വകുപ്പിന്റെ കീഴിൽ പൂട്ടിക്കിടക്കുന്ന വ്യവസായങ്ങൾ പുനരാരംഭിക്കുന്ന തിനും ഇപ്പോൾ നിലവിലുള്ളത് പുനരുദ്ധരിക്കുന്നതിനും ചെറുകിട കൃഷിയിടങ്ങളിൽ ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിലുള്ള യന്ത്രോപകരണങ്ങൾ വികസിപ്പിച്ചെടുക്കുന്ന തിനും റിപ്പയർ ചെയ്യുന്നതിനും പൊക്കാളി നെൽപ്പാടങ്ങളിൽ ഉപയോഗിക്കാൻ സാധി ക്കുന്ന യന്ത്രങ്ങൾ നിർമ്മിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ ഗവേഷണത്തിനുമായി 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യു ന്നു. ഇക്കാര്യത്തിൽ ധനകാര്യവകുപ്പും കൃഷി വകുപ്പും കൂടി ആലോചിച്ച് ഉചിത മായ ശീർഷകത്തിൽ ഈ തുക വകയിരുത്തേണ്ടതാണ്.

(ഖണ്ഡിക 34)

## സർക്കാർ സ്വീകരിച്ച നടപടി

ചെറുകിട കൃഷിയിടങ്ങളിൽ ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിലുള്ള യന്ത്രോപകരണങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും പൊക്കാളി നെൽപ്പാടങ്ങളിൽ ഉപയോഗിക്കാൻ സാധിക്കുന്ന യന്ത്രങ്ങൾ നിർമ്മിക്കുന്നതിനായി "Development of innovative farm mechanisation package for Kerala" എന്ന പ്രത്യേക പദ്ധതിയിൽ 4 കോടി രൂപ 2008-09-ൽ വകയിരുത്തി. ഇതിൽ 3 കോടി രൂപ 2415-01-277-88 പ്ലാൻ ശീർഷകത്തിൽ കാർഷിക സർവ്വകലാശാലയ്ക്കും 1 കോടി രൂപ 2401-00-113-84 പ്ലാൻ ശീർഷകത്തിൽ വെള്ളായണി ആർ.റ്റി.റ്റി. സെന്ററിനും നല്കിയിട്ടുണ്ട്.

## ശുപാർശ

4408-02-190-99—കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ മുതൽമുടക്ക്

പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി കോർപ്പറേഷൻ ആവിഷ്കരിച്ച നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുന്നതിനും അതുവഴി പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനും വേണ്ടി സർക്കാരിന്റെ ഓഹരി പങ്കാളിത്തം കേന്ദ്ര വെയർഹൗസിംഗ് കോർപ്പറേഷൻ നൽകുന്ന ഓഹരി മൂലധന ത്തിന് തുല്യമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിലേക്ക് വകയിരുത്തിയിരിക്കുന്ന വിഹിതമായ 25 ലക്ഷം രൂപ 75 ലക്ഷം രൂപയായി വർദ്ധിപ്പിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ അധികമായി 50 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ 2007-08 വർഷത്തെ ഓഹരി മൂലധനം 75 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്തെങ്കിലും, സർക്കാരിന്റെ സാമ്പത്തിക പരിമിതികൾമൂലം 25 ലക്ഷം രൂപ മാത്രമേ ഓഹരി മൂലധനമായി അനുവദിച്ച് നൽകിയിട്ടുള്ളു.

പൊതുശുപാർശ

നാച്ചുറൽ കലാമിറ്റി ഉണ്ടാകുമ്പോൾ നാശനഷ്ടം സംഭവിക്കുന്ന കർഷകർക്ക് അടിയന്തര സഹായം നൽകുന്നതിന് എൻ.ഡി.ഡി.ബി. സഹായത്തോടെയുള്ള രോഗവിമുക്ത മേഖലാ പ്രോജക്ടുകൾക്കുള്ള കോർപ്പസ് ഫണ്ടിൽ നിന്ന് തുക കോമ്പൻസേഷനായി നൽകുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. ഇതിനായുള്ള അനുമതി ധനകാര്യ വകുപ്പിൽ നിന്ന് വാങ്ങിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

സർക്കാർ സ്വീകരിച്ച നടപടി

ദേശീയ ക്ഷീര വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്റ്റിന്റെ ഭാഗമായി ഒരു കോർപ്പസ് ഫണ്ട് നിലവിലുണ്ട്. കോർപ്പസ് ഫണ്ടിലെ തുക നാച്ചുറൽ കലാമിറ്റി ഉണ്ടാകുമ്പോൾ നാശനഷ്ടം സംഭവിക്കുന്ന കർഷകർക്ക് കോമ്പൻസേഷൻ നൽകുന്നതിന് വിനിയോഗിക്കാൻ കഴിയുകയില്ല. കോർപ്പസ് ഫണ്ടിന്റെ പലിശ ഇനത്തിൽ കിട്ടുന്ന തുക ടി പ്രോജക്റ്റിന്റെ വിവിധ ഘടകങ്ങളുടെ തുടർ പ്രവർത്തനങ്ങൾക്കും കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പുമായി ബന്ധപ്പെട്ട കന്നുകാലി മരണങ്ങൾക്കും അബോർഷനും നഷ്ടപരിഹാരം നൽകാനാണ് സംസ്ഥാന സർക്കാരും ദേശീയ ക്ഷീര വികസന ബോർഡും തമ്മിൽ ഉണ്ടാക്കിയ ധാരണാപത്രത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

## കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2008-2009-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

ശുപാർശ

2401-00-110-96—കാലാവസ്ഥാ ഉപദേശക സേവനം

കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ കാർഷിക മേഖലയെ സ്വാധീനിക്കുന്നതിനാൽ കാലാവസ്ഥാമാറ്റവുമായി കർഷകൻ പൊരുത്തപ്പെടുന്നതിന് ഐ.എസ്.ആർ.ഒ.-യുമായി യോജിച്ചു പ്രവർത്തിക്കുന്ന ഒരു കാലാവസ്ഥാ ഉപദേശക സേവന കേന്ദ്രം സംസ്ഥാനത്ത് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. 2007-08 സാമ്പത്തിക വർഷം 10 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരുന്നു. എന്നാൽ ഈ

സാമ്പത്തിക വർഷം തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ ഈ ആവശ്യത്തി ലേക്ക് 15 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

കാലാവസ്ഥാ ഉപദേശക സേവനം എന്ന പദ്ധതിക്കായി സ.ഉ.(ആർറ്റി.) നമ്പർ 1425/07/എ.ഡി. തീയതി 2-8-2007 പ്രകാരം 2007-08-ൽ സർക്കാർ അംഗീകാരം ലഭിച്ചു. 2007-2008-ൽ 2401-00-110-96 പ്ലാൻ ശീർഷകത്തിൽ ഈ പദ്ധതിക്കായി 10 ലക്ഷം രൂപ ചെലവഴിച്ചു.

പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ഇവയായിരുന്നു :

(1) കാലാവസ്ഥാ ഉപദേശക സേവന മേഖലയിൽ പരിശീലനങ്ങൾ

(2) വിവരസാങ്കേതികവിദ്യ വികസിപ്പിക്കൽ

2008-09-ൽ ഈ പദ്ധതിക്കായി 2401-00-110-96 ശീർഷകത്തിൽ തുക അനുവദിച്ചില്ല. എങ്കിലും പദ്ധതിയുടെ ഉദ്ദേശ്യം മുന്നിൽകണ്ട് SAMETI, RATTC മുഖാന്തിരം പരിശീലന പരിപാടികൾ, FIB മുഖേന പരസ്യപ്രചാരണം, കൃഷി വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം ശക്തിപ്പെടുത്തുക എന്നിവ മറ്റ് വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കുന്നതിന് നടപടി കൈക്കൊണ്ടു. ആയതിനാൽ 2008-09-ൽ 2401-00-110-96 ശീർഷകത്തിൽ പ്രത്യേകം തുക വേണ്ടി വന്നില്ല.

ശുപാർശ

2401-00-190-93—കാർഷിക മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടന

പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം സംബന്ധിച്ച് പ്രൊജക്ടുകൾ തയ്യാറാക്കുന്നതിനും അവ നടപ്പാക്കുന്നതിനും ഇപ്പോൾ അനുവദിച്ചിരിക്കുന്ന 15 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സർക്കാർ സ്വീകരിച്ച നടപടി

പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം സംബന്ധിച്ച് പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും അവ നടപ്പാക്കുന്നതിനും 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തുവെങ്കിലും പ്രസ്തുത തുക ബഡ്ജറ്റിൽ വകകൊള്ളിക്കാത്ത തിനാൽ അനുവദിച്ച് നൽകാനായിട്ടില്ല.

ശുപാർശ

4401-00-190-97—കേരള സംസ്ഥാന ഹോർട്ടിക്കൾച്ചറൽ പ്രോഡക്ടസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് നിക്ഷേപങ്ങൾ

ഹോർട്ടികോർപ്പ്സ് എന്ന ചുരുക്കപേരിൽ അറിയപ്പെടുന്ന ഈ പൊതുമേഖലാ സ്ഥാപനം പഴം, പച്ചക്കറി എന്നിവയുടെ സംഭരണത്തിനും വിതരണത്തിനുമാണ് മുഖ്യമായി ഏർപ്പെട്ടിരിക്കുന്നത്. സംസ്ഥാനം കോർപ്പറേഷന് നൽകിയ മൂലധനം

ഓഹരിയായും പുതിയ വായ്പയ്ക്കുള്ള സീഡ് മണിയായും നീക്കിവച്ചിട്ടുള്ളതാണ് വിഹിതം. ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

കേരള സംസ്ഥാന ഹോർട്ടികൾച്ചറൽ പ്രോഡക്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷന് 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തുവെങ്കിലും പ്രസ്തുത തുക ബഡ്ജറ്റിൽ വകകൊള്ളിക്കാത്തതിനാൽ അനുവദിച്ച് നൽകാനായിട്ടില്ല.

ശുപാർശ

2402-00-102-88—ജലവിതരണ പദ്ധതികളുടെ റിസർവോയറുകളുമായി ബന്ധപ്പെട്ട പ്രദേശങ്ങളുടെ സംരക്ഷണം

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര, കൊല്ലം ജില്ലയിലെ ശാസ്താംകോട്ട എന്നിവിടങ്ങളിലെ ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്ത് മണ്ണൊലിപ്പ് തടയുകയും മണ്ണിൽ പരമാവധി മഴജലം തടഞ്ഞു നിർത്തുകയും വഴി പ്രസ്തുത ശുദ്ധജല സംഭരണികളുടെ സംഭരണശേഷി നിലനിർത്തുന്നതിന് അനുയോജ്യമായ മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുകയാണ് ഈ ശീർഷകത്തിൽ വകകൊള്ളിച്ചിരിക്കുന്നത്. 2007-08-ൽ ഈ പദ്ധതിക്കുള്ള വിഹിതം 5425-00-208-97 എന്ന ശീർഷകത്തിലാണ് വകകൊള്ളിച്ചിരിക്കുന്നത്. അരുവിക്കര, ശാസ്താംകോട്ട പദ്ധതി ഓഫീസുകളുടെ ഓഫീസ് ചെലവുകൾക്കുള്ള 3 ലക്ഷം രൂപ 2402-00-208-88 (പദ്ധതി) ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതികൾമൂലം സമിതി ശുപാർശ അനുസരിച്ച് തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശുപാർശ

2402-00-102-87—മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ

പത്തനംതിട്ട, ഇടുക്കി, കോഴിക്കോട് എന്നീ ജില്ലകളിലെ മുൻ വർഷങ്ങളിൽ നിന്നുള്ള സ്പിൽ ഓവർ പ്രവൃത്തികൾ 2008-09 വർഷങ്ങളിൽ പൂർത്തീകരിക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ ജില്ലകളിൽ നിർവ്വഹണം പൂർത്തിയാക്കുവാനുള്ള സ്പിൽ ഓവർ പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ വർഷം 15 ലക്ഷം രൂപ ആവശ്യമുണ്ട്. എന്നാൽ ഈ ആവശ്യത്തിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. 2008-09 വർഷത്തിലെ ബജറ്റിൽ വകയിരുത്തിയിരുക്കുന്ന15 ലക്ഷം രൂപ കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടിയാണ്.

ആയതിനാൽ സ്പിൽ ഓവർ പദ്ധതികളുടെ പൂർത്തീകരണത്തിനായി 5 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സർക്കാർ സ്വീകരിച്ച നടപടി

2008-09 വർഷം അധിക തുക അനുവദിച്ചിരുന്നില്ല. എന്നാൽ തുടർ വർഷങ്ങളിൽ ആവശ്യാനുസരണം തുക അനുവദിച്ചതിനാൽ അതിനനുസരിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ഈ വർഷം (2013-14) 78 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2402-00-102-85—ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടി

2007-08-ൽ പദ്ധതിക്കായി വകയിരുത്തിയിരുന്ന 5 ലക്ഷം രൂപയിൽ ഫെബ്രുവരി 2008 വരെ 4.758 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2008-09 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 5 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സർക്കാർ സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷം മണ്ണു സംരക്ഷണ വകുപ്പുവഴി നടപ്പിലാക്കുകയും ഇപ്പോഴും തുടരുന്ന ഡിപ്പാർട്ട്മെന്റ് തല ഉദ്യോഗസ്ഥരുടെ പരിശീലന പരിപാടി എന്ന പദ്ധതി ശീർഷകത്തിൽ 5 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് വിഷയനിർണ്ണയ സമിതി ശുപാർശ ചെയ്തിരുന്നു എങ്കിലും പ്രസ്തുത തുക അനുവദിക്കുകയുണ്ടായില്ല. എന്നാൽ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ 2402-00-102-85 പദ്ധതി ശീർഷകത്തിൽ ഉദ്യോഗസ്ഥരുടെ പരിശീലന പരിപാടികൾക്കായി 10 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട് എന്ന് അറിയിച്ചു കൊള്ളുന്നു.

ശുപാർശ

പശ്ചിമഘട്ട വികസന പദ്ധതി

2008-09-ലേക്ക് കേരളത്തിന്റെ പശ്ചിമഘട്ട വികസന പദ്ധതി വിഹിതം 24.88 കോടിയായി പരിഷ്ക്കരിച്ചുകൊണ്ട് പ്ലാനിംഗ് കമ്മീഷനിൽ നിന്ന് 2008 മാർച്ച് 20-ാം തീയതിയിലെ എം.13055/എസ്.സി.എ./എ.പി./2008/എം.എൽ.പി. നമ്പർ കത്തിലൂടെ അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

2008-09-ലെ ബഡ്ജറ്റ് വിഹിതത്തിൽ 20 കോടി രൂപയേ പശ്ചിമഘട്ട പദ്ധതിക്കായി നീക്കിവച്ചിട്ടുള്ളൂ. ആയതിനാൽ കേന്ദ്ര വിഹിതം പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് 2008-09-ലെ ബഡ്ജറ്റിൽ താഴെ പറയുന്ന ശീർഷകങ്ങളിലായി 24 കോടി 88 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

ശുപാർശ

2551-01-101-08—പശ്ചിമഘട്ടത്തിലെ ജലതടങ്ങളുടെ സംയോജിത വികസനം

ഈ ശീർഷകത്തിൽ കേന്ദ്രവിഹിതമായി 15.914 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാന വിഹിതമായി 3.914 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

ശുപാർശ

2551-01-103-94—പശ്ചിമഘട്ടത്തിന്റെ വനാടിസ്ഥാനത്തിലുള്ള പദ്ധതി

കേന്ദ്ര വിഹിതമായി 248.80 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതിനാൽ 48.50 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

ശുപാർശ

2551-01-800-92—മറ്റ് പദ്ധതികൾ-ഗവേഷണം, നിരീക്ഷണം, പരിശീലനം

കേന്ദ്രവിഹിതമായി ഈ ശീർഷകത്തിൽ 208.80 ലക്ഷം രൂപ അനുവദിക്കുമെന്നതിനാൽ സംസ്ഥാന വിഹിതമായി 48.10 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 27, 28, 29, 30)

പശ്ചിമഘട്ട വികസന പദ്ധതിക്കായി 2008-09 വർഷത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 20 കോടി രൂപയ്ക്കു പുറമേ സബ്ജക്ട് കമ്മിറ്റി ശുപാർശയനുസരിച്ച് 488 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ പശ്ചിമ ഘട്ടത്തിലെ ജലതടങ്ങളുടെ സംയോജിത വികസന പദ്ധതിക്കു 2551-01-110-08 ശീർഷകത്തിൽ 391.4 ലക്ഷം രൂപയും പശ്ചിമഘട്ടത്തിന്റെ വനാടിസ്ഥാനത്തിലുള്ള പദ്ധതിക്ക് 2551-01-103-94 ശീർഷകത്തിൽ 48.5 ലക്ഷം രൂപയും മറ്റ് പദ്ധതികൾ- ഗവേഷണം, നിരീക്ഷണം, പരിശീലനം എന്നിവയ്ക്ക് 2551--01-800-92 ശീർഷകത്തിൽ 48.1 ലക്ഷം രൂപയും സബ്ജക്ട് കമ്മിറ്റി ശുപാർശയനുസരിച്ച് അധികം അനുവദിച്ചതാണ്.

ശുപാർശ

2403-00-101-97—മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടന, മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ

പുതുതായി രൂപീകരിക്കപ്പെട്ട, മരുന്ന് വാങ്ങുന്നതിനുള്ള കോർപ്പറേഷൻ മുഖേന മൃഗചികിത്സായ്ക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിനും മൃഗചികിത്സാസേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2403-00-101-97—എന്ന ശീർഷകത്തിൽ 2008-2009 കാലയളവിൽ 1332.5 ലക്ഷം രൂപയാണ് വകകൊള്ളിച്ചിരുന്നത്. ഇതിൽ 850 ലക്ഷം രൂപയാണ് മരുന്നു വാങ്ങുന്നതിനായി തുക നീക്കിയിരിപ്പുണ്ടായിരുന്നത്.

ചില സാങ്കേതിക കാരണങ്ങളാൽ, ആ സാമ്പത്തിക വർഷം പുതുതായി രൂപീകരിക്കപ്പെട്ട, മരുന്നു വാങ്ങുന്നതിനുള്ള കോർപ്പറേഷൻവഴി വകുപ്പിന് ആവശ്യമായ മരുന്ന് വാങ്ങുവാൻ സാധിക്കാതെ വരികയും ആയത് വകുപ്പ് മുഖേന വാങ്ങുന്നതിന് നടപടി സ്വീകരിക്കുകയുമാണ് ഉണ്ടായത്. ആയതിനാൽ അധികമായി ആവശ്യപ്പെട്ട 5 കോടി രൂപ ആവശ്യമായി വന്നില്ല.

<u>ശുപാർശ</u>

2403-00-101-84—<u>ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ളക്സ്</u>

രോഗാണുബാധ നിർണ്ണയത്തിലുണ്ടാകുന്ന കാലതാമസം രോഗപ്രതിരോധ നടപടികളെ ബാധിക്കുന്നതിനാൽ മൃഗങ്ങളെ ബാധിക്കുന്ന രോഗങ്ങളെ പ്രതിരോധിക്കുന്നതിനാവശ്യമായ വാക്സിനുകൾ, മരുന്നുകൾ, ബയോളജിക്കൽസ്, റീ ഏജന്റ്സ് എന്നിവയുടെ ഉല്പാദനത്തിനും ഗവേഷണത്തിനും ഉദ്യോഗസ്ഥ പരിശീലനത്തിനുമായി പാലോട് സ്ഥാപിച്ചിട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിൽ ഒരു ഫാർമസ്യൂട്ടിക്കൽ വിംഗ് സ്ഥാപിക്കുന്നതിനും രോഗാണുനിർണ്ണയവും ചികിത്സയും എളുപ്പമാക്കുന്ന ആന്റീ ബയോട്ടിക് സെൻസിറ്റിവിറ്റി കിറ്റ് ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കൂടാതെ പ്രസ്തുത ഫാർമസ്യൂട്ടിക്കിൽ വിംഗ്, നിർദ്ദിഷ്ട വെറ്ററിനറി യൂണിവേഴ്സിറ്റിക്ക് വിട്ടുകൊടുക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2007-2008 സാമ്പത്തിക വർഷത്തിൽ ഫാർമസ്യൂട്ടിക്കൽ വിംഗിന്റെ പുനരുദ്ധാരണത്തിന് വേണ്ടിയും അതിനോടനുബന്ധിച്ചുള്ള മറ്റ് പ്രവൃത്തികൾക്കു വേണ്ടിയും ജി.ഒ. (ആർറ്റി.) 567/08/എഡി. തീയതി 26-3-2008 പ്രകാരം 4403-101-97 എന്ന ശീർഷകത്തിൽ 30 ലക്ഷം രൂപ അനുവദിച്ചിരുന്നു.

2008-2009 സാമ്പത്തിക വർഷത്തിൽ ഫാർമസ്യൂട്ടിക്കൽ വിംഗിനുവേണ്ടി അധികമായി തുകയൊന്നും അനുവദിച്ചിരുന്നില്ല. 2009-10 സാമ്പത്തിക വർഷത്തിൽ 13-ാം ധനകാര്യ കമ്മീഷൻ അവാർഡു പ്രകാരം 1.90 കോടി രൂപ അനുവദിച്ചിരുന്നു. ഫാർമസ്യൂട്ടിക്കൽ വിംഗിനുവേണ്ടി അനുവദിച്ച തുക കൊണ്ട് പണികൾ പൂർത്തിയായി വരുന്നു. ഈ ഫാർമസ്യൂട്ടിക്കൽ വിംഗ് ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ വകുപ്പിന്റെ വിവിധ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ളതാണ്. പുറമെ നിന്ന് വാക്സിനുകൾ വാങ്ങുവാൻ വൻ ചെലവ് വരുന്നതിനാൽ ഫാർമസ്യൂട്ടിക്കൽ യൂണിറ്റ് സർവ്വകലാശാലയ്ക്ക് വിട്ടു നൽകുവാൻ നിർവ്വാഹമില്ല.

ശുപാർശ

2403-00-102-83—മിഷൻ 2010-മിഷൻ ഫോർ കേരള ഡെവലപ്പ്മെന്റ് ആന്റ് പോവർട്ടി അലീവിയേഷൻ-സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം (എ.സി.എ.)

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 3860 കന്നുകുട്ടികൾക്ക് (മൂന്നാം വർഷത്തേക്ക്) ആവശ്യമായ തീറ്റ സബ്സിഡി നൽകുന്നതിലേക്കായി 2.03 ലക്ഷം രൂപ അധികമായി വക കൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സർക്കാർ സ്വീകരിച്ച നടപടി

മേൽപ്പറഞ്ഞ പദ്ധതിക്കായി 3-ാം വർഷം നടത്തിപ്പിന് 2.03 ലക്ഷം രൂപ ബഡ്ജറ്റിൽ അധികമായി വകകൊള്ളിക്കുകയും ഇത് ചെലവാക്കാൻ സാധിക്കുകയും ചെയ്തു.

ശുപാർശ

2403-00-103-89—കോഴി വളർത്തൽ കേന്ദ്രങ്ങളും കോഴി ഉൽപ്പാദന വികസനവും

കോഴി വളർത്തൽ കേന്ദ്രങ്ങളുടെ വികസനത്തിനും നിലവിലുള്ള എഗ്ഗർ നഴ്സറികളുടെ ശക്തിപ്പെടുത്തലിനും കെ.എസ്.പി.ഡി.സി.യുമായി സംയോജിച്ച് വില്ലേജ് അഡോപ്ഷൻ പ്രോഗ്രാംവഴി പഞ്ചായത്തുകളെ മുട്ട ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തമാക്കുന്നതിനുമായി വകയിരുത്തിയിട്ടുള്ള 60 ലക്ഷം രൂപയ്ക്കു പുറമേ 50 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷം 60 ലക്ഷം രൂപയായിരുന്നു ഈ പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം. എന്നാൽ സബ്ജക്ട് കമ്മിറ്റിയിൽ 50 ലക്ഷം രൂപ അധികമായി ശുപാർശ ചെയ്തെങ്കിലും തീറ്റ ചെലവിനും മറ്റു ഫാമുകളുടെ നിത്യ ചെലവുകൾക്കും 35 ലക്ഷം രൂപ അധികമായി വകകൊള്ളിച്ച് ഈ പദ്ധതിയുടെ മൊത്തം അടങ്കൽ തുക 95 ലക്ഷമായി ഉയർത്തിയിട്ടുണ്ട്.

ശുപാർശ

2403-00-103-90—താറാവ് ഉല്പാദനവും കായിൽ വികസനവും

നിരണം താറാവുവളർത്തൽ കേന്ദ്രത്തിൽ നിന്നും നല്ല ഇനം താറാവ് കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിലെ കാടവളർത്തൽ ഫാമിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സാദ്ധ്യതയുള്ള പഞ്ചായത്തുകളിൽ കർഷകർക്ക് താറാവ്/കാട വളർത്തുന്നതിന് ആവശ്യമായ സഹായം നൽകുന്നതിനുമുള്ള പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സർക്കാർ സ്വീകരിച്ച നടപടി

ഈ പദ്ധതിക്കായി 10 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. എന്നാൽ ഫാമിന്റെ നിത്യ ചെലവുകൾക്കും ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 22.82 ലക്ഷം രൂപ കൂടി വകകൊള്ളിച്ച് പദ്ധതിയുടെ മൊത്തം അടങ്കൽ തുക 33.82 ലക്ഷമായി ഉയർത്തിയിട്ടുണ്ട്.

ശുപാർശ

2403-00-800-73—പക്ഷിപ്പനി ഉണ്ടാകുന്ന സാഹചര്യത്തിൽ പക്ഷികളെ നശിപ്പിക്കുന്നതിനുള്ള നഷ്ടപരിഹാരം

2007-2008 സാമ്പത്തിക വർഷം പക്ഷിപ്പനി ബാധിച്ച പക്ഷികളെ നശിപ്പിക്കുന്നതിനായി മേൽപ്പറഞ്ഞ ഒരു ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ച് അതിനു കീഴിൽ സപ്ളിമെന്ററി ഡിമാന്റായി തുക അനുവദിച്ചിരുന്നു. പക്ഷിപ്പനി ഉണ്ടാകുന്ന സാഹചര്യത്തിൽ കർഷകർക്ക് പക്ഷികളെ നശിപ്പിക്കുന്നതിന് നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ തുകയ്ക്ക് ഒരു ടോക്കൺ പ്രൊവിഷനായി ഈ വർഷവും ഒരു ലക്ഷം രൂപ വകയിരുത്തണമെന്നും കഴിഞ്ഞ വർഷം ബഡ്ജറ്റിൽ ഇതിനായി അനുവദിച്ച ശീർഷകം തുടരണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സർക്കാർ സ്വീകരിച്ച നടപടി

പക്ഷിപ്പനി ഉണ്ടാകുന്ന സാഹചര്യത്തിൽ പക്ഷികളെ നശിപ്പിക്കുന്നതിന് നഷ്ടപരിഹാരം നൽകുന്നതിന് ആവശ്യമായ ഒരു ടോക്കൺ പ്രൊവിഷൻ ആയി 1,000 രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. (സപ്ളിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ് മുഖാന്തിരം)

## ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ 2008-2009-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

ശുപാർശ

2405-00-101-94—കായൽ പരിശോധനയ്ക്ക്

കായലുകളിലും പൊതു ജലാശയങ്ങളിലും റോന്ത് ചുറ്റൽ, കണ്ടൽ വനങ്ങളും കാറ്റാടി പോലുള്ള വൃക്ഷങ്ങളും തീരത്ത് വച്ച് പിടിപ്പിക്കുക, ഉപഗ്രഹാധിഷ്ഠിത സാങ്കേതികവിദ്യകൾ മത്സ്യബന്ധനത്തിന് ഉപയോഗിക്കുകയും, കടലോരമേഖലയ്ക്ക് അനുയോജ്യമായി വിവരസാങ്കേതികവിദ്യ വികസിപ്പിക്കുക എന്നീ പ്രവർത്തനങ്ങളാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 35 ലക്ഷം അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷം അധികം തുക ആവശ്യമായി വന്നില്ല.

ശുപാർശ

4405-00-104-83—പുതിയ മത്സ്യബന്ധനതുറമുഖ കേന്ദ്രങ്ങൾ കണ്ടെത്തൽ

ഫിഷറീസ് റോഡുകൾക്ക് 2005-നുശേഷം ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ല. ആകയാൽ ഫിഷ് ലാന്റിംഗ് സെന്ററുകളും മത്സ്യമാർക്കറ്റുകളും തമ്മിൽ യോജിപ്പിക്കുന്ന റോഡുകളുടെ പുനരുദ്ധാരണം പൊതുമരാമത്ത് വകുപ്പിനെകൊണ്ട് ഏറ്റെടുപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സർക്കാർ സ്വീകരിച്ച നടപടി

കേരളത്തിലെ തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി 2009-10 മുതൽ സംസ്ഥാന ബഡ്ജറ്റിൽ 4405-00-800-80 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി തുക വകയിരുത്തിയിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പാണ് തീരദേശ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. ഫിഷ് ലാൻഡിംഗ് സെന്ററുകളും മത്സ്യമാർക്കറ്റുകളും തമ്മിൽ യോജിപ്പിക്കുന്ന റോഡുകളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. 4405-00-800-80-തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ എന്ന ശീർഷകത്തിൽ 2009-2010 വർഷം മുതലുള്ള ബഡ്ജറ്റ് വിഹിതവും ചെലവും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| *വർഷം* | *ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ)* | *ചെലവ് (ലക്ഷത്തിൽ)* |
|---|---|---|
| 2009-2010 | 4000 | 2312.19 |
| 2010-2011 | 3500 | 3442.93 |
| 2011-2012 | 4865 | 3556.56 |
| 2012-2013 | 5500 | 4153.46 |
| 2013-2014 | 5500 | .. |

ശുപാർശ

2405-00-105-96—മൂല്യവർദ്ധിത വിപണി

ഗുണമേന്മയുള്ള മത്സ്യങ്ങളുടെ ആവശ്യകത കണക്കിലെടുത്ത് മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ശീതീകരണ സംഭരണ കേന്ദ്രങ്ങളുടെ ഒരു ശൃംഖല സ്ഥാപിച്ച് മൊത്ത വ്യാപര മാർക്കറ്റുകളിലും ചില്ലറ വ്യാപാര മാർക്കറ്റുകളിലും ചെറിയ ചില്ലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും വിവിധ മത്സ്യബന്ധന തുറമുഖങ്ങളിലും ലാന്റിംഗ് സെന്ററുകളിലും ചില്ലിംഗ് സ്റ്റോറേജ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും സഹായം

നൽകുന്നതിന് ഉദ്ദേശിച്ച്കൊണ്ടുള്ള പദ്ധതിയാണിത്. തദ്ദേശ സ്ഥാപനങ്ങളുടെയും മറ്റു ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സർക്കാർ സ്വീകരിച്ച നടപടി

വകയിരുത്തിയ 100 ലക്ഷം രൂപയും ചെലവാക്കി. അധികം തുക ആവശ്യമായി വന്നില്ല.

ശുപാർശ

2405-00-105-95—വ്യാവസായിക മത്സ്യബന്ധന വികസനവും അനുബന്ധ പരിപാടികളും

സാറ്റലൈറ്റ് ഹോംസ്റ്റെഡ് ഫാമുകൾ മുഖേന അലങ്കാര മത്സ്യങ്ങൾ ഉത്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. പൊതുമേഖല-സ്വകാര്യ പങ്കാളിത്തത്തോടു കൂടിയ ഈ പദ്ധതി പ്രകാരം മത്സ്യശേഖരണം, സംഭരണം, പ്രീപ്രോസസ്സിംഗ്, ഡ്രൈയിംഗ്, സംസ്കരണം, വ്യാവസായിക മത്സ്യകൃഷി പരിപാടികൾ, മത്സ്യബന്ധനാന്തര സാങ്കേതികവിദ്യകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമായതിനാൽ 140 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ വകയിരുത്തിയ 150 ലക്ഷം രൂപയും ചെലവാക്കി. അധികം തുക ആവശ്യമായി വന്നില്ല.

ശുപാർശ

4405-00-800-93—വികസനം

മത്സ്യ വകുപ്പിന്റെ പുനഃസംഘടനയും സാങ്കേതിക കഴിവുകൾ വികസിപ്പിക്കലും, മത്സ്യകൃഷി ഏജൻസികളും ഫാമുകളും ഹാച്ചറികളും ഏകോപിപ്പിക്കുക, മത്സ്യഭവനുകൾ ആരംഭിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 45 ലക്ഷം രൂപ കൂടി ടി ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിലെ മുഴുവൻ തുകയും ചെലവഴിക്കാൻ കഴിയാത്തതിനാൽ അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

ശുപാർശ

2405-00-800-97—വികസനം

മത്സ്യഭവനങ്ങൾക്ക് രൂപം നൽകുക, മത്സ്യത്തൊഴിലാളികൾ വസിക്കുന്ന വില്ലേജുകളിൽ ഇൻഫർമേഷൻ കേന്ദ്രങ്ങളും ഡാറ്റാ വ്യാപന കേന്ദ്രങ്ങളും സ്ഥാപിക്കുക, മത്സ്യബന്ധന ഗ്രാമങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രദർശനങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 15 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിലെ മുഴുവൻ തുകയും ചെലവഴിക്കാൻ കഴിയാത്തതിനാൽ അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

ശുപാർശ

2405-00-001-97—പ്രോജക്ട് മാനേജ്മെന്റ് സെൽ

പ്രോജക്റ്റുകൾ തയ്യാറാക്കുക, മത്സ്യബന്ധന മേഖലയിൽ സ്ഥിതിവിവര കണക്കുകൾ തയ്യാറാക്കൽ, കടൽ/ഉൾനാടൻ മത്സ്യബന്ധന കണക്കുകൾ തയ്യാറാക്കുക, ഉൾനാടൻ ജലാശയങ്ങളുടെ സ്ഥിതിവിവര കണക്കുകൾ പുതുക്കുക, വിലവിവര കണക്കുകൾ ശേഖരിക്കുക, പദ്ധതിയുടെ അവലോകനവും വിലയിരുത്തലും നടത്തുക, ഫിഷറീസ് മേഖലയിൽ വിവിധ ഘടകങ്ങളുടെ സ്വാധീനം സംബന്ധിച്ച പഠനങ്ങൾ നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 10 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അനുവദിച്ച മുഴുവൻ തുകയും ചെലവഴിക്കാൻ കഴിയാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശുപാർശ

2405-00-800-38—കൈപ്പുസ്തകങ്ങളുടെ പ്രസിദ്ധീകരണം (80% കേന്ദ്ര സഹായം)

മത്സ്യത്തൊഴിലാളി സമൂഹത്തിന് ആവശ്യമായ വിവരങ്ങൾ നൽകുന്ന തരത്തിലുള്ള ചെറു പുസ്തകങ്ങൾ, ലഘുലേഖകൾ തുടങ്ങിയവയുടെ പ്രസിദ്ധീകരണ

ത്തിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ടി ശീർഷകത്തിലെ വിഹിതം 5 ലക്ഷം രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ഇപ്പോൾ 80% കേന്ദ്ര സഹായമായിട്ടുള്ള ഈ പദ്ധതി 100% സംസ്ഥാന സർക്കാർ പദ്ധതിയായി മാറ്റണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 2008-09 സാമ്പത്തിക വർഷം ചെലവ് വരാത്തതിനാൽ അധികം തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

<u>ശുപാർശ</u>

2405-00-800-78—<u>FIRMA</u>

ഈ ശീർഷകം പുനഃസ്ഥാപിക്കണമെന്നും 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

1997-98 മുതൽ 2003-04 വരെയുള്ള സാമ്പത്തിക വർഷത്തിൽ 2405-00-800-76 പ്ലാൻ എന്ന ശീർഷകത്തിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും പിന്നീട് തുക അനുവദിക്കുകയുണ്ടായില്ല. എന്നാൽ ഗവേഷണ പദ്ധതികളുമായി ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വഹിക്കുന്നതിന് 2405-00-109-99 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്ന് 8.6 ലക്ഷം രൂപ ഫിർമയ്ക്ക് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക ഒന്നും അനുവദിക്കുകയുണ്ടായില്ല. എന്നാൽ പിന്നീട് ഈ ശീർഷകത്തിൽ നിന്നും 15 ലക്ഷം രൂപ ഫിർമയ്ക്ക് അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ 7 ലക്ഷം രൂപ അനുവദിച്ച് നൽകുകയുണ്ടായി. ഫിർമയ്ക്ക് എസ്റ്റാബ്ളിഷ്മെന്റ് ചെലവുകൾ വഹിക്കുന്നതിന് വർഷംതോറും 30 ലക്ഷം രൂപ വീതം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഫിർമ ഒരു സ്വയംഭരണ സ്ഥാപനമായതിനാൽ എസ്റ്റാബ്ളിഷ്മെന്റ് ചെലവുകൾക്കുള്ള തുക 2405-00-109-99 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ 2405-00-800-78 എന്ന ശീർഷകം പുനഃസ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നതിനായി പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിരുന്നു എങ്കിലും ടി ശീർഷകം പുനഃസ്ഥാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായില്ല.

<u>ശുപാർശ</u>

2405-00-800-47—<u>മത്സ്യത്തൊഴിലാളി സ്ത്രീകൾക്കുവേണ്ടിയുള്ള സ്വയംസഹായ ഗ്രൂപ്പും മൈക്രോ എന്റർപ്രൈസസും</u>

മത്സ്യമേഖലയിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള യുവതീയുവാക്കൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നത് ലക്ഷ്യമാക്കി തയ്യാറാക്കിയ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 129 ലക്ഷം രൂപ കൂടി ടി ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ വകയിരുത്തിയ മൊത്തം തുകയും ചെലവഴിച്ചു. 2008-09 സാമ്പത്തിക വർഷത്തിൽ അധികം തുക അനുവദിക്കുകയുണ്ടായില്ല. എന്നാൽ 2009-10 സാമ്പത്തിക വർഷം 50 ലക്ഷം രൂപയും 2010-11-ൽ 50 ലക്ഷം രൂപയും 2011-12-ൽ 100 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അനുവദിക്കുകയുണ്ടായി.

## കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2009-2010-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

ശുപാർശ

2401-00-190-93—കാർഷികമേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടന

കാർഷിക മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടന സംബന്ധിച്ചും അവ പുനരുജ്ജീവിപ്പിക്കുന്നതു സംബന്ധിച്ചും പഠനം നടത്തി കൊണ്ടിരിക്കുന്ന RIAB-ന്റെ റിപ്പോർട്ട് വന്നു കഴിഞ്ഞാൽ ഈ ആവശ്യത്തിലേക്കായി തുക ആവശ്യമായി വരും. കൂടാതെ KLDC-യെ ശക്തിപ്പെടുത്തുന്നതിനായി സൂപ്പർവിഷൻ ചാർജ്ജും യന്ത്രവൽക്കരണ പദ്ധതി നടപ്പിലാവുമ്പോൾ കെയ്ക്കോയ്ക്ക് ആവശ്യമായ ധനസഹായവും നൽകേണ്ടിവരും. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സർക്കാർ സ്വീകരിച്ച നടപടി

കാർഷിക മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കായി 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തുവെങ്കിലും പ്രസ്തുത തുക ബഡ്ജറ്റിൽ വകകൊള്ളിക്കാത്തതിനാൽ അനുവദിച്ച് നൽകാനായിട്ടില്ല.

ശുപാർശ

2810-01-101-99—ബയോഗ്യാസ് വികസനത്തിനുള്ള ദേശീയ പദ്ധതി (100% കേന്ദ്രാവിഷ്കൃതം)

ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിനും നിർമ്മാണ പരിപാലനത്തിൽ പരിശീലനത്തിനും ജീവനക്കാരുടെ ശമ്പളം, വാഹനങ്ങളുടെ ഇന്ധന പ്രവർത്തന ചെലവുകൾ എന്നിവ നേരിടുന്നതിനുമാണ് ഈ ശീർഷകത്തിൽ തുക വകകൊള്ളിച്ചിരിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ കൂടുതൽ ഈ ഹെഡ്ഡിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സർക്കാർ സ്വീകരിച്ച നടപടി

2009-10-ൽ 2810-01-101-99 (പ്ലാൻ) എന്ന ശീർഷകത്തിൽ 2009-10-ലെ ചെലവ് (ആഡിറ്റഡ് എക്സ്പെന്റീച്ചർ) 120.56 ലക്ഷം രൂപയാണ് 2009-10-ൽ 2579 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു. 2009-10-ൽ 120 ലക്ഷം രൂപയ്ക്ക് പുറമേ അധിക തുക അനുവദിച്ചിട്ടില്ല. ഈ പദ്ധതി തുടർന്നും നടപ്പിലാക്കി വരുന്നു.

ശുപാർശ

2551-01-101-08—പശ്ചിമഘട്ടത്തിലെ ജലതടങ്ങളുടെ സംയോജിത വികസനം

90% കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രസ്തുത പദ്ധതിയിൽ ഫലപ്രദമായ മോണിറ്ററിംഗ് നടക്കുന്നില്ലെന്ന് സമിതി വിലയിരുത്തി. ജില്ലാ കളക്ടർമാർക്കും കൃഷി ഓഫീസർമാർക്കും ഈ പദ്ധതിയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതു സംബന്ധിച്ചും ജനപ്രതിനിധികൾക്ക് മതിയായ പ്രാതിനിധ്യം നൽകുന്നതു സംബന്ധിച്ചും പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 26)

സർക്കാർ സ്വീകരിച്ച നടപടി

പശ്ചിമഘട്ട വികസന പദ്ധതി പ്രകാരം സംയോജിത നീർത്തടത്തിന്റെ വികസന ത്തിനുവേണ്ടി 2008-ൽ കേന്ദ്ര സർക്കാർ പുറത്തിറക്കിയ പൊതു മാർഗ്ഗരേഖ പ്രകാരം ചരിവു കുറഞ്ഞ നീർത്തടങ്ങൾക്ക് ഹെക്ടർ ഒന്നിനു രൂപ 12,000 (പന്ത്രണ്ടായിരം)-വും ചരിവു കൂടിയ നീർത്തടങ്ങൾക്ക് രൂപ 15,000 (പതിനഞ്ചായിരം)വും പശ്ചിമഘട്ട വിഹിതമായി നൽകാമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ഈ പദ്ധതി 2011-2012-ൽ മാത്രമേ കേരളത്തിൽ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. പതിനൊന്നാം പദ്ധതിക്കാലത്ത് നീർത്തടങ്ങൾക്ക് അനുവദിച്ചിരുന്ന പശ്ചിമഘട്ട വിഹിതം വളരെകുറവായിരുന്നു. ഹെക്ടർ ഒന്നിനു 7,500 (ഏഴായിരത്തി അഞ്ഞൂറ്) രൂപ ക്രമത്തിലായിരുന്നു തുക അനുവദിക്കപ്പെട്ടിരുന്നത്. ഉത്പാദന സാമഗ്രികളുടെയും തൊഴിലാളികളുടെ ദിവസവേതനത്തിലുണ്ടായ ക്രമാതീതമായ വർദ്ധനവുംമൂലം പദ്ധതി നിർവ്വഹണത്തിൽ കാര്യമായ പുരോഗതി കൈവരിക്കാനായില്ല. 2002-ലെ വിലസൂചിക പ്രകാരം നിശ്ചയിച്ചിരുന്ന പശ്ചിമഘട്ട വിഹിതമായ 7,500 (ഏഴായിരത്തി അഞ്ഞൂറ്) (ഹെക്ടർ ഒന്നിന്) രൂപ വളരെ കുറവായതിനാലാണ് പതിനൊന്നാം പദ്ധതിക്കാലത്ത് പശ്ചിമഘട്ട വികസന പദ്ധതി പ്രവർത്തനങ്ങൾക്ക് കാര്യമായ പുരോഗതി കൈവരിക്കാൻ കഴിയാതിരുന്നത്.

2010-2011 വർഷം മുതൽ ജില്ലാതല പരിശീലന ബോധവൽക്കരണ സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിക്കുകയും പ്രസ്തുത സെമിനാറുകളിലും മീറ്റിംഗുകളിലും ജില്ലയിലെ സമാനവകുപ്പ് ഉദ്യോഗസ്ഥൻമാർക്കും ത്രിതല പഞ്ചായത്ത് പ്രതിനിധികൾക്കും കൃഷി ഓഫീസർമാർക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും പദ്ധതി നിർവ്വഹണത്തിന്റെ വേഗത ത്വരിതപ്പെടുത്തുന്നതിനുവേണ്ടിയുള്ള മാർഗ്ഗനിർദ്ദേ ശങ്ങൾ നൽകുകയും ചെയ്തു വരുന്നു. ജില്ലാകളക്ടർമാരുടെയും ഗ്രാമപഞ്ചായത്ത്

പ്രസിഡന്റുമാരുടെയും കൃഷി ഓഫീസർമാരുടെയും സജീവ പങ്കാളിത്തവും മേൽനോട്ടവും പദ്ധതി നിർവ്വഹണത്തിലുണ്ടാകണമെന്ന് നിരന്തരമായി കത്തുകളിലൂടെയും മീറ്റിംഗുകളിലൂടെയും നിർദ്ദേശിച്ചു പോരുന്നു. പന്ത്രണ്ടാം പദ്ധതിക്കാലത്തുതന്നെ നടപ്പിലാക്കാൻ കഴിയാതിരുന്ന മുഴുവൻ പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

പശ്ചിമഘട്ട വികസന പരിപാടി പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനാൽ ജനപ്രതിനിധികളുടെ സജീവ പങ്കാളിത്തവും മേൽനോട്ടവും പദ്ധതി നിർവ്വഹണത്തിൽ ഉറപ്പാക്കിവരുന്നു. കൂടാതെ നീർത്തടത്തിലെ നീർത്തട കമ്മിറ്റിയിൽ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ അംഗങ്ങളുമാണ്. ജനങ്ങൾക്കും ജനപ്രതിനിധികൾക്കും മുഖ്യ പ്രാധാന്യം നൽകിയാണ് പദ്ധതി രൂപകല്പന ചെയ്തിട്ടുള്ളത്.

ബഹുമാനപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം പ്രസ്തുത പദ്ധതിയുടെ മോണിറ്ററിംഗ് ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി പദ്ധതിയുടെ പരിഷ്ക്കരിച്ച മാർഗ്ഗരേഖ പശ്ചിമഘട്ട സെല്ലിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ മാർഗ്ഗരേഖ വിശദമായി പരിശോധിച്ച് അംഗീകരിക്കുന്നതിനു വേണ്ട അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

ശുപാർശ

2403-00-101-97—മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും

ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ പാൽ, മുട്ട എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു ലക്ഷ്യമിട്ടിരിക്കുന്നതിനാൽ മൃഗസംരക്ഷണ രംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് ആവശ്യമാണ് എന്ന് സമിതി വിലയിരുത്തുന്നു. സംസ്ഥാനത്തെ മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനും അതിനുവേണ്ട ഉപകരണങ്ങൾ വാങ്ങുന്നതിനും പുതുതായി രൂപീകരിക്കപ്പെട്ട മരുന്നു വാങ്ങുന്നതിനുള്ള കോർപ്പറേഷൻ മുഖേന മൃഗചികിത്സയ്ക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിനും 5 കോടി രൂപ പ്രത്യേക ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

മൃഗചികിത്സയ്ക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് 7 കോടി രൂപയാണ് ബന്ധപ്പെട്ട (2403-00-101-97) ശീർഷകത്തിൽ മാറ്റി വച്ചിരുന്നത്. അധിക തുക ലഭിച്ചിട്ടില്ല.

ശുപാർശ

2403-00-101-96—കുളമ്പു/വായ്‌രോഗ നിയന്ത്രണത്തിനുള്ള പരിപാടി (100% കേന്ദ്രാവിഷ്കൃതം)

2003-2004-ൽ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം സംസ്ഥാനത്ത് ആരംഭിച്ച നൂറ് ശതമാനം കേന്ദ്ര സഹായമുള്ള പ്രസ്തുത പദ്ധതി ഇടുക്കി, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലേക്കുകൂടി വ്യാപിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

2010-2011 സാമ്പത്തിക വർഷം മുതൽ ഈ പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്തെ എല്ലാ ജില്ലകളിലേക്കും കേന്ദ്ര സർക്കാർ വ്യാപിപ്പിച്ചിട്ടുണ്ട്.

ശുപാർശ

2403-00-101-84—ജീവശാസ്ത്രപരമായ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്രം

ശ്രീ ചിത്രാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് അകിടുവീക്കരോഗം കണ്ടുപിടിക്കുന്നതിനുള്ള ആന്റിബയോട്ടിക് സെൻസിറ്റിവിറ്റി കിറ്റ് ഉത്പാദിപ്പിക്കുന്നതിനും ഫാർമസ്യൂട്ടിക്കൽ വിംഗ് സ്ഥാപിക്കുന്നതിനും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിനെ ജി.എം.പി./ജി.എൻ.പി. നിലവാരത്തിലേക്ക് ഉയർത്തുന്നതിനും 4.9 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 4.9 കോടി രൂപ അധികമായി ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത തുക അനുവദിച്ചു കിട്ടിയിട്ടില്ല. എന്നാൽ ഈ സ്ഥാപനത്തിനെ ജി.എം.പി. നിലവാരത്തിലുയർത്തുന്നതിന് 2009-10 സാമ്പത്തിക വർഷം 2.64 കോടി രൂപ അനുവദിക്കുകയുണ്ടായി. ഈ ശീർഷകത്തിൽ 100 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതിയായ അസ്കാഡിലൂടെ 115 ലക്ഷം രൂപയും മൃഗചികിത്സ സേവനങ്ങൾ ശക്തിപ്പെടുത്തൽ എന്ന സംസ്ഥാന പദ്ധതിയിലൂടെയും ആണ് ഈ തുക കണ്ടെത്തിയത്.

ശ്രീ ചിത്രാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് അവരുടെ സാങ്കേതിക വിദ്യാസഹായത്തോടെ അകിടുവീക്ക രോഗത്തെ കണ്ടുപിടിക്കുവാനുള്ള ആന്റിബയോട്ടിക്ക് സെൻസിറ്റീവിറ്റി കിറ്റ് ഉല്പാദിപ്പിച്ച് വിതരണം ചെയ്ത് വരുന്നു. IAH&VB-ൽ ഫാർമസ്യൂട്ടിക്കൽ വിംഗ് സ്ഥാപിക്കുന്നതിന് 13-ാം ധനകാര്യ കമ്മീഷൻ അവാർഡായി 2011-12 സാമ്പത്തിക വർഷം 1.9 കോടി രൂപ അനുവദിക്കുകയുണ്ടായി. ആന്റിബയോട്ടിക് സെൻസിറ്റിവിറ്റി കിറ്റ് ഉത്പാദിപ്പിക്കുന്നതിന് 2009-10 സാമ്പത്തിക വർഷം ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി 50000 കിറ്റുകൾ ഉത്പ്പാദിപ്പിക്കുന്നതിന് 55 ലക്ഷം രൂപ നീക്കി വയ്ക്കുകയുണ്ടായി.

ശുപാർശ

2403-00-102-96—ഊർജ്ജിത കന്നുകാലി വികസന പ്രോജക്ട് സ്ഥാപിക്കുന്നതിന്

സൗജന്യകൃത്രിമ ബീജസങ്കലന പരിപാടി മുഖേനയുള്ള കുത്തിവയ്പ് ഫലപ്രദമാകുന്നില്ലെന്നും കുത്തിവയ്പിനുള്ള സെമൻ സമയത്തിനു ലഭ്യമാകുന്നില്ലെന്നും കർഷകർക്കിടയിൽ വ്യാപകമായ പരാതിയുണ്ടെന്ന് വിലയിരുത്തിയ സമിതി കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് വിതരണം ചെയ്യുന്ന സെമന്റെ

ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും പഞ്ചായത്ത്/മുനിസിപ്പാലിറ്റി ഏരിയയിൽ കാലികളുടെ രജിസ്ട്രേഷൻ നടത്തി മദിസമയം മുൻകൂട്ടി നിർണ്ണയിച്ച് സെമന്റെ ലഭ്യത ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിച്ചു. ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ഒന്നോ രണ്ടോ പഞ്ചായത്തുകളിൽ പശുക്കളുടെ രജിസ്ട്രേഷൻ നടത്തുകയും അതിനുശേഷം അവയുടെ കൃത്രിമ ബീജസങ്കലനവും തുടർന്നുള്ള മോണിറ്ററിംഗും നടത്തുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സർക്കാർ സ്വീകരിച്ച നടപടി

സൗജന്യ കൃത്രിമ ബീജസങ്കലന പരിപാടിക്കുവേണ്ടിയുള്ള കുത്തിവയ്പിന് മൃഗസംരക്ഷണ വകുപ്പിന് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് വിതരണം ചെയ്യുന്ന ബീജത്തിന്റെ ഗുണനിലവാരം തിട്ടപ്പെടുത്തുന്നതിന് ഒരു പൈലറ്റ് പ്രോജക്ടായി എറണാകുളം ജില്ലയിലെ ഒക്കൽ, കരുമല്ലൂർ എന്നീ പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് ആവശ്യമായ പഠനം നടത്തുകയുണ്ടായി.

അതിലേക്കായി പ്രസ്തുത പഞ്ചായത്തുകളിലെ ബീജധാന ഉപകേന്ദ്രങ്ങളിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് ആവശ്യമായ പരിശീലനം നടത്തിയശേഷം, പ്രാഥമിക സർവ്വേ നടത്തുകയും അതിന്റെ വിവരങ്ങൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തുകയുമുണ്ടായി. കൂടാതെ ഓരോ പശുവിനും നടത്തിയ കൃത്രിമ ബീജാധാന വിവരങ്ങളും അതിന്റെ ഗർഭധാരണ പരിശോധന നടത്തിയ നടപടികളും രേഖപ്പെടുത്തുകയുണ്ടായി. കുത്തിവയ്പ് നടത്താൻ ഉപയോഗിക്കുന്ന ബീജത്തിന്റെ ഗുണനിലവാരം തിട്ടപ്പെടുത്തുന്നതിനാവശ്യമായ സെമൻ മോട്ടിലിറ്റി ടെസ്റ്റ്, സെമൻ കളക്ഷൻ, ഇവാലുവേഷൻ, പ്രിസർവേഷൻ എന്നീ വിഷയങ്ങളിൽ ഈ പഞ്ചായത്തുകളിലെ വെറ്ററിനറി സർജന്മാർ, ആലുവ ക്യാറ്റിൽ സ്റ്റെറിലിറ്റി ഓഫീസിലെ അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ മണ്ണുത്തി വെറ്ററിനറി കോളേജിൽ വച്ച് നടത്തിയ പരിശീലനത്തിൽ പങ്കെടുക്കുകയും അവർ മേൽപ്പറഞ്ഞ പഞ്ചായത്തുകളിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് ഈ വിഷയത്തിൽ വേണ്ട പരിശീലനം നൽകുകയും ചെയ്തു. പഞ്ചായത്തുതലത്തിൽ നടത്തിയ ഗുണനിലവാര തിട്ടപ്പെടുത്തലിന്റെ മേൽനോട്ടം അതാത് പഞ്ചായത്തുകളിലെ വെറ്ററിനറി സർജൻ, കാറ്റിൽ സ്റ്റെറിലിറ്റി ഓഫീസിലെ അഡീഷണൽ ഡയറക്ടർ എന്നിവർ വഹിക്കുകയുണ്ടായി.

മേൽപ്പറഞ്ഞ പദ്ധതിപ്രകാരം ഒക്കൽ, കരുമല്ലൂർ എന്നീ പഞ്ചായത്തുകളിൽ നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ കുത്തിവയ്പ് കേന്ദ്രങ്ങൾ വഴിയും കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് വിതരണം നടത്തുന്ന ബീജത്തിന്റെ ഗുണനിലവാരം കാലാകാലങ്ങളിൽ തിട്ടപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഗുണനിലവാരം കുറഞ്ഞ ബീജത്തിന്റെ വിവരം അപ്പപ്പോൾ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിനെ അറിയിക്കാനും അവയ്ക്ക് വേണ്ട പരിഹാരം കണ്ടെത്തുവാനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശുപാർശ

2403-00-102-85—കന്നുകാലി വളർത്തൽ കേന്ദ്രം

കേരളത്തിൽ ഇപ്പോൾ മുന്തിയ ഇനം പശുക്കളുടെ പ്രൊക്ര്യൂയർമെന്റിനും ഡിസ്ട്രിബ്യൂഷനുമായി ഒരു കേന്ദ്രമില്ല. മൃഗസംരക്ഷണവകുപ്പിന്റെ കീഴിലുള്ള ഫാമുകൾ ഇക്കാര്യത്തിൽ മികച്ച വാണിജ്യ കേന്ദ്രങ്ങളായി മാറേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ മികച്ചയിനം കന്നുകാലികളെ ഉത്പാദിപ്പിച്ചും വിശ്വസനീയമായ കേന്ദ്രങ്ങളിൽ നിന്നു വാങ്ങിയും ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നതിന് കാർഷിക സർവ്വകലാശാലയും മൃഗസംരക്ഷണ വകുപ്പും സംയോജിച്ച് കാർഷിക സർവ്വകലാശാല യുടെ ഭൂമിയിൽ ഒരു ഫാമും ഗവേഷണ കേന്ദ്രവും തുടങ്ങണമെന്നും ഇതിനായി 50 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സർക്കാർ സ്വീകരിച്ച നടപടി

മുന്തിയയിനം പശുക്കളെ വളർത്തി അവയുടെ ഉരുക്കളെ കർഷകർക്ക് വിതരണം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന കുളത്തുപ്പുഴ ഫാം നവീകരിച്ച് ഒരു ഹൈടെക് ഫാമായി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇതുകൂടാതെ മാട്ടുപ്പെട്ടി, കോലാഹലമേട് എന്നിവിടങ്ങളിലും ഹൈടെക് ഫാമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി തുടർന്നു വരുന്നു. 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ 2011-2012 സാമ്പത്തിക വർഷം വിതുര, കുരിയോട്ടുമല എന്നീ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ഫാമുകളും കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിനു കീഴിലുള്ള ധോണിഫാമും, ഹൈടെക് ഫാമുകളായി വികസിപ്പിച്ചെടുക്കുന്നതിന് 60 കോടി രൂപ അനുവദിക്കുകയും ഇതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

ശുപാർശ

2403-00-103-90—താറാവ് ഉത്പാദനം/ക്വയിൽ വികസനം

നിരണം, ചെങ്ങന്നൂർ എന്നീ സ്ഥലങ്ങളിൽ നിലവിലുള്ള താറാവ്/കാട വളർത്തൽ ഫാമുകളുടെ പ്രവർത്തനത്തിനും നവീകരണത്തിനും വടക്കൻ മേഖല യിൽ ഒരു പുതിയ താറാവ് വളർത്തൽ യൂണിറ്റ് സ്ഥാപിക്കുന്നതിനുമായി 73 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 20 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വക കൊള്ളിച്ചത് എന്നാൽ 6 ലക്ഷം രൂപ കൂടി അധികമായി അനുവദിച്ച് ഈ ശീർഷകത്തിന്റെ മൊത്തം അടങ്കൽ തുക 26 ലക്ഷമായി ഉയർത്തുകയുണ്ടായി.

വടക്കൻ മേഖലയിൽ കണ്ണൂർ ജില്ലയിൽ കൊമേരി ആടുവളർത്തൽ കേന്ദ്രത്തിൽ ഒരു താറാവ് വളർത്തൽ കേന്ദ്രം സ്ഥാപിക്കുന്നതിന് 2010-11 സാമ്പത്തിക വർഷം നടപടി സ്വീകരിക്കുകയുണ്ടായി, ഇതിനായി സംസ്ഥാന ബഡ്ജറ്റിൽ നിന്നും 20 ലക്ഷം രൂപയും ആർ.കെ.വി.വൈ. പദ്ധതിയിലൂടെ 60.5 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.

ശുപാർശ

കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പരമാവധി കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് കുട്ടനാട് പ്രദേശത്ത് നടപ്പാക്കുന്ന എല്ലാ പദ്ധതികളും സ്വാമിനാഥൻ ഫൗണ്ടേഷനുമയി ബന്ധപ്പെട്ടു മാത്രമെ നടപ്പാക്കാവൂ എന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സർക്കാർ സ്വീകരിച്ച നടപടി

കുട്ടനാട് മേഖലയുടെ സമഗ്ര വികസനത്തിനായി സ്വാമിനാഥൻ കമ്മീഷൻ മൂന്ന് ഇന കർമ്മ പരിപാടികൾ ശുപാർശ ചെയ്യുകയുണ്ടായി. ഇവയ്ക്ക് അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചപ്പോൾ നിലവിലുള്ളവ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് പദ്ധതി തയ്യാറാക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. 50 ലക്ഷം രൂപയിൽ താഴെയുള്ള പദ്ധതികൾ സർക്കാരിന്റെ പ്ലാൻ സ്കീമുകളുടെ കീഴിൽ നടപ്പിലാക്കുവാനും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചു.

ശുപാർശ

2403-00-103-89—കോഴിവളർത്തൽ കേന്ദ്രങ്ങളും കോഴി ഉത്പാദന വികസനവും

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സർക്കാർ സ്വീകരിച്ച നടപടി

ആദ്യഘട്ടത്തിൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപയാണ് വകകൊള്ളിച്ചത്. എന്നാൽ സമിതിയുടെ ശുപാർശ പ്രകാരം 40.3 ലക്ഷം രൂപ കൂടി അധികമായി അനുവദിച്ച് ഈ ശീർഷകത്തിലെ അടങ്കൽ തുക 110.33 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു.

ശുപാർശ

പിന്നാമ്പുറ കോഴിവളർത്തൽ പദ്ധതി പ്രകാരം കോഴിയോടൊപ്പം വിതരണം ചെയ്യുന്ന കൂടുകൾക്ക് നിലവാരമില്ലെന്ന് പരാതിയുള്ളതിനാൽ കൂടു നൽകുന്ന ഘടകം പദ്ധതിയിൽനിന്ന് ഒഴിവാക്കണമെന്നും പ്രസ്തുത പദ്ധതി

അതാത് പഞ്ചായത്തിനെ ഏൽപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ വംശനാശം നേരിട്ടുകൊണ്ടിരിക്കുന്ന നാടൻ കോഴികളുടെ സംരക്ഷണത്തിനും വർദ്ധനവിനുമായി പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ സംസ്ഥാന പദ്ധതി വിഹിതത്തിലൂടെ മൃഗസംരക്ഷണ വകുപ്പിലൂടെ നടപ്പിലാക്കുന്ന പിന്നാമ്പുറ കോഴിവളർത്തൽ പദ്ധതിയിൽ കോഴികളോടൊപ്പം കൂട് വിതരണം ചെയ്യുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ ഗ്രാമീണ പിന്നാമ്പുറ കോഴി വളർത്തൽ പദ്ധതിയിൽ കൂട് നിർമ്മാണത്തിന് 750 രൂപ ധനസഹായമായി നൽകി വരുന്നു. നാടൻ കോഴികളെ സംരക്ഷിക്കുന്നതിനും അതിന്റെ വർദ്ധനവിനുമായി ചെങ്ങന്നൂരിലെ സെൻട്രൽ ഹാച്ചറി കേന്ദ്രീകരിച്ച് ഒരു യൂണിറ്റ് 2010-11 സാമ്പത്തിക വർഷം ആരംഭിക്കുകയുണ്ടായി. ഇതിനായി 10 ലക്ഷം രൂപ വകകൊള്ളിച്ചു.

ശുപാർശ

2403-00-104-94—ആട് വളർത്തൽ കേന്ദ്രങ്ങളുടെ വികസനം

കന്നുകാലികൾക്ക് തീറ്റ സബ്സിഡി നൽകുന്നതുപോലെ ആടുവളർത്തൽ പദ്ധതിയിലും ആടുകൾക്ക് തീറ്റ സബ്സിഡി അനുവദിക്കുന്ന കാര്യം പരിശോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ ആടുകൾക്കുള്ള തീറ്റ നിർമ്മിക്കുന്ന യൂണിറ്റുകളൊന്നും തന്നെ കേരളത്തിലില്ല. ഇപ്പോൾ ആടുകൾക്ക്, കന്നുകാലികൾക്ക് നൽകുന്ന തീറ്റയും മറ്റ് തീറ്റയുമാണ് നൽകി വരുന്നത്. ഈ സാമ്പത്തിക വർഷം ആട്ടിൻ തീറ്റ നിർമ്മാണ ഫാക്ടറി തുടങ്ങുന്നതിന് 201 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഉത്പാദനം ആരംഭിക്കുന്ന മുറയ്ക്ക് സമിതിയുടെ ശുപാർശ കൈകൊള്ളുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ

2403-00-190-94—കേരള സംസ്ഥാന പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷന് സഹായം

കേരള സംസ്ഥാന പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിൽ കൊട്ടിയം, മാള എന്നിവിടങ്ങളിൽ രണ്ടു പുതിയ ഫാമുകൾ തുടങ്ങുകയും പൂട്ടിക്കിടന്ന കുടപ്പനക്കുന്ന് ഫാം തുറന്ന് പ്രവർത്തിക്കുകയും ചെയ്യുന്നതിനാൽ ഈ ഹെഡ്ഡിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2.75 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2009-10 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായ 1.85 കോടി രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ.

<u>ശുപാർശ</u>

2403-00-190-93—<u>മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയ്ക്കുള്ള സഹായം</u>

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയുടെ വികസന പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക രണ്ടുകോടിയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 75 ലക്ഷം രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ.

<u>ശുപാർശ</u>

2403-00-190-91—<u>സംസ്ഥാന വെറ്ററിനറി കൗൺസിൽ (50% കേന്ദ്ര സഹായം)</u>

സംസ്ഥാന വെറ്ററിനറി കൗൺസിൽ മൃഗങ്ങൾക്കുള്ള നാട്ടുചികിത്സാ സമ്പ്രദായങ്ങളെക്കുറിച്ച് പഠിച്ച് അതു സംബന്ധിച്ച ഡാറ്റ ശേഖരിച്ച് നാട്ടു വൈദ്യം നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 40)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശുപാർശ</u>

2403-00-800-88—<u>പ്രത്യേക കന്നുകാലി വികസന പദ്ധതി</u>

പ്രത്യേക കന്നുകാലി വികസന പദ്ധതിയിൽ 2000 പശുക്കുട്ടികളെക്കൂടി ഉൾപ്പെടുത്തുന്നതിന് ഈ ഹെഡ്ഡിൽ 10 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രത്യേക കന്നുകാലി വികസന പദ്ധതിയിൽ 2000 പശുക്കുട്ടികളെക്കൂടി ഉൾപ്പെടുത്തുന്നതിന് സമിതി ശുപാർശ ചെയ്തെങ്കിലും തുക ലഭ്യമായിട്ടില്ല. ആ സാമ്പത്തിക വർഷം ഒറ്റത്തവണ അധിക കേന്ദ്രധനസഹായം പദ്ധതിയായ മിഷൻ ഫോർ പോവർട്ടി എലിവേഷൻ മുഖേന 50.84 ലക്ഷം രൂപ അനുവദിക്കുക ഉണ്ടായി.

ശുപാർശ

2403-800-73—പക്ഷിപ്പനി ബാധിച്ച പക്ഷികളെ നശിപ്പിച്ച് മറവുചെയ്യുന്നതിനുള്ള നഷ്ടപരിഹാരം (50% കേന്ദ്രാവിഷ്കൃതം)

പക്ഷിപ്പനി ഉണ്ടാകുന്ന സാഹചര്യത്തിൽ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ തുകയ്ക്ക് ഒരു ടോക്കൺ പ്രൊവിഷനായി ഒരു ലക്ഷം രൂപ വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സർക്കാർ സ്വീകരിച്ച നടപടി

ആ സാമ്പത്തിക വർഷം 0.01 ലക്ഷം രൂപ ഒരു ടോക്കൺ പ്രൊവിഷനായി സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ് മുഖേന അനുവദിക്കുകയുണ്ടായി.

ശുപാർശ

4403-00-800-97—ആർ.ഐ.ഡി.എഫ്.-XII-ന്റെ കീഴിൽ നബാർഡിന്റെ സഹായത്തോടെ പുതിയ പദ്ധതികളുടെ നടപ്പാക്കൽ

സംസ്ഥാനത്ത് വെറ്ററിനറി യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനായി 100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്ത് വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം ആരംഭിക്കാത്തതിനാൽ ആ സാമ്പത്തിക വർഷം അധികമായി തുക വേണ്ടി വന്നില്ല. എന്നാൽ 2010-11 സാമ്പത്തിക വർഷം 120 ലക്ഷം രൂപ വെറ്ററിനറി സർവ്വകലാശാല പ്രവർത്തനങ്ങൾക്കായി നൽകുകയുണ്ടായി.

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2010-2011-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

ശുപാർശ

2401-00-102-84—ഉല്പാദന വർദ്ധനവിനായി നെൽകൃഷിക്കാർക്കുള്ള പ്രോത്സാഹന സഹായം

ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തിൽ പങ്കാളികളാകുന്ന നെൽകൃഷിക്കാർക്ക് നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രോത്സാഹന സഹായമായി ഇപ്പോൾ നൽകി വരുന്ന തുക അപര്യാപ്തമാകയാൽ കർഷകന് ഒരു ഹെക്ടറിന് ഒരു വിളയ്ക്ക് 1,000 രൂപ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

31-10-2012-ലെ സ.ഉ. (എംഎസ്.) നമ്പർ 245/12/കൃഷി ഉത്തരവ് പ്രകാരം നെൽകർഷകർക്ക് നൽകിവരുന്ന ഉല്പാദന ബോണസ് 1,000 രൂപയായി വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

2401-00-110-93—<u>കിസാൻ ശ്രീ</u>

കർഷകരുടെ സുരക്ഷയും സംരക്ഷണവും കണക്കിലെടുത്ത് കിസാൻ ശ്രീ എന്ന പേരിൽ സർക്കാർ നടപ്പിലാക്കിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ ഇതിനകം അഞ്ച് ലക്ഷത്തി ഇരുപതിനായിരത്തി എണ്ണൂറ്റി മുപ്പത്തിയാറ് (5,20,836) കർഷകർ അംഗങ്ങളായിട്ടുണ്ട്. പ്രസ്തുത കർഷകരുടെയും അവരുടെ കുടുംബങ്ങളുടെയും പരിരക്ഷ സർക്കാർ ഉറപ്പ് വരുത്തിയിട്ടുള്ള സാഹചര്യത്തിൽ ഇൻഷ്വറൻസ് ആനുകൂല്യം നൽകുന്നതിന് ഈ സാമ്പത്തിക വർഷത്തിൽ പദ്ധതിക്ക് ആവശ്യപ്പെട്ടിട്ടുള്ള 70 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2010-2011 വർഷത്തിൽ ധനാഭ്യർത്ഥനയ്ക്കുള്ള പ്രൊപ്പോസലിൽ 2401-00-110-93 പ്ലാൻ (കിസാൻശ്രീ) ശീർഷകത്തിൽ 70 ലക്ഷം രൂപ ഉൾപ്പെടുത്തിയിരുന്നു. എങ്കിലും അംഗീകരിച്ച ബഡ്ജറ്റിൽ ടി തുക ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. ആയതിനാൽ 2010-11 വർഷത്തിൽ കിസാൻശ്രീ പദ്ധതിക്കായി 2401-00-110-93 പ്ലാൻ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

<u>ശുപാർശ</u>

2402-00-102-85—<u>ഉദ്യോഗസ്ഥന്മാർക്ക് പരിശീലന പദ്ധതി</u>

മണ്ണ്-ജല സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കും മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും വേണ്ടി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും സെമിനാറുകൾ, ശിൽപ്പശാലകൾ തുടങ്ങിയവയിൽ പങ്കെടുക്കുവാൻ നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് വേണ്ടി വരുന്ന ചെലവുകൾക്കുമായാണ് പദ്ധതി വിഹിതം വിനിയോഗിക്കുന്നത്. ഇതിനായി ചെലവഴിക്കുന്ന തുകയുടെ ഒരു ശതമാനം മണ്ണ്-ജല സംരക്ഷണത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ചെലവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാകയാൽ 30 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മണ്ണു സംരക്ഷണ ഉദ്യോഗസ്ഥന്മാർക്കുള്ള പരിശീലന പരിപാടി എന്ന പദ്ധതിക്കായി 2402-00-102-85-പദ്ധതി ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത

തുക അനുവദിക്കുകയുണ്ടായില്ല. 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ ടി ശീർഷകത്തിൽ 10 ലക്ഷം രൂപ വീതം അനുവദിക്കുകയും പ്രസ്തുത തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

2405-00-800-76—സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100%എൻ.സി.ഡി.സി. സഹായം)

മത്സ്യഫെഡ്ഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യ വിപണന സൗകര്യങ്ങൾ വിപുലമാക്കുന്നതിന് ആവശ്യമായ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത് ഈ പദ്ധതിയിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നതാണ് :

- നിലവിലുള്ള മത്സ്യ ബന്ധനോപാധികൾക്ക് പകരം പുതിയവ നൽകൽ
- ഉത്പാദനോപാധികൾ നൽകൽ
- മത്സ്യ കച്ചവടത്തിനായുള്ള പ്രവർത്തന മൂലധനം/മാർജിൻ മണി നൽകൽ
- പരിശീലനം നൽകൽ
- വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്ന പരിപാടികൾ
- മത്സ്യ വിപണനത്തിനും മത്സ്യബന്ധന ഉല്പന്നങ്ങളുടെ മാനേജ്മെന്റിനും ആവശ്യമായ പശ്ചാത്തല സൗകര്യവികസനം.

100% കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 757 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49, 50)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 49, 50)

2010-11 സാമ്പത്തിക വർഷത്തിൽ എൻ.സി.ഡി.സി അംഗീകാരം നൽകിയത് അനുസരിച്ച് 2405-00-800-76 ശീർഷകത്തിൽ സബ്സിഡി ഇനത്തിൽ 727.30 ലക്ഷം രൂപ അധികമായി ആവശ്യമുണ്ട്. ഈ തുക ലഭിക്കുന്നതിനായി ആദ്യബാച്ച് സപ്ലിമെന്ററി ഡിമാന്റിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ ഈ ഇനത്തിൽ അധിക തുക വകയിരുത്തിക്കിട്ടിയിരുന്നില്ല.

ശുപാർശ

2405-00-800-26—വിവരസാങ്കേതികവിദ്യ പ്രായോഗികമാക്കൽ

വിവരസാങ്കേതികവിദ്യ അടിസ്ഥാനപ്പെടുത്തി ജില്ലാ ഓഫീസുകൾ, ജോയിന്റ് ഡയറക്ടർ ഓഫീസ്, മറൈൻ എൻഫോഴ്സ്മെന്റ് ഓഫീസ് തുടങ്ങിയവയെ ഹെഡ്ക്വാർട്ടേഴ്സുമായി ബന്ധിപ്പിക്കുന്ന കമ്പ്യൂട്ടർ ശൃംഖലയുടെ പ്രവർത്തനം

പൂർത്തീകരിക്കുക, സംയോജിത മത്സ്യബന്ധന ശൃംഖല സോഫ്ട്‍വെയർ, കമ്പ്യൂട്ടറുകൾ വാങ്ങുക, കമ്പ്യൂട്ടർ മെയിന്റനൻസ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സർക്കാർ സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും 11 ലക്ഷം രൂപ സറണ്ടർ ചെയ്തു. ഈ പദ്ധതിക്ക് 2010-11 സാമ്പത്തിക വർഷം അധിക തുക ആവശ്യമായി വന്നിട്ടില്ല. ആയതിനാൽ അധിക തുകയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

## ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ 2010-2011-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

ശുപാർശ

2405-00-001-97—പ്രോജക്ട് മാനേജ്മെന്റ് സെൽ

പ്രോജക്ടുകൾ തയ്യാറാക്കുക, മത്സ്യബന്ധന മേഖലയിൽ സ്ഥിതിവിവര കണക്കുകൾ തയ്യാറാക്കൽ, കടൽ/ഉൾനാടൻ മത്സ്യബന്ധന കണക്കുകൾ തയ്യാറാക്കൽ, ഉൾനാടൻ ജലാശയങ്ങളുടെ സ്ഥിതിവിവര കണക്കുകൾ പുതുക്കുക, വിലവിവര കണക്കുകൾ ശേഖരിക്കുക, മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക വിപണന സർവ്വേകൾ നടത്തുക തുടങ്ങി വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ ചെലവുകൾ വഹിക്കുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സർക്കാർ സ്വീകരിച്ച നടപടി

2009-10-ൽ 9 ലക്ഷം രൂപയാണ് 2405-00-001-97 പ്രോജക്ട് മാനേജ്മെന്റ് സെൽ എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്നത്. 2010-11-ൽ 10 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. അധികമായി ആവശ്യപ്പെട്ട 10 ലക്ഷം രൂപ വകയിരുത്തി കിട്ടിയിരുന്നില്ല.

ശുപാർശ

2405-00-103-97—മത്സ്യബന്ധന തുറമുഖങ്ങളുടെ സംരക്ഷണവും നടത്തിപ്പും

നീണ്ടകര, വിഴിഞ്ഞം ഹാർബറുകളുടെ ശുചിത്വ പരിപാലനവും ചുങ്കം പിരിവുമായി ബന്ധപ്പെട്ട സി.എൽ.ആർ./എസ്.എൽ.ആർ. ജീവനക്കാരുടെ വേതനം നൽകുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

സർക്കാർ സ്വീകരിച്ച നടപടി

2010-11-ൽ അധികമായി ലഭിച്ച 38 ലക്ഷം രൂപ കൊല്ലം/വിഴിഞ്ഞം ഡിവിഷനുകൾക്ക് സി.എൽ.ആർ./എസ്.എൽ.ആർ. ജീവനക്കാരുടെ വേതന വിതരണത്തിനായി നൽകിയിട്ടുണ്ട്.

ശുപാർശ

2405-00-800-30—കടുങ്ങല്ലൂർ അക്വാ ടെക്നോളജി പാർക്ക്

ആലുവായിലെ കടുങ്ങല്ലൂരിൽ ഒരു അക്വാടെക്നോളജി പാർക്ക് സ്ഥാപിക്കുന്ന തിലേക്കായി 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സർക്കാർ സ്വീകരിച്ച നടപടി

കടുങ്ങല്ലൂരിൽ ഒരു അക്വാ ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 2010-11 സാമ്പത്തിക വർഷത്തിൽ അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ അധിക തുക വകയിരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

ശുപാർശ

2405-00-800-29—ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷ്യനേറിയവും സ്ഥാപിക്കൽ

കൊച്ചിയിലെ പുതുവൈപ്പിൽ ഓഷ്യനേറിയം സ്ഥാപിക്കുന്നതിനും ഒരു ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

സർക്കാർ സ്വീകരിച്ച നടപടി

കൊച്ചിയിലെ ബയോടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടും ഓഷ്യനേറിയവും സ്ഥാപിക്കുന്നതിന് 2010-11 സാമ്പത്തിക വർഷത്തിൽ അധിക തുക ആവശ്യമായി വരാത്തതിനാൽ അധിക തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

ശുപാർശ

2810-00-105-99—ബയോഗ്യാസ് വികസനത്തിനുള്ള ദേശീയ പരിപാടി (100% കേന്ദ്രാവിഷ്കൃതം)

ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനും അത് നിർമ്മിക്കുന്ന പണിക്കാർക്കും ഗുണഭോക്താവിനും മറ്റ് ബന്ധപ്പെട്ടവർക്കും പരിശീലനം നൽകുന്നതിനും

ജീവനക്കാരുടെ ശമ്പളം, വാഹനങ്ങളുടെ ഇന്ധന പ്രവർത്തന ചെലവുകൾ എന്നിവ നേരിടുന്നതിനുമാണ് വിഹിതം വകകൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ച 250 ലക്ഷം രൂപയ്ക്കു പുറമേ 191.37 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സർക്കാർ സ്വീകരിച്ച നടപടി

ബയോഗ്യാസ് പദ്ധതിക്കായി 2011-12-ൽ 191.37 ലക്ഷം രൂപ അന്തിമ ഉപധനാഭ്യർത്ഥന പ്രകാരം ആവശ്യപ്പെട്ടപ്പോൾ 31-3-2012-ലെ സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 3054/12/ഫിൻ. പ്രകാരം 113 ലക്ഷം രൂപ റീ അപ്രോപ്രിയേഷൻ മുഖാന്തിരം അനുവദിച്ചു.

ശുപാർശ

2401-00-108-42—റീജിയണൽ നഴ്സറികൾ സ്ഥാപിക്കൽ (50% CSS)

സംസ്ഥാനത്തിന് ആവശ്യമുള്ള അത്രയും തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് ഫാമുകളിൽ അടിസ്ഥാന സൗകര്യമില്ല. ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നതിനും തെങ്ങിൻ തൈകളുടെ വിതരണം ത്വരിതപ്പെടുത്തുന്നതിനുമായി മേഖലാ നഴ്സറികൾ ആരംഭിക്കുന്നതിനുമാണ് തുക ആവശ്യപ്പെട്ടിട്ടുള്ളത്. ചെലവിന്റെ 50 ശതമാനം നാളികേര വികസന ബോർഡിൽ നിന്നും ലഭ്യമാക്കുന്ന ഈ പദ്ധതിക്കായി 35 ലക്ഷം രൂപ അധികമായി വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതിക്കായി 2011-2012-ൽ റീ അപ്രോപ്രിയേഷൻ വഴി 35 ലക്ഷം രൂപ അധികം കണ്ടെത്തി പദ്ധതി നടപ്പിലാക്കിയതായി കൃഷി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശുപാർശ

2401-00-112-97—വിത്തുകൾ, ധാന്യങ്ങൾ, എണ്ണക്കുരുക്കൾ, എണ്ണപ്പനകൾ, ചോളം എന്നിവയുടെ സമഗ്രവികസനം (75% കേന്ദ്രാവിഷ്കൃതം)

സംസ്ഥാനത്ത് എണ്ണപ്പനകൃഷി വികസിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുന്ന സഹായം വിനിയോഗിക്കുന്നതിനായി ഈ തുക ഉപയോഗ പ്പെടുത്തുന്നതാണ്. ഓയിൽ പാം ഇന്ത്യ ലിമിറ്റഡാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിക്കായി അധികമായി 5 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

സർക്കാർ ഉത്തരവ് സാധാ. നമ്പർ 1795/11/എ.ഡി. തീയതി 1-10-2011 പ്രകാരവും കേന്ദ്രസർക്കാർ കത്ത് നമ്പർ 2-18/2011പി./റ്റിഎംഒപി. തീയതി 23-5-2011 പ്രകാരവും പ്രസ്തുത പദ്ധതിക്ക് 81.42 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ 10 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. ബാക്കി തുകയായ 71.42 ലക്ഷം രൂപ മറ്റ് ഹെഡ് ഓഫ് അക്കൗണ്ടുകളിൽ നിന്നും പുനർ വിനിയോഗം/എസ്.ഡി.ജി.വഴി കണ്ടെത്താൻ കൃഷി ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ 2011-12 സാമ്പത്തിക വർഷത്തിൽ മറ്റു സമാന പദ്ധതികൾ (അതായത് 75% കേന്ദ്രാവിഷ്കൃതം) കൃഷി വകുപ്പ് നടപ്പിലാക്കിയിരുന്നില്ല എന്നതുകൊണ്ടും മറ്റു പദ്ധതികളിൽ നിന്നും സേവിംഗ്സ് കണ്ടെത്താൻ കഴിയാത്തതു കൊണ്ടും പ്രസ്തുത തുക കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ISOPOM പദ്ധതിയിലേക്ക് 2011-12 വർഷം 71.42 ലക്ഷം രൂപയ്ക്കായി ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയിരുന്നില്ല.

ശുപാർശ

2401-00-800-35—മറ്റു 90% കേന്ദ്രാവിഷ്കൃത പദ്ധതികൾ (സംസ്ഥാന വിഹിതം) 02 മൈക്രോ ഇറിഗേഷൻ

മണ്ണൊലിപ്പ്, ജലത്തിന്റെ ആഴത്തിലുള്ള ഊഴ്ന്നിറങ്ങൽ എന്നിവയിലൂടെ ഉണ്ടാകുന്ന ജല നഷ്ടം പരമാവധി ലഘൂകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നാളികേരം, വാഴ, പച്ചക്കറികൾ തുടങ്ങിയ വിളകൾ സൂക്ഷ്മതല ജലസേചനത്തിന് യോജിച്ചവയാണ്. കണിക, സ്പ്രിംഗ്ളർ ജലസേചനം നടത്തുന്നതിന് കർഷകർക്ക് ധനസഹായം നൽകുന്നതിന് വിഹിതം ഉപയോഗിക്കുന്നു. അനുവദിച്ച ഒരു ലക്ഷം രൂപ അപര്യാപ്തമാകയാൽ അധികമായി 19 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സർക്കാർ സ്വീകരിച്ച നടപടി

2011-12-ൽ 2401-00-800-35 (02) മൈക്രോ ഇറിഗേഷൻ പദ്ധതിക്കായി സർക്കാർ ഉത്തരവ് നമ്പർ (ആർറ്റി.) 2965/12/ഫിൻ. തീയതി 30-3-2012 പ്രകാരം 39.20 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ മുഖാന്തിരം അനുവദിച്ചു.

ശുപാർശ

2402-00-102-85—ഉദ്യോഗസ്ഥർക്ക് പരിശീലനപരിപാടി

മണ്ണ് ജലസംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കും മറ്റു വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കുവേണ്ട പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും സെമിനാറുകൾ, ശിൽപ്പശാലകൾ തുടങ്ങിയവയിൽ പങ്കെടുക്കുവാൻ നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് വേണ്ടി വരുന്ന ചെലവുകൾക്കുമാണ് പദ്ധതി വിഹിതം വിനിയോഗിക്കുന്നത്. ഭൂവിഭവ സംരക്ഷണവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾക്കും വിജ്ഞാന-വ്യാപനത്തിനുള്ള മേളകൾ, സെമിനാറുകൾ, പ്രദർശനങ്ങൾ,

പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കുന്നതിനും വിവിധ വിജ്ഞാനവ്യാപന ഉപാധികൾ, സൗകര്യങ്ങൾ എന്നിവ ആർജ്ജിക്കുന്നതിനുള്ള ചെലവുകളും ഇതിൽപ്പെടും. 2011-2012 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി ബഡ്ജറ്റിൽ 10 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത തുക തീരെ അപര്യാപ്ത മാകയാൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

മണ്ണു സംരക്ഷണ ഉദ്യോഗസ്ഥന്മാർക്കുള്ള പരിശീലന പരിപാടി എന്ന പദ്ധതി ക്കായി "2402-00-102-85- പദ്ധതി" ശീർഷകത്തിൽ 2011-2012 സാമ്പത്തിക വർഷ ത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത തുക അനുവദിക്കുകയുണ്ടായില്ല. 2012-2013, 2013-2014 സാമ്പത്തിക വർഷങ്ങളിൽ ടി ശീർഷകത്തിൽ 10 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2402-00-102-84—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം നൽകാൻ സഹായം

കമ്പ്യൂട്ടർവൽക്കരണത്തിന് പ്രസ്തുത തുക വിനിയോഗിക്കേണ്ടതും സ്പാർക്ക്, സോയിൽ കൺസ്നെറ്റ് മുതലായ സോഫ്റ്റ്വെയറുകൾ വകുപ്പുതലത്തിൽ പ്രാവർത്തികമാക്കുന്നതിനുമായി 2011-12 സാമ്പത്തികവർഷം ഈ പദ്ധതിക്കായി ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത് തീരെ അപര്യാപ്തമാകയാൽ 10 ലക്ഷം രൂപ കൂടി ഈ ഹെഡ്ഡിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം നൽകുന്നതിന് സഹായം എന്ന പദ്ധതിക്കായി '2402-00-102-84-പ്ലാൻ' ശീർഷകത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ 10 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത തുക അനുവദിക്കുകയുണ്ടായില്ല. ടി ശീർഷകത്തിൽ 2012-2013, 2013-2014 സാമ്പത്തിക വർഷങ്ങളിൽ തുകയൊന്നും അനുവദിച്ചിട്ടില്ലായെങ്കിലും '2402-00-102-81-പ്ലാൻ' ശീർഷകത്തിൽ ഇൻഫർമേഷൻ ടെക്നോളജി ഇനത്തിൽ പ്രസ്തുത രണ്ടു സാമ്പത്തിക വർഷങ്ങളിലും 10 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

2012-2013 സാമ്പത്തിക വർഷം '2402-00-102-85-പ്ലാൻ, 2402-00-102-81-പ്ലാൻ' എന്നീ ശീർഷകങ്ങളിൽ അനുവദിക്കപ്പെട്ട തുക മുഴുവനായും വിനിയോഗിച്ചി ട്ടുണ്ടെന്നും 2013-2014 സാമ്പത്തിക വർഷം അനുവദിക്കപ്പെട്ട തുക മുഴുവനും

വിനിയോഗിക്കാനുള്ള ആക്ഷൻ പ്ലാൻ അംഗീകരിച്ച് നടപടികൾ തുടങ്ങിയിട്ടുണ്ടെന്നും അറിയിച്ചു കൊള്ളുന്നു.

ശുപാർശ

2415-01-277-93—കേരള കാർഷിക സർവ്വകലാശാല സഹായധനം

സർവ്വകലാശാലയുടെ 31-3-2011 വരെയുള്ള ബാധ്യത തീർക്കുന്നതിനായി ഒറ്റത്തവണ ഗ്രാന്റായി 190 കോടി രൂപയും 2011-12-ലെ തനതു ചെലവുകൾക്കായി 150.43 കോടിയും ഉൾപ്പെടെ 340.43 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

കേരള കാർഷിക സർവ്വകാലശാലയുടെ 31-3-2011 വരെയുള്ള ബാധ്യത തീർക്കുന്നതിനായി ഒറ്റത്തവണ ഗ്രാന്റായി 190 കോടി രൂപയും 2011-12-ലെ തനതു ചെലവുകൾക്കായി 150.43 കോടി രൂപയും വകയിരുത്തണമെന്ന് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിരുന്നെങ്കിലും സർക്കാരിന്റെ 2011-12 ബജറ്റിൽ തനതു ചെലവുകൾക്കായി പദ്ധതിയേതര വിഹിതമായി 115.608 കോടി രൂപ മാത്രമാണ് വകകൊള്ളിച്ചതെന്നും ഒറ്റ തവണ ഗ്രാന്റായി നിർദ്ദേശിച്ച 190 കോടി രൂപയും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നും രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർക്കാരിന്റെ നിർദ്ദേശപ്രകാരം ബഡ്ജറ്റ് ഭേദഗതിക്കായുള്ള ആൾട്ടറേഷൻ മെമ്മോറാണ്ടം സർവ്വകലാശാല സമർപ്പിച്ചെങ്കിലും സർക്കാർ ബഡ്ജറ്റിൽ ഭേദഗതി വരുത്തുകയുണ്ടായില്ല. ധനകാര്യവകുപ്പിന്റെ 31-8-2011-ലെ സർക്കുലർ നമ്പർ 56/2011/ധന. പ്രകാരം 2011-12-ലെ ഉപധനാഭ്യർത്ഥനയ്ക്ക് കേരള കാർഷിക സർവ്വകലാശാല സമർപ്പിച്ച അപേക്ഷ നിശ്ചിത സമയം കഴിഞ്ഞു പോയതിനാൽ ആദ്യത്തെ ഗഡു ഉപധനാഭ്യർത്ഥനയിൽ ഉൾക്കൊള്ളിക്കുകയുണ്ടായില്ല. മാത്രമല്ല 2006 യു.ജി.സി. പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള ശമ്പള കുടിശ്ശികയിൽ സർക്കാരിൽ നിന്ന് ലഭിക്കേണ്ട 20% തുകയായ 14.495 കോടി രൂപ അനുവദിച്ചുവെങ്കിലും ഈ തുക പദ്ധതിയേതര വിഹിതത്തിൽ ഉൾക്കൊള്ളിച്ച് കേരള കാർഷിക സർവ്വകലാശാലയ്ക്ക് പ്രതിമാസം നൽകിയിരുന്ന 9.1 കോടി രൂപ (ആകെ ഗ്രാന്റിന്റെ 1/12 ഭാഗം വീതം) 7.1 കോടി രൂപയാക്കി വെട്ടിക്കുറയ്ക്കുകയുണ്ടായി. പെൻഷൻ കുടിശ്ശിക തീർക്കുന്നതിനായി കാർഷിക സർവ്വകലാശാലയ്ക്ക് 10 കോടി രൂപ അനുവദിച്ചതും പദ്ധതിയേതര വിഹിതത്തിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇത് നിലവിലുള്ള ബാദ്ധ്യത കൂടുതൽ വർദ്ധിപ്പിച്ച് ജീവനക്കാർക്ക് ശമ്പളം നൽകാൻ കഴിയാത്ത അവസ്ഥയിൽ കേരള കാർഷിക സർവ്വകലാശാലയെ എത്തിക്കുകയും ചെയ്തിരിക്കുന്നു.

ഈ സാഹചര്യത്തിൽ സബ്ജക്ട് കമ്മിറ്റി ശുപാർശകൾക്കനുസൃതമായി തുക അനുവദിക്കണമെന്ന ശുപാർശയോടുകൂടി ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചുവെങ്കിലും കേരള കാർഷിക സർവ്വകലാശാലയ്ക്ക് അധിക സഹായമൊന്നും അനുവദിക്കുവാൻ സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിൽ നിർവ്വാഹമില്ല എന്ന് ടി വകുപ്പ് അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

കേരള കാർഷിക സർവ്വകലാശാലയ്ക്ക് കുറഞ്ഞത് 100 കോടി രൂപയെങ്കിലും അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ച് ഫയൽ ഉന്നതതല ശുപാർശയോടുകൂടി വീണ്ടും ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുകയുണ്ടായി. സർവ്വകലാശാലയുടെ ആവശ്യം മുൻപ് അനധികൃതമായി വകമാറ്റി ചെലവഴിച്ച ഫണ്ട് വീണ്ടെടുക്കുന്നത് സംബന്ധിച്ചാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ സർക്കാരിന്റെ സാമ്പത്തിക സ്ഥിരതയെ ബാധിക്കുന്നതാണെന്നും, ആയതിനാൽ നിലവിലുള്ള അവസ്ഥ പരിഹരിക്കുന്നതിനായി സർവ്വകലാശാല അധികച്ചെലവ് കുറയ്ക്കുന്ന രീതികൾ അനുവർത്തിക്കേണ്ടതാണെന്നും ടി വകുപ്പ് അഭിപ്രായപ്പെട്ടിരിക്കുന്നു.

20-10-2012-ലെ ജി.ഒ. (ആർടി.) 2105/2012/കൃഷി പ്രകാരം കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും 31-3-2011 വരെ വിരമിച്ച വെറ്ററിനറി & ആനിമൽ സയൻസ് ഫാക്കൽട്ടി, ഫിഷറീസ് ഫാക്കൽട്ടി, അഗ്രികൾച്ചർ ഫാക്കൽട്ടി എന്നിവയിലെ ജീവനക്കാർ ഉൾപ്പെടെയുള്ളവരുടെ പ്രോവിഡന്റ് ഫണ്ട് ബാദ്ധ്യത തീർക്കുന്നതിനായി ആകെ 10 കോടി രൂപ താഴെ പറയും പ്രകാരം അനുവദിക്കുകയുണ്ടായി.

| | | |
|---|---|---|
| KAU | .. | 6 കോടി |
| KVASU | .. | 2 കോടി |
| KUFOS | .. | 2 കോടി |
| ആകെ | | 10 കോടി |

ശുപാർശ

2435-01-800-97—അഗ്രോ ഇൻഡസ്ട്രീസ്

യന്ത്രവത്കരണത്തിലൂടെയും ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനയിലൂടെയും കേരളത്തിലെ കാർഷിക മേഖലയ്ക്ക് പുത്തനുണർവ് നൽകാനുള്ള സർക്കാരിന്റെ ദൗത്യത്തിന്റെ നിർണ്ണായക പങ്ക് വഹിക്കേണ്ട ഒരു സ്ഥാപനമാണ് ഈ കോർപ്പറേഷൻ. ഗവൺമെന്റിൽ സമർപ്പിച്ചിട്ടുള്ള പുനരുദ്ധാരണ പാക്കേജ് അംഗീകരിച്ച് 500 ലക്ഷം രൂപ ഒറ്റത്തവണ സെറ്റിൽമെന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സർക്കാർ സ്വീകരിച്ച നടപടി

RIAB സമർപ്പിച്ച കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പുനരുദ്ധാരണത്തിനുള്ള പദ്ധതിയുടെ നടത്തിപ്പിനായി നിയമസഭ സമിതി നിർദ്ദേശിച്ച തുക 2011-12 സാമ്പത്തിക വർഷം ധനകാര്യ വകുപ്പ് അനുവദിച്ചു നല്കിയിട്ടില്ല. ആയതിനാൽ സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

പൊതു ശുപാർശ

ലോകപ്രശസ്തമായ പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ കൃഷി ശാസ്ത്ര ഡിപ്ലോമ ആരംഭിക്കുമെന്ന് പുതിയ ബഡ്ജറ്റ് പ്രസംഗത്തിൽ

പ്രഖ്യാപിച്ചിരുന്നുവെങ്കിലും കോഴ്സ് തുടങ്ങുന്നതിന് ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ല. ആയതിനാൽ 2011-12 വർഷത്തേക്ക് പട്ടാമ്പി കാർഷിക ഗവേഷണ കേന്ദ്രത്തിൽ കൃഷി ശാസ്ത്ര ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിന് 181 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പട്ടാമ്പി കാർഷിക ഗവേഷണ കേന്ദ്രത്തിൽ കൃഷി ശാസ്ത്ര ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിന് 181 ലക്ഷം രൂപ വകയിരുത്തുന്നത് സംബന്ധിച്ച ശുപാർശയോടു കൂടി ധനകാര്യ വകുപ്പിലേക്ക് അയച്ചപ്പോൾ പ്രസ്തുത കോഴ്സ് ആരംഭിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ഗൗരവതരമായ പഠനം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ടി വകുപ്പ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

<u>പൊതു ശുപാർശ</u>

കൃഷിഭവനുകളിൽ ക്ലറിക്കൽ ജോലിചെയ്യുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരില്ലാത്തതിനാൽ സാങ്കേതിക ജോലികൾ നിർവ്വഹിക്കുന്നതിനായി നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ നിലവിൽ എല്ലാത്തരം ക്ലറിക്കൽ ജോലികളും മറ്റനുബന്ധജോലികളും ചെയ്യേണ്ടിവരുന്നു. തന്മൂലം കാർഷിക പദ്ധതികൾ നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥർക്ക് തങ്ങളിൽ അർപ്പിതമായ ജോലി നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും അഗ്രികൾച്ചർ അസിസ്റ്റന്റുമാരെയും ക്ലർക്കുമാരെയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും ക്ലാർക്കുമാരെ നിയമിക്കുന്ന വിഷയത്തിൽ സ്വീകരിച്ച നടപടി റിപ്പോർട്ട് 24-7-2012-ലെ 38855/ഇബി3/11/കൃഷി നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിട്ടുണ്ട്. പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള കൃഷി അസിസ്റ്റന്റിന്റെ എല്ലാ ഒഴിവുകളിലേക്കും നിയമന ശുപാർശ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് എല്ലാം നിയമന ഉത്തരവ് നൽകി കഴിഞ്ഞു. കൃഷി വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ഉദ്യോഗാർത്ഥികൾക്ക് തസ്തികമാറ്റം മുഖേന കൃഷി അസിസ്റ്റന്റായി നിയമിക്കുന്നതിനായി കരുതിവച്ചിട്ടുള്ള ഒഴിവുകൾ ഒഴികെയുള്ള എല്ലാ ഒഴിവുകളിലേക്കും നിയമനം നടത്തിയിട്ടുണ്ട്.

<u>ശുപാർശ</u>

4405-00-104-74—<u>ചെത്തിമത്സ്യബന്ധന തുറമുഖം</u> (50% കേന്ദ്രവിഹിതം)

ചെത്തി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് 500 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സർക്കാർ സ്വീകരിച്ച നടപടി

ചെത്തി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് 500 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. ഒന്നാം ഉപധനാഭ്യർത്ഥനയിൽ 350 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭിച്ചില്ല. റീ-അപ്രോപ്രിയേഷൻ മുഖേന 295 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ഇതും അനുവദിക്കാനായില്ല. ആയതിനാൽ ടി ശീർഷകത്തിൽ 2011-12-ൽ ചെലവ് ഉണ്ടായില്ല. 2012-13 സാമ്പത്തിക വർഷത്തിൽ 400 ലക്ഷം (പ്ലാൻ) രൂപയും നോൺ പ്ലാൻ ഇനത്തിൽ ആയിരം രൂപയും അനുവദിച്ചിട്ടുണ്ട്.

ശുപാർശ

4405-00-104-73—ചേറ്റുവ മത്സ്യബന്ധന തുറമുഖം (50% കേന്ദ്രവിഹിതം)

ചേറ്റുവ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി 827.47 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സർക്കാർ സ്വീകരിച്ച നടപടി

ചേറ്റുവ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് 827.47 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷം ഈ പദ്ധതിയുടെ പ്രവൃത്തികൾക്കായി SDC വഴി 372.53 ലക്ഷം രൂപയും റീ-അപ്രോപ്രിയേഷൻ വഴി 193.51 ലക്ഷം രൂപയും കൂടി ആകെ 566.04 ലക്ഷം രൂപ 2011-12-ൽ ആനുവദിക്കുകയും ആയത് ചെലവാക്കുകയും ചെയ്തു. 2012-13 വർഷത്തേക്ക് ടി പദ്ധതിക്ക് 640 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

4405-00-104-72—ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം (50% കേന്ദ്ര വിഹിതം)

ചെറുവത്തൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് 1027.47 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സർക്കാർ സ്വീകരിച്ച നടപടി

ടി പദ്ധതിക്കായി 2011-12 സാമ്പത്തിക വർഷത്തിൽ 1027.47 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. ടി തുക ഒന്നാം ഉപധനാഭ്യർത്ഥനയിൽ അനുവദിക്കുന്നതിന് അപേക്ഷിച്ചിരുന്നു എങ്കിലും അനുവദിക്കാനായില്ല. രണ്ടാം SDG-യിൽ ഉൾപ്പെടുത്തി 272.53 ലക്ഷം രൂപ അനുവദിച്ചു. കൂടാതെ റീ-അപ്രോപ്രിയേഷൻ വഴി 230.09 ലക്ഷവും അനുവദിച്ചിരുന്നു. 2011-12-ൽ ആകെ 502.62 ലക്ഷം രൂപ അനുവദിക്കുകയും ആയത് ചെലവാകുകയും ചെയ്തു. 2012-13-ൽ 400 ലക്ഷം രൂപ ഈ പദ്ധതിക്ക് അനുവദിച്ചിട്ടുണ്ട്.

ശുപാർശ

4405-00-800-82—നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം

എറണാകുളം ജില്ലയിലെ ചെല്ലാനം മത്സ്യബന്ധന ഹാർബർ നിർമ്മാണത്തിലേക്കാവശ്യമായ 1.37 ഹെക്ടർ സ്ഥലം പൊന്നിൻവിലയ്ക്ക് എടുക്കുന്നതിന് 198 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സർക്കാർ സ്വീകരിച്ച നടപടി

2011-12-ലെ വിഹിതം 500 ലക്ഷമായിരുന്നു. എറണാകുളം ജില്ലയിലെ ചെല്ലാനം മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി 1.37 ഹെക്ടർ ഭൂമി പൊന്നും വിലയ്ക്ക് എടുക്കുന്നതിന് ഈ കണക്കിനത്തിൽ 198 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. 2011-12-ൽ ഒന്നാം ഉപധനാഭ്യർഥനയിലൂടെ ആവശ്യപ്പെട്ട 1000 ലക്ഷം രൂപ അനുവദിച്ചില്ല. ഫൈനൽ ഉപധനാഭ്യർത്ഥനയിലൂടെ 1250 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ 1000 ലക്ഷം രൂപയാണ് അനുവദിച്ചത്. കൂടാതെ റീ-അപ്രോപ്രിയേഷൻ വഴി 85.86 ലക്ഷവും അനുവദിക്കുകയും ടി തുക മുഴുവനും ചെലവാക്കുകയും ചെയ്തിട്ടുണ്ട്. 2012-13 വർഷത്തിൽ ടി ശീർഷകത്തിൽ 600 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

ശുപാർശ

2401-00-102-90—ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം

34—മറ്റു ചെലവുകൾ

2012-2013 വാർഷിക പദ്ധതിയിൽ ഭക്ഷ്യ സുരക്ഷയ്ക്ക് ഊന്നൽ നൽകി തിരഞ്ഞെടുക്കപ്പെട്ട 75-80 പ്രധാന നെല്ല് ഉല്പാദിപ്പിക്കുന്ന പഞ്ചായത്തുകളിൽ കൃഷി വകുപ്പിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും പദ്ധതികൾ സംയോജിപ്പിച്ചു കൊണ്ട് ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കൽ, തരിശുനിലകൃഷി, കരക്കൃഷി, ആധുനീകരിച്ച യന്ത്രവത്കരണം ഉപയോഗിക്കുന്നതിന് കൃഷിക്കാരുടെ വൈദഗ്ദ്ധ്യം കൂട്ടുക, അടിസ്ഥാന സൗകര്യ വികസനം, തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിലെ മാതൃകാ പാടശേഖരത്തിന് ധനസഹായം എന്നിവയ്ക്കാണ് പ്രസ്തുത തുക വകകൊള്ളിച്ചിട്ടുള്ളത്.

2012-13 വർഷം 1.75 ലക്ഷം ഹെക്ടറിൽ ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും നിലവിലുള്ള ധനസഹായം 1,500 രൂപ/ഹെക്ടർ എന്നത് 2012-13 മുതൽ 5,000 രൂപ/ഹെക്ടർ ആയി ഉയർത്തുന്നതിനുമായി ഈ

ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള 5000 ലക്ഷം രൂപയ്ക്ക് പുറമേ 6300 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സർക്കാർ സ്വീകരിച്ച നടപടി

ഗ്രൂപ്പ് ഫാമിംഗ് പരിപാടി ഉൾപ്പെടെ നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി (2401-00-800-37 പ്ലാൻ ശീർഷകം) 30 കോടി രൂപ ലഭിച്ചു.

ശുപാർശ

2401-00-102-84—ഉൽപ്പാദന വർദ്ധനവിനായി നെൽകൃഷിക്കാർക്കുള്ള പ്രോൽസാഹന സഹായം

ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തിൽ പങ്കാളികളാകുന്ന നെൽക്കൃഷിക്കാർക്ക് ഒരു സീസണിൽ ഒരു ഹെക്ടർ സ്ഥലത്തേക്ക് 350 രൂപ ഉല്പാദന പ്രോൽസാഹന സഹായം നൽകുന്നതിനുള്ള പരിപാടിയാണിത്. ഇതനുസരിച്ച് മൂന്നുതവണ കൃഷിയിറക്കുന്ന ഒരു കർഷകന് ഒരു ഹെക്ടറിന് 1,050 രൂപ ലഭിക്കുന്നതാണ്. ഉല്പാദന പ്രോൽസാഹന സഹായം ഹെക്ടറിന് 1,000 രൂപയായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നതിനാൽ ഇതിനായി 861.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലുള്ള 1138.50 ലക്ഷം രൂപയ്ക്കുപുറമേ 861.50 ലക്ഷം രൂപ അധികം വകയിരുത്തണമെന്നാണ് ശുപാർശ. ഉല്പാദന പ്രോൽസാഹന സഹായം 1,000 രൂപയായി ഉയർത്തുന്നതിന് സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.)245/2012/കൃഷി തീയതി 31-10-2012 പ്രകാരം ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് മൊത്തം നെൽകൃഷിയിറക്കിയ (മൂന്ന് സീസണിലും) വിസ്തൃതിക്കും ഉല്പാദന ബോണസ് നൽകുവാൻ ഉദ്ദേശിച്ചാണ് 861.50 ലക്ഷം രൂപ ആവശ്യപ്പെട്ടത്. എന്നാൽ ഉത്തരവിറങ്ങിയ 31-10-2012-ന് ശേഷം മാത്രമേ ഹെക്ടറിന് 1,000 രൂപ നിരക്കിൽ നൽകാനായുള്ളൂ. ആയതിനാൽ ഉല്പാദന ബോണസ് നൽകുന്നതിന് 2012-13-ൽ ആകെ വേണ്ടി വന്നത് 1303.17866 ലക്ഷം രൂപയാണ്. പ്രസ്തുത തുക ലഭ്യമായി ചെലവഴിച്ചു.

ശുപാർശ

2401-00-104-86(04)—നെല്ലുസംഭരണത്തിന് കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുന്ന നഷ്ടപരിഹാരം

2011-12 വർഷം (മാർച്ച് 2012 വരെ) 3.95 ലക്ഷം ടൺ നെല്ല് സംഭരിക്കുകയുണ്ടായി. 2011-12-ലെ ഒന്നാംവിളയുടെയും രണ്ടാംവിളയുടെയും നെല്ല് സംഭരണം

നടത്തിയ വകയിൽ സിവിൽസപ്ലൈസ് കോർപ്പറേഷന് നൽകേണ്ടത് 16200 ലക്ഷം രൂപയാണ്. ആയതിനാൽ 16200 ലക്ഷം രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സർക്കാർ സ്വീകരിച്ച നടപടി

2012-13-ൽ Additional Authorisation വഴി 20 കോടി രൂപ ലഭിച്ചു. ഉപധനാഭ്യർത്ഥനവഴി 162 കോടി രൂപ ആവശ്യപ്പെട്ടെങ്കിലും ലഭിച്ചില്ല. നെല്ല് സംഭരണത്തിന് സിവിൽ സപ്ലൈസ് കോർപ്പറേഷന് 2401-00-104-86-04) നോൺ പ്ലാൻ എന്ന കൃഷി വകുപ്പിന്റെ (Demand XXIX) ശീർഷകത്തിൽ നിന്നുമാണ് ഇതു വരെ തുക നൽകി വരുന്നത്. എന്നാൽ ഡിമാന്റ് നമ്പർ XXX-ൽ ഉൾപ്പെടുത്തി ഭക്ഷ്യവകുപ്പിന്റെ കീഴിൽ 2408-01-101-96-33-paddy procurement through KSCSC and other agencies subsidies NP ഒരു പുതിയ ശീർഷകം ഇതിനായി പ്രത്യേകം അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2401-00-190-96—കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഗ്രാന്റ്-ഇൻ-എയ്ഡ്

കേരള ഭൂവികസന കോർപ്പറേഷന്റെ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി വരുന്ന എസ്റ്റാബ്ളിഷ്മെന്റ് ചെലവുകളും ജീവനക്കാരുടെ ശമ്പളം, മറ്റു വേതനങ്ങൾ എന്നിവയ്ക്കും ജീവനക്കാരുടെ ശമ്പള പരിഷ്കരണം മൂലമുണ്ടായ അധികബാധ്യത നികത്തുന്നതിനും അതുപോലെ KLDC-യ്ക്ക് തിരുവനന്തപുരത്ത് സ്വന്തമായി ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിന് 2401-00-190-96 ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 1,000 രൂപ token provision-ന് പുറമെ 5 കോടി രൂപ grant-in-aid ആയി 2401-00-190-96(NP) എന്ന ഹെഡ്ഡിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സർക്കാർ സ്വീകരിച്ച നടപടി

കേരള ഭൂവികസന കോർപ്പറേഷന്റെ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും തിരുവനന്തപുരത്ത് സ്വന്തമായി ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിനും 1,000 രൂപ ടോക്കൺ പ്രൊവിഷന് പുറമെ 5 കോടി രൂപ ഗ്രാന്റ്-ഇൻ-എയ്ഡ് ആയി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തുവെങ്കിലും പ്രസ്തുത തുക ഈ ബഡ്ജറ്റിൽ വക കൊള്ളിക്കാത്തതിനാൽ അനുവദിച്ച് നൽകാനായിട്ടില്ല.

ശുപാർശ

2401-00-800-68—ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി

33—സബ്സിഡികൾ

നെൽ കർഷകർക്ക് ഭൂപരിധിയില്ലാതെയും കര കൃഷിക്ക് 2 ഹെക്ടർ വരെയും സൗജന്യമായി വൈദ്യുതി നൽകുന്ന ഈ പദ്ധതിക്കായി വൈദ്യുതി ചാർജ്ജ് നൽകുന്നതിന് ഒരു വർഷത്തേക്ക് 32 കോടി രൂപ ആവശ്യമാകയാലും 3 കോടി രൂപ 2011-12 ലെ കുടിശ്ശികയായി നൽകാനുള്ളതിനാലും ഈ ഇനത്തിൽ 705 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സർക്കാർ സ്വീകരിച്ച നടപടി

ഈ പദ്ധതിക്കായി 10 കോടി രൂപ ഉപധനാഭ്യർത്ഥന പ്രകാരം ലഭിച്ചു.

ശുപാർശ

2435-01-800-97—അഗ്രോ ഇൻഡസ്ട്രീസ്

വളർച്ചയുടെ നിർണ്ണായകഘട്ടത്തിലുള്ള ഈ സ്ഥാപനത്തിന്റെ പുനരുദ്ധാരണ പായ്ക്കേജായി 500 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സർക്കാർ സ്വീകരിച്ച നടപടി

റിയാബ് സമർപ്പിച്ച കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പുനരുദ്ധാരണത്തിനായുള്ള പദ്ധതിയുടെ നടത്തിപ്പിനായി നിയമസഭ സമിതി നിർദ്ദേശിച്ച തുക സർക്കാരിന്റെ സാമ്പത്തികപരാധീനതമൂലം 2012-13 സാമ്പത്തിക വർഷം അനുവദിക്കാനായില്ല. ആയതിനാൽ സബ്ജക്റ്റ് കമ്മറ്റിയുടെ ശുപാർശ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

ശുപാർശ

4401-00-119-99—ഹോർട്ടികോർപ്പിന്റെ ഹരിത വിപണനം പദ്ധതി നടപ്പിലാക്കുന്നതിനായി കെ.എസ്.ഡി.പി.സി.ക്ക് സഹായം

ഗുണനിലവാരം ഉറപ്പുവരുത്തി മേന്മയേറിയ പച്ചക്കറികൾ ഉപഭോക്താവിന് നൽകുക, ജൈവവളം ഉപയോഗിച്ചുണ്ടാക്കിയ പച്ചക്കറികൾ കൂടുതലായി ഉൾപ്പെടുത്തി വിതരണശൃംഖല വിപുലീകരിക്കുക, ഉപഭോക്താക്കളുടെ ആവശ്യം പരിഗണിച്ച് ജൈവവളകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ

മാത്രമായ വിതരണശൃംഖലകൾ കേരളത്തിൽ ഉടനീളം സ്ഥാപിക്കുക എന്നീ പദ്ധതിക്കായുള്ള പ്രവർത്തന മൂലധനമായി 100 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സർക്കാർ സ്വീകരിച്ച നടപടി

സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

പൊതുശുപാർശ

വൈദ്യുതി ലഭ്യമല്ലാത്ത ചെറിയ പാടശേഖരങ്ങളിൽ നിലവിൽ മണ്ണെണ്ണ ഉപയോഗിച്ച് പമ്പ് പ്രവർത്തിപ്പിക്കുന്ന ചെറുകിട കർഷകർക്ക് സബ്സിഡിയായി നൽകിവന്നിരുന്ന മണ്ണെണ്ണ തുടർന്നും സബ്സിഡി നിരക്കിൽ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

പൊതുവിതരണ സമ്പ്രദായം വഴി ലഭിക്കുന്ന മണ്ണെണ്ണ ഗാർഹിക ആവശ്യങ്ങൾക്കും വിളക്ക് കത്തിക്കുന്നതിനും മാത്രമേ ഉപയോഗിക്കാവൂ എന്നതാണ് കേന്ദ്ര നിർദ്ദേശം. 2012 ഏപ്രിൽ മാസം മുതൽ കേരളത്തിനുള്ള റേഷൻ മണ്ണെണ്ണയുടെ വിഹിതം ക്രമാതീതമായി കുറഞ്ഞ സാഹചര്യത്തിൽ കാർഷിക ആവശ്യത്തിനുള്ള പെർമിറ്റുകൾക്കുള്ള മണ്ണെണ്ണ 186 കി.ലി. ആയി നിജപ്പെടുത്തേണ്ടിവന്നു. ഇത് എല്ലാ ചെറുകിട കർഷകർക്കും നല്കുവാൻ അപര്യാപ്തമായതിനാൽ നിലവിലുള്ള കാർഷിക പെർമിറ്റുകൾ പരിശോധന നടത്തി അർഹതയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കാനാവത്തവ മാത്രമാണ് പുതുക്കി നൽകുന്നത്. വൈദ്യുതി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ മണ്ണെണ്ണ ഉപയോഗിച്ച് പമ്പ് പ്രവർത്തിപ്പിച്ച് ജലസേചനം നടത്താൻ തയ്യാറുള്ള മുഴുവൻ കർഷകർക്കും മണ്ണെണ്ണ പെർമിറ്റ് നൽകുക എന്നത് നിലവിലുള്ള സാഹചര്യത്തിൽ അസാദ്ധ്യമാണ്. എന്നിരുന്നാലും കാർഷിക ആവശ്യത്തിനു നല്കിക്കൊണ്ടിരുന്ന 186.കി.ലി. മണ്ണെണ്ണയ്ക്കു പുറമെ ഡിസംബർ 2012-ലെ നീക്കിയിരിപ്പിന്റെ ഒരു വിഹിതം കാർഷിക ആവശ്യത്തിന് നൽകുവാനും വിതരണത്തിന് ഒരു ഏകീകൃത സ്വഭാവം കൈവരുന്നതിന് 1 ഏക്കർ സ്ഥലത്തെ കൃഷിക്കാര്യത്തിന് 5 ലിറ്റർ എന്ന പരിധി നിശ്ചയിച്ച് നൽകുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഷിക ആവശ്യത്തിന് സബ്സിഡിയില്ലാത്ത മണ്ണെണ്ണ ആവശ്യമാണെങ്കിൽ അതിനുവേണ്ട നിർദ്ദേശം സമർപ്പിച്ചാൽ പരിഗണിക്കാവുന്നതാണെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് അറിയിച്ചിട്ടുണ്ട്.

ശുപാർശ

4405-00-103-98—സംയോജിത മത്സ്യബന്ധന വികസന പദ്ധതി
(100% എൻ.സി.ഡി.സി. സഹായം)

ഈ ശീർഷകത്തിൽ ഓഹരി മൂലധനമായി 1300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സർക്കാർ സ്വീകരിച്ച നടപടി

മത്സ്യഫെഡ് നടപ്പാക്കുന്ന സംയോജിത മത്സ്യബന്ധന വികസന പദ്ധതിക്കായി അനുവദിച്ചിരുന്ന 50 ലക്ഷം രൂപയ്ക്കു പുറമെ 570.07 ലക്ഷം രൂപ വകയിരുത്തുന്നതിനായി ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല. പിന്നീട് ജി.ഒ.(ആർറ്റി.) നമ്പർ 2725/2013/ഫിൻ. തീയതി 30-3-2013 പ്രകാരം ഈ ശീർഷകത്തിൽ 166.55 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ മുഖേന അധികമായി അനുവദിക്കുകയുണ്ടായി.

## 2. കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2010-ലെ നാളികേര മേഖലയിലെ പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച റിപ്പോർട്ട്

ശുപാർശ

നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് നാളികേര കൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ. 2007-08 വരെ ഈ പദ്ധതിയിൽ 3 ഘടകങ്ങളാണ് നടപ്പിലാക്കിയിരുന്നത്.

(i) കാറ്റുവീഴ്ച രോഗം രൂക്ഷമായി ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് തെങ്ങൊന്നിന് 250 രൂപ ധനസഹായം.

(ii) പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കൽ

(iii) ജൈവവള യൂണിറ്റുകൾ സ്ഥാപിക്കൽ

കഴിഞ്ഞ 5 വർഷത്തെ പദ്ധതി വിഹിതവും ധനവിനിയോഗവും ഇപ്രകാരമാണ്.

| *വർഷം* | *അനുവദിച്ച തുക* | *വിനിയോഗിച്ച തുക* |
|---|---|---|
| 2003-2004 | 865.355 ലക്ഷം രൂപ | 620.4090 ലക്ഷം രൂപ |
| 2004-2005 | 635.4725 ലക്ഷം രൂപ | 632.73249 ലക്ഷം രൂപ |
| 2005-2006 | 509 ലക്ഷം രൂപ | 501.777 ലക്ഷം രൂപ |
| 2006-2007 | 666.595 ലക്ഷം രൂപ | 656.62132 ലക്ഷം രൂപ |
| 2007-2008 | 975.89868 ലക്ഷം രൂപ | 968.34779 ലക്ഷം രൂപ |

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃതമായ നാളികേര കൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ പ്രകാരം പ്രദർശന തോട്ടങ്ങൾ സ്ഥാപിച്ചതിനായി ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു :

| *വർഷം* | *അനുവദിച്ച തുക (രൂപ ലക്ഷത്തിൽ)* | *വിനിയോഗിച്ച തുക (രൂപ ലക്ഷത്തിൽ)* |
|---|---|---|
| 2008-2009 | 274.504 | 274.0625 |
| 2009-2010 | 433.2125 | 430.45435 |
| 2010-2011 | 227.50 | 227.50 |

ശുപാർശ

ഗ്രാമപഞ്ചായത്ത് വാർഡുകൾ ചേർന്ന് ഒരു കേരശ്രീ യൂണിറ്റ് എന്ന നിലവിലെ സംവിധാനം മാറ്റി ഒരു നിശ്ചിത ഹെക്ടർ തെങ്ങ് കൃഷിയിടം ഒരു കേരശ്രീ യൂണിറ്റായി പരിഗണിക്കുകയും ഗ്രൂപ്പ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. കൃഷിഭവൻ വികസന സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും അതുവഴി കാർഷിക വികസന പദ്ധതികളുടെ നടത്തിപ്പിൽ കർഷകരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്. സഞ്ചരിക്കുന്ന മണ്ണ് പരിശോധന ലബോറട്ടറി സംവിധാനമുപയോഗിച്ച് കേരശ്രീ യൂണിറ്റ് പരിധിയിലെ മണ്ണ് പരിശോധിക്കേണ്ടതും തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്നതിനും മറ്റ് പരിചരണങ്ങൾക്കും തെങ്ങ് കയറ്റത്തിനും ഗ്രാമപഞ്ചായത്ത് തലത്തിൽ യുവാക്കളെ റിക്രൂട്ട് ചെയ്ത് പരിശീലനം നൽകി ഈ മേഖലയിലെ തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി കേരോല്പന്ന നിർമ്മാണ യൂണിറ്റുകൾ നാളികേര വികസന ബോർഡിന്റെ സഹായത്തോടെ ആരംഭിക്കുന്നതിനും തെങ്ങിൻതോട്ടങ്ങളിൽ ഇടവിള കൃഷി നടത്തുന്നതിനും 50% സബ്സിഡിയോടുകൂടി പലിശരഹിത വായ്പ അനുവദിക്കേണ്ടതാണ്. വെളിച്ചെണ്ണയുടെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും പാംഓയിലിന്റെ ഉപയോഗം പൂർണ്ണമായും ഇല്ലാതാക്കുന്നതിനും ആവശ്യമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. തെങ്ങിൻതൈ നടന്നതിനുള്ള ചെലവ് കണക്കാക്കിയും തെങ്ങിൽ നിന്നും ആദായം കിട്ടുന്നതുവരെയുള്ള പരിചരണങ്ങൾക്കുള്ള ചെലവ് കണക്കാക്കിയും ചെറുകിട കർഷകരെ കേരകൃഷിയിലേക്ക് ആകർഷിക്കുന്ന തരത്തിൽ പുതുകൃഷിക്കുള്ള ആനുകൂല്യം നല്കുന്ന പദ്ധതി ആവഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

(ഖണ്ഡിക 9)

സർക്കാർ സ്വീകരിച്ച നടപടി

വാർഡുകളിലെ 25-50 ഹെക്ടർ സ്ഥലമാണ് ഒരു കേരശ്രീ യൂണിറ്റായി കണക്കാക്കുന്നത്. നാളികേര വികസന പദ്ധതികളുടെ നടത്തിപ്പിൽ കൃഷിഭവൻ

വികസന സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും അതുവഴി കർഷക പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കേരശ്രീ യൂണിറ്റുകളിലെ മണ്ണ് സാമ്പിളുകൾ ജില്ലാ പരിശോധന കേന്ദ്രങ്ങൾ മുഖേനയും സഞ്ചരിക്കുന്ന മണ്ണു പരിശോധന കേന്ദ്രങ്ങൾ മുഖേനയും പരിശോധിക്കുന്നുണ്ട്. തെങ്ങിന്റെ പരിപാലനത്തിലും വിളവെടുപ്പിലും ഗ്രാമപഞ്ചായത്തുതലത്തിൽ യുവാക്കളെ റിക്രൂട്ട് ചെയ്ത് പരിശീലനം നൽകി ഈ മേഖലയിലെ തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വെളിച്ചെണ്ണയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പ്രചാരണ പരിപാടികൾക്ക് കൃഷിവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

റ്റി.എം.ഒ.സി. പദ്ധതി പ്രകാരം നാളികേര ഉല്പാദന വൈവിദ്ധ്യവൽക്കരണത്തിന് നാളികേര വികസന ബോർഡ് നേരിട്ട് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മറ്റുമായി പ്രോജക്ട് തുകയുടെ 25% സബ്സിഡി നൽകി വരുന്നുണ്ട്.

<u>ശുപാർശ</u>

നാളികേരത്തിനു ആദായകരമായ വിലയും വിലസ്ഥിരതയും ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തെങ്ങിന്റെ ഇട ഉഴുന്നതിനും തൊണ്ട് അനായാസം നീക്കം ചെയ്യുന്നതിനും തെങ്ങ് കയറുന്നതിനും പര്യാപ്തമായ യന്ത്രങ്ങൾ വികസിപ്പിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. റബ്ബർ ബോർഡിന്റെ മാതൃകയിൽ നാളികേര വികസന ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനം കേര കർഷകർക്ക് നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. പരിഗണനാർഹമായ ഈ വിഷയങ്ങൾ സർക്കാർ ഗൗരവപൂർവ്വം പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 11)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ കേര കർഷകർക്ക് നൽകുന്നതിന് വേണ്ട നിർദ്ദേശങ്ങൾ എല്ലാ പരിശീലന കേന്ദ്രങ്ങളിലെയും ട്രെയിനിംഗ് കോ-ഓർഡിനേറ്റേഴ്സിന് നൽകിയിട്ടുണ്ട്. ഇതുകൂടാതെ നാളികേര വികസന ബോർഡ് സ്വയം സഹായ സംഘങ്ങൾക്കും വനിതാ സംഘങ്ങൾക്കും സൊസൈറ്റികൾക്കും ഇത് സംബന്ധിച്ച് വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

<u>ശുപാർശ</u>

കേന്ദ്രാവിഷ്കൃത പദ്ധതിയായ നാളികേര കൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ പ്രകാരം പ്രായാധിക്യമുള്ളതും കാറ്റുവീഴ്ചരോഗം രൂക്ഷമായി ബാധിച്ചതും ഉൽപ്പാദനം തീരെ കുറഞ്ഞതുമായ തെങ്ങുകൾവെട്ടി നശിപ്പിക്കാനായി തെങ്ങൊന്നിന് 250 രൂപ ധനസഹായം കർഷകകർക്ക് ലഭ്യമാക്കിയിട്ടുണ്ട് എന്നും 2001 മുതൽ 2006 വരെ സംസ്ഥാനാവിഷ്കൃത നാളികേര വികസന പദ്ധതിപ്രകാരം

വടക്കൻ ജില്ലകളിൽ കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് തെങ്ങൊന്നിന് 500 രൂപ ധനസഹായം നൽകിയിട്ടുണ്ട് എന്നും കൃഷി വകുപ്പിൽ നിന്നും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. 2007-08-ൽ കോഴിക്കോട് ജില്ലയിലെ തൂണേരി, കുന്നുമ്മൽ ബ്ലോക്കുകളിലെ കൂമ്പ് ചീയൽ രോഗബാധ രൂക്ഷമായി ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് തെങ്ങൊന്നിന് 500 രൂപ വീതം നൽകിയിട്ടുണ്ടെന്നും സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരം 1987-88 മുതൽ 2007-08 വരെ 30 ലക്ഷത്തോളം രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കി. എന്നാൽ വിള നൽകിക്കൊണ്ടിരിക്കുന്ന ഒരു തെങ്ങ് പെട്ടെന്ന് രോഗബാധിതമായി വെട്ടിമാറ്റേണ്ടി വരുമ്പോൾ ആയതിന്റെ നഷ്ടപരിഹാരവും വെട്ടിമാറ്റുന്നതിനാവശ്യമായ കൂലിയും കണക്കാക്കുമ്പോൾ ഇപ്പോൾ നൽകിവരുന്ന 250 രൂപ അല്ലെങ്കിൽ 500 രൂപ എന്ന നിരക്ക് ഉയർത്തേണ്ടതുണ്ട് എന്നും സമിതി വിലയിരുത്തുന്നു. തന്നെയുമല്ല, കേന്ദ്ര സംസ്ഥാന ധനസഹായം ഒന്നിച്ച് പൂൾ ചെയ്ത് കർഷകന് മതിയായ നഷ്ടപരിഹാരം ലഭിക്കത്തക്കവിധം തെങ്ങൊന്നിന് 1,000 രൂപ നിരക്കിലെങ്കിലും ഈ തുക വർദ്ധിപ്പിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സർക്കാർ സ്വീകരിച്ച നടപടി

2010-11 വർഷം കേന്ദ്രാവിഷ്ക്യത പദ്ധതിയായ നാളികേര വികസന ബോർഡ് പദ്ധതി തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിലും സംസ്ഥാനാവിഷ്കൃത പദ്ധതിയായ കേരശ്രീ എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലുമാണ് നടപ്പിലാക്കിയത്. ആയതിനാൽ കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ ധനസഹായം ഒന്നിച്ച് പൂൾ ചെയ്ത് കർഷകന് ലഭ്യമാക്കുന്നതിന് നിലവിൽ ബുദ്ധിമുട്ടാണ്. രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റുന്നതിനുള്ള ധനസഹായം കേന്ദ്ര-സംസ്ഥാന പദ്ധതികൾ പ്രകാരം 500 രൂപയാണ്. സമിതിയുടെ ശുപാർശ അടുത്ത പദ്ധതി രൂപീകരണ സമയത്ത് സജീവമായി പരിഗണിക്കുന്നതാണ്.

ശുപാർശ

കേരളത്തിന്റെ കാലാവസ്ഥ ഭൂപ്രകൃതി, മണ്ണിന്റെ ഘടന, തൊഴിലാളികളുടെ അഭാവം എന്നിവ കണക്കിലെടുത്ത് ഉയരം കുറഞ്ഞ നല്ല സങ്കരയിനം തെങ്ങിൻ തൈകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനും നടീൽ സീസണിൽ തൈകൾ ലഭിക്കത്തക്കവണ്ണം കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ്, സി.പി.സി.ആർ.ഐ. കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ് എന്നിവ ചേർന്ന് ഓരോ കൃഷിഭവനും മുഖേന തെങ്ങിൻ തൈകൾ കുറഞ്ഞ വിലയ്ക്ക് ആവശ്യാനുസരണം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ കേരകർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഉയരം കുറഞ്ഞ സങ്കര തെങ്ങിനങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള ഗവേഷണ പദ്ധതികൾ 2006-ൽ കാർഷിക സർവ്വകലാശാല ആരംഭിച്ചിട്ടുണ്ട്. ഉയരം കുറഞ്ഞു വളരുന്ന ആണൂർ തെങ്ങിന് മറ്റ് ഉയരം കുറഞ്ഞ ഇനങ്ങളുമായി സങ്കരണം നടത്തി ഉൽപ്പാദിപ്പിച്ച വിവിധ സങ്കരയിനങ്ങൾ പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ നട്ടു പഠന വിധേയമാക്കിക്കൊണ്ടിരിക്കുന്നു. കൂടാതെ ആർ.കെ.വി.വൈ. പദ്ധതി വഴി കാസർഗോഡ്, കണ്ണൂർ, മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ കേരശ്രീ, കേരഗംഗ, കേരശങ്കര എന്നീ സങ്കരയിനങ്ങളുടെ തൈകൾ കർഷകർക്ക് ലഭ്യമാക്കാനായി സീഡ് വില്ലേജ് കൺസെപ്റ്റ് അനുസരിച്ച് വിത്തു തേങ്ങ ഉൽപ്പാദനം ഈ വർഷം ആരംഭിച്ചിട്ടുണ്ട്. ഇതുവഴി ഏകദേശം 36000 സങ്കര വിത്തു തേങ്ങ 2012-ൽ ഉൽപ്പാദിപ്പിക്കുകയും 2013-ൽ തൈകൾ കൃഷിക്കാർക്ക് ലഭ്യമാക്കുകയും ചെയ്യുന്നതാണ്. ഇതിനുപുറമെ കാർഷിക സർവ്വകലാശാലയുടെ പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പടന്നക്കാട് കാർഷിക കോളേജ്, കായംകുളത്തെ ഓണാട്ടുകര മേഖല കാർഷിക ഗവേഷണ കേന്ദ്രം, ബാലരാമപുരത്തെ തെങ്ങു ഗവേഷണ കേന്ദ്രം, ഇൻസ്ട്രക്ഷണൽ ഫാം വെള്ളായണി എന്നിവവഴി ഏകദേശം 20000 സങ്കര തെങ്ങിൻ തൈകൾ ഓരോ വർഷവും ജൂൺ 1 മുതൽ കർഷകർക്ക് ലഭ്യമാക്കിവരുന്നു.

<u>ശുപാർശ</u>

കഴിഞ്ഞ കുറെ വർഷങ്ങളായി തെങ്ങിനെ ബാധിച്ചിരിക്കുന്ന ഒരു പ്രധാന കീടമാണ് മണ്ഡരി. മണ്ഡരിയുടെ ആക്രമണംമൂലം 30% മുതൽ 60% വരെ ഉൽപ്പാദനത്തിനു കുറവായിട്ടുണ്ട്. ഇപ്പോൾ മണ്ഡരിയുടെ ആക്രമണം തടയുവാൻ ഫലപ്രദമായ മാർഗ്ഗങ്ങൾ കണ്ടുപിടിച്ചിട്ടില്ല. ഈ രംഗത്തെ ഗവേഷണ ഫലമായി വികസിപ്പിച്ചെടുത്ത പല പ്രതിരോധ മാർഗ്ഗങ്ങളും വേണ്ടത്ര പ്രചാരണം നൽകാതെ ഇപ്പോഴും ഗവേഷകന്റെ പ്രബന്ധത്തിൽ മാത്രം അവശേഷിക്കുന്നതിനാൽ ഗവേഷണത്തിനു ചെലവഴിച്ച തുകയും സമയവും ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു.

(ഖണ്ഡിക 20)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തെങ്ങിനെ ബാധിക്കുന്ന മണ്ഡരി കീടബാധയുടെ തീവ്രത ഇപ്പോൾ കുറഞ്ഞു വന്നിട്ടുണ്ട്. ആദ്യകാലങ്ങളിൽ മണ്ഡരി ബാധയുണ്ടായ തെങ്ങുകൾക്ക് കേരള കാർഷിക സർവ്വകലാശാലയുടെ ശുപാർശ അനുസരിച്ച് രാസകീടനാശിനി പ്രയോഗവും ജൈവ കീടനാശിനി പ്രയോഗവും നടത്തി കീടത്തിന്റെ ആക്രമണം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും പൂർണ്ണമായും നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടില്ല. അതിനാൽ കൂടുതൽ ഗവേഷണങ്ങൾ നടത്തേണ്ടതുണ്ട്.

<u>ശുപാർശ</u>

കേരളത്തിലെ തെങ്ങുകളെ ബാധിക്കുന്ന കീടങ്ങളെ പ്രതിരോധിക്കുന്നതിന് കാർഷിക സർവ്വകലാശാല കണ്ടെത്തിയ സാങ്കേതിക മാർഗ്ഗങ്ങൾ ആലപ്പുഴ, തൃശ്ശൂർ,

കോട്ടയം എന്നീ ജില്ലകളിൽ കൃഷി വകുപ്പ് വേണ്ട രീതിയിലുള്ള ഫീൽഡ് ടെസ്റ്റിംഗ് നടത്തി വിജയം കണ്ടെത്തിയിരുന്നു. ഇതിനുവേണ്ട ബോധവൽക്കരണം കർഷകരുടെ യിടയിൽ നടത്തുവാനുതകുന്ന രീതിയിൽ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ കീഴിലും കോക്കനട്ട് മിഷന്റെ കീഴിലും പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതാണ്.

(ഖണ്ഡിക 22)

സർക്കാർ സ്വീകരിച്ച നടപടി

കേരളത്തിലെ തെങ്ങിനെ ബാധിക്കുന്ന കീടങ്ങളെ പ്രതിരോധിക്കാൻ കാർഷിക സർവ്വകലാശാല കണ്ടെത്തിയ സാങ്കേതിക മാർഗ്ഗങ്ങൾ ആലപ്പുഴ, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകളിൽ കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ ഫീൽഡ് ടെസ്റ്റിംഗ് നടത്തി വിജയം കണ്ടെത്തി. കർഷകരെ ബോധവൽക്കരിക്കുന്നതിന് സെമിനാറുകളും ബോധവൽക്കരണ ക്ലാസുകളും വിവിധ കേന്ദ്രങ്ങൾവഴി നടത്തി വരുന്നുണ്ട്. പ്രത്യേക പദ്ധതി പ്രാവർത്തികമായിട്ടില്ലെങ്കിലും 12-ാം പഞ്ചവത്സര പദ്ധതിയിൽ ട്രെയിനിംഗ് ആന്റ് വിസിറ്റിംഗ് എന്ന പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണെന്ന് ഔദ്യോഗികമായി സംസ്ഥാന പ്ലാനിംഗ് ബോർഡിനെ അറിയിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ ഓരോ പ്രദേശത്തും കാണപ്പെടുന്ന പ്രശ്നങ്ങളെ നേരിടുന്നതിന് അതത് പ്രദേശങ്ങളിലെ ഗവേഷണ കേന്ദ്രങ്ങൾ വഴിയും കൃഷി വിജ്ഞാന കേന്ദ്രങ്ങൾ വഴിയും ബോധവൽക്കരണ നടപടികൾ നടത്തിവരുന്നു.

ശുപാർശ

കേരള കാർഷിക സർവ്വകലാശാലയുടെ പീലിക്കോടുള്ള പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കായംകുളത്തെ ഓണാട്ടുകര പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, ബാലരാമപുരത്തെ നാളികേര ഗവേഷണ കേന്ദ്രം, കുമരകത്തെ പ്രാദേശിക ഗവേഷണ കേന്ദ്രം എന്നിവിടങ്ങളിലാണ് നാളികേരവുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നത് എന്നും കഴിഞ്ഞ 5 വർഷക്കാലം സംസ്ഥാന ബഡ്ജറ്റിൽ നിന്നും പദ്ധതി വിഹിതമായി 2,24,74,866 രൂപ ഈ സ്ഥാപനങ്ങൾക്ക് ധനസഹായ മായി നൽകിയിട്ടുണ്ടെന്നും കാർഷിക സർവ്വകലാശാലയിലെ ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

(ഖണ്ഡിക 23)

സർക്കാർ സ്വീകരിച്ച നടപടി

കാർഷിക സർവ്വകലാശാലയുടെ പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കായംകുളത്ത് ഓണാട്ടുകര മേഖല കാർഷിക ഗവേഷണ കേന്ദ്രം, ബാലരാമപുരത്തെ തെങ്ങു ഗവേഷണ കേന്ദ്രം, കുമരകത്തെ കാർഷിക ഗവേഷണ കേന്ദ്രം എന്നിവിടങ്ങ ളിൽ കഴിഞ്ഞ 5 വർഷക്കാലം അനുവദിച്ച പദ്ധതി തുക ഈ സ്ഥാപനങ്ങളിലെ തെങ്ങിലും വിവിധ വിളകളിലും വിവിധ മേഖലകളിലും ഗവേഷണ

വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തി. ദീർഘ വിളയായ തെങ്ങിൽ ഈ കേന്ദ്രങ്ങളിൽ നടത്തിയ ഗവേഷണങ്ങളുടെ പ്രധാന നേട്ടങ്ങൾ താഴെ പറയുന്നവയാണ് :

- സെയ്ഷലസ് എന്ന തെങ്ങിനം മെച്ചപ്പെടുത്തി കേരസാഗരം എന്ന പേരിൽ 2006-ൽ പുറത്തിറക്കി.
- പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ ജനിതക ശേഖരത്തിൽ 40 നാടൻ ഇനങ്ങളും 35 വിദേശ ഇനങ്ങളും പരിപാലിച്ചു പോരുന്നു.
- ആയിരംകാച്ചി എന്ന ഇനം ഉൾപ്പെടെ 10 സങ്കരയിനങ്ങളുടെ വിലയിരുത്തൽ നടത്തുന്നു. 1994 മുതൽ നടന്നു വരുന്ന ഈ പരീക്ഷണത്തിൽ വെസ്റ്റ് കോസ്റ്റ് ടോളും ലക്ഷദ്വീപ് ഓർഡിനറിയും ആയിരംകാച്ചിയുമായി ചേർന്ന സങ്കരയിനം മികച്ച വളർച്ചയും ഉൽപ്പാദനവും കാഴ്ച വയ്ക്കുന്നതായി കണ്ടെത്തി.
- അത്യുൽപ്പാദന ശേഷികൂടിയ കുറിയ തെങ്ങിനം ഉണ്ടാക്കാനുള്ള പദ്ധതിയുടെ ഭാഗമായി ആന്നൂർ ഭാഗത്തുനിന്നും കണ്ടെത്തിയ 22 തെങ്ങുകളെ കുറിയ ഇനങ്ങളായ ചാവക്കാട് പച്ച, മലയൻ പച്ച, ഗംഗബോന്തം എന്നിവയുമായി സങ്കരണം നടത്തുകയുണ്ടായി. വ്യത്യസ്ത സങ്കരണത്തിലായി 191 സങ്കരവിത്തു തേങ്ങകൾ ഉൽപ്പാദിപ്പിച്ച് തവാരണയിൽ തുടർ പരീക്ഷണത്തിനായി പാകിയിട്ടുണ്ട്.
- ദീർഘകാല നിരീക്ഷണങ്ങളുടെ ഫലമായി കുദത്ത്, ഫിലിപ്പൈൻസ് ലൊനൊ, സെന്റ് വിൽസന്റ് എന്നീ ഇനങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് യോജിച്ച ഇനങ്ങളാണെന്ന് കണ്ടെത്തി.
- മലയൻ ഗ്രീൻ ഡ്വാർഫ് എന്ന തെങ്ങിനം ഇളനീര് ഉൽപ്പാദനത്തിന് യോജിച്ച ഇനമാണെന്ന് കണ്ടെത്തി.
- സങ്കരയിനങ്ങളായ കേര ശങ്കര, ലക്ഷഗംഗ, കേരഗംഗ, ചന്ദ്രശങ്കര എന്നിവ നാളികേര ഉൽപ്പാദനത്തിലും കൊപ്ര ഉൽപ്പാദനത്തിലും വെസ്റ്റ് കോസ്റ്റ് ടോളിനേക്കാൾ മികച്ചവയാണെന്ന് കണ്ടു.
- തെങ്ങിന്റെ വിവിധ സങ്കരയിനങ്ങൾ താരതമ്യം ചെയ്തതിൽ നിന്നും വെസ്റ്റ്കോസ്റ്റ് ടോൾ X ചാവക്കാട് പച്ച കുറിയ ഇനം, വിളവിലും കാറ്റുവീഴ്ച പ്രതിരോധ ശേഷിയിലും മികച്ചതായി കണ്ടു.
- കുറഞ്ഞ അകലത്തിൽ (5 മീ.X 5മീ.) വളപ്രയോഗം കൂടാതെ തെങ്ങു നടുന്നത് തെങ്ങിന്റെ വളർച്ചയേയും വിളവിനേയും സാരമായി ബാധിക്കുമെന്ന് കണ്ടു.
- സന്തുലിത വളപ്രയോഗം തെങ്ങിന്റെ വളർച്ചയ്ക്കും വിളവിലും അത്യന്താപേക്ഷിതമാണെന്ന് ദീർഘകാല പരീക്ഷണത്തിൽ നിന്ന് തെളിഞ്ഞു.

- തെങ്ങിനെ അടിസ്ഥാനമാക്കിയുള്ള ഏറ്റവും ലാഭകരമായ സംയോജിത കൃഷി രൂപപ്പെടുത്തുന്നതിനായി, കാലി വളർത്തൽ ആടു വളർത്തൽ, പശു വളർത്തൽ എന്നിവ എത്രമാത്രം ആദായകരമാണെന്നതിനെക്കുറിച്ചുള്ള ഗവേഷണം പുരോഗമിക്കുന്നു.
- തെങ്ങു അധിഷ്ഠിത സംയോജിത കൃഷി സമ്പ്രദായ രീതിയുടെ ഒരു മാതൃക രൂപവൽക്കരിച്ച് പ്രവർത്തനം തുടങ്ങി.
- ഒരു മാതൃക ജൈവ തെങ്ങിൻ തോട്ടം രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ 5 ഹെക്ടർ തെങ്ങിൻ തോട്ടത്തിൽ മുഴുവനായും ജൈവിക പരിചരണം അവലംബിക്കുന്നു.
- തെങ്ങിലെ സസ്യ സംരക്ഷണത്തിനായി ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും തൊഴിൽ സേന രൂപീകരിക്കുവാനുള്ള പദ്ധതി ആരംഭിച്ചു.
- കർഷകത്തോട്ടത്തിൽ കണ്ടെത്തിയ തെങ്ങുകളിൽ സങ്കരണം നടത്തി വിത്തു തേങ്ങ ഉൽപ്പാദിപ്പിക്കുന്നത് തുടർന്നു വരുന്നു.
- തഴക്കര, കല്ലൂർ, പത്തിയൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ സമഗ്ര കേരരക്ഷാ പദ്ധതി നടന്നുവരുന്നു. ഇതിന്റെ ഭാഗമായി തഴക്കര, കല്ലൂർ, പത്തിയൂർ ഗ്രാമപഞ്ചായത്തുകളിൽ തെരഞ്ഞെടുത്ത 4000 തെങ്ങുകളിൽ സംയോജിത വളപ്രയോഗവും കല്ലൂർ, തഴക്കര എന്നീ ഗ്രാമപഞ്ചായത്തുകളിലെ 2000 തെങ്ങുകളിൽ സസ്യ സംരക്ഷണ പ്രവർത്തനങ്ങളും നടത്തി വരുന്നു.

<u>ശുപാർശ</u>

ഈ സ്ഥാപനങ്ങളുടെ ഗവേഷണ ഫലങ്ങൾ കർഷകരിലെത്തിക്കുക എന്ന ഉദ്ദേശത്തോടെ പ്രസിദ്ധീകരണങ്ങൾ വഴിയും റേഡിയോ മുതലായ മാധ്യമങ്ങൾ വഴിയും ചർച്ചാക്ലാസുകൾ, സെമിനാർ, സിമ്പോസിയം എന്നിവവഴി രൂപപ്പെടുന്ന ശുപാർശ രൂപേണ കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. സംസ്ഥാന കൃഷി വിജ്ഞാന കേന്ദ്രംവഴി വേണ്ട ഡെമോൺസ്ട്രേഷനും നടത്തുന്നു. ഈ സ്ഥാപനങ്ങളുടെ ഗവേഷണ ഫലമായി നാളികേരത്തിന്റെ ശരാശരി ഉൽപ്പാദനം 2000-2001-ൽ 6049 എന്നത് 2005-06-ൽ 7046 ആയി ഉയർത്തുവാൻ സാധിച്ചുവെന്നും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

(ഖണ്ഡിക 24)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഗുണമേൻമയുള്ള തെങ്ങിൻ തൈകളുടെ ഉൽപ്പാദനം, ശാസ്ത്രീയ പരിചരണം, രോഗകീട നിയന്ത്രണം, പരിശീലന പരിപാടികൾ മുതലായ കൂട്ടായ പ്രവർത്തനങ്ങൾ വഴി സംസ്ഥാന ശരാശരി നാളികേര ഉൽപ്പാദനം ഒരു തെങ്ങിൽ നിന്ന് 40 നാളികേരം വരെ ഉയർത്താൻ സാധിച്ചിട്ടുണ്ട്. എങ്കിലും ഗവേഷണ കേന്ദ്രങ്ങളിൽ നിന്ന്

ലഭിക്കുന്ന ശരാശരി ഉൽപ്പാദനമായ 56 നാളികേരം എന്ന ലക്ഷ്യം നേടാൻ കൂടുതൽ ഫലവത്തായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തേണ്ടതുണ്ട്.

ശുപാർശ

ഗവേഷണ ഫലങ്ങൾ കർഷകരിൽ എത്തിക്കുന്നതിന് മേൽപ്പറഞ്ഞ മാർഗ്ഗങ്ങൾ ഒരളവുവരെ മാത്രമെ പ്രയോജനം ചെയ്യുകയുള്ളൂ എന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. കൃഷിഭവനുകളെ ആശ്രയിക്കുന്ന കർഷകരാണ് നമ്മുടേത്. ആയതിനാൽ തന്നെ കൃഷി ഓഫീസർമാർക്ക് വേണ്ടതായ പരിശീലനം നൽകുകയും അവർ മുഖേന നാളികേരമേഖലയിലെ ഗവേഷണ ഫലങ്ങൾ കർഷകരിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്. ഇതിനായി കൃഷി വകുപ്പും കാർഷിക സർവ്വകലാശാലയും സംയോജിച്ച് കൃഷി ഓഫീസർമാർക്ക് ആവശ്യമായ ക്ലാസ്സുകൾ സംഘടിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ കൃഷിഭവനുകളുടേയും കൃഷി ഓഫീസർമാരുടെയും സേവനം കർഷകർക്കു കൃഷിയിടങ്ങളിൽ ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 25)

സർക്കാർ സ്വീകരിച്ച നടപടി

കൃഷി മുറകളിലും രോഗ പ്രതിരോധ നടപടികളിലും പരിശീലന പരിപാടികൾ കാർഷിക സർവ്വകലാശാലയും ആർ.എ.റ്റി.റ്റി.സി. കൃഷി വിജ്ഞാന കേന്ദ്രം മുതലായ വയും നടത്തി വരുന്നുണ്ടെങ്കിലും എല്ലാ സമയത്തും കർഷകരുടെ ഇടയിൽ ചെന്ന് ആവശ്യമായ സാങ്കേതിക അറിവുകൾ നൽകാൻ പ്രാപ്തമായ ട്രെയിനിംഗ് & വിസിറ്റിംഗ് സിസ്റ്റംപോലെ വിജയ പ്രദമായ പദ്ധതി സംസ്ഥാനം മുഴുവൻ നടപ്പിൽ വരുത്തുക യാണ് സ്ഥായിയായ പോംവഴി. അതിനായി വേണ്ട പദ്ധതികൾ സംസ്ഥാനതലത്തിൽ ആസൂത്രണം ചെയ്തു നടപ്പിൽ വരുത്തേണ്ടതാണ്. ഇതിനായി സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ബൃഹത്തായ ഒരു പ്ലാൻ പ്രോജക്ട് തയ്യാറാക്കാനായി ഒരു പ്രത്യേക ടാസ്ക് ഫോഴ്സ് ഉണ്ടാക്കി അതിലേക്ക് വേണ്ടി വരുന്ന സാങ്കേതിക മേഖലകൾ, ഉദാഹരണത്തിന് ഗുണമേൻമയുള്ള നടീൽ വസ്തുക്കൾ ഉണ്ടാക്കാനായി വിത്തു ഗ്രാമ പദ്ധതി, രോഗ കീട നിയന്ത്രണത്തിനായി അഗ്രോ ക്ലിനിക്, പരിശീലന ത്തിനായി സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ്, ഫീൽഡ് വർക്കർമാർ മുതലയാലവർ തീരുമാനിക്കുകയും അതിനു വേണ്ടി വരുന്ന തുകയും മറ്റും പ്രത്യേകമായി വകയിരുത്തുകയും രൂപപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഇത് നടപ്പിലായാൽ കർഷകരുടെ സ്ഥലത്തു വച്ച് തന്നെ ബോധവൽക്കരണവും പ്രായോഗിക പരിശീലനവും നടത്തി നാളികേര ഉൽപ്പാദനത്തിലും മറ്റ് വിളകളിലും ഉൽപ്പാദന ലക്ഷ്യം കൈവരിക്കാൻ സാധിക്കും. കുറഞ്ഞപക്ഷം 5 വർഷ പദ്ധതിയായിട്ടെങ്കിലും നടപ്പിൽ വരുത്തുകയും സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റുകളെയും മറ്റും ഇതിനു മാത്രമായി നിയോഗിക്കുകയും ചെയ്യേണ്ടത് പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് അത്യാവശ്യമാണ്.

ശുപാർശ

കേരളത്തിലെ തെങ്ങുകളെ ബാധിക്കുന്ന കീടങ്ങളെ പ്രതിരോധിക്കുന്നതിന് ആവശ്യമായ സാങ്കേതിക മാർഗ്ഗങ്ങൾ കാലാകാലങ്ങളിൽ കാർഷിക സർവ്വകലാശാല

കണ്ടെത്തണമെന്നും പ്രസ്തുത മാർഗ്ഗങ്ങൾ അടിയന്തിരമായി കർഷകരിൽ എത്തിക്കുന്നതിന് കൃഷി വകുപ്പും സർവ്വകലാശാലയും ചേർന്ന് ഉചിതമായ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സർക്കാർ സ്വീകരിച്ച നടപടി

തെങ്ങിന്റെ വിവിധ കൃഷി മുറകളിലും രോഗ പ്രതിരോധ നിവാരണ മാർഗ്ഗങ്ങളിലും പരിശീലന പരിപാടികൾ കാർഷിക സർവ്വകലാശാലയുടെ വിവിധ തെങ്ങു ഗവേഷണ കേന്ദ്രങ്ങൾ വഴിയും കെ.വി.കെ. വഴിയും കർഷകർക്കും കൃഷി വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്കും നൽകി വരുന്നുണ്ട്. വളരെ രൂക്ഷമായും വ്യാപകമായും കൂമ്പു ചീയൽ രോഗം ബാധിച്ച കോഴിക്കോട് ജില്ലയിലെ മരുതംകര, വാണിമേൽ പഞ്ചായത്തുകളിലെ കർഷകരുടെ തെങ്ങിൻ തോട്ടങ്ങളിൽ രോഗ നിവാരണത്തിനായി കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും സംയുക്തമായി നടപടികൾ എടുക്കുകയും വിജയകരമായി നടപ്പിലാക്കുകയും ചെയ്തു. കൂടാതെ കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി, ബളാൽ എന്നീ പഞ്ചായത്തുകളിലും കൂമ്പു ചീയൽ രോഗം നിയന്ത്രണ വിധേയമാക്കുന്നതിന് കാർഷിക സർവ്വകലാശാല ഇടപെട്ടിട്ടുണ്ട്.

കായംകുളം ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ രണ്ടു വർഷമായി തഴക്കര, പത്തിയൂർ ഗ്രാമപഞ്ചായത്തുകളിൽ തിരഞ്ഞെടുത്ത തെങ്ങുകളിൽ രോഗ കീടബാധ നിയന്ത്രണ വിധേയമാക്കുവാനും തെങ്ങിന്റെ ഉൽപ്പാദനം കൂട്ടുന്നതിനും സമഗ്ര കേരരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നു.

കേരളത്തിൽ തെങ്ങുകളെ ബാധിക്കുന്ന കീടങ്ങളെ പ്രതിരോധിക്കുന്നതിന് കാർഷിക സർവ്വകലാശാല നടത്തിയ സാങ്കേതിക മാർഗ്ഗങ്ങൾ ആലപ്പുഴ, തൃശ്ശൂർ, കോട്ടയം ജില്ലകളിൽ കൃഷി വകുപ്പ് വേണ്ട രീതിയിലുള്ള ഫീൽഡ് ടെസ്റ്റിംഗ് നടത്തി വിജയം കണ്ടെത്തിയിരുന്നു.

ശുപാർശ

തെങ്ങിനുണ്ടാകുന്ന രോഗങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിന് ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തുകയും കൃഷിഭവനുകൾ വഴി ഇത് പ്രാവർത്തികമാക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സർക്കാർ സ്വീകരിച്ച നടപടി

തെങ്ങിനുണ്ടാകുന്ന രോഗങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിന് 2010-11 വർഷം ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടില്ല. എങ്കിലും സംസ്ഥാന പദ്ധതിയായ നാളികേര വികസനത്തിലെ കേരശ്രീ പ്രോഗ്രാമിൽ ഉൾപ്പെടുത്തി തെങ്ങിനുണ്ടാകുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിന് തെങ്ങൊന്നിന് 10 രൂപ നിരക്കിൽ ധനസഹായം ലഭ്യമാക്കി കൃഷിഭവനുകൾവഴി ഇതു പ്രാവർത്തികമാക്കി.

ശുപാർശ

കൃഷിഭവനുകളുടെയും കൃഷി ഉപദേശകസമിതികളുടെയും പ്രവർത്തനം കാര്യക്ഷമമാക്കിയാൽ കർഷകനു കിട്ടേണ്ട ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുമെന്നും വളം, വിത്ത് എന്നിവ യഥാർത്ഥ കർഷകനു അതാതു സമയങ്ങളിൽ ലഭിക്കുമെന്നുമായിരുന്നു സമിതി മുമ്പാകെ ഹാജരായ ഭൂരിപക്ഷം കർഷകരും ചൂണ്ടിക്കാട്ടിയത്. കർഷകരുടെ ഈ പരാതി അതർഹിക്കുന്ന പ്രാധാന്യത്തോടെ പരിശോധിക്കണമെന്നും ഇതിനു ഫലപ്രദമായ ഒരു പരിഹാരം കണ്ടെത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 208/12/കൃഷി തീയതി 25-8-2012 പ്രകാരം മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും കാർഷിക വികസന സമിതികൾ രൂപീകരിക്കുകയും കാർഷിക വികസന സമിതികൾ പുനഃസംഘടിപ്പിച്ച് പുറപ്പെടുവിച്ച ഉത്തരവുകൾ സംയോജിപ്പിക്കുകയും സംസ്ഥാന കാർഷിക വികസന സമിതിയിൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തുകയും ഇപ്രകാരം കാർഷിക വികസന സമിതികളെ കാര്യക്ഷമമാക്കുകവഴി കൃഷിഭവൻ മുഖാന്തിരം കർഷകന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് സഹായമാകുമെന്നും അറിയിച്ചുകൊള്ളുന്നു.

ശുപാർശ

കേരളത്തിലെ നാളികേര കർഷകരിൽ ഭൂരിഭാഗവും അര ഹെക്ടറിൽ താഴെ ഭൂമിയുള്ളവരോ ചുരുങ്ങിയ എണ്ണം തെങ്ങുമാത്രം വീട്ടുവളപ്പിലോ പരിസരത്തോ കൃഷി ചെയ്യുന്നവരോ ആയ ചെറുകിട നാമമാത്ര കർഷകരാണ്. വലിയ കൃഷിയിടങ്ങൾ ഇല്ലാത്ത ഇത്തരം കർഷകർക്കും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ വിവിധ പദ്ധതികളുടെ പ്രയോജനം ലഭിക്കത്തക്കവണ്ണം 2007-08 മുതൽ ക്ലസ്റ്റർ സമ്പ്രദായം നടപ്പിലാക്കിവരുന്നതായി സമിതി മനസ്സിലാക്കുന്നു. സംസ്ഥാന ഗവൺമെന്റ് രൂപം നൽകിയ കേരശ്രീ എന്ന പദ്ധതി പ്രകാരം കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ 8100 ഹോക്ടർ സ്ഥലത്ത് 25 ഹെക്ടർ വീതം വരുന്ന 724 കേരശ്രീ ക്ലസ്റ്ററുകൾ രൂപീകരിച്ച് ഏകദേശം 123082 കർഷകർക്ക് പ്രയോജനം നൽകിവരുന്നതായി സമിതിക്ക് അറിയുവാൻ കഴിഞ്ഞു. വാർഡുതല കേരശ്രീ ഗ്രൂപ്പുകളും പഞ്ചായത്തുതലത്തിലുള്ള കേരശ്രീ സമിതിയും ജില്ലാതലത്തിലുള്ള കേരശ്രീ അപ്പക്സ് ബോഡിയും രൂപീകരിച്ചാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. നാളികേര ഉൽപ്പാദന വർദ്ധനവ് മാത്രമേ ഈ ക്ലസ്റ്ററുകൾ മോണിട്ടർ ചെയ്യുന്നുള്ളുവെന്നും തെങ്ങുകൃഷി ശാസ്ത്രീയമായി ചെയ്യുന്നതിനോ, ജലസേചന രീതികൾ നടപ്പാക്കുന്നതിനോ കർഷകരുടെ ഇടയിൽ ബോധവൽക്കരണം നടത്തുന്നില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി.

(ഖണ്ഡിക 29)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തെങ്ങുകൃഷി ശാസ്ത്രീയമായി ചെയ്യുന്നതിനും ജലസേചന രീതികൾ നടപ്പാക്കുന്നതിനും ഓരോ ക്ലസ്റ്ററുകളിലും പഞ്ചായത്തിലെ കൃഷി ഉദ്യോഗസ്ഥർ പൊതുവായ വിജ്ഞാനവ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു.

<u>ശുപാർശ</u>

കണിക ജലസേചന പദ്ധതി തെങ്ങിൻ തോട്ടങ്ങൾക്കനുയോജ്യമായ ജലസേചന മാർഗ്ഗമാണെങ്കിലും ആയത് പ്രോത്സാഹിപ്പിക്കുന്നതിനോ അതിനാവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുന്നതിനോ നടപടി ഒന്നുമുണ്ടാകുന്നില്ല. അതുപോലെതന്നെ പെർ-ഹെക്ടർ പ്രകാരമുള്ള തെങ്ങുകളുടെ എണ്ണവും നിയന്ത്രിക്കപ്പെടുന്നില്ല. കൂടാതെ മൂന്നുതട്ട് കേരകൃഷി എന്ന ആശയം നടപ്പാക്കപ്പെടുന്നില്ല. ക്ലസ്റ്റർ സമീപനം നടപ്പാക്കുമ്പോൾ സമഗ്രമായ ഒരു മോണിട്ടറിംഗ് തെങ്ങിൻതൈകളുടെ തെരഞ്ഞെടുപ്പു മുതൽ നടീൽ, ജലസേചനം, വളമിടീൽ, രോഗപ്രതിരോധം, പരിപാലനം, വിളവെടുപ്പ് എന്നിവ വരെയുള്ള കാര്യങ്ങളിൽ ആവശ്യമാണ് എന്നു സമിതി കരുതുന്നു. ആയതിനാൽ ക്ലസ്റ്റർ സമ്പ്രദായം നടപ്പാക്കുന്നതോടൊപ്പം കേരശ്രീ പദ്ധതിയിലുൾപ്പെടുന്ന എല്ലാ അംഗങ്ങൾക്കും തെങ്ങിന്റെ ശാസ്ത്രീയമായ കൃഷിരീതി, പരിപാലനം എന്നിവ സംബന്ധിച്ച പരിജ്ഞാനം പകർന്നു കൊടുക്കുകയും അവ കർശനമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് മോണിട്ടർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തെങ്ങിന്റെ ശാസ്ത്രീയ കൃഷി രീതി സംബന്ധിച്ചുള്ള പരിജ്ഞാനം നൽകുന്നതിന് കൃഷിവകുപ്പിന്റെ വിവിധ ട്രെയിനിംഗ് കേന്ദ്രങ്ങൾവഴി കർഷകർക്ക് പരിശീലനം നൽകി വരുന്നു. ശാസ്ത്രീയമായ കൃഷിരീതികൾക്ക് മുൻതൂക്കം നൽകി ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ടാണ് പഞ്ചായത്ത്തല/ജില്ലാതല കേരശ്രീ മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിക്കുന്നത്. ഇടവിളകൃഷി, മൂന്ന് തട്ട് കേര കൃഷി, കണിക ജലസേചനം മുതലായ ശാസ്ത്രീയ മുറകളിലൂടെ കൃഷിസ്ഥലത്തിലെ മൊത്തമായ ഉല്പാദനവും തന്മൂലമുള്ള വരുമാന വർദ്ധനവും ലക്ഷ്യമിട്ടാണ് ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ചു പോരുന്നത്.

<u>ശുപാർശ</u>

കൂടാതെ കേന്ദ്ര ഏജൻസിയായ നാളികേര വികസന ബോർഡ് തെരഞ്ഞെടുത്ത ക്ലസ്റ്ററുകൾക്ക് നൽകിവരുന്ന സാമ്പത്തിക ആനുകൂല്യവും സംസ്ഥാന സർക്കാർ കേരശ്രീ ക്ലസ്റ്ററുകൾക്ക് നൽകിവരുന്ന സാമ്പത്തിക ആനുകൂല്യവും തമ്മിൽ വലിയ അന്തരമുള്ളതായി സമിതി മനസ്സിലാക്കുന്നു. ഈ ആനുകൂല്യങ്ങൾ നൽകുന്നതിലെ അപാകത പരിഹരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സർക്കാർ സ്വീകരിച്ച നടപടി

നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിൻ കീഴിൽ 17,500 രൂപയാണ് ഹെക്ടറിന് ധനസഹായം. 2010-11-ൽ ക്ലസ്റ്ററുകൾക്കും ഇതേ നിരക്കിൽ ധനസഹായം നൽകി വരുന്നുണ്ട്.

ശുപാർശ

രൂക്ഷമായിക്കൊണ്ടിരിക്കുന്ന ജലദൗർലഭ്യത്തിന് പരിഹാരമാകാവുന്ന കണികാ ജലസേചനം നടത്തുന്നതിന് കർഷകർക്ക് ആവശ്യമായ പരിശീലനം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സർക്കാർ സ്വീകരിച്ച നടപടി

കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന നാഷണൽ മിഷൻ ഓൺ മൈക്രോ ഇറിഗേഷൻ (National Mission on Micro Irrigation) എന്ന പദ്ധതി യിൽ ഉൾപ്പെടുത്തി പരിശീലന പരിപാടികളും ഡെമോൺസ്ട്രേഷനുകളും 2006-07 മുതൽ നടത്തി വരുന്നു.

ഈ സാമ്പത്തിക വർഷം (2013-14) 14 ലക്ഷം രൂപയുടെ (ഒരു ജില്ലയ്ക്ക് ഒരു ലക്ഷം രൂപ വീതം) പരിശീലന പരിപാടികളും 0.5 ഹെക്ടർ വരുന്ന 10 പ്രദർശന പ്ലോട്ടുകളും ഓരോ ജില്ലയിലും നടത്തുന്നതിനു വേണ്ട പദ്ധതിരേഖ കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

ശുപാർശ

വൈദ്യുതി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ മണ്ണെണ്ണ ഉപയോഗിച്ചുള്ള പമ്പ് പ്രവർത്തിപ്പിച്ച് ജലസേചനം നടത്താൻ തയ്യാറുള്ള കർഷകർക്ക് മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സർക്കാർ സ്വീകരിച്ച നടപടി

പൊതുവിതരണ സമ്പ്രദായം വഴി ലഭിക്കുന്ന മണ്ണെണ്ണ ഗാർഹിക ആവശ്യ ങ്ങൾക്കും വിളക്ക് കത്തിക്കുന്നതിനും മാത്രമേ ഉപയോഗിക്കാവൂ എന്നതാണ് കേന്ദ്ര നിർദ്ദേശം. 2012 ഏപ്രിൽ മാസം മുതൽ കേരളത്തിനുള്ള റേഷൻ മണ്ണെണ്ണയുടെ വിഹിതം ക്രമാതീതമായി കുറഞ്ഞ സാഹചര്യത്തിൽ കാർഷിക ആവശ്യത്തിനുള്ള പെർമിറ്റുകൾക്ക് മണ്ണെണ്ണ 186 കി.ലി. ആയി നിജപ്പെടുത്തേണ്ടിവന്നു. ഇത് എല്ലാ ചെറുകിട കർഷകർക്കും നല്കുവാൻ അപര്യാപ്തമായതിനാൽ നിലവിലുള്ള കാർഷിക പെർമിറ്റുകൾ പരിശോധന നടത്തി അർഹതയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കാനാവാത്തവ മാത്രമാണ് പുതുക്കി നൽകുന്നത്. വൈദ്യുതി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ മണ്ണെണ്ണ ഉപയോഗിച്ച് പമ്പ് പ്രവർത്തിപ്പിച്ച് ജലസേചനം നടത്താൻ തയ്യാറുള്ള മുഴുവൻ കർഷകർക്കും മണ്ണെണ്ണ പെർമിറ്റ് നൽകുക എന്നത് നിലവിലുള്ള സാഹചര്യത്തിൽ അസാദ്ധ്യമാണ്. എന്നിരുന്നാലും കാർഷിക ആവശ്യത്തിനു നല്കി

ക്കൊണ്ടിരിക്കുന്ന 186 കി.ലി. മണ്ണെണ്ണയ്ക്കു പുറമെ ഡിസംബർ 2012-ലെ നീക്കിയിരിപ്പിന്റെ ഒരു വിഹിതം കാർഷിക ആവശ്യത്തിന് നൽകുവാനുംവിതരണത്തിന് ഒരു ഏകീകൃത സ്വഭാവം കൈവരുന്നതിന് 1 ഏക്കർ സ്ഥലത്തെ കൃഷികാര്യത്തിന് 5 ലിറ്റർ എന്ന പരിധി നിശ്ചയിച്ച് നൽകുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശുപാർശ

തെങ്ങുകൃഷി കൂടുതൽ ആദായകരമാക്കുന്നതിന് തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി പച്ചക്കറിയും മറ്റു കൃഷികളും നടത്തുന്നതിന് പ്രോത്സാഹനം നൽകേണ്ടതുണ്ടെന്ന് സമിതി കരുതുന്നു. ഇത്തരത്തിൽ നടത്തുന്ന കൃഷിക്ക് അനുയോജ്യമായ കൃഷിയിനങ്ങൾക്കുള്ള വിത്ത് തെരഞ്ഞെടുക്കുന്നതിന് പ്രത്യേക വൈദഗ്ദ്ധ്യം ആവശ്യമുള്ളതായി കാണുന്നു. തെങ്ങിൻ തോട്ടങ്ങളിൽ ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്, ഇതിനായി പലിശരഹിത വായ്പ ലഭ്യമാക്കുന്നതോടൊപ്പം ഇത്തരം കൃഷിക്കാവശ്യമായ വിത്ത് സൗജന്യമായി ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

തെങ്ങിൻ തോട്ടത്തിലെ ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പലിശ രഹിത വായ്പ ലഭ്യമാക്കുന്നതിനും ഇത്തരം കൃഷിക്ക് സൗജന്യമായി വിത്ത് ലഭ്യമാക്കുന്നതിനും വേണ്ട പല പദ്ധതികളും എസ്.എച്ച്.എം., വി.എഫ്.പി.സി.കെ. തുടങ്ങിയ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്നു.

ശുപാർശ

ഇന്നു നാളികേര കർഷകർ നേരിടുന്ന ഒരു പ്രധാന വെല്ലുവിളി തെങ്ങു കയറ്റ തൊഴിലാളികളുടെ അഭാവമാണ്. മൂപ്പെത്തിയ നാളികേരം യഥാസമയം വെട്ടുവാൻ കഴിയാതെ തേങ്ങ ഉണങ്ങി വീഴുന്ന അവസ്ഥയാണ് ഒട്ടുമിക്ക പുരയിടങ്ങളിലും കാണാൻ കഴിയുന്നത്. ഇതിൽ നിന്നും ഒരു മോചനം കർഷകർക്ക് അത്യന്താപേക്ഷിതമാണ്. തെങ്ങു കയറ്റ തൊഴിലാളികളുടെ ദൗർലഭ്യം കണക്കിലെടുത്ത് വിളവെടുപ്പ് പ്രശ്നം പരിഹരിക്കുന്നതിനായി ലളിതവും ചെലവുകുറഞ്ഞതുമായ തെങ്ങുകയറ്റ യന്ത്രങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും കർഷകരുടെയിടയിൽ പ്രചരിപ്പിക്കുന്നതിനും അവരെ പരിശീലിപ്പിക്കുന്നതിനും കാർഷിക സർവ്വകലാശാലയുടെ തവന്നൂർ കേളപ്പജി അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് കോളേജിലും ചില കൃഷി വിജ്ഞാന കേന്ദ്രങ്ങൾ വഴിയും തെങ്ങുകയറ്റ യന്ത്രം ഉപയോഗിച്ച് തെങ്ങു കയറാനുള്ള പരിശീലനം നൽകി വരുന്നുണ്ട് എന്ന് സമിതിക്ക് അറിയുവാൻ കഴിഞ്ഞു. എന്നാൽ തെങ്ങുകയറ്റ യന്ത്രം ഉപയോഗിക്കുന്നതിൽ പരിശീലനം നൽകുന്നത് വളരെ ചുരുങ്ങിയ സ്ഥലങ്ങളിൽ ആണെന്നതിനാൽ സംസ്ഥാനത്തെ എല്ലാ കർഷകർക്കും ഈ പരിശീലനത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും അതുപോലെ ഓരോ കൃഷിഭവന്റെ ആഭിമുഖ്യത്തിലും പീരിയോഡിക്കലായി തെങ്ങുകയറ്റ യന്ത്രം ഉപയോഗിച്ച് തെങ്ങുകയറുന്നതിന് കൃഷികയറ്റ യന്ത്രം ഉപയോഗിച്ച് തെങ്ങുകയറുന്നതിന്

കൃഷിക്കാരെ പരിശീലിപ്പിക്കുന്നത് അഭികാമ്യമായിരിക്കുമെന്ന് സമിതി കരുതുന്നു. ഇതിനായി ഇപ്പോൾ നിലവിലുള്ള തെങ്ങു കയറ്റ യന്ത്രങ്ങൾ ലളിത വൽക്കരിച്ച് ആവശ്യത്തിന് യന്ത്രങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ആയതിനാൽ കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും സംയുക്തമായി ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സർക്കാർ സ്വീകരിച്ച നടപടി

പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കെ.വി.കെ. കണ്ണൂർ മറ്റ് സാദ്ധ്യമായ ഗവേഷണ കേന്ദ്രങ്ങൾ എന്നിവവഴി തെങ്ങുകയറ്റ യന്ത്രം ഉപയോഗിച്ച് തെങ്ങു കയറാനുള്ള പരിശീലനം നൽകിവരുന്നു. മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഇരുന്നു കയറാവുന്ന തെങ്ങുകയറ്റ യന്ത്രത്തിന്റെ പരിഷ്ക്കരിച്ച മോഡലുകൾ വികസിപ്പിച്ചുവരുന്നു.

ശുപാർശ

കൂടാതെ തെങ്ങുകൃഷി മേഖലയിലെ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി വർഷം തോറും `Buyer-Seller Meet' നടത്താനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സർക്കാർ സ്വീകരിച്ച നടപടി

`Buyer-Seller Meet' നടത്തുന്നതിന് വ്യവസായ വകുപ്പിന്റെ സഹകരണംകൂടി ആവശ്യമാണ്. അതാത് കൃഷി, വ്യവസായം എന്നീ വകുപ്പുകളുടെ യോജിച്ച പ്രവർത്തനം ഇതിന് ആവശ്യമാണ്.

ശുപാർശ

കേരളത്തിൽ തേങ്ങയുടെ ഉൽപ്പാദനചെലവ് കൂടുതലും ഉൽപ്പാദനക്ഷമത കുറവായ സാഹചര്യത്തിൽ ഒരു ക്വിന്റൽ കൊപ്രയ്ക്ക് 4,900 രൂപ കിട്ടണമെന്ന ശുപാർശയാണ് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ഒരു ക്വിന്റൽ കൊപ്രയുടെ പ്രോസസ്സിംഗ് ചാർജ് 550 രൂപയായിരിക്കെ കേന്ദ്രഗവൺമെന്റ് 200 രൂപയ്ക്കു താഴെയാണ് പ്രസ്തുത ചെലവ് കണക്കാക്കിയിരിക്കുന്നത്. കൊപ്രയ്ക്ക് 4,200 രൂപ എന്ന ഇന്നത്തെ വില വച്ചുനോക്കുമ്പോൾ ഒരു തേങ്ങയ്ക്ക് 5 രൂപയാണ് വിലവരുന്നത്. എന്നാൽ 50% കൃഷിക്കാർപോലും കൊപ്രയാക്കി നാളികേരം വിൽക്കാത്ത സാഹചര്യത്തിൽ കൊപ്ര ഉൽപ്പാദിപ്പിക്കുന്ന കച്ചവടക്കാർക്കാണ് താങ്ങുവില പ്രഖ്യാപനംമൂലമുള്ള പ്രയോജനം ലഭിക്കുന്നത്. ആയതിനാൽ ഉൽപ്പാദന ചെലവുമായി താരതമ്യം ചെയ്യുമ്പോൾ സർക്കാർ ശുപാർശ ചെയ്തിട്ടുള്ള 4,900 രൂപ തന്നെ അപര്യാപ്തമാണെന്നും 5,500 രൂപയെങ്കിലും ഒരു ക്വിന്റൽ കൊപ്രയ്ക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും

പച്ചത്തേങ്ങയ്ക്ക് താങ്ങുവില പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സർക്കാർ സ്വീകരിച്ച നടപടി

കേന്ദ്ര സർക്കാർ 2012 സീസണിലേക്ക് പ്രഖ്യാപിച്ചിട്ടുള്ള മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5,100 രൂപ നിരക്കിലും ഉണ്ടക്കൊപ്രയ്ക്ക് 5,350 രൂപ നിരക്കിലും പൊതിച്ച നാളികേരം ക്വിന്റലിന് 1,400 രൂപ നിരക്കിലും സംഭരിക്കാൻ 3-2-2012-ലെ സർക്കാർ ഉത്തരവ് നമ്പർ 22/2012/കൃഷി പ്രകാരം തീരുമാനിക്കുകയും ഇതുപ്രകാരം നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡും, മാർക്കറ്റ്ഫെഡും മുഖേന കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും കൊപ്ര സംഭരിച്ചുവരുന്നു. പച്ചത്തേങ്ങയുടെയും കൊപ്രയുടെയും സംഭരണം കൂടുതൽ ഫലപ്രദമാക്കുന്നതിനായി കൊപ്ര സംഭരണത്തിനുപയോഗിക്കുന്ന ചാക്കൊന്നിന് നാഫെഡ് നിശ്ചയിച്ചിരിക്കുന്ന 27 രൂപയ്ക്ക് പുറമെ പത്ത് രൂപ കൂടി അനുവദിക്കുവാനും എല്ലാ സംഭരണ ഏജൻസികൾക്കും സംഭരിക്കുന്ന കൊപ്രയ്ക്ക് ക്വിന്റലിന് 500 രൂപ നിരക്കിൽ ഇൻസന്റീവ് നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

2013 സീസണിലേക്ക് കേന്ദ്രസർക്കാർ നാളികേരത്തിന് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5,250 രൂപയും ഉണ്ടക്കൊപ്രയ്ക്ക് ക്വിന്റലിന് 5,500 രൂപയുമാണ്. ഉല്പാദനചെലവിലെ വർദ്ധനവും രാജ്യത്തെ പണപ്പെരുപ്പവും കണക്കിലെടുക്കുമ്പോൾ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച താങ്ങുവില അപര്യാപ്തമായതിനാൽ താങ്ങുവില പുനഃപരിശോധിച്ച് മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 6,300 രൂപയായും ഉണ്ടക്കൊപ്രയ്ക്ക് 6,915 രൂപയായും ഉയർത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കേരകർഷകരെ സഹായിക്കുന്നതിനായി കൃഷിഭവനുകൾവഴി കർഷകരിൽ നിന്നും പച്ച നാളികേരം നേരിട്ട് സംഭരിക്കുന്ന പദ്ധതി 2013 ജനുവരി മാസം ഒന്നാം തീയതി തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എട്ടു ജില്ലകളിലെ തെരഞ്ഞെടുത്ത കൃഷിഭവനുകളിൽ രജിസ്റ്റർചെയ്ത കർഷകരിൽ നിന്നും കേരഫെഡ് മുഖേന പച്ചത്തേങ്ങ സംഭരിക്കുന്നതിനും സംഭരിക്കുന്ന പച്ചത്തേങ്ങ കൊപ്രയാക്കുന്നതിനും മറ്റ് ഉപോൽപ്പന്നങ്ങൾ സംഭരിക്കുന്നതിനുമുള്ള നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. കിലോക്ക് 16 രൂപ നിരക്കിലാണ് പച്ചത്തേങ്ങ സംഭരിക്കുന്നത്. ഇതിനകം 235 കൃഷിഭവനിലെ 10386 കർഷകരിൽനിന്നും 5666.57 ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്.

ശുപാർശ

കേരളത്തിലെ കേരകർഷകർ നേരിടുന്ന പ്രശ്നങ്ങൾക്കുള്ള പോംവഴികളിൽ സുപ്രധാനമായ ഒന്ന്, ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണം വഴി നാളികേരത്തിന്റെ മൂല്യവർദ്ധനയാണ്. തൂൾത്തേങ്ങ, വെർജിൻ കോക്കനട്ട് ഓയിൽ, നാളികേര ചിപ്സ്, ശുദ്ധീകരിച്ച വെളിച്ചെണ്ണ, തേങ്ങാവെള്ളത്തിൽ നിന്ന് വിനാഗിരി, തെങ്ങിൻ ചക്കര, തേങ്ങാപ്പാലിൽ നിന്നുള്ള തേൻ, ഭക്ഷ്യയോഗ്യമായ ഉണ്ടക്കൊപ്ര, കപ്പ്കൊപ്ര,

പാക്കറ്റിലാക്കിയ കരിക്കിൻവെള്ളം, ഇളനീർ, ഇളനീരിൽ നിന്നും തയ്യാറാക്കുന്ന snow ball, ഭാഗികമായി തൊണ്ടുനീക്കി ലഘു സംസ്കരണം നടത്തിയ കരിക്ക്, ചിരട്ടക്കരി, ഉത്തേജിത ചിരട്ടക്കരി, ചിരട്ടപ്പൊടി, ചിരട്ട, തെങ്ങിൻതടി, തൊണ്ട് ഇവ ഉപയോഗിച്ചുണ്ടാക്കിയ കരകൗശല വസ്തുക്കൾ, സംസ്കരിച്ച തെങ്ങിൻ തടകൊണ്ടുള്ള ഫർണീച്ചറുകൾ, ചകിരുച്ചോറു കൊണ്ടുണ്ടാക്കിയ പൂച്ചട്ടി, ഇഷ്ടിക എന്നിവ തെങ്ങിൽനിന്നും തേങ്ങയിൽ നിന്നും ഉണ്ടാക്കാവുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാണ്. ഇവ അടിസ്ഥാനമാക്കിയുള്ള വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നാളികേര വികസന ബോർഡ്, കോക്കനട്ട് മിഷൻ എന്നിവ മുഖേന സംരംഭകർക്ക് ലഭ്യമാക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. സംരംഭങ്ങൾ തുടങ്ങുന്നതിന് വേണ്ടിവരുന്ന ചെലവിന്റെ 25 ശതമാനം പരമാവധി 33 ലക്ഷം രൂപ വരെ വായ്പാബന്ധിത മൂലധന സബ്സിഡിയായി ഈ പദ്ധതി മുഖേന ലഭിക്കുന്ന താണ്. ഈ സൗകര്യം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് കേരകഷകർക്കിടയിലും കുടുംബശ്രീ പോലുള്ള ചെറുകിട സംരംഭകർക്കിടയിലും കൃഷിഭവനുകൾവഴി വ്യാപകമായ പ്രചാരണം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സർക്കാർ സ്വീകരിച്ച നടപടി

നാളികേര ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിന് നാളികേര വികസന ബോർഡ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന തിനും മറ്റുമായി പ്രോജക്ട് തുകയുടെ 25% അതായത് 50 ലക്ഷം രൂപയിൽ ക്ലിപ്ത പ്പെടുത്തി സബ്സിഡി നൽകിവരുന്നുണ്ട്. കഴിഞ്ഞ 5 വർഷങ്ങളായി 69 പുതിയ യൂണിറ്റുകൾക്ക് ധനസഹായം നൽകി. സംസ്ഥാന നാളികേര പദ്ധതിയുടെ ഭാഗമായി തെങ്ങധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനും, മറ്റ് ചെറു വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനും ധനസഹായം നൽകുന്നുണ്ട്. ഇതിന് കൃഷിഭവൻ തലത്തിൽ വ്യാപകമായ പ്രചാരണം നൽകുന്നുണ്ട്. ഇതിന്റെ ഫലമായി 163.90 ലക്ഷം രൂപയ്ക്കുള്ള വിവിധ പ്രോജക്ടുകൾക്ക് സംസ്ഥാന സമിതി അംഗീകാരം നൽകിവരുന്നു.

ശുപാർശ

നാളികേരാധിഷ്ഠിതമായ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനസാധ്യത സംബന്ധിച്ച് മാർക്കറ്റ് സർവ്വേ നടത്തി വാണിജ്യാടിസ്ഥാനത്തിൽ ലാഭകരമായി പ്രവർത്തിക്കുവാൻ കഴിയുന്ന സംരംഭങ്ങൾ കണ്ടെത്തി അവ ആരംഭിക്കുന്നതിനും സംരംഭകരെ സഹായിക്കുന്നതിനും വേണ്ട നടപടി കാർഷിക സർവ്വകലാശാല സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സർക്കാർ സ്വീകരിച്ച നടപടി

10-11-2010-ലെ സബ്ജക്ട് കമ്മിറ്റിയുടെ തീരുമാനപ്രകാരം കേരസുധ പൈലറ്റ് പ്രോജക്ട് പടന്നക്കാട് കാർഷിക കോളേജിലെ ഡോ. എം. പി. ഗിരിധരൻ, പ്രൊഫസർ (ഹോർട്ട്), പീലിക്കോട് പ്രാദേശിക ഗവേഷണകേന്ദ്രത്തിന്റെ ഉപകേന്ദ്രമായ

നീലേശ്വരം ഫാമിൽ നടപ്പിലാക്കുന്നതാണ്. ഡോ. പി. വി. ബാലചന്ദ്രൻ ഡയറക്ടർ ഓഫ് എക്സ്റ്റെൻഷന്റെ മേൽനോട്ടത്തിലാണ് ഈ പരിപാടി നടപ്പിലാക്കുന്നത്. കേരസുധ വിഭവം ഉല്പാദിപ്പിച്ച് ലഭ്യമാക്കുവാനും തീരുമാനിച്ചു :

1. 2013 ഫെബ്രുവരി മാസത്തിൽ കാർഷിക സർവ്വകലാശാല ഗവൺമെന്റിന് സമർപ്പിച്ച സംസ്ഥാന ബജറ്റിലേക്കുള്ള നിർദ്ദേശങ്ങളിൽ നീരയും അനുബന്ധ ഉൽപ്പന്നങ്ങളും ഉണ്ടാക്കുന്ന പൈലറ്റ് പദ്ധതി ഉൾപ്പെട്ടിരിക്കുന്നു. അതുപ്രകാരം, നടപ്പുവർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനത്തെ 10 ജില്ലകളിൽ നീര ഉൽപ്പാദന പൈലറ്റ് യൂണിറ്റുകൾ തുടങ്ങുന്നതിനുവേണ്ടി 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2. സംസ്ഥാനത്തെ കള്ളുവ്യവസായം നേരിടുന്ന പ്രതിസന്ധിക്കു പരിഹാരം നിർദ്ദേശിക്കുവാനും നീര ഉൽപ്പാദനം സംബന്ധിച്ച് പ്രായോഗികനിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി സർക്കാർ രൂപീകരിച്ച ഉന്നതതല കമ്മിറ്റിയിൽ കാർഷിക സർവ്വകലാശാല പ്രതിനിധി അംഗമായി പ്രവർത്തിക്കുകയും പ്രസ്തുത കമ്മിറ്റി അവരുടെ റിപ്പോർട്ട് തുടർനടപടികൾക്കായി സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടിൻമേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

3. കേരള കാർഷിക സർവ്വകലാശാല സംസ്ഥാനത്ത് മൂന്ന് നീര ഉൽപ്പാദന പൈലറ്റ് യൂണിറ്റുകൾ തുടങ്ങുന്നതിനുവേണ്ടി പദ്ധതിരൂപരേഖ 4-6-2013-ൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൻമേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

4. 23-4-2013-ൽ സെക്രട്ടേറിയറ്റിൽവച്ച് കൃഷിവകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽകൂടിയ യോഗത്തിൽവച്ച് പേരാമ്പ്രയിലെ സുഭിക്ഷ എന്ന കോക്കനട്ട് പ്രൊസസർ കമ്പനിക്കുവേണ്ടി നീരയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും നിർമ്മാണയൂണിറ്റ് തുടങ്ങുന്നതിനുവേണ്ടി കാർഷിക സർവ്വകലാശാല വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കണം എന്ന് തീരുമാനമെടുത്തിരുന്നു. അതിനുവേണ്ടിയുള്ള പ്രാരംഭ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്.

5. കാർഷിക സർവ്വകലാശാലയുടെ പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രത്തിലെ പൈലറ്റ് പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന നീര (കേരാമൃതം), കേരച്ചക്കര എന്നീ ഉൽപ്പന്നങ്ങൾ വികസനബോർഡ്, കൃഷിവകുപ്പ്, കാർഷിക സർവ്വകലാശാല എന്നിവ സംഘടിപ്പിച്ച വിവിധ സെമിനാറുകളിലും സമ്മേളനങ്ങളിലും വിതരണംചെയ്ത് ബോധവൽക്കരണം നടത്തുകയുണ്ടായി. ഇതിനുപുറമേ ബഹു. നിയമസഭാ സാമാജികർ, ഉന്നതതല നീര കമ്മിറ്റി അംഗങ്ങൾ എന്നിവർക്കും നീര സാമ്പിളുകൾ നൽകി അവതരണം നടത്തിയിട്ടുണ്ട്.

6. കാർഷിക സർവ്വകലാശാലയിലെ പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രത്തിലെ പൈലറ്റ് പ്ലാന്റിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും അവിടത്തെ നീര, ഉപോൽപ്പന്നങ്ങൾ എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, കൂടുതൽപേർക്ക് പരിശീലനം നൽകി നീര

ടെക്നീഷ്യൻമാരായി പ്രവർത്തിക്കാൻ പ്രാപ്തരായ കൂടുതൽപേരെ പരിശീലിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്.

7. ഈ വർഷം നടത്താനുദ്ദേശിക്കുന്ന കാർഷിക നിക്ഷേപ സംഗമത്തിൽ നീരയുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള ലാഭസാധ്യതകളുടെ ബിസിനസ്സ് പ്ലാൻ അവതരിപ്പിക്കുന്നുണ്ട്.

ശുപാർശ

നാളികേര മേഖലയെ സംബന്ധിച്ച് ഒരു സുപ്രധാനമായ സ്ഥാനമാണ് കള്ളുചെത്ത് വ്യവസായത്തിനുള്ളത്. ഈ പരമ്പരാഗത വ്യവസായത്തെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിനും ആധുനിക സംഘടിത വ്യവസായമാക്കി മാറ്റുന്നതിനും ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. യുവജനങ്ങൾ തൊഴിലിനായി ഈ മേഖലയിലേക്ക് കടന്നുവരുന്നില്ലായെന്നുള്ളതാണ് ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നമെന്നും ഇക്കാരണത്താൽ കേരളത്തിൽ വിതരണത്തിന് ആവശ്യമായ അളവ് കള്ള് ഉൽപ്പാദിപ്പിക്കുന്നതിന് സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളതെന്നും ആവശ്യമായ അളവിൽ കള്ള് ലഭ്യമല്ലാത്തതിനാൽ കേരളത്തിൽ മായംചേർന്ന കള്ള് വ്യാപകമാകുന്നുവെന്നും സമിതി മനസ്സിലാക്കി. തെങ്ങ് ചെത്തുന്നതിനുള്ള പരിശീലന സ്ഥാപനങ്ങൾ നിലവിലില്ല. തെങ്ങിൻകള്ള് ഉൽപ്പാദന രംഗത്തെ യന്ത്രവൽക്കരണവും ആധുനികവൽക്കരണവും നടത്തേണ്ടത് അത്യാവശ്യമാണ്. തേങ്ങയേയും കരിക്കിനേയും അപേക്ഷിച്ച് തെങ്ങ് കർഷകർക്ക് ആദായകരമായ തെങ്ങിൻ കള്ളുൽപ്പാദനത്തിനായി ഈ തൊഴിൽമേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സർക്കാർ സ്വീകരിച്ച നടപടി

തെങ്ങിൻ കള്ളുൽപ്പാദിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ പദ്ധതികളൊന്നും തന്നെയില്ല.

ശുപാർശ

തെങ്ങിൻകള്ളിൽ നിന്നും ഒരുവർഷംവരെ കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കാവുന്ന തരത്തിലുള്ള ഒരു ആരോഗ്യപാനീയമായ നീര കാർഷിക സർവ്വകലാശാലയിലെ ഗവേഷകർ വികസിപ്പിച്ചെടുത്തതായും ആയതിന്റെ സാങ്കേതിക പരിജ്ഞാനം സർവ്വകലാശാലയ്ക്ക് കൈമാറിയതായും സമിതി മനസ്സിലാക്കുന്നു. എത്രയുംവേഗം നീര വാണിജ്യാടിസ്ഥാനത്തിൽ തയ്യാറാക്കത്തക്കവണ്ണം ഇതിന്റെ സാങ്കേതികവിദ്യ സംരംഭകർക്ക് പകർന്നുനൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. നീര സംസ്കരിച്ച് വിപണനം നടത്തുന്നതിന് നിലവിലുള്ള എക്സൈസ് നിയമം അനുവദിക്കുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഈ നിയമം യഥാവിധി ഭേദഗതിചെയ്ത് നീരയുടെ സംസ്കരണം വാണിജ്യാടിസ്ഥാനത്തിൽ നടത്തുന്നതിനാവശ്യമായ സാഹചര്യമൊരുക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

(ഖണ്ഡിക 55)

## സർക്കാർ സ്വീകരിച്ച നടപടി

തെങ്ങിൻ കള്ളുൽപ്പാദിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ പദ്ധതികളൊന്നുംതന്നെയില്ല. ആൽക്കഹോൾ വിമുക്തമായ നീരയുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉല്പാദനം നടത്തുന്നതിനുള്ള ടെക്നോളജി വികസിപ്പിച്ചെടുക്കുന്നതിനും പേറ്റന്റ് ചെയ്യുന്നതിനുമായി കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി നടപടി എടുത്തുവരുന്നു. ആൽക്കഹോളിന്റെ അംശം ഇല്ലാത്തതിനാൽ എക്സൈസ് നിയമത്തിന്റെ പരിധിയിൽവരുന്നില്ല.

## ശുപാർശ

ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത് കർഷകർക്ക് നാളികേരത്തിന് ന്യായമായ വില ഉറപ്പാക്കുകയാണ്. സംഘത്തിൽ അംഗമാവുന്ന കർഷകന് അദ്ദേഹത്തിന്റെ ഭൂമിയിലുള്ള തെങ്ങിന് ആവശ്യമായ വെള്ളവും വളവും നൽകുക എന്ന ജോലി മാത്രമാണ് ചെയ്യേണ്ടിവരുന്നത്. തെങ്ങിൽനിന്നും വിളവെടുക്കുന്ന ജോലി, സംഘം ഏറ്റെടുക്കുകയും കർഷകന്റെ സാന്നിദ്ധ്യത്തിൽത്തന്നെ നാളികേരം പൊതിച്ച് പച്ചത്തേങ്ങ തൂക്കിയെടുക്കേണ്ട ചുമതല സംഘം ഏറ്റെടുക്കുന്നതും പ്രസ്തുത തേങ്ങ ഉണക്കി കൊപ്രയാക്കി കേരഫെഡിനോ കൂടുതൽ വില നൽകുന്ന മറ്റു സ്ഥാപനങ്ങൾക്കോ നൽകുന്ന ജോലിയും സംഘംതന്നെ ചെയ്യുകയും നാളികേരത്തിൽ നിന്നുള്ള മറ്റുൽപ്പന്നങ്ങളായ തൊണ്ട് കയർഫെഡിനും ചിരട്ടയും നാളികേര വെള്ളവും ഉപോൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന സ്ഥാപനങ്ങൾക്ക് നൽകുകയോ സ്വയം ഉപോൽപ്പന്നങ്ങൾ ഉണ്ടാക്കി വിപണിയിൽ എത്തിക്കുകയോ ചെയ്യാവുന്നതാണ്. ഈ പ്രവർത്തനംമൂലം തെങ്ങുകയറാനും മറ്റും ആധുനികരീതിയിലുള്ള യന്ത്രവൽക്കരണം നടത്തുന്നതിന് സംഘം നേതൃത്വം നൽകുന്നതുമൂലം കർഷകന് ഇതിൽ വ്യക്തിപരമായി പണം ചെലവഴിക്കേണ്ടിവരില്ല എന്നു മാത്രമല്ല സംഘത്തിന് സ്ഥിരം ജോലിക്കാരുള്ളതിനാൽ തെങ്ങിൽ കയറുന്നതിനും മറ്റും ആളെക്കിട്ടാത്ത അവസ്ഥ ഒഴിവാക്കുകയും ചെയ്യാം. ഒരു സംഘത്തിന് ഒരു കൊപ്ര ഡ്രയർ സ്ഥാപിക്കുവാൻ കഴിഞ്ഞാൽ കൊപ്രയിലുണ്ടാകാവുന്ന ജലാംശം 6% എന്ന നാഫെഡിന്റെ നിബന്ധനക്കനുസരിച്ച് കൊപ്ര ഉണക്കാനും കൊപ്രസംഭരണത്തിൽ വിവിധ ഏജൻസികൾ നേരിടുന്ന പ്രധാന പ്രശ്നത്തിന് പരിഹാരമാവുകയും ചെയ്യുമെന്ന് സമിതി മനസ്സിലാക്കി. സമിതിയുടെ ഈ നിരീക്ഷണം സർക്കാർ പ്രത്യേകം ശ്രദ്ധിക്കണമെന്നും കർഷക കൂട്ടായ്മയിലൂടെ നാളികേര കർഷകരെ സഹായിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

## സർക്കാർ സ്വീകരിച്ച നടപടി

അടുത്തടുത്തുള്ള രണ്ട് പഞ്ചായത്തുകളിലെ നാളികേര കർഷകരുടെ സംഘം രൂപീകരിക്കണമെന്നാണ് സമിതിയുടെ ഒരു നിർദ്ദേശം. 2010-2011-ലെ സംസ്ഥാന നാളികേര വികസന പദ്ധതിയുടെ ഭാഗമായി 25 ഹെക്ടർവരെയുള്ള ക്ലസ്റ്റർ രൂപീകരിച്ച് ക്ലസ്റ്റർ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതിയുടെ ഭാഗമായി തേങ്ങാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനും, വെർജിൻ കോക്കനട്ട്

ഓയിൽ നിർമ്മാണം, ചിരട്ടയിൽനിന്നും ആക്ടിവേറ്റഡ് കാർബൺ നിർമ്മാണം തുടങ്ങിയ ചെറു വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് വ്യക്തികൾ/സംഘങ്ങൾ/ സർക്കാർ ഇതര സംഘടനകൾക്ക് (എൻ.ജി.ഒ.) പ്രോജക്ട് ചെലവിന്റെ 50% പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം അനുവദിച്ചു.

2010-11-ൽ 25 പദ്ധതികൾക്കായി 163.9 ലക്ഷം രൂപയ്ക്ക് സംസ്ഥാനതല സമിതി അംഗീകാരം നൽകി. 2011-2012-ലും സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി കൊപ്രാ ഡ്രയറുകൾ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് ഈ പദ്ധതിപ്രകാരം ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നു.

കേന്ദ്ര സർക്കാർ കൊപ്രയ്ക്ക് പ്രഖ്യാപിക്കുന്ന താങ്ങുവിലയ്ക്ക് (എം.എസ്.പി.) ആനുപാതികമായിട്ടുള്ള ഒരു വിലയ്ക്ക് സംസ്ഥാന സർക്കാർ 2010-2011-ൽ കേരഫെഡ്, കൺസ്യൂമർഫെഡ് മുഖേന പച്ചത്തേങ്ങ സംഭരിക്കുകയുണ്ടായി. ഇതിനുപുറമെ മാർക്കറ്റ്ഫെഡിന്റെ ചില ഏജന്റ് സൊസൈറ്റികൾ പച്ചത്തേങ്ങ സംഭരിച്ച് സംസ്കരിച്ച് കൊപ്രയാക്കി മാർക്കറ്റ്ഫെഡിന് നൽകി. കൂടാതെ 2012 സീസണിൽ പച്ചത്തേങ്ങ സംഭരണം ശക്തിപ്പെടുത്തുന്നതിനായി 50% സബ്സിഡി നൽകി 100 സൊസൈറ്റികളെയെങ്കിലും പച്ചത്തേങ്ങ വാങ്ങി കൊപ്ര ആക്കുവാൻ തക്കവണ്ണം സജ്ജമാക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

## 3. കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2010-ലെ പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച റിപ്പോർട്ട്

### ശുപാർശ

കൃഷിഭവൻ മുഖേന വിത്തുനൽകുന്നതിന് പല അപാകതകളും നിലനിൽക്കുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. വിത്തിന്റെ ദൗർലഭ്യംമൂലം യഥാസമയത്ത് വിത്ത് ലഭ്യമാക്കുന്നതിന് ഇപ്പോൾ കൃഷിഭവനുകൾക്ക് സാധിക്കുന്നില്ല. ജില്ലയിലെ പ്രധാന നെൽവയലുകൾ കേന്ദ്രീകരിച്ച് വിത്തുല്പാദനം നടത്തണമെന്നും ഇപ്പോൾ നടത്തുന്ന വിത്തുല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ഓരോ കൃഷിക്കുമുള്ള, അതായത് വിരിപ്പ്, മുണ്ടകൻ, പുഞ്ചവിത്തുകൾ യഥാസമയം തന്നെ കർഷകർക്ക് ലഭ്യമാക്കണമെന്നും ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

### സർക്കാർ സ്വീകരിച്ച നടപടി

പാലക്കാട് ജില്ലയിൽ 2011-ൽ വിരിപ്പ്, മുണ്ടകൻ വിളകളിൽ യഥാക്രമം 460,1380 ഹെക്ടറും 2012-ൽ 817,2000 ഹെക്ടറും വിത്തുല്പാദന പദ്ധതി നടപ്പിലാക്കുകയും അത്യുല്പാദനശേഷിയുള്ള വിത്തുകൾ പാലക്കാട് ജില്ലയുൾപ്പെടെയുള്ള കൃഷിഭവനുകളിൽ വിതരണത്തിനായി സീഡ് അതോറിറ്റി മുഖാന്തിരം നൽകുകയും

ചെയ്തിട്ടുണ്ട്. വിള ഇറക്കുന്നതിന് മുമ്പുതന്നെ പാടശേഖരത്തിൽ യോഗംചേർന്ന് വിത്തിന്റെ ഇനം തീരുമാനിക്കുകയും കൃഷി ഓഫീസർമാർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ മുഖേന സീഡ് അതോറിറ്റിക്ക് ഇൻഡന്റ് (Indent) നൽകുകയും സമയത്തുതന്നെ വിത്ത് ലഭ്യമാക്കുവാൻ നടപടിയെടുക്കുകയും ചെയ്തുവരുന്നു. സീഡ് അതോറിറ്റിയുമായി യോജിച്ച് സീഡ് പ്ലാൻ തയ്യാറാക്കി സീഡ് ഫാമുകളിലും അത്യുൽപ്പാദന ശേഷിയുള്ള ഇനം (HYV) കൂടുതലായി ഉല്പാദിപ്പിച്ച് വിത്തുല്പാദന പദ്ധതിക്ക് നൽകിവരുന്നു.

ശുപാർശ

ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി അതാത് പ്രദേശത്ത് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയിലെ ചെയർപേഴ്സൺ, കൃഷി ഓഫീസർ, വില്ലേജ് ഓഫീസർമാർ, നെൽക്കർഷക പ്രതിനിധികൾ എന്നിവരട ങ്ങുന്ന ഒരു പ്രാദേശികതല നിരീക്ഷണ സമിതി രൂപീകരിക്കണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ പാലക്കാട് ജില്ലയിൽ പഞ്ചായത്ത് തലത്തിൽ ഇപ്രകാരം ഒരു നിരീക്ഷണ സമിതി രൂപീകരിക്കപ്പെട്ടിട്ടില്ല എന്ന് സമിതി കണ്ടെത്തി. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം കർശനമായി പാലിക്കുന്നു എന്ന് ഉറപ്പുവരുത്താൻ അതാത് പ്രദേശത്തെ പ്രാദേശികതല നിരീക്ഷണ സമിതികൾ അടിയന്തരമായി രൂപീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

പാലക്കാട് ജില്ലയിൽ നെല്ലിയാമ്പതി ഒഴികെയുള്ള എല്ലാ പഞ്ചായത്തുകളിലും പ്രാദേശികതല നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ട്. നെല്ലിയാമ്പതിയിൽ നെൽവയൽ ഇല്ലാത്തതുകൊണ്ട് നെൽവയൽ പരിവർത്തനം നടക്കുന്നില്ല. ആയതിനാൽ നെല്ലിയാമ്പതിയിൽ പ്രസ്തുത സമിതി രൂപീകരിക്കേണ്ട ആവശ്യം വന്നിട്ടില്ല.

ശുപാർശ

**ജലസേചന പദ്ധതികൾ**

മലമ്പുഴ പദ്ധതി, ചിറ്റൂർപ്പുഴ പദ്ധതി, വാളയാർ പദ്ധതി, ഗായത്രി പദ്ധതി, പോത്തുണ്ടി പദ്ധതി, മംഗലം പദ്ധതി, കാഞ്ഞിരപ്പുഴ പദ്ധതി എന്നീ വൻകിട ഇടത്തരം പദ്ധതികളും, മലമ്പുഴ ഡാം, പോത്തുണ്ടി ഡാം, മംഗലം ഡാം, ചുള്ളിയാർ ഡാം, തുണക്കടവ് ഡാം, പെരുവാരിപ്പള്ളം ഡാം എന്നിങ്ങനെയുള്ള 11 ഡാമുകളും പാലക്കാട് ജില്ലയിലാണ് സ്ഥിതിചെയ്യുന്നത്. ഇതിൽ ശിരുവാണി ഡാം തമിഴ്നാട്ടിലെ കോയമ്പത്തൂരിലും പരിസരപ്രദേശത്തും കുടിവെള്ളം കൊടുക്കുന്നതിനുള്ള ഒരു അന്തർസംസ്ഥാന പദ്ധതിയും, പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം എന്നിവ അന്തർസംസ്ഥാന നദീജല കരാർ വ്യവസ്ഥ പ്രകാരം തമിഴ്നാടിന്റെ നിയന്ത്രണ ത്തിലുമാണ്. പാലക്കാട് ചെറുകിട ജലസേചന ഡിവിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന പല ചെറുകിട ജലസേചന പദ്ധതികളും ജില്ലയിലുണ്ട്. ജില്ലയിൽ ആകെ 37 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളും 24 ക്ളാസ് 1 പദ്ധതികളും നിലവിലുണ്ട്.

(ഖണ്ഡിക 23)

സർക്കാർ സ്വീകരിച്ച നടപടി

ചിറ്റൂർപ്പുഴ, വാളയാർ, ഗായത്രി എന്നീ ചിറ്റൂർ ഇറിഗേഷൻ ഡിവിഷന്റെ കീഴിലുള്ള പദ്ധതികളിൽ നിന്നുള്ള വെള്ളം കൃഷിയാവശ്യത്തിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുമായി ഉപകരിക്കുന്നു. മലമ്പുഴ ഇറിഗേഷൻ ഡിവിഷനുകീഴിൽ വരുന്ന പോത്തുണ്ടി പദ്ധതിയിൽ നിന്നും എലവഞ്ചേരി മേലാർക്കോട്, ഐലൂർ, വണ്ടാഴി, വടക്കഞ്ചേരി, എരിമയൂർ എന്നീ 7 പഞ്ചായത്തുകളിൽ കൃഷിയാവശ്യത്തിനും നെന്മാറ, മേലാർക്കോട്, ഐയലൂർ എന്നീ മൂന്ന് പഞ്ചായത്തുകളിൽ കൃഷിയാവശ്യത്തെ കൂടാതെ കുടിവെള്ളത്തിനുംകൂടി ഉപയോഗിച്ചുവരുന്നു. കാലപ്പഴക്കംകൊണ്ട് വിതരണശേഷി നഷ്ടപ്പെട്ട കനാലുകൾ നന്നാക്കിയാൽ കൂടുതൽ കാര്യക്ഷമത ഉള്ളതാക്കാൻ കഴിയും.

ശുപാർശ

**വൻകിട ഇടത്തരം പദ്ധതികൾ**

കാലാവസ്ഥയിലുണ്ടായ മാറ്റംമൂലം മുൻകാലങ്ങളിലെപ്പോലെ ജലസംഭരണികളിലേക്ക് ജലം ഒഴുകിയെത്തുന്നില്ല. കാലാവസ്ഥയിൽ ഏറ്റവുമധികം വ്യതിയാനമുള്ള ജില്ലയാണ് പാലക്കാട്. മറ്റ് ജില്ലകളിൽനിന്ന് വ്യത്യസ്തമായ ഒരു കാലാവസ്ഥയാണ് ഇവിടെ ഉള്ളത്. 5000 മി.മീറ്റർ മഴയുള്ള പ്രദേശങ്ങളും തീരെ മഴയില്ലാത്ത മഴനിഴൽ പ്രദേശങ്ങളും ഈ ജില്ലയിൽ ഉണ്ട്. നിലവിലുള്ള കാലാവസ്ഥാ പ്രവചനങ്ങൾ പാലക്കാട് ജില്ലയ്ക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. കാലാവസ്ഥയ്ക്കനുസരിച്ച് കൃഷിരീതികൾ വികസിപ്പിച്ചെടുക്കേണ്ടത് അത്യാവശ്യമാണ്. കാലാവസ്ഥയെക്കുറിച്ച് വിശദമായ പഠനംനടത്തി ജില്ലയ്ക്ക് പ്രത്യേകമായ ഒരു കാലാവസ്ഥാ പ്രവചന സൗകര്യം (പ്രത്യേകിച്ച് ജലസേചന പദ്ധതികളുടെ വൃഷ്ടിപ്രദേശങ്ങളേയും കൃഷിയിടങ്ങളേയും കൂട്ടിയിണക്കിക്കൊണ്ട്) ഒരുക്കുവാൻ സർക്കാർ മുൻകൈ എടുക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സർക്കാർ സ്വീകരിച്ച നടപടി

പാലക്കാട് ജില്ലയിലെ കാലാവസ്ഥാ വ്യതിയാനങ്ങൾ വ്യക്തമായി അറിയുവാൻ വേണ്ടി എല്ലാവിധ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകി പരിസ്ഥിതി വകുപ്പിൽനിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ശുപാർശ

**മലമ്പുഴ പദ്ധതി**

പാലക്കാട് ജില്ലയിലെ വൻകിട ജലസേചന പദ്ധതികളിൽ ഒന്നാണ് മലമ്പുഴ പദ്ധതി. 320 കി.മീ കനാൽ ശൃംഖലയും 226 ദശലക്ഷം ക്യൂ.മീ. സംഭരണശേഷിയുമുള്ള ഈ പദ്ധതി പാലക്കാട് മുനിസിപ്പാലിറ്റിയിലും 6 സമീപ പഞ്ചായത്തുകളിലും കുടിവെള്ളത്തിനും 21000 ഹെക്ടർ സ്ഥലത്ത് കൃഷിക്കായുള്ള ജലസേചനത്തിനും

2.5 മെഗാവാട്ട് വൈദ്യുതി ഉല്പാദനത്തിനും വൻതോതിൽ ഉൾനാടൻ മത്സ്യക്കൃഷി ക്കായും ഉപയോഗിക്കുന്നു. കേരളത്തിലെ ഏറ്റവും വലിയ വിനോദസഞ്ചാരകേന്ദ്രവും കൂടിയാണ് ഇത്. ഈ പദ്ധതിയുടെ വൃഷ്ടിപ്രദേശം പൂർണ്ണമായും കേരളത്തിലാണ് സ്ഥിതിചെയ്യുന്നത്. ഡാമിന്റെയും കനാലിന്റെയും പരിപാലനത്തിനായി എൻ.ഡബ്ള്യൂ.എം.പി., ആർ. ആന്റ് സി.പി.ആർ. ആന്റ് ഇ.എം.പി., ആർ.എസ്.വി.വൈ. തുടങ്ങിയ കേന്ദ്രഗവൺമെന്റ് സ്കീമുകൾക്കു പുറമെ വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തി കിട്ടുന്ന ഫണ്ടുകളും ഉപയോഗപ്രദമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ സ്കീമുകൾ വഴി ലഭ്യമാകുന്ന ഫണ്ടുകളും സംസ്ഥാന ഫണ്ടും ഉപയോഗിച്ച് ഡാമിന്റെ അറ്റകുറ്റപ്പണികളും കനാലിന്റെ നവീകരണ പ്രവർത്തനങ്ങളും നടന്നുവരുന്ന തിനാൽ ജലസേചനം ഒരു പരിധിവരെ സുഗമമായി നിർവ്വഹിക്കാൻ കഴിയാറുണ്ട്.

(ഖണ്ഡിക 25)

സർക്കാർ സ്വീകരിച്ച നടപടി

ഈ സാമ്പത്തികവർഷം മലമ്പുഴ ഇറിഗേഷൻ ഡിവിഷനുകീഴിൽ പ്രധാനമന്ത്രിയുടെ കാർഷിക പാക്കേജ് പ്രകാരം അനുവദിച്ച് 11.086 കോടി രൂപയുടെ എ.ഐ.ബി.പി. (ഇ.ആർ.എം.) പദ്ധതിയിൽ കനാലുകളുടെ അറ്റകുറ്റപ്പണികളും, നവീകരണ പ്രവൃത്തി കളും ചെയ്തുവരുന്നുണ്ട്. ജലവിതരണം സുഗമമായി നടത്തുവാൻ സാധിച്ചിട്ടുണ്ട്.

ശുപാർശ

ചേരാമംഗലം സ്കീമിൽ മലമ്പുഴ പദ്ധതിയിൽനിന്നും ലഭിക്കുന്ന വെള്ളം ഉപയോഗിച്ച് 1180 ഹെക്ടർ സ്ഥലത്ത് എല്ലാവർഷവും ജലസേചനം നടത്തുന്നുണ്ട്. ഇത് ഒരു ഡൈവേർഷൻ സ്കീം ആയതുകൊണ്ട് സംഭരണശേഷി ഇല്ല. മലമ്പുഴ പദ്ധതിയിൽ നിന്നുള്ള ജലലഭ്യതയ്ക്കനുസരിച്ച് വിജയകരമായി ജലസേചനം നടത്തി വരുന്നു. മേൽപ്പറഞ്ഞ കേന്ദ്രഗവൺമെന്റ് പദ്ധതികളിലൊന്നും ഈ സ്കീം ഉൾപ്പെട്ടിട്ടില്ല. സംസ്ഥാന ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഫണ്ടുകൾ ഉപയോഗിച്ച് വാർഷിക അറ്റകുറ്റപ്പണികളും കനാൽ നവീകരണ പ്രവൃത്തികളും നടത്തിവരുന്നു.

(ഖണ്ഡിക 26)

സർക്കാർ സ്വീകരിച്ച നടപടി

ചേരാമംഗലം പദ്ധതിക്കുവേണ്ടി കൂടുതൽ വെള്ളം മലമ്പുഴ ജലസേചന പദ്ധതിയിൽ നിന്നും ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിന്റെ സഹായ ത്തോടെയുള്ള എ.ഐ.ബി.പി. സ്കീമിൽ ഉൾപ്പെടുത്തി 2 കോടി രൂപ ചെലവിൽ പല്ലാവൂർ ബ്രാഞ്ചുകനാലിന്റെ നവീകരണവും വീതികൂട്ടൽ പ്രവൃത്തികളും നടന്നുവരുന്നു.

ശുപാർശ

**ചിറ്റൂർപ്പുഴ പദ്ധതി**

പാലക്കാട് ജില്ലയുടെ കിഴക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന ഒരു പദ്ധതിയാണിത്. 1970-ൽ തമിഴ്നാടും, കേരളവും തമ്മിൽ ഒപ്പുവച്ച Parambikulam-Aliyar Project Agreement (PAP-Agreement)-ലെ വ്യവസ്ഥകൾ പ്രകാരം തമിഴ്നാട്ടിൽ നിന്ന്

ലഭിക്കുന്ന ജലം ഉപയോഗിച്ച് കൃഷിചെയ്യുന്ന പദ്ധതിയാണിത്. 1958 മുതൽ മുൻകാല പ്രാബല്യത്തോടെയാണ് ഈ കരാർ ഒപ്പിട്ടിട്ടുള്ളത്. മാത്രമല്ല 30 വർഷം കൂടുമ്പോൾ ഈ കരാർ പുനരവലോകനം നടത്താനുള്ള ഒരു വ്യവസ്ഥ കൂടി ഈ കരാറിലുൾപ്പെടുത്തിയിട്ടുള്ളതായി സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. 1988-ൽ പുനരവലോകനം നടക്കേണ്ട കരാർ ഇനിയും പുനരവലോകനം നടത്താത്തതിൽ സമിതി ഉത്കണ്ഠ രേഖപ്പെടുത്തുകയും പ്രസ്തുത കരാർ പുതുക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുകയും ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിന്റെ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ 1988-ൽത്തന്നെ ആരംഭിച്ചിട്ടുണ്ട്. 1988 മുതൽ 2011 ജനുവരി വരെയുള്ള കാലയളവിൽ കേരളവും, തമിഴ്നാടും തമ്മിൽ, കരാർ പുനരവലോകനം ചെയ്യുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രിതലത്തിലും മന്ത്രിതലത്തിലും ഔദ്യോഗികതലത്തിലുമായി പത്തൊൻപത് ചർച്ചകൾ നടന്നു. ഈ ചർച്ചയിലൊന്നും ഇരുസംസ്ഥാനങ്ങളും തമ്മിൽ കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുന്നത് സംബന്ധിച്ച് ഒരു അഭിപ്രായ സമന്വയത്തിലെത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല.

ശുപാർശ

ഇപ്പോൾ തമിഴ്നാടിന്റെ ഭാഗത്തുനിന്നും ജലം വിട്ടുതരുന്നതിൽ പല വീഴ്ച കളും വരുന്നതായി കാണുന്നു. പലപ്പോഴും കരാറിലെ വ്യവസ്ഥകൾ പലതും തമിഴ്നാട് പാലിക്കുന്നില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. അതുകൊണ്ട് തമിഴ്നാടു മായുള്ള കരാറിലെ അപാകതകൾ തീർത്ത് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കാനുള്ള നടപടി എത്രയുംവേഗം സ്വീകരിക്കണമെന്ന് സമിതി ജലവിഭവം, കൃഷി എന്നീ വകുപ്പുകളോട് ശക്തമായി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലുള്ള കരാറിലെ വ്യവസ്ഥകൾ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ഇപ്പോൾ ലഭിക്കുന്നുണ്ട്. എന്നാൽ നിലവിലുള്ള കരാറിലെ അപാകതകൾ തീർക്കുന്നതിനുള്ള ശ്രമമാണ് കരാർ പുനരവലോകന ചർച്ചകളിൽ പ്രധാനമായും ലക്ഷ്യമിടുന്നത്.

ശുപാർശ

കരാറനുസരിച്ച് പ്രതിവർഷം 7250 ദശലക്ഷം ഘനയടി വെള്ളമാണ് കേരള ത്തിൽ ലഭിക്കേണ്ടത്. 30 വർഷത്തെ ജലം തുറന്നുവിടുന്ന കണക്ക് പരിശോധിച്ചതിൽ ശരാശരി 11.13 TMC മണക്കടവിൽ ഒഴുകി എത്തിയിട്ടുണ്ട് (Realised quantity). അതിൽ ശരാശരി 7.37 TMC ജലം മാത്രമാണ് കണക്കിൽ ഉൾപ്പെടുത്തി സ്വീകരിച്ചിട്ടുള്ള തെന്നും (Accepted quantity) ബാക്കിവരുന്ന 3.76 TMC അളവ് വെള്ളം

ശരാശരി പ്രളയജലമാക്കി കണക്കാക്കിയിരിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ഈ പ്രളയജലം ഉപയോഗിക്കാൻ പാകത്തിൽ മൂലത്തറ വലതുകര കനാൽ പണി ഉടൻ തീർക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടി

മണക്കടവിൽ ലഭിക്കുന്ന അധികജലം ഉപയോഗിച്ച് വലതുകര കനാൽ വേലന്താവളം വരെ നീട്ടുന്നതിന് പദ്ധതി തയ്യാറാക്കുകയുണ്ടായി. എന്നാൽ കനാൽ നീട്ടുന്നത്, അന്തർസംസ്ഥാന നദീജലം പങ്കിടുന്നതുമായി ബന്ധപ്പെട്ട ചർച്ചകളിൽ കേരളത്തിന്റെ താല്പര്യങ്ങളെ ദോഷകരമായി ബാധിക്കുവാൻ സാദ്ധ്യതയുണ്ടെന്ന് വിദഗ്ദ്ധ സമിതിയുടെ നിരീക്ഷണത്തെ തുടർന്ന് പ്രസ്തുത പദ്ധതി ഏറ്റെടുത്തിട്ടില്ല.

ശുപാർശ

ചിറ്റൂർപ്പുഴ പദ്ധതി ആകെ 16940 ഹെക്ടർ കൃഷിസ്ഥലത്ത് ജലലഭ്യത ഉറപ്പുവരുത്താറുണ്ടെന്നും നെൽക്കൃഷിയുടെ രണ്ടുവിളകൾക്ക് ഈ പദ്ധതിയിൽ നിന്നും വെള്ളം നൽകുന്നുണ്ടെന്നും സമിതി മനസ്സിലാക്കി. ഈ പദ്ധതി പ്രധാനമന്ത്രിയുടെ കാർഷിക പാക്കേജിലെ എ.ഐ.ബി.പി. സഹായത്തിനായി ഇ.ആർ.എം.-ൽ ഉൾപ്പെടുത്തി കേന്ദ്രജലകമ്മീഷനു സമർപ്പിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കി. കേന്ദ്രസഹായം ഈ പദ്ധതിക്ക് നഷ്ടപ്പെടാതെ ആവശ്യമായ ശുഷ്കാന്തിയോടെ ജലവിഭവവകുപ്പ് പ്രവർത്തിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

(ഖണ്ഡിക 31)

സർക്കാർ സ്വീകരിച്ച നടപടി

കേന്ദ്ര സഹായത്തോടെ എ.ഐ.ബി.പി. സ്കീമിൽ (ഇ.ആർ.എം.)ഉൾപ്പെടുത്തി 34.57 കോടി രൂപയുടെ ചിറ്റൂർപ്പുഴ കനാലുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു.

ശുപാർശ

**കുരിയാർകുറ്റി-കാരപ്പാറ ജലസേചന പദ്ധതി**

ചാലക്കുടി നദീതടത്തിലെ ജലം കാരപ്പാറ എന്ന സ്ഥലത്ത് ഡാം നിർമ്മിച്ച് കുരിയാർകുറ്റി എന്ന സ്ഥലത്ത് എത്തിക്കുകയും അവിടെനിന്നും ടണൽ വഴി ഭാരതപ്പുഴയുടെ നദീതടപ്രദേശമായ വെള്ളാരം കടവിലെത്തിച്ച് വൈദ്യുതോല്പാദനം നടത്തിയശേഷം പുറത്തേക്കൊഴിക്കിവിടുന്ന വെള്ളത്തെ ജലസേചനത്തിനായി ഉപയോഗിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യങ്ങളോടെ ആരംഭിച്ച ഒരു വിവിധോദ്ദേശ്യ പദ്ധതിയാണിത്. ഊർജ്ജോൽപ്പാദനം വിദ്യുച്ഛക്തി വകുപ്പും ജലസേചനം ജലവിഭവവകുപ്പുമാണ് നടപ്പിലാക്കുന്നത്.

(ഖണ്ഡിക 40)

ശുപാർശ

പാലക്കാടിലെ വരൾച്ചബാധിത പ്രദേശമെന്ന് അംഗീകരിക്കപ്പെട്ടിട്ടുള്ള ഈ പ്രദേശത്ത് മഴ തീരെ കുറവായതിനാലും ജലസേചനത്തിനോ കുടിവെള്ളത്തിനോ ഉപകരിക്കുന്ന മറ്റ് സമഗ്രപദ്ധതികളൊന്നും തന്നെയില്ലാത്ത സാഹചര്യത്തിലും കിഴക്കൻ മേഖലയായ ചിറ്റൂർ താലൂക്കിലെ കൊഴിഞ്ഞാൻപാറ, വലിയവള്ളംപതി, കോഴിപതി, എരുത്തേമ്പതി, വടകരപതി എന്നീ പ്രദേശങ്ങളിലെ ജനങ്ങൾ കാലാകാലങ്ങളായി ആവശ്യപ്പെട്ടുകൊണ്ടിരുന്ന ഒരു പദ്ധതിയുമാണിത്.

(ഖണ്ഡിക 41)

ശുപാർശ

കാരപ്പാറ ബണ്ട് നിർമ്മിച്ച് ഇതിലെ വെള്ളം കുരിയാർകുറ്റി വിയർവഴി വെള്ളാരംകടവിലെത്തിക്കുകയും അവിടെ വൈദ്യുതോല്പാദനത്തിനുശേഷം പുറത്തേക്കു വിടുന്ന വെള്ളം ജലവിഭവ വകുപ്പിന്റെ കീഴിൽ ഒരു വിയർ നിർമ്മിച്ച് വെള്ളം സംഭരിച്ചശേഷം 18.50 കി.മീ നീളമുള്ള കനാൽ വഴി എലവഞ്ചേരി, മുതലമട എന്നീ വില്ലേജുകളിലായി 4036 ഹെക്ടർ കൃഷിക്കും മറ്റൊരുകനാൽ 14.60 കി.മീ. നീളത്തിൽ ചിറ്റൂർപ്പുഴ പദ്ധതിയുടെ ഇടതുകരക്കനാലിൽ യോജിപ്പിച്ച് അവിടെ 12012 ഹെക്ടർ നെൽക്കൃഷിക്കും ഉപയോഗപ്പെടുത്തുന്നു. പറമ്പിക്കുളം-ആളിയാർ പദ്ധതി പ്രകാരം തമിഴ്നാട്ടിൽ നിന്നും ലഭിക്കുന്ന വെള്ളം ഇപ്പോൾ ചിറ്റൂർപ്പുഴ പദ്ധതിയുടെ ഇടതുകര കനാലിൽ 14500 ഹെക്ടർ നെൽകൃഷിക്കും മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ 1200 ഹെക്ടർ സ്ഥലത്തും മൂലത്തറ വലതുകരകനാലിനു കീഴിൽ 1240 ഹെക്ടർ സ്ഥലത്തും ഉപയോഗപ്പെടുത്തുന്നു. പി.എ.പി. കരാർ പ്രകാരം കിട്ടിക്കൊണ്ടിരിക്കുന്ന വെള്ളത്തിന്റെ മുഖ്യപങ്ക് തിരിച്ച് മൂലത്തറ ഇടതുകര കനാൽ വാളയാർ വരെ നിർമ്മിച്ച് ഏകദേശം 13453 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താനും കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയിൽ നിന്നും വരുന്ന വെള്ളം മൂലത്തറ ഇടതുകര കനാലിൽ എത്തിച്ച് ഏകദേശം 12012 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താനുമാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. അതായത് നിലവിലുള്ള ചിറ്റൂർ പുഴ പദ്ധതിയുടെ (പി.എ.പി. വെള്ളം) ആയക്കെട്ടിന്റെ മുഖ്യപങ്ക് കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുടെ ആയക്കെട്ടായും പുതുതായി പണിയുന്ന മൂലത്തറവലതുകര കനാലിന്റെ ആയക്കെട്ട് പ്രദേശം ചിറ്റൂർപ്പുഴ പദ്ധതിയുടെ ആയക്കെട്ട് പ്രദേശമായും മാറും. ഈ പദ്ധതി നടപ്പിലാക്കിയാൽ കൊഴിഞ്ഞാമ്പാറയിലേക്കും സമീപപ്രദേശങ്ങളിലേക്കും ജലസേചനത്തിനും കുടിവെള്ളക്ഷാമത്തിനും ശാശ്വത പരിഹാരം കാണാൻ സാധിക്കും.

(ഖണ്ഡിക 42)

ശുപാർശ

1970-ൽ വിജ്ഞാപനം ചെയ്തെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പദ്ധതിയുടെ പ്രവർത്തനം പൂർത്തിയാക്കാൻ ഇതുവരെ സാധിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. സൈലന്റ് വാലി പദ്ധതി ഉപേക്ഷിച്ചതിനുപകരം പാലക്കാട്

ജില്ലയ്ക്ക് കുരിയാർകുറ്റി-കാരപ്പാറ പദ്ധതിക്ക് അനുവാദം നൽകാമെന്ന് അന്തരിച്ച മുൻപ്രധാനമന്ത്രി ശ്രീ. രാജീവ്ഗാന്ധി ഉറപ്പുനൽകിയിരുന്നു. പാലക്കാട് ജില്ലയിലെ കിഴക്കൻമേഖലയിലെ കർഷകരുടെ പ്രതീക്ഷയായ ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഉണ്ടാകുന്ന കാലവിളംബത്തിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഈ പദ്ധതി എത്രയുംവേഗം പൂർത്തിയാക്കുവാൻ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 40, 41, 42, 43)

കുരിയാർകുറ്റി-കാരപ്പാറ പദ്ധതി ഉപേക്ഷിച്ച പദ്ധതിയാണ്. പ്രസ്തുത പദ്ധതിയുടെ പ്രദേശത്ത് ഒരു ടൈഗർ റിസർവ്വിന് വേണ്ടിയുള്ള പ്രൊപ്പോസൽ ഉള്ളതിനാൽ പ്രസ്തുത പ്രദേശത്ത് പദ്ധതിക്കായി പരിസ്ഥിതിവകുപ്പിന്റെ അനുമതി ലഭിക്കില്ലെന്നുള്ളതുകൊണ്ടാണ് പ്രസ്തുത പദ്ധതി ഉപേക്ഷിച്ചത്. ഈ പദ്ധതിയെക്കുറിച്ച് പഠിക്കുന്നതിനായി മൂന്നംഗസമിതിയെ നിയമിക്കുകയും പ്രസ്തുത പദ്ധതി ഉപേക്ഷിക്കുന്നതിനുള്ള നിർദ്ദേശം നൽകിയതുമാണ്. ഈ പദ്ധതി നടത്തിപ്പിനായി ഉണ്ടാക്കിയിരുന്ന കുരിയാർകുറ്റി-കാരപ്പാറ പ്രോജക്റ്റ് ഡിവിഷൻ ഓഫീസ് അവിടെനിന്നും മാറ്റി പുനർവിന്യസിക്കുകയും ചെയ്തു.

ശുപാർശ

9713 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നതിനായി 1980-ൽ ഭാഗികമായി കമ്മീഷൻചെയ്ത കാഞ്ഞിരപ്പുഴ ഡാമിന്റെ സംഭരണശേഷി 70.82 MM3 ആണെന്നും ഈ ഡാമിന്റെ ജലസേചന പരിധിയിൽ 8467 ഹെക്ടർ സ്ഥലം ഇതിനകം വന്നുകഴിഞ്ഞുവെന്നും, വലതുകര കനാൽ പൂർത്തിയാക്കിയെങ്കിലും 66 കിലോമീറ്റർ നീളമുള്ള ഇടതുകര കനാലിൽ 61.71 കിലോമീറ്റർ ദൂരം മാത്രമേ പണികഴിപ്പിച്ചിട്ടുള്ളൂവെന്നും ഉദ്യോഗസ്ഥർ സമിതിയെ ബോദ്ധ്യപ്പെടുത്തി. ഈ പദ്ധതിക്ക് ഇതുവരെ 114 കോടി രൂപ ചെലവായിട്ടുണ്ട്. ലഭ്യമായ ജലം ആയക്കെട്ട് പ്രദേശങ്ങളിൽ നഷ്ടംകൂടാതെ എത്തിക്കുന്നതിനുള്ള നടപടികൾ കാലാകാലങ്ങളിൽ നടത്തുന്നുണ്ടെന്നും ഇതു കൂടുതൽ ഫലപ്രദമാക്കുന്നതിന് വേണ്ടി എ.ഐ.ബി.പി.-യിൽ ഉൾപ്പെടുത്തി നവീകരണം നടത്തുന്നതിനായി അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കിയാൽ നിലവിലുള്ള ആയക്കെട്ട് പ്രദേശങ്ങളിൽ ജലലഭ്യത വർദ്ധിപ്പിക്കാനും കൂടുതലായി 1247 ഹെക്ടർ ആയക്കെട്ട് പ്രദേശത്ത് ജലവിതരണം നടത്താനും കഴിയുമെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ നവീകരണ പ്രവർത്തനങ്ങൾ കാലവിളംബം കൂടാതെ നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കേരളസർക്കാർ 1975-ൽ പാസ്സാക്കിയ കാഞ്ഞിരപ്പുഴ പ്രോജക്റ്റിന്റെ പുനഃക്രമീകരിച്ച പദ്ധതിരേഖയിൽ ഉൾപ്പെടുത്തിയ 28.32 MM3 സംഭരണശേഷിയുള്ള തുപ്പനാട് പദ്ധതിയും അതിലെ വെള്ളവും ഇടതുകര കനാലിൽ ചാടിച്ച് 4700 ഹെക്ടർ സ്ഥലത്ത് ജനസേചനം നടത്താനുള്ള രണ്ടാം ഘട്ടം വികസനവുംകൂടി നടപ്പാക്കിയാൽ മാത്രമേ ഇപ്പോൾ പണിതീർത്ത കാഞ്ഞിരപ്പുഴയുടെ ഇടതുകനാലിന്റെ മുഴുവൻപ്രദേശത്തും ജലവിതരണം നടത്താൻ കഴിയുകയുള്ളൂ. ഡാമിന്റെ സംഭരണശേഷി 70.8 MM3 ആണെങ്കിലും 61 MM3

മാത്രമേ സംഭരിക്കുന്നുള്ളൂ എന്നും സമിതി മനസ്സിലാക്കുന്നു. ഡാമിന് ചോർച്ചയുള്ള തിനാൽ സേഫ്റ്റി കമ്മീഷൻ നിർദ്ദേശിച്ച മുഴുവൻ ജോലികളും ചെയ്തുതീർത്താൽ മാത്രമേ വെള്ളം പൂർണ്ണമായും സംഭരിക്കാൻ സാധിക്കുകയുള്ളൂ എന്നും സമിതിക്ക് ബോധ്യപ്പെട്ടു.

(ഖണ്ഡിക 44)

സർക്കാർ സ്വീകരിച്ച നടപടി

കാഞ്ഞിരപ്പുഴ പദ്ധതിയുടെ കനാലുകൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന എ.ഐ.ബി.പി. പദ്ധതിക്കുകീഴിൽ നവീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശുപാർശ

1980-ൽ ഭാഗികമായി കമ്മീഷൻ ചെയ്തുവെങ്കിലും ഇടതുകര കനാലിന്റെ പണി പൂർത്തിയാകാത്തതിനാൽ ഒന്നാം ഘട്ടം പൂർണ്ണമായി കമ്മീഷൻ ചെയ്യുവാൻ കഴിഞ്ഞിട്ടില്ലായെന്ന് സമിതിക്ക് ബോധ്യമായി. പ്രസ്തുത കനാൽ പണി അടിയന്തര മായി പൂർത്തിയാക്കണമെന്നും ഡാം സേഫ്റ്റി കമ്മീഷൻ ശുപാർശ ചെയ്ത മുഴുവൻ ജോലിയും ചെയ്തുതീർത്ത് ഡാമിന്റെ സ്ഥാപിതശേഷിയായ 70.8 MM3 ജലം സംഭരിക്കുന്നതിനും വേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സർക്കാർ സ്വീകരിച്ച നടപടി

എ.ഐ.ബി.പി.-യിൽ ഉൾപ്പെടുത്തി നടത്തുന്ന പ്രവൃത്തികൾ പൂർത്തിയാകു മ്പോൾ പദ്ധതിയുടെ ഒന്നാം ഘട്ടം ആയക്കെട്ട് മുഴുവനായും ഉറപ്പാക്കാൻ കഴിയും. ഡാം സേഫ്റ്റി കമ്മീഷൻ അനുവദിക്കുന്ന ഫണ്ടും മറ്റു അറ്റകുറ്റപ്പണികൾക്കുള്ള ഫണ്ടും ഉപയോഗിച്ച് പ്രവൃത്തികൾ നടത്തി ഡാമിന്റെ സ്ഥാപിത പ്രവൃത്തികൾ നടത്തി ഡാമിന്റെ സ്ഥാപിതശേഷിയായ 70.80 MM3 ജലം സംഭരിക്കാനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ശുപാർശ

മേൽപ്പറഞ്ഞ നിർമ്മാണ ജോലികൾക്കു പുറമേ രണ്ടാം ഘട്ടമായി തുപ്പനാട് പദ്ധതിപ്രകാരം തുപ്പനാട് പുഴയിൽ അണകെട്ടി 49000 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ ഉദ്ദേശിച്ചതാണെങ്കിലും ഇതുവരെ പദ്ധതി പൂർത്തീകരിക്കാത്തതിൽ സമിതി അസംതൃപ്തി രേഖപ്പെടുത്തുകയും തുപ്പനാട് പദ്ധതിക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ വകകൊള്ളിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുകയും ചെയ്യുന്നു.

(ഖണ്ഡിക 46)

സർക്കാർ സ്വീകരിച്ച നടപടി

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

ശുപാർശ

ചെറുകിട ജലസേചന വിഭാഗം പാലക്കാട് ഡിവിഷൻ പ്രവർത്തനം ആരംഭിച്ചത് 1956-ൽ ആണ്. പാലക്കാട് ജില്ല മുഴുവനായും ഈ ഡിവിഷന്റെ പ്രവർത്തന പരിധിയിൽ വരുന്നു. ജില്ലയിലെ പ്രധാന നദികളായ ഭാരതപ്പുഴ, പോഷകനദികളായ കൽപ്പാത്തിപ്പുഴ, കുന്തിപ്പുഴ, തൂതപ്പുഴ, ചിറ്റൂർപ്പുഴ, വാളയാർപ്പുഴ, കാരപ്പാറപ്പുഴ, ഗായത്രിപ്പുഴ, ഭവാനിപ്പുഴ എന്നിവയിൽ എം.ഐ. ക്ലാസ്1-ൽ ഉൾപ്പെടുത്തി 20 തടയണകളും, ക്ലാസ് 2-ൽ ഉൾപ്പെടുത്തി ക്രോസ് ബാറുകളും, വിയറുകളും ജലസംഭരണത്തിനും വിതരണ ത്തിനും വേണ്ടി നിർമ്മിച്ചിട്ടുണ്ട്. ഇതുകൂടാതെ കാർഷിക പാക്കേജിൽ ഉൾപ്പെടുത്തി 5 ചെക്ക് ഡാമുകൾക്കും 6 വി.സി.ബി.-കൾക്കും അനുമതി ലഭിക്കുന്നമുറയ്ക്ക് പണി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കാർഷിക പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള 31 ചെക്ക് ഡാമുകളുടെ പര്യവേഷണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ചെക്ക് ഡാമുകളുടെ നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്ന താണ്. ഇതിൻപ്രകാരം 5592 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ലഭ്യമായിട്ടുണ്ട്.

(ഖണ്ഡിക 48)

സർക്കാർ സ്വീകരിച്ച നടപടി

കാർഷിക പാക്കേജിൽ ഉൾപ്പെടുത്തി 7 തടയണകളുടെകൂടി നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇതിനുപുറമേ NABARD-ൽ ഉൾപ്പെടുത്തി 9 തടയണകളും മുൻഗണനാപ്രവൃത്തികളിൽ ഉൾപ്പെടുത്തി 2 തടയണകളുടേയും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 3 തടയണകളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 10 തടയണകളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശുപാർശ

പാലക്കാട് ജില്ലയിൽ ഈ ഡിവിഷന്റെ കീഴിൽ 41 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കളാണുള്ളത്. ഇവയിൽ 36 എണ്ണം പ്രവർത്തിച്ചുവരുന്നു. രണ്ടെണ്ണം (തത്തനംപിള്ളി എൽ.ഐ. സ്കീം, തേനാംപാറ എൽ.ഐ. സ്കീം) ഭാഗികമായി കമ്മീഷൻ ചെയ്തതാണ്. ഈ പദ്ധതികൾ പൂർത്തീകരിക്കാനുള്ള പണി തീർക്കുവാനുണ്ട്. കൂക്കംപാളയം ലിഫ്റ്റ് ഇറിഗേഷൻ സ്കീം ട്രയൽ റൺ ചെയ്തതാണ്. ഇതു പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യുന്നതിന് 8,28,000 രൂപയുടെ പ്രൊപ്പോസൽ മലബാർ പാക്കേജിൽ ഉൾപ്പെടുത്തി കൊടുത്തിട്ടുണ്ട്. ചടയംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം നബാർഡ് ആർ.ഐ.ഡി.എഫ് 11-ൽ നടന്നുകൊണ്ടിരിക്കുകയാണ്. കാക്കുപ്പടി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണി തീർക്കുവാനുണ്ട്. 38 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ മൊത്തം 4573 ഹെക്ടർ സ്ഥലത്ത് ജലവിതരണം നടത്തിവരുന്നു.

(ഖണ്ഡിക 49)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തത്തനംപിള്ളി എൽ.ഐ. സ്കീം**

തത്തനംപിള്ളി പദ്ധതിയുടെ ഇനി പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികളുടെ 2012 PWD നിരക്കു പ്രകാരമുള്ള Estimate വകുപ്പുതലത്തിൽ തയ്യാറാക്കിവരുന്നു.

**തേനാംപാറ എൽ.ഐ.സ്കീം**

ഈ പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തിക്കായി 2012 PWD നിരക്കു പ്രകാരമുള്ള Estimate വകുപ്പുതലത്തിൽ തയ്യാറാക്കിവരുന്നു.

**കാക്കുപ്പടി എൽ.ഐ. സ്കീം**

ഈ പദ്ധതി പുനരുജ്ജീവിപ്പിക്കാൻ വലിയ തുക ചെലവ് വരും. ആയതിനാൽ ഈ ജലസേചന പദ്ധതി തുടരേണ്ടതില്ല എന്ന് അഗളി പഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ട്.

**പറളി Railway Station-നു സമീപം ചെക്ക് ഡാം**

ഈ പ്രവൃത്തി പൂർത്തീകരിച്ചുകഴിഞ്ഞു.

<u>ശുപാർശ</u>

ഈ പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി വർഷംതോറും പ്രോജക്ട് മെയിന്റനൻസ് എന്ന ഹെഡ്ഡിൽ തുക ലഭിക്കാറുണ്ട്. തുകയുടെ ലഭ്യത അനുസരിച്ച് ഇവയുടെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു. കൂടാതെ ഈ വർഷം കാർഷിക പാക്കേജിൽ ഉൾപ്പെടുത്തിക്കൊണ്ട് 14 പദ്ധതികളുടെ പണികൾക്ക് (തടയണ, വി.സി.ബി.-കൾ, സംരക്ഷണ പ്രവൃത്തികൾ) അംഗീകാരം ലഭിക്കുകയും 12 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു. ഇതിൽ രണ്ട് ചെക്ക് ഡാമുകളുടെ പണി അടുത്ത വർക്കിംഗ് സീസണിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്നും കൂടാതെ മലബാർ പാക്കേജിൽ ഉൾപ്പെടുത്തിക്കൊണ്ട് ഈ ഡിവിഷന്റെ കീഴിലുള്ള 38 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെയും കേടുവന്ന മോട്ടോറുകളും പമ്പ്സെറ്റുകളും നന്നാക്കുന്നതിനും പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിനും വേണ്ട 6,64,95,000 രൂപയുടെ പ്രൊപ്പോസലുകൾ ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു.

(ഖണ്ഡിക 50)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മലബാർ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള 37 പ്രവൃത്തികളിൽ ഒരു പദ്ധതിയുടെ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. മറ്റ് 13 പദ്ധതികളുടെ സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഈ പ്രവൃത്തികൾക്കാവശ്യമായ മോട്ടോറുകളും മറ്റും സപ്ളൈ ചെയ്തുകഴിഞ്ഞു. മറ്റ് പ്രവൃത്തികൾ പലഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

<u>ശുപാർശ</u>

ഇനിയും പൂർത്തീകരിക്കുവാനുള്ള പദ്ധതികളായ തത്തനംപിള്ളി, തേനാംപാറ, കാക്കുപ്പടി എന്നീ പദ്ധതികൾ പൂർത്തീകരിക്കുന്നതിനും പറളി റെയിൽവേ സ്റ്റേഷനു സമീപം ഭാരതപ്പുഴയിലുള്ള ചെക്ക് ഡാം പൂർത്തീകരിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>ശുപാർശ</u>

ജില്ലയിൽ പുതുതായി 30 ചെക്ക് ഡാമുകളുടെ പര്യവേഷണം നടന്നു കൊണ്ടിരിക്കുകയാണെന്നും ടി ചെക്ക് ഡാമുകളുടെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞാൽ ജില്ലയിലെ ജനങ്ങളുടെ കാർഷികാവശ്യം പൂർണ്ണതോതിൽ പരിഹരിക്കാനാകുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ റിഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള ചെക്ക് ഡാമുകളുടെ പണി എത്രയുംവേഗം പൂർത്തീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>ശുപാർശ</u>

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ മോട്ടോർ പമ്പ്സെറ്റുകളുടെ കാലപ്പഴക്കംമൂലവും അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യുവാൻ സാധിക്കാത്തതുമൂലവും സുഗമമായ ജലവിതരണം നടത്തുവാൻ സാധിക്കാതെ വരുന്നതായി സമിതി മനസ്സിലാക്കുന്നു.

(ഖണ്ഡിക 53)

<u>ശുപാർശ</u>

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലെ പഴയ മോട്ടോറുകൾ മാറ്റി സ്ഥാപിക്കുകയും കേടുവന്ന മോട്ടോറുകൾ റിപ്പയർ ചെയ്യുകയും പദ്ധതിയിലെ കനാലുകൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്താൽ മേൽപദ്ധതികൾ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുന്നതാണ് എന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ കാർഷിക പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്താൽ പാലക്കാട് ജില്ലയിലെ വരൾച്ചയും തന്മൂലമുണ്ടാകുന്ന കൃഷിനാശവും കുടിവെള്ളത്തിന്റെ ദൗർലഭ്യവും പരിഹരിക്കാവുന്നതാണ് എന്നും സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ അടിയന്തരമായി മേൽപ്രവൃത്തികൾ പൂർത്തീകരിക്കണമെന്നു സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

<u>സർക്കാർ സ്വീകരിച്ച നടപടി</u> (ഖണ്ഡിക 51, 52, 53, 54)

മലബാർ കാർഷിക പാക്കേജിന്റെ വിവരങ്ങളും കാർഷിക പാക്കേജിനെ കുറിച്ചും മേൽ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

**ഏരികുളങ്ങൾ**

കൃഷിക്കാവശ്യമായ ജലസംഭരണത്തിന് സഹായകമായ ഏരികുളങ്ങൾ, പൊട്ടക്കുളങ്ങൾ എന്നിവ പാലക്കാട് ജില്ലയിൽ മാത്രം കാണുന്ന സവിശേഷതയാണ്. ജില്ലയിൽ ഏകദേശം 16000-ത്തോളം കുളങ്ങൾ ഉണ്ടെന്നാണ് കണക്ക്. ഈ കുളങ്ങളിൽ ഭൂരിപക്ഷവും യാതൊരു സംരക്ഷണവും ഇല്ലാതെ പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നു. ഇവയിൽ 23000-ഓളം പൊതുകുളങ്ങളും ബാക്കിയുള്ളവ സ്വകാര്യ വ്യക്തികളുടെ കുളങ്ങളുമാണ്. ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിലാണ് ഏറ്റവുമധികം ഏരികളുള്ളത്. കൃഷിക്കും ജലസംരക്ഷണത്തിനും വേണ്ടി പണ്ടുള്ളവർ നിർമ്മിച്ച സാമാന്യം വലിപ്പമുള്ള ടാങ്കുകളാണ് ഏരികൾ. ജില്ലയുടെ ചില ഭാഗങ്ങളിൽ പല ഏരികളെ തമ്മിൽ ബന്ധിപ്പിച്ച് ശൃംഖലകൾതന്നെ ഉണ്ടായിരുന്നു. അതിനൊരുദാഹരണമാണ് പുതുശ്ശേരി പഞ്ചായത്തിലെ ആരോഗ്യപടുക-പാണ്ടിയത്ത്. താമക്കുളം-സത്രംകുളം ശൃംഖല. ഈ നാല് ഏരികൾ തമ്മിൽ ചാലുകൾ നിർമ്മിച്ച് തമ്മിൽ ബന്ധിപ്പിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഏരികൾ നിലവിലുണ്ടെങ്കിലും ഇവയെ ബന്ധിപ്പിക്കുന്ന ചാലുകൾ ഇല്ലാതായിരിക്കുന്നു. അതുകൊണ്ട് മുമ്പുണ്ടായിരുന്ന ജലവിതരണശൃംഖല നശിച്ചിരിക്കുന്നു.

(ഖണ്ഡിക 55)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ട 49 കുളങ്ങളിൽ 35 എണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കി ഉള്ളവ പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. രണ്ടാംഘട്ടത്തിൽ അനുമതി ലഭിച്ച 13 എണ്ണത്തിൽ 3 എണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഇവയ്ക്കൊപ്പം ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെട്ട 8 കുളങ്ങളുടേയും പ്രവൃത്തികൾ പുരോഗമിക്കുന്നു.

പുതുശ്ശേരി പഞ്ചായത്തിലെ ഏരി ശൃംഖലയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പുതുക്കിയ നിരക്ക് നിലവിൽവന്നതിനാൽ ആയത് പ്രകാരമുള്ള എസ്റ്റിമേറ്റ് വകുപ്പുതലത്തിൽ തയ്യാറാക്കിവരുന്നു.

<u>ശുപാർശ</u>

പണ്ട് ഡാമുകളും കനാലുകളും ഇല്ലാതിരുന്ന കാലത്ത് ഈ ഏരികളിലും കുളങ്ങളിലുമുള്ള ജലം ഉപയോഗിച്ചാണ് വളരെയധികം പ്രദേശത്ത് കൃഷിചെയ്തിരുന്നത്. എന്നാൽ ഇന്നവ അരക്ഷിതാവസ്ഥയിലാണ്. അവ സംരക്ഷിക്കുവാൻ കൃഷിക്കാരോ മറ്റ് ജനങ്ങളോ മുന്നോട്ട് വരുന്നില്ല. കാലപ്പഴക്കംകൊണ്ട് പല കുളങ്ങളും, ഏരികളും അവയുടെ ഭിത്തികൾ തകർന്നുകിടക്കുന്ന കാഴ്ച സമിതിക്ക് കാണാൻ കഴിഞ്ഞു. അവയുടെ പുനരുദ്ധാരണം നടത്താത്തതിനാലാണ് ഈ ശോചനീയാവസ്ഥ വന്നിട്ടുള്ളതെന്ന് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ജില്ലയിലെ ഏരികുളങ്ങളും പൊട്ടക്കുളങ്ങളും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിന് കർഷകരെ സഹകരിപ്പിച്ചുകൊണ്ട് ഒരു കർമ്മപരിപാടി നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

ശുപാർശ

ബണ്ടുകൾ ഇടിഞ്ഞും മണ്ണ് വീണുനിറഞ്ഞും പല ഏരികുളങ്ങളുടേയും സംഭരണശേഷി കുറഞ്ഞതായി സമിതി മനസ്സിലാക്കി. ഏരികുളങ്ങളിൽ നിറഞ്ഞുകിടക്കുന്ന എക്കൽമണ്ണുമാറ്റി ആഴം കൂട്ടണമെന്നും ഇവയുടെ കരകളിൽ ജലകാവലിനും ജൈവസംരക്ഷണത്തിനും ഉതകുന്ന സസ്യലതാദികൾ വച്ച് പിടിപ്പിക്കുന്നതിനും ഒരു രൂപരേഖ തയ്യാറാക്കി പദ്ധതികളുടെ ഗുണഭോക്താക്കളെ പങ്കെടുപ്പിച്ചുകൊണ്ട് നടപ്പിൽവരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

ശുപാർശ

ഇപ്പോൾ ഏരികുളങ്ങൾ, കിണറുകൾ, ചെക്ക് ഡാമുകൾ എന്നിവയുടെ പുനരുദ്ധാരണവും സംരക്ഷണവും ത്രിതല പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. അതിനായി പ്രസ്തുത പ്രദേശങ്ങൾ ത്രിതല പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യണമെന്ന വ്യവസ്ഥയുമുണ്ട്. എന്നാൽ പാലക്കാട് ജില്ലയിലെ സ്വകാര്യ വ്യക്തികൾ ഇതിന് വൈമുഖ്യം കാണിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തിയിട്ടുണ്ടെങ്കിലും വർഷകാലം ആരംഭിക്കുന്നതിനുമുമ്പ് പണികൾ തീർക്കാൻ കഴിയാത്ത അവസ്ഥയുണ്ടെന്ന് സമിതി മനസ്സിലാക്കി. പാലക്കാട് ജില്ലയിലെ ഏരികുളങ്ങൾ, കിണറുകൾ, പൊട്ടക്കുളങ്ങൾ എന്നിവ പുനരുദ്ധരിക്കുന്നതിനും അവയുടെ സംരക്ഷണത്തിനുമായി പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യണമെന്ന ഇപ്പോഴത്തെ വ്യവസ്ഥ നിലനിർത്തുന്നതോടൊപ്പം ഗുണഭോക്താക്കളുടെ ഒരു സമിതി രൂപീകരിച്ച് പ്രവർത്തനം ത്വരിതപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 56, 57, 58)

ഏരികളുടെയും കുളങ്ങളുടെയും മറ്റ് ജലാശയങ്ങളുടെയും സംരക്ഷണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണെടുക്കലും അത്യാവശ്യമുള്ള ബണ്ട് സംരക്ഷണവും ചെയ്യാവുന്നതാണ്. അതോടൊപ്പംതന്നെ കരകളിൽ ജൈവ സംരക്ഷണത്തിന് ഉതകുന്ന സസ്യലതാദികൾ വച്ചുപിടിപ്പിക്കുകയും ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്നത് നന്നായിരിക്കും.

ശുപാർശ

ജലസേചന പദ്ധതികൾ മുഖേനയുള്ള ജലവിതരണവും വാട്ടർ അതോറിറ്റിയുടെ ശുദ്ധജല വിതരണവും വന്നതോടുകൂടി ഏരികുളങ്ങളും മറ്റും അന്യാധീനപ്പെട്ടു പോയിരിക്കുന്നു.

(ഖണ്ഡിക 59)

സർക്കാർ സ്വീകരിച്ച നടപടി

ചെറുകിട ജലസേചന പദ്ധതികൾക്ക് കീഴിൽവരുന്ന ഏരികുളങ്ങളും കനാലുകളും അന്യാധീനപ്പെട്ടു പോകുന്നതു തടയാനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥൻമാർ ഇടയ്ക്കിടക്ക് സ്ഥലസന്ദർശനം നടത്തുന്നുണ്ട്.

ശുപാർശ

ഏരികുളങ്ങൾ നിലനിർത്താനും കൂടുതൽ ജലസേചന സംഭരണികൾ ഉണ്ടാക്കാനും ഏതെല്ലാം ഏജൻസികളിൽനിന്ന് സാമ്പത്തികസഹായം ലഭ്യമാക്കാൻ കഴിയുമെന്നും അതിനാവശ്യമായ നിലവിലുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ടോ എന്നും പഠനം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

ശുപാർശ

ചില ഏരികുളങ്ങൾക്ക് 40-ഓളം ഏക്കർ വലിപ്പമുണ്ടെന്നും അതിൽനിന്ന് ചെളിമാറ്റി ആഴംകൂട്ടി ഭിത്തി കെട്ടണമെങ്കിൽ കോടിക്കണക്കിന് രൂപ ചെലവുണ്ടെന്നും അത് ജില്ലാപഞ്ചായത്തിന് ഒറ്റയ്ക്ക് ചെയ്യാൻ കഴിയില്ലെന്നും സമിതി മനസ്സിലാക്കി.

(ഖണ്ഡിക 61)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 60, 61)

പരിശോധിക്കാവുന്നതാണ്.

ശുപാർശ

വളരെ വർഷങ്ങൾക്കുമുമ്പ് ജലസംഭരണികളുടെ ആഴംകൂട്ടാൻ ധനസഹായം നൽകിയിരുന്നു എന്നും പിന്നീട് ഇത് സർക്കാരിൽ സറണ്ടർ ചെയ്യണമെന്ന് വന്നപ്പോൾ സറണ്ടർ ചെയ്യാൻകഴിയാത്ത അവസ്ഥ ഉണ്ടായതായും സമിതി മനസ്സിലാക്കുന്നു. പാലക്കാട് ജില്ലാപഞ്ചായത്തിന് അതെല്ലാം സറണ്ടർ ചെയ്യുന്നതിനുള്ള ശ്രമം നടത്താവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

(ഖണ്ഡിക 62)

സർക്കാർ സ്വീകരിച്ച നടപടി

ജലസംഭരണികൾ സറണ്ടർ ചെയ്യുന്നകാര്യം ജില്ലാപഞ്ചായത്ത് മുൻകയ്യെടുത്ത് ചെയ്യാവുന്നതാണ്.

ശുപാർശ

എല്ലാ പഞ്ചായത്തുകളിലുമുള്ള കുളങ്ങളും കിണറുകളും വൃത്തിയാക്കുക എന്ന പരിപാടി ഫലപ്രദമായി നടപ്പാക്കുന്ന ഒരു സംസ്ഥാനമാണ് കർണ്ണാടകമെന്നും ആ രീതിയിൽ ഒരു പരിപാടി ഇവിടെയും ആവിഷ്കരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കിണറുകൾ വൃത്തിയാക്കുന്നതിനുള്ള പദ്ധതികൾ ഒന്നും ഇതുവരെ ആവിഷ്കരിക്കപ്പെട്ടിട്ടില്ല.

<u>ശുപാർശ</u>

ഏരികുളങ്ങൾ സാങ്കേതിക വിദഗ്ദ്ധരുടെ അഭിപ്രായത്തോടുകൂടി മെച്ചപ്പെടുത്തേണ്ട താണെന്നും മഴക്കാലത്ത് ഒഴുകിവരുന്ന വെള്ളം പരമാവധി സംഭരിച്ചു വയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും പൊതുപണം ചെലവു ചെയ്യുമ്പോൾ പൊതുജനങ്ങൾക്ക് പ്രയോജനമുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 64)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

55-ാം ഖണ്ഡികയിലെ മറുപടി കണ്ടാലും. കൂടാതെ 200 കുളങ്ങൾ നവീകരിക്കുന്ന തിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

<u>ശുപാർശ</u>

സ്വകാര്യ ഏരികുളങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ചെക്ക് ഡാമുകൾ പണിയുമ്പോൾ താഴ്ന്നപ്രദേശങ്ങളിൽ വെള്ളം ലഭിക്കുന്നില്ലെന്ന പ്രചരണം തടയണമെന്നും തോടുകളിൽ ചെളിവെച്ച് അണകെട്ടുന്നതും മൂന്നുവരി മണൽച്ചാക്ക് ഇട്ട് തടയണ നിർമ്മിക്കുന്ന സംവിധാനവും പുനഃപരിശോധി ക്കണമെന്നും മണലിനും ചെളിക്കും ക്ഷാമം നേരിടുന്നതിനാൽ കോൺക്രീറ്റ് കാലുകൾ നിർമ്മിച്ച് മെറ്റൽ ഷീറ്റുകൾ നിരത്തിയോ റബ്ബർ ഡാമുകൾ നിർമ്മിച്ചോ വെള്ളം തടഞ്ഞുനിർത്തുന്നതിന് ആവശ്യമായ നിർമ്മാണപ്രവൃത്തികൾ നടത്തുന്ന രീതി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ചെക്ക് ഡാമുകളുടെ നിർമ്മാണംമൂലം ഭൂഗർഭ ജലവിതാനം ഉയരുകയും സമീപമുള്ള ജലസ്രോതസ്സുകൾ പുഷ്ടിപ്പെടുകയും ചെയ്യുന്നതുമൂലം താഴ്ന്നപ്രദേശങ്ങളിൽ വെള്ളം ലഭിക്കുന്നില്ല എന്ന തരത്തിലുള്ള പ്രചരണം നടക്കുന്നില്ലെന്നാണ് നിഗമനം. ഈ തരത്തിലുള്ള പരാതികളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

<u>ശുപാർശ</u>

**ആരോഗ്യപടുക**

ഈ ഏരി രാജഭരണകാലത്ത് വടശ്ശേരി കോവിലകത്തുകാരുടേതായിരുന്നു. 1951-ൽ പണിത ഈ ഏരിക്ക് 2 എം.എം. സംഭരണശേഷിയുണ്ടെന്നും രാജാക്കന്മാരുടെ അധീനതയിലായിരുന്നപ്പോൾ ജലസംഭരണവും വിതരണവും മെച്ചപ്പെട്ട

നിലയിൽ നടന്നിരുന്നുവെന്നും സമിതി മനസ്സിലാക്കി. രണ്ടാം വിളയ്ക്കും വെള്ളം കിട്ടുമായിരുന്നു. എന്നാൽ 1981-ൽ മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്ത ശേഷം യാതൊരു മെയിന്റനൻസും നടന്നിട്ടില്ല എന്നും സമിതി മനസ്സിലാക്കി. നിലവിലുള്ള ബണ്ട് പഞ്ചായത്ത് നിർമ്മിച്ചതാണ് എന്നും ഇപ്പോൾ ഫണ്ട് ലഭിക്കാത്തതു കൊണ്ട് അറ്റകുറ്റപ്പണികൾ നടത്താൻ കഴിയില്ലെന്നും സമിതിക്ക് ബോദ്ധ്യമായി. എല്ലാക്കൊല്ലവും എക്കൽമണ്ണ് ആനുകാലികമായി നീക്കംചെയ്താൽ കൂടുതൽ വെള്ളം സംഭരിക്കാൻ കഴിയുമെന്നും സമിതി വിലയിരുത്തുന്നു. ജലവിഭവ വകുപ്പ് ഏറ്റെടുത്തതിനുശേഷം ഇതുവരെ അറ്റകുറ്റപ്പണികൾ നടത്താത്തതിൽ സമിതി അതൃപ്തി പ്രകടിപ്പിക്കുകയും ഇത്രയും പ്രാധാന്യമർഹിക്കുന്ന പ്രവൃത്തികൾക്ക് വകുപ്പുകൾ കാണിക്കുന്ന അലംഭാവം സമിതി ഗൗരവത്തോടെ വീക്ഷിക്കുകയും ചെയ്യുന്നു. ഡാമുകളുടെ അറ്റകുറ്റപ്പണികൾ നടത്താനും ഷട്ടറുകളിൽ അടിഞ്ഞു കൂടുന്ന എക്കൽമണ്ണ് ആനുകാലികമായി നീക്കംചെയ്യാനും അടിയന്തരനടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

ശുപാർശ

പൂർവ്വികരുടെ കാലത്ത് വലിയ ഏരി നെല്ലിശ്ശേരി തറവാട് വകയായിരുന്നു. കാലക്രമേണ ഭൂപരിഷ്കരണ നിയമവും വനസംരക്ഷണ നിയമവും നിലവിൽ വന്നതോടുകൂടി അത് സർക്കാരിന്റെ അധീനതയിലായി. ഇപ്പോൾ ഇത് മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ്. ഏരിയും സമീപപ്രദേശങ്ങളും ഉൾപ്പെടെ 350 ഏക്കറോളമുണ്ട്. ഇതിലെ ജലസ്രോതസ് മഴക്കാലത്ത് മലഞ്ചെരുവുകളിൽ നിന്നും ഒഴുകിയെത്തുന്ന വെള്ളമാണ്. മുട്ടണയിൽ ചാനൽ നിർമ്മിച്ചതുമൂലം മഴക്കാലത്ത് എക്കൽമണ്ണ് വന്നടിഞ്ഞ് ഒഴുകിയെത്തുന്ന വെള്ളം ഓവർഫ്ളോ ചെയ്യുന്നു. മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്ത് ആദ്യത്തെ ഒന്നോ രണ്ടോ കൊല്ലം വാച്ച്മാനെ നിയമിച്ചിരുന്നു. അപ്പോൾ കൃത്യമായി ജലസംഭരണവും വിതരണവും നടന്നിരുന്നു. ഇപ്പോൾ വാച്ച്മാനില്ല. പാഴായിപ്പോകുന്ന ജലം സ്റ്റോർ ചെയ്യാനുള്ള സംവിധാനമുണ്ടായാൽ വരൾച്ചാ നിവാരണത്തിന് പ്രതിവിധിയാകും. ഏരി പുനരുദ്ധരിച്ച് വെള്ളം നിറയ്ക്കാനും ചാനലിന്റെ ഉയരം അഞ്ചോ ആറോ അടി ഉയർത്താനും എക്കൽമണ്ണ് മാറ്റി ആഴംകൂട്ടാനും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 66, 67)

ആരോഗ്യപടുകയുടെ മെച്ചപ്പെടുത്തൽ ശൃംഖലാ നിർമ്മാണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വലിയ ഏരിയുടെ പ്രവൃത്തിക്കായി ഉടമ്പടിവെച്ചെങ്കിലും അതിർത്തി തർക്കംമൂലം പ്രവൃത്തി നടത്തുവാൻ കഴിഞ്ഞിട്ടില്ല.

ശുപാർശ

വലിയ ഏരിയുടെ ചുറ്റുമുള്ള അയ്യപ്പൻമല, പുത്തൻപള്ളമല, വലിയേരിമല, കുടകുടച്ചാംപാറ മല, ഏവൂർമല എന്നിവ തമ്മിൽ ബന്ധിപ്പിച്ച് ഒരു മിനിഡാം പണിതാൽ മഴക്കാലത്ത് കൂടുതൽ ജലം സംഭരിക്കാനും പുതുശ്ശേരി പഞ്ചായത്തിലെ

കുടിവെള്ളക്ഷാമം ഉൾപ്പെടെയുള്ള ജലക്ഷാമത്തിന് ശാശ്വതപരിഹാരം കാണാനും കഴിയുമെന്ന് അടുത്തകാലത്ത് എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ നടത്തിയ പഠന സർവ്വേയിൽ വ്യക്തമാക്കിയിരുന്നു. മിനി ഡാം പണിയുന്നതിനുള്ള സ്കീം നടപ്പിലാക്കുന്നതിന് സ്വകാര്യ വ്യക്തികൾ വരെ ഭൂമി വിട്ടുകൊടുക്കാൻ തയ്യാറാണെന്നും ഡാം യാഥാർത്ഥ്യമായാൽ വാളയാർ വരെ ജലം എത്തിക്കാൻ കഴിയുമെന്നും സമിതി മനസ്സിലാക്കുന്നു. ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

സർക്കാർ സ്വീകരിച്ച നടപടി

പാലക്കാട് ജില്ലയിൽ പുതുശ്ശേരി പഞ്ചായത്ത് പരിധിയിൽവരുന്ന വലിയ ഏരി എന്ന ജലസംഭരണി അയ്യപ്പൻമല, വലിയേരി മല, കുടകുടച്ചാംപാറ, ഏവൂർമല തുടങ്ങിയ മലകളെ മണ്ണുകൊണ്ട് നിർമ്മിച്ച ബണ്ടുമൂലം ബന്ധിപ്പിച്ച് രൂപപ്പെടുത്തിയെടുത്തതാണ്. നിലവിൽ ഇതിന്റെ സംഭരണശേഷി പരിമിതമാണ്. മേൽപ്പറഞ്ഞ മലകളിൽ നിന്നുള്ളതു കൂടാതെ ചുറ്റുഭാഗത്തുള്ള മറ്റ് ഉയർന്ന കുന്നുകളിൽ നിന്നും ഒഴുകിയെത്തുന്ന വെള്ളമാണ് ഇവിടെ സംഭരിക്കുന്നത്. ഇങ്ങനെ സംഭരിക്കുന്ന വെള്ളം കനാലിലൂടെ കൃഷിക്ക് നൽകുന്നു. സബ്ജക്റ്റ് കമ്മിറ്റി 1-ന്റെ റിപ്പോർട്ടിൽ നിർദ്ദേശിച്ച പ്രകാരം നടത്തിയ പ്രാഥമിക പഠനപ്രകാരം മലകളെ ബന്ധിപ്പിച്ചിരിക്കുന്ന ബണ്ടിന്റെ വലുപ്പം കൂട്ടാനായാൽ സംഭരണശേഷി കൂട്ടാനാകും, അതുവഴി കൂടുതൽ സ്ഥലത്തേക്ക് കൃഷിക്ക് വെള്ളം നൽകാൻ സാധിക്കും. സംഭരണശേഷി വർദ്ധിപ്പിക്കുമ്പോൾ അധികജലം ലഭ്യമാകും.

ശുപാർശ

വാട്ടർ റീച്ചാർജ് ചെയ്ത് ഭൂമി നനച്ചുകൊടുക്കാനുള്ള സാദ്ധ്യതയെക്കുറിച്ച് വിശദമായ പഠനം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സർക്കാർ സ്വീകരിച്ച നടപടി

കൃത്രിമ മാർഗ്ഗങ്ങളിൽക്കൂടി മഴവെള്ളത്തെ ഭൂമിക്ക് അടിയിലേക്ക് ഊർന്നിറങ്ങുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നുണ്ട്. അമിത ചൂഷിത ബ്ലോക്ക് ആയ ചിറ്റൂർ ബ്ലോക്കിൽ കൃത്രിമ ഭൂജല സംപോഷണത്തിനായി ഒരു വിശദമായ പദ്ധതി തയ്യാറാക്കി സംസ്ഥാന ഭൂജല അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഏകദേശം 7.5 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിയാണിത്. ഭൂജല സംപോഷണത്തിനായി അടിയണകൾ, തടയണകൾ, മഴക്കുഴികൾ, ഗാബിയൻ സ്ട്രച്ചറുകൾ എന്നിവ നിർമ്മിക്കുന്നതിന് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നുണ്ട്.

ശുപാർശ

**തടയണകൾ**

ജില്ലയിൽ ജലവിഭവ വകുപ്പും പല പഞ്ചായത്തുകളും ചിലയിടങ്ങളിൽ തടയണകൾ നിർമ്മിച്ചിട്ടുണ്ട്. ഇവയെല്ലാം ജലസംരക്ഷണത്തിന് വളരെയധികം ഉപകാരപ്രദമാണെന്ന് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. കേരളത്തിലെ ഏറ്റവും

ജലക്ഷാമമുള്ള ജില്ലയായ പാലക്കാടിന് ഇനിയുള്ള കാലങ്ങളിൽ തടയണകളായിരിക്കും കൂടുതൽ ആശ്വാസം പകരുക. സമിതി ചില തടയണകൾ സന്ദർശിച്ചപ്പോൾ അവിടെയൊക്കെ ധാരാളം വെള്ളം കെട്ടിനിർത്താൻ കഴിയുന്നതായി മനസ്സിലാക്കി. അടുത്തുള്ള കിണറുകളിലും, കുളങ്ങളിലും വേനൽക്കാലങ്ങളിൽപ്പോലും വെള്ളത്തിന്റെ നില താഴാതെ പിടിച്ചുനിർത്താൻ സാധിക്കുന്നുണ്ടെന്ന് സമീപവാസികൾ അറിയിക്കുകയും ചെയ്തു.

(ഖണ്ഡിക 71)

ശുപാർശ

മഴക്കാലങ്ങളിൽ ലഭിക്കുന്ന മഴവെള്ളം പെട്ടെന്ന് കുത്തിയൊലിച്ച് കടലിലെത്തുന്നത് ഒരു പരിധിവരെ തടയണകൾ തടയുന്നു. അതുകൊണ്ട് വേനലിന്റെ കാഠിന്യം കുറച്ച് വേനൽക്കാലങ്ങളിലും അത്യാവശ്യത്തിന് വെള്ളം പരിസരവാസികൾക്ക് ലഭിക്കാനുതകുന്നു. പാലക്കാട് ജില്ലയെപ്പോലെ മഴ കുറഞ്ഞ ഒരു ജില്ലയിൽ എല്ലാ പുഴകളിലും, തോടുകളിലും നിരനിരയായി തടയണകൾ കെട്ടുകയാണെങ്കിൽ ജില്ലയെ ഒരു പരിധിവരെ വരൾച്ചയിൽനിന്ന് രക്ഷിക്കാൻ കഴിയുമെന്ന് സമിതി മനസ്സിലാക്കുന്നു.

(ഖണ്ഡിക 72)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 71,72)

പാലക്കാട് ചെറുകിട ജലസേചന വിഭാഗത്തിൻകീഴിൽ ഭാരതപ്പുഴ, വാളയാർപ്പുഴ, കുന്തിപ്പുഴ, ഗായത്രിപ്പുഴ തുടങ്ങിയ പുഴകളിൽ കൂടുതൽ തടയണകൾ നിർമ്മിക്കുന്നതോടെ ഭൂമിയുടെ ജലവിതാനം ഉയരും. ഇതുവഴി കിണറുകളിലെയും കുളങ്ങളിലെയും ജലലഭ്യത കൂടുകയും ചെയ്തു.

ശുപാർശ

പാലക്കാട് ചെറുകിട ജലസേചന വിഭാഗം സർക്കാരിലേക്ക് വളരെയധികം തടയണകളുടെ പദ്ധതികൾ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അവയുടെ വിശദാംശം താഴെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 1. | ഭാരതപ്പുഴയിൽ പറളി റെയിൽവേ സ്റ്റേഷനടുത്ത് | .. | 1 എണ്ണം |
| 2. | ഭാരതപ്പുഴയിൽ പറളിക്ക് താഴെ ലക്കിടിവരെയുള്ള ഭാഗത്ത് | .. | 6 എണ്ണം |
| 3. | നെല്ലിയാമ്പതി ഗവൺമെന്റ് ഫാമിനകത്ത് | .. | 4 എണ്ണം |
| 4. | കല്പാത്തിപ്പുഴയിൽ | .. | 6 എണ്ണം |
| 5. | വാളയാർപ്പുഴയിൽ | .. | 12 എണ്ണം |
| 6. | കുന്തിപ്പുഴയിൽ | .. | 2 എണ്ണം |
| 7. | ഭവാനിപ്പുഴയിൽ | .. | 6 എണ്ണം |
| 8. | ഗായത്രിപ്പുഴയിൽ | .. | 5 എണ്ണം |

(ഖണ്ഡിക 73)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പാലക്കാട് ചെറുകിട ജലസേചന വിഭാഗത്തിന്റെ കീഴിലുള്ള തടയണകൾ

1. ഭാരതപ്പുഴയിൽ പറളി റെയിൽവേ സ്റ്റേഷനു അടുത്തുള്ള തടയണ പൂർത്തിയായി.
2. പറളിക്ക് താഴെയുള്ള 6 തടയണകളിൽ 3 എണ്ണം പൂർത്തിയായി. ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
3. 3 ചെക്ക് ഡാമുകളുടെ പര്യവേഷണം കഴിഞ്ഞു. 1-ന്റെ പണി വനംവകുപ്പിന്റെ അനുമതി ലഭിക്കാത്തതുകൊണ്ട് ഒഴിവാക്കി.
4. കൽപ്പാത്തിപ്പുഴയിലെ 6 എണ്ണം പൂർത്തിയായി. എല്ലാം പൂർണ്ണമായും പ്രവർത്തനക്ഷമമല്ല. അതിനുവേണ്ട നടപടികൾ എടുത്തുവരുന്നു.
5. വാളയാർപ്പുഴയിൽ 10 ചെക്ക് ഡാമുകളുടെയും പണിപൂർത്തീകരിച്ചിട്ടുണ്ട്.
6. കുന്തിപ്പുഴയിൽ 2 ചെക്ക് ഡാമുകൾ പൂർത്തിയായി. പൂർണ്ണമായും പ്രവർത്തനസജ്ജമാണ്.
7. നിർമ്മാണം നടന്നിട്ടില്ല.
8. ഗായത്രിപ്പുഴയിൽ 5 എണ്ണവും പൂർത്തിയായി പ്രവർത്തനസജ്ജമാണ്.

<u>ശുപാർശ</u>

ഇത്രയും തടയണകൾക്ക് റിപ്പോർട്ട് സമർപ്പിച്ചതിൽ ഗായത്രിപ്പുഴയിലെ തടയണകൾക്ക് മാത്രമാണ് ഇതുവരെ അനുമതി ലഭിച്ചിട്ടുള്ളത്. മുകളിൽപ്പറഞ്ഞ തടയണകളിൽ ഭൂരിഭാഗവും NABARD അനുമതി നൽകിയവയാണെങ്കിലും സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. വരൾച്ച ബാധിത പ്രദേശങ്ങളിലെ തടയണകൾപോലും ഫണ്ടുണ്ടായിട്ടും അനുമതി നൽകാതെ തടഞ്ഞുവയ്ക്കുന്നത് വളരെ ഗുരുതരമായ വീഴ്ചയായി സമിതി കരുതുന്നു. അതുകൊണ്ട് എത്രയുംപെട്ടെന്ന് സർക്കാരിലേക്ക് സമർപ്പിച്ച പദ്ധതികൾക്ക് അനുമതി നൽകണമെന്ന് സമിതി ആവശ്യപ്പെടുന്നു. മാത്രമല്ല ജില്ലയുടെ ബാക്കിയുള്ള പുഴകളിലും തോടുകളിലും നിരനിരയായി തടയണകളും ആവശ്യമായിടത്ത് അടിയണകളും പണിയാനുള്ള ഒരു ബൃഹത്തായ പദ്ധതി ആവിഷ്കരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പരിശോധിക്കാവുന്നതാണ്.

<u>ശുപാർശ</u>

<u>പുഴകളുടെയും തോടുകളുടെയും സംരക്ഷണം</u>

ജില്ലയിൽ പ്രധാനമായി നാല് റിവർ ബേസിനുകളുടെ പ്രദേശങ്ങൾ ഉണ്ട്. ഭാരതപ്പുഴ, ഭവാനിപ്പുഴ, ചാലക്കുടിപ്പുഴ, കടലുണ്ടിപ്പുഴ എന്നിവയുടെ ബേസിനു

കളാണ് അവ. ഇവയുടെ കൈവഴികളും പോഷകനദികളുമായി വളരെയധികം തോടുകളും പുഴകളും ജില്ലയിൽ ഉണ്ട്. ഇവയിലെ ജലസമ്പത്ത് ഉപയോഗിച്ചുള്ള പല പദ്ധതികൾ നമുക്കുണ്ടെങ്കിലും ഇവയെ സംരക്ഷിക്കാൻ അനുയോജ്യമായ ഒരു നടപടിയും കൈക്കൊണ്ടിട്ടില്ല.

(ഖണ്ഡിക 75)

സർക്കാർ സ്വീകരിച്ച നടപടി

തോടുകളും പുഴകളും സംരക്ഷിക്കുന്നതിനായി ചെറുകിട ജലസേചന വിഭാഗം ലഭ്യമായ ഫണ്ട് ഉപയോഗിച്ച് പല പദ്ധതികളും നടപ്പിലാക്കിവരുന്നു. കൂടുതൽ ഫണ്ട് ലഭ്യമാവുകയാണെങ്കിൽ പുഴകളെ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ സംരക്ഷിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

ശുപാർശ

2006 ഫെബ്രുവരി 2-ന് തുടക്കംകുറിച്ച ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ കൃഷിനാശം ഒഴിവാക്കുന്നതിനും വരൾച്ച തടയുന്നതിനും വളരെയധികം പ്രവർത്തനം നടന്നിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഏറ്റെടുത്തു നിർവ്വഹിച്ച പ്രവൃത്തികളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്:

| *ക്രമ നമ്പർ* | *പ്രവൃത്തികൾ/ഇനം* | *2006-2007* | | *2007-2008* | |
|---|---|---|---|---|---|
| | | *പ്രവൃത്തി കളുടെ എണ്ണം* | *ചെലവഴിച്ച സംഖ്യ (ലക്ഷത്തിൽ)* | *പ്രവൃത്തി കളുടെ എണ്ണം* | *ചെലവഴിച്ച സംഖ്യ (ലക്ഷത്തിൽ)* |
| 1 | ജലസംരക്ഷണവും മഴക്കൊയ്ത്തും | 207 | 99.96 | 319 | 233.90 |
| 2 | വരൾച്ചാ നിവാരണം | 59 | 30.87 | 75 | 32.52 |
| 3 | പരമ്പരാഗത ജല സ്രോതസ്സുകളുടെ സംരക്ഷണം | 915 | 226.66 | 1107 | 564.97 |
| 4 | വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അഴുക്കുചാൽ നിർമ്മാണം | 917 | 280.14 | 1189 | 397.93 |
| | ആകെ | 2098 | 637.63 | 2690 | 1229.32 |

(ഖണ്ഡിക 78)

ശുപാർശ

വരൾച്ച തടയുന്നതിനും കൃഷിനാശം ഒഴിവാക്കുന്നതിനും മേൽപ്പറഞ്ഞ പ്രവൃത്തികൾ സഹായകരമാണെങ്കിലും അതിനുപുറമേ നീർത്തടാധിഷ്ഠിത വികസനത്തിലൂന്നി താഴെപ്പറയുന്ന പ്രവൃത്തികളും എൻ.ആർ.ഇ.ജി.എസ്.-ൽ ഏറ്റെടുത്തുവരുന്നു.

1. മഴക്കുഴിനിർമ്മാണം
2. തടയണനിർമ്മാണം
3. തലക്കുളങ്ങൾ വൃത്തിയാക്കൽ
4. ബണ്ടുകളുടെ നിർമ്മാണം
5. നീർച്ചാലുകൾ വൃത്തിയാക്കൽ

(ഖണ്ഡിക 79)

സർക്കാർ സ്വീകരിച്ച നടപടി

പാലക്കാട് ചെറുകിട ജലസേചന വിഭാഗത്തിനു കീഴിൽവരുന്ന കനാലുകളുടെ സംരക്ഷണത്തിനു വേണ്ടിവരുന്ന പ്രവൃത്തികൾ (കാടുവെട്ടൽ, മണ്ണ് നീക്കംചെയ്യൽ എന്നിവ) പഞ്ചായത്ത് പദ്ധതിരേഖയിൽ ഉൾപ്പെടുത്തുന്നപക്ഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം ചെയ്യുവാൻ അനുമതി കൊടുക്കാവുന്നതാണ്.

ശുപാർശ

പാലക്കാട് ജില്ലയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും, ജലനിരപ്പ് ഉയർത്തുന്നതിനും അതിലൂടെ കാർഷിക അഭിവൃദ്ധി വരുത്തുന്നതിനും മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾകൊണ്ട് കഴിയുമെന്ന് സമിതി വിലയിരുത്തുന്നു.

(ഖണ്ഡിക 80)

സർക്കാർ സ്വീകരിച്ച നടപടി

ഇത്തരം പ്രവർത്തനങ്ങൾ ജലലഭ്യത വർദ്ധിപ്പിക്കുകയും അതിലൂടെ കാർഷിക അഭിവൃദ്ധി വരുത്തുകയും ചെയ്യുമെന്നതിനാൽ ഇത്തരത്തിലുള്ള കൂടുതൽ തടയണകളും ബണ്ടും നിർമ്മിക്കുന്ന പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

ശുപാർശ

ഭൂജല ലഭ്യത വർദ്ധിപ്പിക്കാനായി കൃത്രിമ റീച്ചാർജ്ജ് സംവിധാനങ്ങൾ ഏറ്റെടുക്കണമെന്നും റീച്ചാർജ്ജ് വർദ്ധിപ്പിക്കാനായി നീർത്തടാടിസ്ഥാനത്തിൽ താഴെപ്പറയുന്ന സംവിധാനങ്ങൾ നടപ്പിലാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു :

1. റീച്ചാർജ്ജ് കുഴികൾ
2. റീച്ചാർജ്ജ് ഷാഫ്റ്റ്
3. റീച്ചാർജ്ജ് കിടങ്ങുകൾ
4. റീച്ചാർജ്ജ് കുഴൽക്കിണറുകൾ
5. അടിയണകൾ
6. ചെറിയ ചെക്ക് ഡാമുകൾ

(ഖണ്ഡിക 82)

## സർക്കാർ സ്വീകരിച്ച നടപടി

പാലക്കാട് ജില്ലയിൽ വിവിധ ഭൂജല സംപോഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തടയണകൾ, മഴക്കുഴികൾ, ഗാബിയോൺ സ്ട്രച്ചറുകൾ തുടങ്ങിയവ നിർമ്മിച്ച് ഭൂജല സംപോഷണം നടത്തുന്നതാണ്. കൂടാതെ അമിത ചൂഷണ ബ്ലോക്കായ ചിറ്റൂർ ബ്ലോക്കിൽ കൃത്രിമ ഭൂജല സംപോഷണത്തിനായി 7½ കോടി രൂപയുടെ വിശദമായ പദ്ധതി തയ്യാറാക്കി കേരള ഭൂജല അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. അതിന് അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ശുപാർശ

ഇതിനാവശ്യമായ ബഡ്ജറ്റ് വിഹിതം സംസ്ഥാന സർക്കാർ നീക്കിവയ്ക്കണമെന്നും ഈ മേഖലയിൽ കേന്ദ്ര ഗവൺമെന്റ് ഫണ്ട് ഉപയോഗിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഇക്കാര്യത്തിലുണ്ടാകുന്ന കാലതാമസം പാലക്കാട് ജില്ലയിലെ ജലലഭ്യതയെ ഗുരുതരമായി ബാധിക്കുമെന്ന് സമിതി വിലയിരുത്തുന്നു.

(ഖണ്ഡിക 83)

## സർക്കാർ സ്വീകരിച്ച നടപടി

കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പാലക്കാട് ജില്ലയിൽ പൊതുവായും ചിറ്റൂർ ബ്ലോക്കിൽ പ്രത്യേകിച്ചും മുൻഗണന നൽകിവരുന്നുണ്ട്. നടപ്പുസാമ്പത്തികവർഷത്തിൽ ബഡ്ജറ്റ് വിഹിതമായി ലഭിച്ച 60 ലക്ഷം രൂപയിൽ 20 ലക്ഷം രൂപ ചിറ്റൂരിലെ കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾക്കായി നീക്കി വെച്ചിട്ടുണ്ട്. കേരളത്തിൽ തുറന്ന കിണറുകളിലൂടെ കൃത്രിമ സംപോഷണം നടപ്പിലാക്കാനാവശ്യമുള്ള പദ്ധതി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കാരണം ടി പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ല. മാനദണ്ഡങ്ങളിൽ ഇളവുകൾ നൽകുന്നതിനായി കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ട്.

## ശുപാർശ

പാലക്കാട് ജില്ലയിലെ ഭൂജല വിനിയോഗത്തിൽ താഴെപ്പറയുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു :

1. ഭൂജല അതോറിറ്റി നിലവിൽവരുന്ന മുറയ്ക്ക് പാലക്കാട് ജില്ലയിലെ ചിറ്റൂർ, തൃത്താല, കുഴൽമന്ദം ബ്ലോക്കുകളെ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശമായി പ്രഖ്യാപിക്കുകയും ഭൂജല ആക്ടിൽ പറയുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും വേണം.
2. അനധികൃതവും അശാസ്ത്രീയവുമായ കുഴൽക്കിണർ നിർമ്മാണം തടയുന്നതിന് അന്യസംസ്ഥാനങ്ങളിൽ നിന്നും ഡ്രില്ലിംഗ് റിഗ്ഗുകൾ

ബന്ധപ്പെട്ട അധികൃതരുടെ അനുമതിയില്ലാതെ പാലക്കാട് ജില്ലയിൽ പ്രവേശിക്കുന്നത് തടയണം. ജില്ലയ്ക്കുള്ളിൽ റിഗ്ഗുകൾ ഭൂജല വകുപ്പിന്റെ ജില്ലാ ഓഫീസിൽ രജിസ്റ്റർ ചെയ്യുകയും മാസംതോറും കുഴിക്കുന്ന കിണറുകളുടെ വിവരം അറിയിക്കുകയും ചെയ്യണം.

3. നിലവിലുള്ള ധാരാളം കുഴൽക്കിണറുകളിൽ നിന്നും ക്രമാതീതമായി ഭൂജലം പമ്പ് ചെയ്യുന്നുണ്ട്. ജലനിരപ്പ് താഴാൻ ഇത് ഒരു പ്രധാന കാരണമാണ്. നിലവിലുള്ള കുഴൽക്കിണറുകളിൽ പമ്പ് ടെസ്റ്റ് നടത്തി അതിന്റെ Optimum Yield നിശ്ചയിച്ച് പമ്പ് ചെയ്യുകയാണെങ്കിൽ ദോഷഫലങ്ങൾ ഒരു പരിധിവരെ കുറയ്ക്കാൻ കഴിയും. ഇതിനായി പാലക്കാട് ജില്ലയിൽ പമ്പ് ടെസ്റ്റ് നടത്തുന്നതിനുള്ള ഒരു പദ്ധതി നടപ്പാക്കണം.

4. മേലിൽ കുഴിക്കുന്ന പൊതുകിണർ പമ്പ് ടെസ്റ്റ് നടത്തി Optimum Yield നിശ്ചയിച്ച് അതിൻപ്രകാരം വെള്ളം പമ്പ് ചെയ്യണം.

(ഖണ്ഡിക 84)

## സർക്കാർ സ്വീകരിച്ച നടപടി

1. കേരളത്തിലെ 5 ബ്ലോക്കുകൾ അതോറിറ്റി വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്കും ഉൾപ്പെടുന്നുണ്ട്. 2008-2009-ലെ ജി.ഇ.സി. റിപ്പോർട്ട് പ്രകാരം കുഴൽമന്ദം ബ്ലോക്ക് സുരക്ഷിത കാറ്റഗറിയിലും, തൃത്താല ബ്ലോക്ക് സെമിക്രിട്ടിക്കൽ വിഭാഗത്തിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ തൃത്താല ബ്ലോക്കിൽ കാര്യമായ ഭൂജല വ്യതിയാനം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടി ബ്ലോക്കുകളെ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടില്ല. നിശ്ചിതകാലയളവുകളിൽ പഠനം നടത്തി പ്രസിദ്ധീകരിക്കുന്ന ഭാവിയിലുള്ള ജി.ഇ.സി. റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ടി ബ്ലോക്കുകളെ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളായി പ്രഖ്യാപിച്ചേക്കാം.

2. ഇതു സംബന്ധിച്ചുള്ള ഭൂജല വകുപ്പ് ഡയറക്ടറുടെ ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

3. നിലവിലുള്ള കുഴൽക്കിണറുകളിൽ പമ്പിംഗ് ടെസ്റ്റ് നടത്തുവാൻ പ്രാദേശികമായ ബുദ്ധിമുട്ടുണ്ട്. കേരള സംസ്ഥാനത്തിൽ കൃഷി ആവശ്യങ്ങൾക്കായി കുഴൽക്കിണറുകളെ ആശ്രയിക്കുന്നത് ഏറ്റവും കൂടുതൽ പാലക്കാട് ജില്ലയിലാണ്. മാത്രമല്ല കുഴൽക്കിണറുകളുടെ സാന്ദ്രത ഏറ്റവും കൂടുതലുള്ളതും പാലക്കാട് ജില്ലയിലാണ്. ഇത്തരം സാഹചര്യത്തിൽ നിലവിലുള്ള കുഴൽക്കിണറുകളിൽ ശാസ്ത്രീയമായ രീതിയിൽ പമ്പിംഗ് ടെസ്റ്റ് നടത്തുവാൻ പ്രായോഗികമായ ബുദ്ധിമുട്ട് നിലനിൽക്കുന്നു.

4. ഭൂജല വകുപ്പ് പര്യവേഷണം നടത്തി നിർമ്മിക്കുന്ന കുഴൽക്കിണറുകൾ ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ്. ആയതിനാൽ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ കൂടി കണക്കിലെടുത്താണ് സ്ഥാനം നിർണ്ണയം നടത്തുന്നത്. എന്നിരുന്നാലും ഭൂജല വകുപ്പ് നിർമ്മിക്കുന്ന പൊതുകുഴൽക്കിണറുകളിൽ പമ്പിംഗ് ടെസ്റ്റ് നടത്തുവാനുള്ള നിർദ്ദേശം ജില്ലാ ഓഫീസിൽ നൽകിയിട്ടുണ്ട്.

ശുപാർശ

പാലക്കാട് ജില്ലയിലെ ഭൂഗർഭ ജലത്തിന്റെ അളവ് അപകടകരമാംവിധം താഴ്ന്നു കൊണ്ടിരിക്കുകയാണെന്നും കുഴൽക്കിണറുകൾ കുഴിക്കുന്നത് സംബന്ധിച്ച് ഭൂജല വകുപ്പ് ശാസ്ത്രീയമായ പഠനങ്ങൾ നടത്തണമെന്നും വകുപ്പിന്റെ അനുമതി കൂടാതെ കുഴൽക്കിണർ കുഴിക്കാൻ അനുവദിക്കരുതെന്നും ഇതിനുള്ള നടപടി ഉണ്ടാകണ മെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

സർക്കാർ സ്വീകരിച്ച നടപടി

ഭൂജല വകുപ്പിൽ ലഭ്യമാകുന്ന അപേക്ഷകളിന്മേൽ കുഴൽക്കിണർ കുഴിക്കുവാൻ ശാസ്ത്രീയമായ ഉപദേശം വകുപ്പിൽ നിന്നും ലഭ്യമാക്കുന്നുണ്ട്. പാലക്കാട് ജില്ലയിൽ ചിറ്റൂർ ബ്ലോക്കാണ് അമിത ചൂഷണ ബ്ലോക്കായി തരംതിരിച്ചിട്ടുള്ളതും കേരള ഭൂജല അതോറിറ്റിയുടെ ശുപാർശ പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശമായി സർക്കാർ നോട്ടിഫൈ ചെയ്തിട്ടുള്ളതും, ഇവിടെ പുതിയ കുഴൽക്കിണർ കുഴിക്കുവാനും പരിവർത്തനം നടത്തുവാനും കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് പ്രകാരം പെർമിറ്റ് എടുക്കേണ്ടതാണ്. പ്രസ്തുത നിയമത്തിന്റെ വകുപ്പുകൾ ലംഘിക്കുന്നവർക്കെതിരെ ഭൂജല വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

ശുപാർശ

ജിയോഫിസിക്കൽ സർവ്വേ നടത്തി സബ് സർഫസ് ഡെക്കുകൾ നിർമ്മിച്ചാൽ പത്ത് വർഷത്തിനുശേഷം എങ്കിലും അതിന്റെ ഫലം ലഭിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇതിനാവശ്യമായ ബഡ്ജറ്റ് വിഹിതം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

സർക്കാർ സ്വീകരിച്ച നടപടി

ഭൂജല വകുപ്പിന്റെ "കൃത്രിമ ഭൂജല സംപോഷണ" പദ്ധതിയിൻ പ്രകാരം കൃത്രിമ ഭൂജല സംപോഷണ മാർഗ്ഗങ്ങളായ അടിയണകൾ, ചെറിയ ചെക്ക് ഡാമുകൾ, മേൽക്കൂര മഴവെള്ള സംഭരണത്തിലൂടെയുള്ള ഡഗ്ഗ് വെൽ റീച്ചാർജ്ജ് പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നുണ്ട്. ഈ സാമ്പത്തികവർഷം ഇതിനായി 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 20 ലക്ഷം രൂപ ചിറ്റൂർ ബ്ലോക്കിൽ കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി നീക്കിവെച്ചിട്ടുണ്ട്.

ചെറിയ താഴ്വരകൾക്ക് കുറുകെ ഭൂമിയുടെ ഉപരിതലത്തിൽ നിന്നും 1 മീറ്ററിനു താഴ്ചയിലായി നിർമ്മിക്കുന്ന കൃത്രിമ ഭൂജല സംപോഷണ സ്ട്രക്ചറാണ് അടിയണ. ഈ അടിയണ നിർമ്മിക്കുമ്പോൾ വിള്ളലുകൾ ഇല്ലാത്ത പാറപ്രദേശമുള്ള താഴ്വര പ്രദേശങ്ങൾ തിരഞ്ഞെടുക്കുവാനും, പാറയുടെ ആഴം തിട്ടപ്പെടുത്തുവാനും ജിയോഫിസിക്കൽ സർവ്വേ ഉൾപ്പെടെയുള്ള പഠനങ്ങൾ നടത്തേണ്ടത് അത്യാവശ്യമാണ്.

പ്രസ്തുത സർവ്വേക്കുള്ള അനുബന്ധ ചെലവുകൾ വഹിക്കുവാൻ ഭൂജല പര്യവേഷണവും വികസനവും എന്ന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നുണ്ട്. ഈ അടിയണ നിർമ്മിക്കുന്നതുകൊണ്ട് കാലാന്തരം താഴ്‌വരയുടെ വൃഷ്ടി പ്രദേശത്ത് മെച്ചപ്പെട്ട ജലവിതാനം ഉണ്ടാകുവാൻ സാദ്ധ്യതയുണ്ട്.

ശുപാർശ

വാട്ടർ റീചാർജ്ജ് ചെയ്യാനുള്ള നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി കേന്ദ്ര സർക്കാരിൽനിന്നും കൂടുതൽ പണം കിട്ടണമെങ്കിൽ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പു സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 60 ലക്ഷം രൂപയിൽ 20 ലക്ഷം രൂപ ചിറ്റൂർ ബ്ലോക്കിലെ കൃത്രിമ ഭൂജല സംപോഷണ പദ്ധതി കൾക്കായി നീക്കിവെച്ചിട്ടുണ്ട്. തുറന്ന കിണറുകളിലേക്ക് കൃത്രിമ ഭൂജല സംപോഷണം നടപ്പിലാക്കുവാനായുള്ള പദ്ധതി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചു വെങ്കിലും കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കാരണം ടി പദ്ധതിക്ക് അനുമതി ലഭിച്ചിട്ടില്ല. ഭൂജല സംപോഷണം നടത്തുന്ന കിണറുകൾ പൊതു കിണറുകൾ ആയിരിക്കണം എന്നുള്ളതാണ് പ്രധാനമായ മാനദണ്ഡം. എന്നാൽ കേരളത്തിൽ ഭൂരിപക്ഷം കിണറുകളും സ്വകാര്യ ഭൂമിയിലാണ്. കേരള ത്തിന്റെ ഈ പ്രത്യേക സ്ഥിതിവിശേഷം കണക്കിലെടുത്ത് മാനദണ്ഡങ്ങളിൽ ഇളവ് നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

ശുപാർശ

ഭൂജല വകുപ്പ് കുഴൽ കിണർ കുഴിച്ച് കൊടുക്കുമ്പോൾ വെള്ളം കിട്ടിയില്ലെങ്കിൽ അതിനു പരിഹാരമായി ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തണമെന്നും ഫെയിൽഡ് വെല്ലിന് സാമ്പത്തിക സഹായം ഏർപ്പെടുത്തിയാൽ മാത്രമേ അനധികൃത കുഴിക്കൽ അവസാനിപ്പിക്കുകയുള്ളൂ എന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

സർക്കാർ സ്വീകരിച്ച നടപടി

ഭൂജല വകുപ്പ് സ്ഥാനനിർണ്ണയം നടത്തി നിർമ്മിക്കുന്ന കുഴൽകിണറിൽ ഏതെങ്കിലും കാരണത്താൽ വെള്ളം ലഭ്യമായില്ലെങ്കിൽ അടച്ച തുകയുടെ 75% തിരികെ ഉപഭോക്താവിന് നൽകി വരുന്നുണ്ട്. ഭൂജല വകുപ്പ് നിർമ്മിക്കുന്ന കിണറുകളേക്കാൾ എത്രയോ മടങ്ങ് കുഴൽകിണറുകളാണ് സ്വകാര്യ കമ്പനികൾ നിർമ്മിക്കുന്നത്. ജനങ്ങളുടെ ആവശ്യത്തിനനുസരിച്ചുള്ള കുഴൽകിണർ നിർമ്മാണം, വകുപ്പിലെ മെഷിനറികളുടെ അഭാവം നിമിത്തം ഏറ്റെടുക്കാൻ കഴിയുന്നില്ല എന്നുള്ള താണ് സ്വകാര്യ കമ്പനികളുടെ കുഴൽകിണർ നിർമ്മാണം വർദ്ധിക്കാൻ കാരണം.

സ്വകാര്യ ഏജൻസികളെ ഭൂജല അതോറിറ്റിയുടെ പരിധിയിൽ കൊണ്ടുവരുന്നതോടെ അനധികൃത കുഴൽകിണർ നിർമ്മാണം ഒരളവുവരെ നിയന്ത്രിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനായുള്ള ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്.

ശുപാർശ

ഭീമമായ തുക ചെലവാക്കി ഗ്രാമപ്രദേശങ്ങളിൽ കുഴിച്ച കിണറുകൾ പ്രവർത്തിപ്പിക്കുവാനും അവ മെച്ചപ്പെടുത്തുവാനുമുള്ള നടപടിയുണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 93)

സർക്കാർ സ്വീകരിച്ച നടപടി

കേടായി കിടന്നിരുന്ന കുഴൽകിണറുകൾ പ്രവർത്തനക്ഷമമാക്കുന്നതിന്റെ ഭാഗമായി 2012-13 സാമ്പത്തിക വർഷം 4599 ഹാൻഡ് പമ്പുകൾ അറ്റകുറ്റപ്പണി ചെയ്ത് ഭൂജല വകുപ്പ് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇതുകൂടാതെ വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി ഈ സാമ്പത്തിക വർഷം ഏപ്രിൽമുതൽ ജൂൺ വരെയുള്ള കാലയളവിൽ 4262 ഹാൻഡ് പമ്പുകൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

ശുപാർശ

സ്വകാര്യ വ്യക്തികൾ, ബോർവെൽ ധാരാളമായി കുഴിക്കുകയും ഹൈപവ്വർ മോട്ടാർ ഉപയോഗിച്ച് ഭൂഗർഭജലം ഊറ്റിയെടുക്കുകയും ചെയ്യുന്നത് ഇല്ലാതാക്കുന്നതിന് ജലവിഭവ വകുപ്പ് പ്രത്യേകം ശ്രദ്ധിക്കണമെന്നും മണ്ണിലേക്ക് ജലം റീചാർജ്ജ് ചെയ്യുവാൻ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഉൾപ്പെടുത്തി ലഘുലേഖകൾ തയ്യാറാക്കണമെന്നും പാലക്കാട് ജില്ലയിലെ ഐഡന്റിഫൈ ചെയ്ത മൈക്രോവാട്ടർ ഷെഡ് സംരക്ഷിക്കേണ്ട ചുമതല സ്ഥലവാസികളായ ആളുകളെ ഏൽപ്പിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

(ഖണ്ഡിക 96)

സർക്കാർ സ്വീകരിച്ച നടപടി

കേരള സംസ്ഥാനത്തെ ഭൂജലത്തിന്റെ ഉപഭോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനും വേണ്ടി കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നിലവിലുണ്ട്. ഇതനുസരിച്ച് അമിത ചൂഷണ ബ്ലോക്കുകളിൽ കുഴൽകിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. കൂടാതെ നിയമലംഘനം നടത്തുന്നവർക്കെതിരെ നടപടിയെടുക്കാനും ആക്ടിൽ വ്യവസ്ഥയുണ്ട്. ജലം സംരക്ഷിക്കേണ്ട ആവശ്യകതയെക്കുറിച്ചും ഭൂജല സ്രോതസ്സുകളെ കുറിച്ചും ഭൂജല സംപോഷണത്തെക്കുറിച്ചും വിശദമാക്കുന്ന ഒരു കൈപുസ്തകം 2013-ൽ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ കൃത്രിമ ഭൂജല സംപോഷണത്തിനുവേണ്ടി ധാരാളം പദ്ധതികൾ പാലക്കാട് ജില്ലയിൽ ഭൂജല വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

ശുപാർശ

ജല ഉപഭോഗത്തിന് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നും തിരുവനന്തപുരത്തെ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്-ഉം കോഴിക്കോട് സി.ഡബ്ല്യൂ.ആർ.ഡി.എം.-ഉം നടത്തിയ പഠന രേഖകൾ ഉപയോഗപ്പെടുത്തണമെന്നും ജോയിന്റ് വാട്ടർറെഗുലേഷൻ ഡിവിഷൻ, അഹാഡ്സ്, കാഡ എന്നിവ നടത്തിയിട്ടുള്ള പഠനങ്ങളും നിരീക്ഷണങ്ങളും സമാഹരിച്ച് കുറിപ്പായി ലഭ്യമാക്കണമെന്നും ഭൂഗർഭജല ഉപയോഗത്തെക്കുറിച്ച് സെമിനാറുകൾ നടത്തണമെന്നും ബുക്ക്‌ലെറ്റുകൾ തയ്യാറാക്കി വിതരണം ചെയ്യണമെന്നും ഗ്രൗണ്ട്-വാട്ടർ ഉപയോഗിക്കുമ്പോൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഉൾപ്പെടുത്തി ലഘുലേഖകൾ വിതരണം ചെയ്യണമെന്നും വിദ്യാർത്ഥികൾക്ക് പഠന ക്ലാസുകൾ നടത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 97)

സർക്കാർ സ്വീകരിച്ച നടപടി

"ഭൂജലത്തിന്റെ ഉപയോഗവും ഉപഭോഗവും" നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനും വേണ്ടി കേരള ഭൂജല (ക്രമീകരണവും നിയന്ത്രണവും) ആക്ട് 2002 നിലവിലുണ്ട്. ഇതനുസരിച്ച് ഭൂജലത്തിന്റെ ഉപഭോഗം നിയന്ത്രിക്കപ്പെടുന്നുണ്ട്.

കൂടാതെ ഭൂജല സംരക്ഷണം ഉറപ്പാക്കുന്നതിനുവേണ്ടി വിദ്യാർത്ഥികൾക്കായി വകുപ്പ് കൈപുസ്തകം പ്രസിദ്ധീകരിച്ച് വിതരണം ചെയ്തിട്ടുണ്ട്. 2013-ൽ "ഭൂജല വികസനവും സംരക്ഷണവും" എന്ന കൈപുസ്തകവും പ്രസിദ്ധീകരിച്ച് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഭൂജല സംരക്ഷണത്തിനു വേണ്ടിയുള്ള ബോധവൽക്കരണത്തിനായി ജില്ലാ ആസ്ഥാനങ്ങളിലും ബ്ലോക്ക് ആസ്ഥാനങ്ങളിലും പരസ്യബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷം ചിറ്റൂർ ബ്ലോക്കിൽ വിപുലമായ രീതിയിൽ ഭൂജല അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്.

ശുപാർശ

മണ്ണു-ജല സംരക്ഷണത്തിനായി കയ്യാലകെട്ടി അതിനു മുകളിൽ തീറ്റപ്പുൽ നട്ടുവളർത്തുക, മണൽ വരമ്പുകൾ കെട്ടി അതിനു മുകളിൽ തീറ്റപ്പുൽ നട്ടുവളർത്തുക, നീർകുഴികൾ കുഴിക്കുക, വൃക്ഷത്തിന് തടമെടുക്കൽ, ബണ്ടോടുകൂടിയ ട്രഞ്ചുകൾ നിർമ്മിക്കുക, ചെക്ക് ഡാം, റീടേയിനിംഗ് വാൾ നിർമ്മിക്കുക മുതലായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ് എന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ അവരവരുടെ പറമ്പിൽ കിട്ടുന്ന വെള്ളത്തെ നീർക്കുഴികൾ, ചാലുകൾ മുതലായവ നിർമ്മിച്ച് അവിടെ തന്നെ താഴാനനുവദിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. വീടുകളുടെ മേൽക്കൂരകൾവഴി ലഭിക്കുന്ന മഴവെള്ളം ടാങ്കുകളിൽ സംഭരിച്ച് കൃഷിക്കും മറ്റും ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രകൃതി വിഭവ പരിപാലനത്തിനുന്നൽ നൽകി വിവിധ മണ്ണു-ജല സംരക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. തത്സ്ഥല ജല പരിപാലനത്തിന് പ്രാധാന്യം നൽകി വാട്ടർഷെഡ് അടിസ്ഥാനത്തിലാണ് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്. മണ്ണുജല സംരക്ഷണത്തിനായി കയ്യാലകെട്ടി അതിനു മുകളിൽ തീറ്റപ്പുൽ നട്ടുവളർത്തി ബലപ്പെടുത്തുക, നീർകുഴികൾ നിർമ്മിക്കുക, വൃക്ഷത്തിന് തടമെടുക്കുക, ട്രഞ്ചുകൾ നിർമ്മിക്കുക, ചെക്ക് ഡാം, റീട്ടെയിനിംഗ് ഭിത്തി തുടങ്ങിയ പ്രവർത്തനങ്ങൾ വാട്ടർഷെഡ് പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്. മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനായി പരിശീലന പരിപാടികൾ ജില്ലയിൽ സംഘടിപ്പി ച്ചുവരുന്നു. ജലദൗർലഭ്യത്തിന്റെ രൂക്ഷത കണക്കിലെടുത്ത് ലഭ്യമാകുന്ന മഴവെള്ളം മുഴുവനും ഓരോ പുരയിടത്തിൽത്തന്നെ സംരക്ഷിക്കപ്പെടുവാനും മണ്ണിലേയ്ക്ക് താഴ്ന്നിറങ്ങി ഭൂഗർഭ ജലവിതാനം ഉയർത്തുവാനും വേണ്ട നടപടികൾ പദ്ധതി പ്രദേശത്ത് സ്വീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ വീടുകളുടെ മേൽക്കൂരകൾവഴി ലഭിക്കുന്ന മഴവെള്ളം ടാങ്കുകളിൽ സംഭരിച്ച് കൃഷിക്കും മറ്റും ഉപയോഗിക്കുന്നതിനായി പദ്ധതി തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശുപാർശ</u>

ചെങ്കുത്തായ പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയാനും മഴയുടെ ലഭ്യത കൂട്ടാനും വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കണമെന്നും ഗുണഭോക്താക്കളുൾക്കൊള്ളുന്ന ഒരു നീർത്തട്ട് വികസന സൊസൈറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 109)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പാലക്കാട് ഡിവിഷന്റെ അധികാര പരിധിയിൽ 2012-2013 സാമ്പത്തിക വർഷത്തിൽ വനമേഖലയിലെ മണ്ണൊലിപ്പിന് സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയാനും ജല ലഭ്യത കൂട്ടാനുമായി 4 ചെക്കുഡാമുകൾ നിർമ്മിച്ചിട്ടുണ്ട്. 2 ചെക്കുഡാമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതോടൊപ്പം സോഷ്യൽ ഫോറസ്ട്രീ വിഭാഗം മുഖേന വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ, യുവജന സംഘടനകൾ എന്നിവ മുഖേന നട്ടുപരിപാലിക്കുന്നതിനായി ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വൃക്ഷത്തൈകൾ സൗജന്യമായും സൗജന്യ നിരക്കിലും വിതരണം ചെയ്തുവരുന്നു. വനേതര മേഖലകളിലെ ഇപ്രകാരമുള്ള പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾക്ക് മണ്ണ് സംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, ത്രിതല പഞ്ചായത്തുകൾ എന്നിവ മുഖേന ഗുണഭോക്താക്കളുൾക്കൊള്ളുന്ന നീർത്തട്ട് വികസന സമിതി രൂപീകരിച്ച് വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുന്നതാണ്.

ശുപാർശ

**അട്ടപ്പാടി വാലി ജലസേചന പദ്ധതി**

അട്ടപ്പാടിയിൽ ചിറ്റൂർ എന്ന സ്ഥലത്ത് കാവേരി നദിയുടെ കൈവഴിയായ ഭവാനിപ്പുഴയിൽ എത്തിച്ചേരുന്ന ശിരുവാണിപുഴയിൽ ഒരു ഡാം നിർമ്മാണത്തിന് പദ്ധതി രൂപീകരിച്ച് പണി തുടങ്ങിയെങ്കിലും 7 കോടിയോളം രൂപ ചെലവാക്കി കഴിഞ്ഞ് പണി നിർത്തിവച്ചതായി സമിതി മനസ്സിലാക്കി. ഈ ഡാമിന് ആവശ്യമുള്ള സ്ഥലം അക്വയർ ചെയ്തിട്ട് വർഷങ്ങളായി. 4347 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി. ഇപ്പോൾ അട്ടപ്പാടിയിലെ ഭവാനി പുഴയിലും ശിരുവാണിപ്പുഴയിലും ഉള്ള ജലം നമ്മുടെ സംസ്ഥാനത്തിന് ഉപയോഗിക്കാൻ കഴിയുന്നില്ല. മുഴുവൻ ജലവും തമിഴ്നാട്ടിലേക്ക് ഒഴുകി പോകുന്നു. ഇതു തുടർന്നാൽ നമുക്ക് വെള്ളത്തിന്റെ ആവശ്യമില്ല എന്ന നിഗമനത്തിൽ അയൽ സംസ്ഥാനങ്ങൾ എത്താൻ സാദ്ധ്യതയുണ്ട്. അന്തർ സംസ്ഥാന നദീജല തർക്കങ്ങളിൽ അർഹമായ വിഹിതം നേടിയെടുക്കണമെങ്കിൽ നമ്മൾ ജലം പാഴാക്കാതെ ഉപയോഗിക്കുന്നു എന്ന് മറ്റ് സംസ്ഥാനങ്ങളേയും തർക്ക പരിഹാര കോടതികളേയും ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. ഇപ്പോൾ കേരളത്തിന് ജലം ആവശ്യമില്ല എന്നും അധികജലം ഉള്ള സംസ്ഥാനമാണ് എന്നും വരുത്തി തീർക്കാനാണ് അയൽ സംസ്ഥാനങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിനു വെള്ളം ആവശ്യമില്ലാത്തതുകൊണ്ടാണ് ഈ പദ്ധതി ദശാബ്ദങ്ങളായിട്ടും നടപ്പിലാക്കാത്തത് എന്ന ഒരു വാദവും അയൽ സംസ്ഥാനങ്ങൾ ഉന്നയിക്കാൻ സാദ്ധ്യതയുണ്ട്. ഈ പദ്ധതി കൊണ്ട് നാലായിരത്തിലധികം ഹെക്ടർ കൃഷിക്ക് ജലസേചനം നടത്താൻ കഴിയുക മാത്രമല്ല, ആദിവാസി മേഖലയായ അട്ടപ്പാടിയിലെ 3 പഞ്ചായത്തുകൾക്ക് കൂടി വെള്ളമെത്തിക്കുവാനും കഴിയുന്നതാണ്. 1973-ൽ തമിഴ്നാടും കേരളവും ചേർന്ന് ഒപ്പുവച്ച ശിരുവാണി അന്തർ സംസ്ഥാന നദീജല കരാറിൽ 2.5 ടി.എം.സി. ജലം കേരളത്തിന് ഉപയോഗിക്കാവുന്നതാണ് എന്നു പറഞ്ഞിട്ടുണ്ട്. 1973 മുതൽ ഈ ജലം മുഴുവൻ തമിഴ്നാട്ടിലേക്കാണ് ഒഴുകി പോകുന്നത്. ഇവിടെനിന്നും തമിഴ്നാട്ടിലേക്ക് ഒരു വർഷത്തിൽ ഒഴുകിപോകുന്ന വെള്ളത്തിന്റെ അളവ് ഏകദേശം 36 ടി.എം.സി.യോളം ആണെന്ന് കണക്കാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുമ്പോഴും അട്ടപ്പാടിയിലെ ആദിവാസികൾക്ക് കുടിവെള്ളം പോലും ലഭിക്കുന്നില്ല എന്ന കാര്യം സമിതി ഗൗരവമായി കാണുന്നു. അതുകൊണ്ട് അട്ടപ്പാടി വാലി ജലസേചന പദ്ധതി കേന്ദ്ര വിഹിതമില്ലെങ്കിൽ പോലും കേരള സംസ്ഥാനത്തിന്റെ സ്വന്തം ഫണ്ടിൽ നിന്ന് വകയിരുത്തി നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 139)

സർക്കാർ സ്വീകരിച്ച നടപടി

കേരള സർക്കാർ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള ആദ്യത്തെ വിവിധോദ്ദേശ ഇടത്തരം അണക്കെട്ട് പദ്ധതിയാണ് അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്റ്റ്. ഈ പദ്ധതി ഭവാനി നദിയുടെ പോഷക നദിയായ ശിരുവാണിപുഴയിൽ ചിറ്റൂരിൽ 450 m. നീളമുള്ളതും 51.5 m. ഉയരവുമുള്ള അണക്കെട്ട് നിർമ്മിക്കുവാൻ ഉദ്ദേശിച്ചുള്ളതാണ്. ഈ പദ്ധതിയുടെ ആകെ ആയക്കട്ട് 4900 ഹെക്ടറും

ജലസേചനം ലഭിക്കുന്ന ആകെ ആയക്കട്ട് 6150 ഹെക്ടറും ആണ്. ഇതിനുപറമെ 3 മെഗാവാട്ട് വൈദ്യുതി ഉല്പാദനവും അഗളി, ഷോളയാർ,പുതൂർ എന്നീ ഗ്രാമങ്ങളിൽ കുടിവെള്ളവിതരണവും ഈ പദ്ധതികൊണ്ട് സാധിക്കും.

ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് 560 കോടി രൂപ ആവശ്യമാണ്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഭൂഘടനയെകുറിച്ച് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ വിശകലനം നടത്തി. അണക്കെട്ടിന്റെ പൂർണ്ണ ജലവിതാന സർവ്വേ ഭാഗികമായി പൂർത്തിയാക്കി. വെള്ളത്തിനടിയിൽ ആകുന്ന സ്ഥലത്തിന്റെ 65% ഏറ്റെടുക്കുകയും പുനരധിവാസം പൂർത്തിയാക്കുകയും ചെയ്തു. പീച്ചിയിലെ “KERI” എന്ന സ്ഥാപനം അണക്കെട്ടിനുള്ള “ഹൈഡ്രോളിക്ക് മോഡൽ സ്റ്റഡി” നടത്തുകയും സാങ്കേതികമായി സ്വീകാര്യമെന്ന് കാണുകയും ചെയ്തു. അണക്കെട്ടിന്റെ വലത് കനാലിന്റെ 6.5 കി.മീ. നിർമ്മാണവും, ഓഫീസ് കെട്ടിടം, ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകൾ മറ്റ് അനുബന്ധ കെട്ടിടങ്ങൾ എന്നിവ പൂർത്തിയാക്കുകയും ചെയ്തു.

കാവേരി നദീജലതർക്ക ട്രൈബ്യൂണലിന്റെ ശുപാർശ പ്രകാരം കേരളത്തിന് ലഭ്യമായിട്ടുള്ള 4 ടി.എം.സി. ജലം ഉപയോഗപ്പെടുത്തുന്നതിനായി ഈ പദ്ധതി നടപ്പിലാക്കുന്നത് അനിവാര്യമാണ്. കൂടാതെ മഴയെ മാത്രം ആശ്രയിച്ച് കൃഷി നടത്തുന്ന അട്ടപ്പാടി മേഖലയിൽ കൂടുതൽ സ്ഥലം കൃഷിക്ക് ഉപയുക്തമാക്കുവാനും ഇപ്പോഴുള്ള 515 ഹെക്ടർ അടക്കം 4900 ഹെക്ടർ സ്ഥലത്ത് ജലസേചനം ലഭ്യമാക്കുവാനും അപ്രകാരം ആദിവാസികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാനും ഈ പദ്ധതിക്ക് കഴിയും. കൂടാതെ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന അഗളി, ഷോളയാർ, പുതൂർ എന്നീ വില്ലേജുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും ഈ പദ്ധതി പ്രയോജനപ്പെടും. പദ്ധതിയുടെ ഭാഗമായി 51 ആദിവാസി കുടുംബങ്ങളെ ഇതിനോടകം പുനരധിവസിപ്പിച്ചു കഴിഞ്ഞു. 3 മെഗാവാട്ട് വൈദ്യുതി ഉല്പാദനത്തിനു പുറമേ സൈലന്റ്‌വാലി പ്രദേശത്തിന് സമീപപ്രദേശമായ ഈ മേഘലയിലെ ടൂറിസം സാദ്ധ്യത മെച്ചപ്പെടുത്തുന്നതിനും ഈ പദ്ധതി സഹായിക്കും. അണക്കെട്ടിന്റെ റിസർവോയർ ലെവലിൽ ജലത്തിനടി യിലാകുന്ന സ്ഥലം 300 ഹെക്ടർ മാത്രമാണ്. അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ സർവ്വതോന്മുഖമായ വികസനത്തിന് ഉതകുന്ന ഈ പദ്ധതിക്കുവേണ്ടി 31-3-2012 വരെ 15.0124കോടി രൂപ ചെലവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്റ്റ് നടപ്പിലാക്കുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചുകൊണ്ട് സർക്കാർ 22-8-2012 തീയതിയിൽ ഉത്തരവ് പുറപ്പടുവിച്ചിട്ടുണ്ട്. കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ അനുമതിയോടെ മാത്രമേ ഈ പദ്ധതി നടപ്പിലാക്കുന്നതിന് സാധിക്കുകയുള്ളൂ. ആയതിനാൽ സംസ്ഥാന പ്ലാനിംഗ് ബോർഡ്, ധനകാര്യ വകുപ്പുകളുടെ അംഗീകാരം ലഭ്യമാക്കിയശേഷം അനുമതിയ്ക്കായി കേന്ദ്ര വനം പരിസ്ഥിതി വകുപ്പിനെ സമീപിക്കാനും തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്കായി വിശദമായ പ്രോജക്ട് പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ചീഫ് എഞ്ചിനീയർ പ്രോജക്ട് 1-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശുപാർശ

പാലക്കാട് ജില്ലയിലെ നെൽവയലുകളുടെ വിസ്തൃതി കുറഞ്ഞു വരുന്നതായി കാലാകാലങ്ങളിൽ കണക്കുകളിൽനിന്നും സമിതി മനസ്സിലാക്കുന്നു. 2002-ൽ പാലക്കാട് ജില്ലയിൽ ആകെയുള്ള ഏകദേശം 85740.12 ഹെക്ടർ കൃഷി ഭൂമിയിൽ ഏകദേശം 7121 ഹെക്ടർ കൃഷിഭൂമി പരിവർത്തനം ചെയ്തു. ഇതിനുള്ള പ്രധാനകാരണം നെൽവയലുകൾ നികത്തി വലിയ കെട്ടിടം ഉയർന്നുവരുന്നതും ജലലഭ്യത കുറവായതിനാൽ കൃഷിക്കാർ മറ്റു കൃഷികളിലേക്ക് തിരിയുന്നതുമാണെന്ന് സമിതി മനസ്സിലാക്കുന്നു. നെൽവയലുകൾ നികത്തുന്നത് തടയുന്നതിനായി 2007-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കർശനമായി പാലിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപർശ ചെയ്യുന്നു.

(ഖണ്ഡിക 140)

സർക്കാർ സ്വീകരിച്ച നടപടി

ജില്ലയിൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കി വരുന്നുണ്ട്. അനധികൃത പരിവർത്തനം തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

## 4. സമിതിയോഗങ്ങളിലെ നിർദ്ദേശങ്ങളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും

ശുപാർശ

(1) സമിതിയുടെ 9-6-2010-ലെ യോഗത്തിൽ കേരള കാർഷിക സർവ്വകലാശാലയ്ക്ക് സമിതി നല്കിയ നിർദ്ദേശങ്ങളും സർവ്വകലാശാല സമർപ്പിച്ച റിപ്പോർട്ടും.

**നിർദ്ദേശം**

**മലപ്പുറം ജില്ലയിലെ ശ്രീ. വെട്ടം മുഹമ്മദ് എന്ന കർഷകൻ യാതൊരു സാങ്കേതിക സഹായവുമില്ലാതെ കൃഷിയിൽ കൈവരിച്ച നേട്ടം മാതൃകയാക്കി കാർഷിക സർവ്വകലാശാല 10 ഏക്കർ കൃഷിയിടത്തിൽ പരീക്ഷണാർത്ഥം കൃഷി നടത്തണമെന്ന നിർദ്ദേശം.**

സർക്കാർ സ്വീകരിച്ച നടപടി

ജൈവ കൃഷി മാർഗ്ഗങ്ങൾ അവലംബിച്ചുക്കൊണ്ടുള്ള സമ്മിശ്ര കൃഷിരീതിയാണ് ശ്രീ. വെട്ടം മുഹമ്മദ് അദ്ദേഹത്തിന്റെ കൃഷിയിടത്തിൽ പ്രവർത്തികമാക്കിയിരിക്കുന്നത്. ഈ കൃഷിയിടത്തിൽ നിന്നും ലഭിക്കുന്ന വിവിധതരം ഉൽപ്പന്നങ്ങൾ നേരിട്ട് വിൽപ്പന നടത്തുന്ന ഒരു വിപണന രീതിയും ആവിഷ്ക്കരിച്ചിട്ടുള്ളതുകൊണ്ട് അദ്ദേഹത്തിന്റെ കാർഷിക ഉൽപ്പന്നങ്ങൾക്ക് ലഭിക്കുന്ന വിലയിൽനിന്നും പരമാവധി ലാഭം അദ്ദേഹത്തിനു ലഭിക്കുന്നു. ഈ നേട്ടം കൈവരിക്കുന്നതിനു വേണ്ടി അദ്ദേഹം അനുവർത്തിക്കുന്ന സാങ്കതിക വിദ്യകളിൽ അധികവും കാർഷിക സർവ്വകലാശാലയുടെ

നിർദ്ദേശങ്ങൾ തന്നെയാണെന്ന് അദ്ദേഹം തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്. സമർത്ഥനായ ഒരു കർഷകനെന്ന നിലയിൽ ജൈവ സമ്മിശ്ര കൃഷിയുടെ വിപുലമായ സാധ്യതകളും വിപണന തന്ത്രങ്ങളും തന്റെ കൃഷിയിടത്തിൽ വിജയകരമായി പ്രാവർത്തികമാക്കാൻ സാധിച്ചു എന്നതാണ് അദ്ദേഹം കൈവരിച്ച നിസ്തുല നേട്ടം.

ശ്രീ. വെട്ടം മുഹമ്മദ് അനുവർത്തിക്കുന്ന സമ്മിശ്ര കൃഷിയുടെ ശുപാർശകൾ മിക്കതും കാർഷിക സർവ്വകലാശാലയുടെ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ്. ജൈവ കൃഷിയുടെ പ്രാധാന്യവും കാർഷിക സർവ്വകലാശാല പ്രചരിപ്പിച്ചുക്കൊണ്ടിരിക്കുന്ന കാർഷിക സമീപനമാണ്.

കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിൽ ഇടത്തട്ടുകാരെ ഒഴിവാക്കിയാൽ ഉണ്ടാകുന്ന നേട്ടങ്ങളെ പറ്റിയുള്ള ധാരാളം ഗവേഷണ ഫലങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓരോ പ്രാഥമിക കാർഷിക ഉൽപ്പന്നവും സാധിക്കുന്ന മൂല്യവർദ്ധന കർഷകന്റെ നേതൃത്വത്തിൽ സ്വന്തം പുരയിടത്തിൽത്തന്നെ ഏറ്റെടുത്ത് വിപണനം നടത്തിയാൽ ലാഭസാധ്യത പലമടങ്ങായി വർദ്ധിക്കുന്ന കാര്യം വിവിധ പരിശീലനപരിപാടികളിലൂടെ കാർഷിക സർവ്വകലാശാല കർഷക സമൂഹത്തിലേക്ക് എത്തിക്കുന്നുണ്ട്.

കാർഷിക സർവ്വകലാശാലയിലെ ഫാമുകളിലെ കൃഷിഭൂമിയിൽനിന്നും വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിന്റെ ഊർജ്ജിത പ്രവർത്തനങ്ങൾ കഴിഞ്ഞ 5 വർഷമായി ഏറ്റെടുക്കുന്നുണ്ട്. ഇതിനുവേണ്ടി നൽകിയിട്ടുള്ള നിർദ്ദേശങ്ങളിൽ മിക്കവയും ശ്രീ. വെട്ടം മുഹമ്മദ് അനുവർത്തിക്കുന്ന ജൈവ സമ്മിശ്ര കൃഷിയുടെ തത്ത്വങ്ങളുമായി ഏറെ സമാന സ്വഭാവമുള്ളവയാണ്. ഒരു ഉൽസാഹശാലിയായ പ്രബുദ്ധ കർഷകനും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും മുഴുവൻ സമയ പങ്കാളിത്തത്തോടെ ഏറ്റെടുത്ത് നടപ്പാക്കിയതുകൊണ്ടാണ് ശ്രീ. വെട്ടം മുഹമ്മദിന് സ്തുത്യർഹമായ കാർഷിക നേട്ടം കൈവരിക്കാൻ സാധിച്ചത്. സർവ്വകലാശാലയുടെ ഫാമുകളിലെ ഫാമുകളിൽ ഒരു കാർഷിക കുടുംബത്തിലെ സാഹചര്യം അതേപടി ഒരുക്കുന്നതിനു പരിമിതികൾ ഉണ്ട്. എങ്കിലും സർവ്വകലാശാലയുടെ പല കേന്ദ്രങ്ങളും ഇതിനകം മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ നേട്ടം ഇവിടെ ചൂണ്ടികാണിക്കട്ടെ. 2005-06 ൽ വെറും 5 ലക്ഷം രൂപയായിരുന്നു ഫാമിന്റെ മൊത്തം വരുമാനം 2012-13 വർഷമായപ്പോഴേക്കും ഈ വരുമാനം 2 കോടി രൂപയിലും കവിഞ്ഞു എന്നത് അറിയിക്കട്ടെ. ഇത്തരത്തിൽ മികച്ച പ്രകടനം കാഴ്ച്ചവയ്ക്കുന്ന കേന്ദ്രങ്ങളാണ് തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രം, കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രം, മടക്കത്തറ കശുമാവ് ഗവേഷണ കേന്ദ്രം, മണ്ണൂത്തി കാർഷിക ഗവേഷണ കേന്ദ്രം, കണ്ണാറ വാഴ ഗവേഷണ കേന്ദ്രം എന്നിവ. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളെല്ലാം തന്നെ അവരവരുടെ ഭൂവിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും ഏറ്റെടുത്തിരുന്ന വരുമാന വർദ്ധനവിന്റെ പ്രവർത്തനങ്ങളിൽ ശക്തമായ വൈവിധ്യവൽക്കരണം നടത്തുകയും ഉണ്ടായി. മറ്റു ഫാമുകളും ഇത്തരത്തിൽ മികവിന്റെ അവസ്ഥയിലേക്ക് അധികം താമസിയാതെ എത്തും എന്നാണ് പ്രതീക്ഷിക്കുന്നത്.

നിർദ്ദേശം

**20 കൊല്ലമായി തുടർന്നുവരുന്ന ചാർജ്ജ്ഭരണം 2010 ജൂൺ 30-നുള്ളിൽ അവസാനിപ്പിക്കുക.**

സ്വീകരിച്ച നടപടി

ഇരുപത് കൊല്ലമായി തുടർന്നുവരുന്ന ചാർജ്ജ്ഭരണം അവസാനിപ്പിക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

നിർദ്ദേശം

**കാർഷിക സർവ്വകലാശാലയിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനും അദ്ധ്യാപകർക്കും ജീവനക്കാർക്കുമുള്ള ശമ്പളവിതരണം ട്രഷറിവഴി ക്രമീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുക.**

സ്വീകരിച്ച നടപടി

കാർഷിക സർവ്വകലാശാലയിലെ അനദ്ധ്യാപക നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിന് 6-8-2011-ൽ കൂടിയ സർവ്വകലാശാലയുടെ 111-ാമത് ജനറൽ കൗൺസിൽ യോഗത്തിൽ തീരുമാനമെടുത്തിരുന്നു. 26-11-2012-ലെ GS5-1817/2011 എന്ന നമ്പരിലുള്ള ഗവർണ്ണറുടെ ഓഫീസിൽ നിന്നുള്ള കത്ത് പ്രകാരം സർവ്വകലാശാലയിലെ അനദ്ധ്യാപക നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് നൽകി കൊണ്ടുള്ള സ്റ്റാറ്റ്യൂട്ട് രൂപീകരണത്തിന് 26-11-2012-ൽ ഗവർണ്ണറുടെ അനുമതി ലഭിച്ചതായി അറിയിച്ചിട്ടുണ്ട്. ഗസറ്റ് വിജ്ഞാപനത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സർവ്വകലാശാലയിലെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷനെ എൽപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ തലത്തിൽ നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ട്രഷറി വഴിയുള്ള ശമ്പള വിതരണം സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമായ വിഷയമാണ്.

നിർദ്ദേശം

**സർവ്വകലാശാലയ്ക്ക് വാഗമണ്ണിലുള്ള സ്ഥലത്ത് ടൂറിസ്റ്റുകൾക്കായി 10 ഹട്ടുകൾ നിർമ്മിച്ച് വരുമാനം വർദ്ധിപ്പിക്കണമെന്നും സർവ്വകലാശാലയുടെ കൈവശമുള്ള ഭൂമിയിൽ നടീൽ വസ്തുക്കൾ നിർമ്മിക്കുന്നതോടൊപ്പം മോഡൽ ഫാമുകൾ നിർമ്മിച്ച് സന്ദർശകർക്ക് ഫീസ് ഏർപ്പെടുത്താവുന്നതാണെന്നും കൂടാതെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി മറ്റു പദ്ധതികൾ ആലോചിക്കുക.**

സ്വീകരിച്ച നടപടി

കാർഷിക സർവ്വകലാശാലയ്ക്ക് വാഗമണ്ണിലുള്ള സ്ഥലം വെറ്ററിനറി സർവ്വകലാശാലയുടെ രൂപീകരണത്തെ തുടർന്ന് ടി സർവ്വകലാശാലയ്ക്ക് കൈമാറിയിട്ടുണ്ട്. നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനുള്ള ബൃഹദ് പദ്ധതികൾ ഇപ്പോൾത്തന്നെ സർവ്വകലാശാലയിൽ നിലവിലുണ്ട് (ഉദാ: Mass Production of Seedlings and Planting materials).

മോഡൽ ഫാമുകൾ വികസിപ്പിച്ച് അവിടെ സന്ദർശകരിൽ നിന്ന് ഫീസ് ഈടാക്കുന്ന സംവിധാനത്തിന് സർവ്വകലാശാലയിൽ ഇതിനോടകം തുടക്കം കുറിച്ചിട്ടുണ്ട്. പ്രസ്തുത സംവിധാനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

നിർദ്ദേശം

**കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് വരുമാനം ഉണ്ടാക്കുന്നതുപോലെ കാർഷിക സർവ്വകലാശാലയും കൈവശഭൂമി ഫലപ്രദമായി വിനിയോഗിച്ച് വരുമാനം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.**

സ്വീകരിച്ച നടപടി

കാർഷിക സർവ്വകലാശാലയിൽനിന്നും വെറ്ററിനറി സർവ്വകലാശാലയും ഫിഷറീസ് സർവ്വകലാശാലയും വേർപെടുന്നതിന് മുൻപ് കൈവശമുണ്ടായിരുന്ന മൊത്തം ഭൂമി 4500 ഏക്കർ ആയിരുന്നു. പുതിയ രണ്ട് സർവ്വകലാശാലകളും രൂപീകരിച്ചശേഷം കാർഷിക സർവ്വകലാശാലയുടെ പക്കൽ അവശേഷിക്കുന്നത് 3300 ഏക്കർ മാത്രമാണ്. ഇതിൽ പകുതിയിലേറെ ഗവേഷണ കേന്ദ്രങ്ങൾ തികച്ചും ഗ്രാമപ്രദേശങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. മിക്ക ഗവേഷണ കേന്ദ്രങ്ങളും ഇന്നു നേരിടുന്ന പ്രതിസന്ധി സ്ഥലപരിമിതി തന്നെയെന്നതാണ് വാസ്തവം. ഓരോ കൃഷി വിജ്ഞാന കേന്ദ്രത്തിനും 50 ഏക്കർ ഭൂമി നീക്കിവെയ്ക്കണമെന്നതാണ് ICAR നിഷ്ക്കർച്ചിട്ടുള്ളതെങ്കിലും ഇത് കൃത്യമായി പാലിക്കാൻ സർവ്വകലാശാലക്കു സാധിച്ചിട്ടില്ല. കണ്ണൂർ, കൊല്ലം, മലപ്പുറം, കോട്ടയം എന്നീ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ സ്ഥല പരിമിതികൊണ്ട് വീർപ്പുമുട്ടുകയാണ്. ഈ സാഹചര്യത്തിൽ സാധ്യമായ സ്ഥലങ്ങളിൽപ്പോലും ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചാൽ അത് വരുമാന വർദ്ധനവിനേക്കാൾ ഉപരി ഒരു ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനാന്തരീക്ഷത്തിന് പ്രതികൂല സാഹചര്യങ്ങൾ ഉണ്ടാക്കാനാണ് സാധ്യത. എങ്കിലും വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മറ്റനേകം നടപടികൾ കാർഷിക സർവ്വകലാശാല കൈക്കൊണ്ടിട്ടുണ്ട്. ഓരോ ഏക്കർ കരഭൂമിയിൽനിന്നും ചുരുങ്ങിയത് വർഷത്തിൽ കുറഞ്ഞത് ഒരു ലക്ഷം രൂപയെങ്കിലും വരുമാനം കിട്ടുന്ന വിധത്തിലുള്ള പരിപാടികൾ ഏറ്റെടുക്കണം എന്ന കാര്യത്തിൽ ഒരു പൊതുധാരണയായിട്ടുണ്ട്. ഈ ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടിയുള്ള ഏറ്റവും അനിയോജ്യമായ പരിപാടികൾ ഓരോ കേന്ദ്രങ്ങളും ഏറ്റെടുക്കണമെന്ന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. വേണ്ടത്ര ശാസ്ത്രജ്ഞർ, ഫാം സ്റ്റാഫ്, തൊഴിലാളികൾ, കാർഷിക യന്ത്രങ്ങൾ എന്നിവയുടെ അഭാവവും സാമ്പത്തിക പരിമിതികളും ഈ നേട്ടം കൈവരിക്കുന്നതിന് പ്രതിബന്ധമാകുന്നുണ്ട്.

നിർദ്ദേശം

**തെങ്ങുകയറ്റുയന്ത്രം പോലെ മറ്റുയന്ത്രങ്ങളുടെ നിർമ്മാണത്തിനായി ആധുനിക സാങ്കേതികവിദ്യ സഹായത്തിനായി ചെന്നൈ ഐ.ഐ.ടി.യുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനം.**

സ്വീകരിച്ച നടപടി

ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ മറ്റു കാർഷിക സർവ്വകലാശാലകൾ എന്നിവയുമായി ഗവേഷണകാര്യങ്ങളിൽ സഹകരണങ്ങൾ ഉണ്ട്. ചെന്നൈ ഐ.ഐ.ടി. യുമായി ഗവേഷണത്തിനുവേണ്ടി സമീപിക്കുകയും അവരുടെ ഡിപ്പാർട്ട്മെന്റ് ഓഫ് മെക്കാട്രോണിക്സിന്റെ രണ്ടു പ്രൊഫസർമാർ തവനൂർ കാർഷിക എഞ്ചിനീയറിംഗ് കോളേജ് സന്ദർശിക്കുകയുമുണ്ടായി.

നിർദ്ദേശം

**സർവ്വകലാശാലയിൽ നിലവിലിരിക്കുന്ന പഴക്കം ചെന്ന അച്ചടിഭാഷ നവീകരിക്കണമെന്നും "ഫാം ജേർണലിസം" ആരംഭിക്കണമെന്നുമുള്ള സമിതി നിർദ്ദേശം.**

സ്വീകരിച്ച നടപടി

ഇതിൻപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(2) സമിതിയുടെ 2011-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കവെ 10-12-2012-ലെ യോഗത്തിൽ സമിതി നൽകിയ നിർദ്ദേശവും സ്വീകരിച്ച നടപടികളും.

നിർദ്ദേശം

**കെ.എൽ.ഡി. ബോർഡുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ ഹെഡ് ഓഫ് അക്കൗണ്ടുകൾ മൃഗസംരക്ഷണ വകുപ്പിലേക്ക് മാറ്റാനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.**

സ്വീകരിച്ച നടപടി

കെ.എൽ.ഡി. ബോർഡിനെ സംബന്ധിച്ച ചെലവുകൾക്കായുള്ള ശീർഷകങ്ങൾ ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട `2404' എന്ന മുഖ്യ ശീർഷകത്തിൽ നിന്നും മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട `2403' എന്ന മുഖ്യ ശീർഷകത്തിലേക്ക് മാറ്റണമെന്ന സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഇതിനായി നിലവിലുള്ള ശീർഷകങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിഹിതം കുറവ് ചെയ്ത് പുതിയ ശീർഷകങ്ങളിൽ ഉൾക്കൊള്ളിക്കേണ്ടതുണ്ട്. 2404, 2403 എന്നീ മുഖ്യ ശീർഷകങ്ങൾ വിവിധ ഡിമാന്റുകളിൽ ആയതിനാൽ പ്രസ്തുത നിർദ്ദേശങ്ങൾ 2013-2014 സാമ്പത്തിക വർഷത്തെ ആദ്യ ഉപധനാഭ്യർത്ഥന മുഖേന മാത്രമേ നടപ്പിൽ വരുത്തുവാൻ സാധിക്കുകയുള്ളൂ. എന്നതിനാൽ ആദ്യ ഉപധനാഭ്യർത്ഥനയ്ക്കുള്ള നിർദ്ദേശങ്ങൾ ക്ഷണിക്കുമ്പോൾ ഇതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് മാനേജിംഗ് ഡയറക്ടർക്കും ക്ഷീരവികസന വകുപ്പ് ഡയറക്ടർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്.

(3) 2010-2011-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 5-ലെ ശുപാർശയിന്മേൽ ലഭ്യമാക്കിയ മറുപടി സംബന്ധിച്ച് 10-11-2010 യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരവും ലഭിച്ച വിവരവും.

നിർദ്ദേശം

**കേരളത്തിന്റെ കാർഷിക ആവശ്യങ്ങൾക്ക് വേണ്ടി കേന്ദ്രഗവൺമെന്റ് അനുവദിക്കുന്ന യൂറിയ ഉൾപ്പെടെയുള്ള എല്ലാ രാസവളങ്ങളുടെയും കൃത്യമായ കണക്ക് സംസ്ഥാന കൃഷിവകുപ്പിനെ അറിയിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടണമെന്ന് സമിതി നിർദ്ദേശിച്ചു. ലഭിക്കുന്ന വളം സ്വകാര്യ ഏജൻസികൾ കാർഷിക മേഖലയിലെ ഉപയോഗത്തിനാണ് വിതരണം ചെയ്തതെന്നും ഉറപ്പാക്കണമെന്നും കൃഷിവകുപ്പിൽ നിന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നതിനും സമിതി നിർദ്ദേശിച്ചു.**

സ്വീകരിച്ച നടപടി

ഓരോ വർഷവും രണ്ടു പ്രാവശ്യം നടക്കുന്ന ഖാരിഫ്-റാബി സോണൽ കോൺഫറൻസുകളിലാണ് സംസ്ഥാനം ആറു മാസത്തേക്കുള്ള വളത്തിന്റെ ആവശ്യകത അറിയിക്കുന്നതും ചർച്ചയ്ക്കുശേഷം ക്വാട്ട അനുവദിക്കുന്നതും. ഈ കോൺഫറൻസിൽ സംസ്ഥാനത്തുനിന്നും കൃഷി വകുപ്പ് സെക്രട്ടറി, കൃഷി ഡയറക്ടർ, കൃഷി അഡീഷണൽ ഡയറക്ടർ (സി.പി.) എന്നിവർ പങ്കെടുക്കാറുണ്ട്. സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെടുന്ന അളവുകൾ സംബന്ധിച്ച വിവരം കോൺഫറൻസിനു മുമ്പുതന്നെ കേന്ദ്രസർക്കാരിനു സമർപ്പിക്കാറുണ്ട്. കോൺഫറൻസിൽ ഇക്കാര്യം വിശദമായി ചർച്ച ചെയ്യുകയും സംസ്ഥാനത്തിന്റെ വിഹിതം കേന്ദ്ര സർക്കാർ നിശ്ചയിച്ച് അറിയിക്കുന്നതുമാണ്. ഇതിനു പുറമേ പ്രതിവാര വീഡിയോ കോൺഫറൻസുവഴി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ വളത്തിന്റെ ലഭ്യതയും അധികമായി ആവശ്യമായ അളവിന്റെ കാര്യങ്ങളും ചർച്ച ചെയ്ത് ആവശ്യമെങ്കിൽ അധികമായി വേണ്ടിവരുന്ന രാസവളം സംസ്ഥാനത്തിന് അനുവദിക്കുന്നതാണ്. ഇറക്കുമതി ചെയ്യുന്നതും ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നതുമായ സബ്സിഡൈസ്ഡ് വളത്തിന്റെ അതാത് മാസത്തെ അലോട്ട്മെന്റ് കമ്പനി തിരിച്ച് കേന്ദ്ര സർക്കാർ കൃഷി ഡയറക്ടറേറ്റിൽ മുൻകൂട്ടി അറിയിക്കാറുണ്ട്.

(4) പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കവെ 4-1-2012-ലെ യോഗത്തിൽ സമിതി നൽകിയ നിർദ്ദേശവും സ്വീകരിച്ച നടപടിയും.

നിർദ്ദേശം

**മണ്ണു ജല സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ചും ജലക്ഷാമം നേരിടുന്നതിന് ജനങ്ങൾക്ക് അവബോധം നൽകുന്നതിനുള്ള വിവിധ പരിപാടികളെപ്പറ്റിയും ആർ.ഐ.ഡി.എഫിന്റെ വിവിധ പദ്ധതികളെപ്പറ്റിയും ഉള്ള വിവരങ്ങൾ പൊതുജനങ്ങളിലും ജനപ്രതിനിധികളിലും എത്തിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുക.**

സ്വീകരിച്ച നടപടി

സംസ്ഥാനത്ത് മണ്ണുപര്യവേക്ഷണ-മണ്ണുസംരക്ഷണ വകുപ്പ് പ്രകൃതി വിഭവ പരിപാലനത്തിന് ഊന്നൽ നൽകിക്കൊണ്ട് വിവിധങ്ങളായ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. തത്സ്ഥല ജല പരിപാലനത്തിന് ഊന്നൽ നൽകി വാട്ടർഷെഡ് അടിസ്ഥാനത്തിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ അവലംബിക്കുകവഴി മണ്ണൊലിപ്പ് തടയുവാനും ഭൂഗർഭ ജലവിതാനം ഉയർത്തുവാനും പ്രദേശത്തെ ജൈവ സമ്പത്ത് പരിപോഷിപ്പിക്കുവാനും സാധ്യമായിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ഒരു പ്രദേശത്തിന്റെ സുസ്ഥിരമായ കാർഷിക വളർച്ചയ്ക്ക് വഴിയൊരുക്കും എന്ന തത്വത്തിൽ അടിസ്ഥാനമാക്കിയാണ് വകുപ്പ് വിവിധ പദ്ധതികളിലായി സംസ്ഥാനത്തുടനീളം വിവിധങ്ങളായ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. വകുപ്പ് ഇപ്പോൾ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ, നബാർഡ് സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതി, ശുദ്ധജലസംഭരണികളുടെ വൃഷ്ടി പ്രദേശ സംരക്ഷണത്തിനായുള്ള മണ്ണു ജല സംരക്ഷണ പദ്ധതി, മണ്ണടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ, നദീതട പദ്ധതികളിലെ മണ്ണ് സംരക്ഷണം, ദേശീയ നീർമറി വികസന പദ്ധതി, ചെക്ക്ഡാം പദ്ധതി, കുട്ടനാട് പാക്കേജിൽ ഉൾപ്പെടുന്ന പാരിസ്ഥിതിക പുനരുജ്ജീവനത്തിനുള്ള മണ്ണു ജലസംരക്ഷണ പദ്ധതി എന്നിവയാണ്.

കാർഷിക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡ് ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ 1995-96 മുതൽ സംസ്ഥാനത്ത് മണ്ണു പര്യവേഷണ സംരക്ഷണ വകുപ്പുവഴി നടപ്പിലാക്കിവരുന്നു. ഇതിനോടകം ആർ. ഐ.ഡി.എഫ്. 1 മുതൽ 17 ഘട്ടങ്ങളിലായി 357 പദ്ധതികളിലായി 138.56 കോടി രൂപ ചെലവഴിച്ച് 81360 ഹെക്ടർ പ്രദേശ വികസനം സാധ്യമായിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിനായി വാട്ടർഷെഡ് അടിസ്ഥാനത്തിലുള്ള പദ്ധതികളും നീർച്ചാലുകളുടെ സംരക്ഷണത്തിനായി ഡ്രെയിനേജ് & ഫ്ളഡ് പ്രൊട്ടക്ഷൻ പദ്ധതികളുമാണ് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ നടപ്പിലാക്കി വരുന്നത്.

ഈ പദ്ധതികളിൽ കൃഷി ഭൂമിയുടെ സംരക്ഷണത്തിനായി കല്ലുകയ്യാലകളുടെ നിർമ്മാണം ട്രെഞ്ചുകളുടെ നിർമ്മാണം, മഴക്കുഴികൾ, വൃക്ഷത്തെ വച്ചുപിടിപ്പിക്കൽ തുടങ്ങിയ പ്രവൃത്തിക്കും നീർച്ചാലുകളുടെ സംരക്ഷണത്തിനായി തടയണകൾ, സംരക്ഷണഭിത്തികൾ, കുളങ്ങളുടെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികളുമാണ് നിർവ്വഹിച്ചുവരുന്നത്. മഴസമയത്ത് പറമ്പുകളിൽ ലഭിക്കുന്ന ജലം മഴക്കുഴികളിൽ സംഭരിക്കുന്നതിനും മേൽക്കൂരകൾ വഴി ലഭിക്കുന്ന ജലം പ്രത്യേക കുഴികളിൽ സംഭരിക്കുന്നതിനും ഇപ്രകാരം ലഭ്യമാകുന്ന ജലം കാർഷികാവശ്യത്തിന് വിനിയോഗിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്. ചെങ്കുത്തായ ഭാഗങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനായി വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുവാനും അതുവഴി ജൈവസമ്പത്ത് പരിപോഷിപ്പിക്കുവാനും ഇത്തരം പ്രവർത്തനങ്ങൾക്ക് ഗുണഭോക്തൃ കമ്മിറ്റിയുടെ കൂട്ടായ്മ ഉറപ്പാക്കുവാനും നടപടികൾ സ്വീകരിച്ചുവരുന്നു.

പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും തദ്ദേശ വാസികൾക്ക് ബോധ്യപ്പെടുത്തുന്നതിനായി വകുപ്പുതല ബോധവൽക്കരണ ക്ലാസ്സുകൾ വിവിധ പദ്ധതികളിലായി നടപ്പിലാക്കി വരുന്നു. ഇത്തരം പരിശീലന ക്ലാസ്സുകളുടെ ഭാഗമായി ജനങ്ങൾക്ക് ഈ വിഷയത്തിൽ അവബോധം ഉണ്ടാക്കുന്ന തരത്തിൽ നോട്ടീസുകൾ, ലഘുലേഖകൾ, പോസ്റ്ററുകൾ മുതലായവ അച്ചടിച്ചു നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ആർ.ഐ.ഡി.എഫിന്റെ വിവിധ ഘട്ടങ്ങളിൽ ഉൾപ്പെട്ട പദ്ധതികളിലായി 3159 ഹെക്ടർ പ്രദേശത്തിന്റെ സംരക്ഷണാർത്ഥം 592 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണംവഴി ഗ്രാമീണ തൊഴിൽ മേഖലയിൽ 1.64 ലക്ഷത്തോളം അധികതൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും സാധ്യമായിട്ടുണ്ട്. മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച് അംഗൻവാടി മുതൽ പ്രൊഫഷണൽ കോളേജ്തലം വരെയുള്ള ജീവനക്കാർക്ക് വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുവാനും മണ്ണു സംരക്ഷണ പ്രവർത്തനങ്ങളുടെ പ്രസക്തി സമൂഹത്തിന്റെ നാനാതുറകളിൽ എത്തിക്കുവാനും ഉതകുന്ന തരത്തിലുള്ള പ്രാപ്തി വികസന പരിപാടികൾ സംഘടിപ്പിക്കുവാനും പാലക്കാട് ജില്ലാ മണ്ണു സംരക്ഷണ ആഫീസർക്കും മണ്ണു പര്യവേക്ഷണ സംരക്ഷണ പരിശീലന കേന്ദ്രത്തിനും (IWDM-K ചടയമംഗലം) നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ഗുണഭോക്താക്കളുടെ ശ്രദ്ധയിൽ കൊണ്ടു വരുവാനും കൂടുതൽ ഗുണഭോക്താക്കളെ ഇത്തരം പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുവാനും വേണ്ടി പദ്ധതി നിർവ്വഹിക്കുന്ന ഗുണഭോക്തൃ കമ്മിറ്റികളുടെ നേതൃത്വത്തിൽ പദ്ധതി പ്രദേശത്ത് പൊതുയോഗങ്ങളും ചർച്ചാ ക്ലാസ്സുകളും സംഘടിപ്പിക്കുകയും ഇത്തരം യോഗങ്ങളിൽ ഉരുത്തിരിഞ്ഞു വരുന്ന ആശയങ്ങൾ പ്രാവർത്തികമാക്കുവാൻ വകുപ്പുതല ഉദ്യോഗസ്ഥർ സാങ്കേതിക സഹായം നൽകുകയും ചെയ്തു വരുന്നു. ഇത്തരത്തിൽ തികഞ്ഞ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ പ്രദേശത്തിന്റെ കാർഷിക വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യം ഉറപ്പാക്കുന്നു.

മണ്ണുപര്യവേക്ഷണ-മണ്ണുസംരക്ഷണ വകുപ്പിന്റെ പരിശീലന കേന്ദ്രമായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർഷെഡ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ്, കേരള (IWDM-K), ചടയമംഗലം മുഖേന മണ്ണു-ജല സംരക്ഷണ പ്രവർത്തനങ്ങളെ സംബന്ധിച്ചും ജലക്ഷാമം നേരിടുന്നതിനും കർഷകർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, പദ്ധതി ഗുണഭോക്താക്കൾ എന്നിവർക്ക് അവബോധം നൽകുന്നതിനുമായി വിവിധ തലങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. പരിശീലനകേന്ദ്രംവഴി മണ്ണു-ജലസംരക്ഷണ പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന ലഘുലേഖകൾ, ബ്രോഷറുകൾ നോട്ടീസുകൾ തുടങ്ങിയവയും ജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നുണ്ട്.

കെ. പി. മോഹനൻ,

തിരുവനന്തപുരം,
2014 ജൂലൈ 1.

*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി I.*

അനുബന്ധം

## 2013 ഏപ്രിൽ 16-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും) 2013 ഏപ്രിൽ 16-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം.എൽ.എ.

ശ്രീമതി ജമീലാ പ്രകാശം, എം.എൽ.എ.

ശ്രീ. സി. മോയിൻകുട്ടി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. സുബ്രത ബിശ്വാസ്, കാർഷികോത്പാദന കമ്മീഷണർ ആന്റ് പ്രിൻസിപ്പൽ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്.
2. ശ്രീ. പി. എസ്. പ്രദീപ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
3. ശ്രീ. പി. റെജി വർഗ്ഗീസ്, അഡീഷണൽ സെക്രട്ടറി, ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്.
4. ശ്രീ. ആർ. അജിത്കുമാർ, ഡയറക്ടർ, കൃഷി വകുപ്പ്.
5. ഡോ. കെ. ജി. സുമ, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്.
6. ശ്രീമതി പി. മേരിക്കുട്ടി, കമ്മീഷണർ, ഭൂവിനിയോഗ ബോർഡ്.
7. ഡോ. ജോയ് മാത്യു, കംപ്ട്രോളർ, കേരള കാർഷിക സർവ്വകലാശാല.
8. ഡോ. കെ. പി. ശ്രീകുമാർ, രജിസ്ട്രാർ, കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല.
9. ഡോ. പി. എൻ. പ്രേമചന്ദ്രൻ, ഡയറക്ടർ, മണ്ണ് പര്യവേഷണ സംരക്ഷണ കേന്ദ്രം.
10. ശ്രീ. ജോസ് ഐസക്, ഡയറക്ടർ, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ.
11. ഡോ. കെ. പ്രതാപൻ, ഡയറക്ടർ, സ്റ്റേറ്റ് ഹോർട്ടികോർപ്പ് മിഷൻ.
12. ശ്രീ. അശോക് കുമാർ തെക്കൻ, മാനേജിംഗ് ഡയറക്ടർ, കേരഫെഡ്.

13. ശ്രീ. കെ. സുബൈർ ഖാൻ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ.

14. ശ്രീ. വി. എൽ. പ്രദീപ്കുമാർ, ജനറൽ മാനേജർ, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ.

15. ശ്രീ. ജെ. എൽ. ജസ്റ്റിൻ വിൽസ്, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യവകുപ്പ്.

16. ശ്രീ. കെ. മനോഹരൻ, ഡെപ്യൂട്ടി സെക്രട്ടറി, കൃഷി വകുപ്പ്.

17. ശ്രീ. ആർ. അജിത് കുമാർ, അസിസ്റ്റന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സോയിൽ സർവ്വേ ആന്റ് സോയിൽ കൺസർവേഷൻ.

സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയായ ശ്രീ. കെ. സി. ജോസഫിന് അദ്ദേഹം ചെയർമാനായ സബ്ജക്ട് കമ്മിറ്റി IX-ന്റെ യോഗത്തിൽ പങ്കെടുക്കേണ്ടതിനാൽ സബ്ജക്ട് കമ്മിറ്റി I-ന്റെ യോഗത്തിൽ ഹാജരാകുവാൻ കഴിയുകയില്ലെന്ന് കത്ത് മുഖേന അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ അദ്ദേഹത്തിന്റെ വകുപ്പിനു കീഴിൽ വരുന്ന കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, മലമ്പ്രദേശങ്ങൾ (ഹിൽ ഏരിയ ഡെവലപ്പ്മെന്റ് ഏജൻസി), മലമ്പ്രദേശങ്ങൾ പശ്ചിമഘട്ടവികസനം (ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്), കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (സ്റ്റേറ്റ് പ്ലാൻ) എന്നിവയുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകൾ 2013 ഏപ്രിൽ 23-ന് ചേരാനിരിക്കുന്ന യോഗത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവയ്ക്കാമെന്നും ബഹുമാനപ്പെട്ട സമിതി ചെയർമാൻ വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ അവയുടെ പരിഗണന മാറ്റിവെയ്ക്കുവാൻ സമിതി തീരുമാനിച്ചു.

തുടർന്ന് സമിതി കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്കു കീഴിൽ 2013-2014 സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം വിശദമായി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. 2013-2014 സാമ്പത്തിക വർഷം 804 കോടി രൂപയാണ് പ്ലാൻ ഫണ്ടിൽ വകയിരുത്തിയിരിക്കുന്നതെന്നും ഹൈടെക് കൃഷി, റൈസ് ബയോ പാർക്കുകൾ എന്നീ പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതാണെന്നും കാർഷികോത്പാദന കമ്മീഷണർ സമിതിയെ ധരിപ്പിച്ചു.

സ്പെഷ്യാലിറ്റി റൈസ് സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള പൊക്കാളിക്കൃഷി നടത്തുന്ന കർഷകരുടെ പാടശേഖരങ്ങളിലെ ഔട്ടർ ബണ്ടിന് കരിങ്കൽച്ചിറ കെട്ടിക്കൊടുക്കാത്തതിനാൽ പ്രസ്തുത കർഷകർ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ചർച്ചാവേളയിൽ സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. കൂടാതെ ഈ കൃഷി രീതിയിൽ നെല്ല് വെള്ളത്തിൽ നിൽക്കുന്നതിനാൽ കൊയ്യാൻ ആളെ ലഭിക്കാതെ ബുദ്ധിമുട്ടുന്ന അവസ്ഥയും ആയത് പരിഹരിക്കുന്നതിനായി കൊയ്ത്ത് യന്ത്രം പരിഷ്കരിച്ച് ഉപയോഗപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. തദവസരത്തിൽ ഈ പദ്ധതിയെ രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) യിൽ ഉൾപ്പെടുത്തുന്നതാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിക്ക് ഉറപ്പു നൽകി.

ഈ വർഷത്തെ എല്ലാ പദ്ധതികളും മുൻവർഷത്തേതിന്റെ തുടർച്ചയാണെന്നും 'വിള ആരോഗ്യപരിപാലനം' എന്നത് മാത്രമാണ് പുതിയ പദ്ധതി എന്നും ആയതിനായി 13 കോടി രൂപ നീക്കി വച്ചിട്ടുണ്ടെന്നും കൃഷിവകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ വെളിപ്പെടുത്തി.

തുടർന്ന് താഴെപ്പറയുന്ന ശുപാർശകൾ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാൻ സമിതി തീരുമാനിച്ചു:

2401-00-102-84—<u>ഉത്പാദന വർദ്ധനവിനായി നെൽകൃഷിക്കാർക്കുള്ള പ്രോത്സാഹന സഹായം</u>

ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തിൽ പങ്കാളികളാകുന്ന നെൽകൃഷിക്കാർക്ക് ഒരു സീസണിൽ ഒരു ഹെക്ടർ സ്ഥലത്തേക്ക് 1,000 രൂപ ഉൽപ്പാദന പ്രോത്സാഹന സഹായം നൽകുന്നതിനുള്ള പരിപാടിയാണിത്. ഇപ്രകാരം വർഷത്തിൽ മൂന്നു തവണ കൃഷിയിറക്കുന്ന കർഷകന് ഹെക്ടറിന് 3,000 രൂപ ലഭിക്കുന്നതാണ്. ഇതിനായി നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി ഇതിനായി 869.6 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-104-91—<u>ഡിപ്പാർട്ട്മെന്റ് കൃഷി സ്ഥലങ്ങൾ മുഖേന നടീൽ വസ്തുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കൽ</u>

കൃഷി ഫാമുകൾ നവീകരിച്ച്, ഗുണമേന്മയുള്ള വിത്തുൽപ്പാദന കേന്ദ്രങ്ങൾ എന്നതിലുപരി, ഹൈടെക് ഫാമിംഗിനായുള്ള നൂതന കാർഷിക സാങ്കേതിക വിദ്യകളുടെ പ്രചാരണകേന്ദ്രങ്ങളാക്കി മാറ്റുന്നതിനും ഫാമുകളിൽ ഗ്രീൻ ഹൗസ്, ചെറുകിട ജലസേചന സൗകര്യമൊരുക്കൽ ടിഷ്യുക്കൾച്ചർ ഹാർഡനിംഗ് യൂണിറ്റ്, വിത്ത് ശേഖരണം-സംസ്കരണം തുടങ്ങിയ പരിപാടികൾ നടപ്പിലാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾക്കായും നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, പുതിയതരം ന്യൂക്ലിയസ് നടീൽ വസ്തുക്കൾ വാങ്ങൽ പ്രജനന തോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുക, സ്പെഷ്യൽ ഫാമുകൾക്കായി ട്രാക്ടറുകൾ വാങ്ങുക എന്നീ പ്രവൃത്തികൾക്കായും തുക വിനിയോഗിക്കുന്ന ഈ ശീർഷകത്തിൽ അധികമായി 130 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-105-86—<u>ആധുനിക പരീക്ഷണ ശാലകൾ സ്ഥാപിക്കൽ</u>

മണ്ണ്, വളം, കീടനാശിനി, വിത്ത് എന്നിവയുടെ സാമ്പിളുകളുടെ ആധുനിക വൽക്കരണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 360 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-108-33—<u>പൈനാപ്പിൾ മിഷൻ</u>

കൈതച്ചക്കയുടെ കയറ്റുമതി സാധ്യത മുന്നിൽക്കണ്ട് കൈതച്ചക്കയുടെ ഉൽപ്പാദനം, സംസ്കരണം, വിപണനം, കയറ്റുമതി എന്നിവ ലക്ഷ്യമിട്ട് സംസ്ഥാനത്ത് ഒരു പൈനാപ്പിൾ മിഷൻ പദ്ധതിക്ക് 2012-13-ൽ തുടക്കം കുറിച്ചിട്ടുണ്ടെങ്കിലും

2013-14-ലെ ബജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-110-94—കാലാവസ്ഥ അടിസ്ഥാന ഇൻഷ്വറൻസ്

നെല്ല്, കശുമാവ്, മാവ് എന്നീ വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി ആരംഭിച്ച കാലാവസ്ഥ അടിസ്ഥാന ഇൻഷ്വറൻസ് പദ്ധതി എല്ലാത്തരം പ്രധാന കാർഷിക വിളകൾക്കും ഏർപ്പെടുത്തുന്നതിനായി 2000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-113-83—കാർഷിക സേവന കേന്ദ്രവും സേവനം എത്തിക്കലും

കർഷകർക്ക് മികച്ച സേവനം നൽകുന്നതിനും വിജ്ഞാന വ്യാപന പ്രവർത്തനം നിർവ്വഹിക്കുന്നതിനുമുള്ള സ്ഥാപനങ്ങളായി കൃഷിഭവനുകളെ സജ്ജമാക്കുന്ന പദ്ധതി വിഭാവനം ചെയ്യുന്നതിനാൽ സാങ്കേതികവിദ്യ കൈമാറ്റത്തിനും സേവന വിതരണത്തിനും മറ്റു തുടർപ്രവർത്തനങ്ങൾക്കുമായി 2013-14 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അധികമായി 805 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-113-82—ഹൈടെക് അഗ്രിക്കൾച്ചർ

2012-13 സാമ്പത്തിക വർഷം തുടക്കം കുറിച്ച ഹൈടെക് ഫാമിംഗ് പദ്ധതി മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും കൂടി വ്യാപിപ്പിച്ച് പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 4200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-115-99—ചെറുകിട നാമമാത്ര കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി

ചെറുകിട നാമമാത്ര കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി പ്രകാരം വൈദ്യുതി ചാർജ്ജിനായി ഒരു വർഷം 35 കോടി രൂപ ആവശ്യമുള്ളതിനാൽ ഈയിനത്തിൽ അധികമായി 600 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-115-98—ചെറുകിട നാമമാത്ര കർഷക പെൻഷൻ

ചെറുകിട നാമമാത്ര കർഷക പെൻഷൻ പ്രതിമാസം 400 രൂപയിൽനിന്നും 500 രൂപയായി വർദ്ധിപ്പിക്കുന്നതാണെന്ന് 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ആയതിന് ആവശ്യമായ വിഹിതം വകയിരുത്തിയിട്ടില്ല. ആയതിനാൽ ഇപ്രകാരം തുക വർദ്ധിപ്പിച്ചു നൽകുന്നതിനായി ഈ ശീർഷകത്തിൽ 2780 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-119-85—<u>സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കൃഷി വകുപ്പു മുഖേനയുള്ള പച്ചക്കറി വികസനം</u>

സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ഈ ശീർഷകത്തിൽ 2500 ലക്ഷം രൂപ ഒറ്റത്തവണ സഹായമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-800-27—<u>വയനാട് പാക്കേജ്</u>

ഈ ശീർഷകത്തിൽ ചെറുകിട ജലസേചനത്തിനായി വകയിരുത്തിയിരിക്കുന്ന 5 കോടി രൂപയ്ക്കുപുറമേ, ലിഫ്റ്റ് ഇറിഗേഷൻ കൂടി ഉൾപ്പെടുത്തി 1000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2402-00-102-87—<u>മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ</u>

ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവമൂലം കൃഷിനാശം സംഭവിച്ചതും സംഭവിക്കാൻ സാധ്യതയുള്ളതുമായ പ്രദേശങ്ങളിൽ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾക്കാണ് ഈ തുക വകയിരുത്തിയിരിക്കുന്നത്. ഇടുക്കി, വയനാട് ജില്ലകളിലെ 70 ഹെക്ടർ പ്രദേശത്ത് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2402-00-102-86— <u>നീർമറി പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ മണ്ണുജല സംരക്ഷണം</u>

വെള്ളപ്പൊക്കവും കാർഷിക മേഖലയിലെ വരൾച്ചയും നിയന്ത്രിച്ച് കാർഷികോത്പാദന വർദ്ധനവ് ലക്ഷ്യമാക്കി നീർമറി പ്രദേശങ്ങളിലെ മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായുള്ള ഈ പദ്ധതി 8500 ഹെക്ടർ പ്രദേശത്ത് കൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 1000 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കേരള കാർഷിക സർവ്വകലാശാലാ ധനസഹായം**

മറ്റ് സർവ്വകലാശാലകളെ സംബന്ധിച്ച് ആഭ്യന്തര വരുമാനം വളരെ കുറവായ സർവ്വകലാശാലയുടെ ശമ്പളത്തിനും മറ്റ് ചെലവുകൾക്കുമുള്ള തുക ഗ്രാന്റായിട്ടാണ് ലഭിക്കുന്നതെന്നും ഓരോ വർഷവും ഗ്രാന്റിൽ വർദ്ധനവ് വരുത്തിയാൽ മാത്രമേ ചെലവുകൾക്കാവശ്യമായ തുക കാണ്ടെത്തുന്നതിന് സാധിക്കുകയുള്ളുവെന്നും ഇപ്പോൾ ഗ്രാന്റായി ലഭിക്കുന്ന തുക ചെലവുകൾക്ക് മതിയാകാതെ വരികയും പെൻഷൻ ആനുകൂല്യങ്ങൾ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗവേഷണത്തിനായി വകയിരുത്തിയ തുകയിൽനിന്നും നൽകേണ്ടി വന്നതായും മറ്റെല്ലാ സർവ്വകലാശാലകൾക്കും 20 കോടി രൂപ അനുവദിച്ചപ്പോൾ കാർഷിക സർവ്വകലാശാലയ്ക്ക് 3 മാസത്തിനിടയ്ക്ക് 1 കോടി രൂപ മാത്രമാണ് അനുവദിച്ച തെന്നും കംപ്ട്രോളർ സമിതിയെ അറിയിച്ചു. പെൻഷൻ നൽകുന്നതിനാവശ്യമായ തുക ഒറ്റത്തവണ സഹായമായി അനുവദിച്ചാൽ സർവ്വകലാശാലയ്ക്കുണ്ടായിരിക്കുന്ന മറ്റ് ബാദ്ധ്യതകൾ സമയബന്ധിതമായി തീർത്തുകൊള്ളാമെന്ന് സർക്കാരിനെ അറിയിച്ചിട്ടുള്ളതായും അദ്ദേഹം അറിയിച്ചു.

കേരള കാർഷിക സർവ്വകലാശാലയ്ക്ക് പ്ലാൻ ഇനത്തിൽ വകയിരുത്തുന്ന തുകയിൽ കഴിഞ്ഞ വർഷങ്ങളിൽ അനുക്രമം കുറവുവരുത്തിയതും 2013-14-ൽ വിഹിതം തീരെ അനുവദിച്ചിട്ടില്ലെന്നതും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ഇപ്രകാരം കാർഷിക സർവ്വകലാശാലയുടെപദ്ധതിചെലവുകൾക്ക് തുക അനുവദിക്കാതിരിക്കുന്നത് സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുമെന്ന് സമിതി വിലയിരുത്തി.

കേരള കാർഷിക സർവ്വകലാശാലയുടെ ഭീമമായ സാമ്പത്തിക ബാദ്ധ്യത സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങളെയും വൈവിധ്യവൽക്കരണോദ്യമങ്ങളെയും തടസ്സപ്പെടുത്തുന്നുണ്ടെന്നും സർവ്വകലാശാലയുടെ സംവിധാനം ഉടച്ചുവാർക്കേണ്ടതാണെന്നും സമിതി വിലയിരുത്തി. 2012-13 സാമ്പത്തിക വർഷാവസാനത്തെ വിവിധ ഇനങ്ങളിലുള്ള ബാധ്യതകളായ ശമ്പള പരിഷ്കരണ കുടിശ്ശിക, 1986, 1996 എന്നീ വർഷങ്ങളിലെ യു.ജി.സി. കുടിശ്ശിക, പി.എഫ്./ ഡബ്ല്യൂ.പി.എഫ്./എഫ്.ബി.എസ്./ഡബ്ല്യൂ.എഫ്.എസ്. എന്നിവയിലേക്ക് അടയ്ക്കേണ്ടിയിരുന്ന തുക, ശമ്പളക്കുടിശ്ശിക, പെൻഷൻ കുടിശ്ശിക, ഡി.എ., പെൻഷൻ ബാദ്ധ്യതകൾ എന്നിവയ്ക്ക് മറ്റു ഫണ്ടിൽ നിന്നുപയോഗിച്ചത് തിരിച്ചു നൽകുന്നതിനും ലോക്കൽ ഫണ്ട് ഡിപ്പാർട്ടുമെന്റിനുള്ള ഓഡിറ്റ് ചാർജ് എന്നിവയ്ക്കുമായുള്ള ആകെ ബാദ്ധ്യത 243.71 കോടി രൂപയാണെന്നും സമിതി നിരീക്ഷിച്ചു. ഇപ്രകാരം സാമ്പത്തിക ബാദ്ധ്യത നിലനിൽക്കുന്നത് സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് തടസ്സമാകുമെന്നതിനാൽ ഈ ബാദ്ധ്യത തീർക്കുന്നതിനായി അടിയന്തിരമായി 24371 ലക്ഷം രൂപ ഒറ്റത്തവണ ഗ്രാന്റായി നൽകുവാനും ശമ്പളം, വേതനം, പ്രതിമാസ പെൻഷൻ, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നീ ആവശ്യങ്ങൾക്കായി 2129 ലക്ഷം രൂപ അധികമായി വകയിരുത്തുവാനും പദ്ധതിയിനത്തിൽ 5600 ലക്ഷം രൂപ വകയിരുത്തണമെന്നും ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2415-03-277-99—<u>കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി</u>

കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാലയുടെ ഗവേഷണം, വിദ്യാഭ്യാസം, ഫാമുകളുടെ വികസനം, അടിസ്ഥാന സൗകര്യമൊരുക്കൽ, ഭരണം, വിജ്ഞാനവ്യാപനം എന്നീ മേഖലകളിലെ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിൽവരുത്തുന്നതിന് 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2415-03-277-99-31—<u>കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി- സഹായധനം-ശമ്പളം</u>

ഈ ശീർഷകത്തിലെ വിഹിതം പെൻഷൻ ആനുകൂല്യങ്ങൾ, ടെർമിനൽ സറണ്ടർ, കമ്മ്യൂട്ടേഷൻ, കോൺട്രാക്ട് നിയമനം, ശമ്പള പരിഷ്കരണ കുടിശ്ശിക എന്നീ ഇനങ്ങളിലെ ബാധ്യത തീർക്കുവാൻ പര്യാപ്തമല്ലാത്തതിനാൽ 1803 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2435-01-101-85—<u>വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ</u>

അപ്രതീക്ഷിതമായ വിലയിടിവുമൂലം സാമ്പത്തിക പ്രതിസന്ധിയിലാകുന്ന കേര കർഷകരെ സഹായിക്കാൻ കൃഷിഭവൻ മുഖേന പച്ചത്തേങ്ങ സംഭരിക്കുന്ന പദ്ധതി 2013-ൽ തുടക്കമിട്ടു. ഈ പരിപാടി കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിന് 1000 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4401-00-190-91—<u>റൈസ് ബയോപാർക്കുകളുടെ സ്ഥാപിക്കൽ</u>

'റൈസ് ബയോപാർക്കുകളുടെ സ്ഥാപിക്കൽ' എന്ന പദ്ധതി നടത്തിപ്പിലേക്കായി 2012-13-ലെ ബഡ്ജറ്റിൽ 10 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. 2013-ലെ നയപ്രഖ്യാപന പ്രസംഗത്തിലും പ്രതിപാദിച്ചിട്ടുള്ള ഈ പദ്ധതിക്കായി 1000 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4401-00-190-90—<u>കോക്കനട്ട് ബയോപാർക്കുകളുടെ സ്ഥാപിക്കൽ</u>

'കോക്കനട്ട് ബയോപാർക്കുകൾ സ്ഥാപിക്കൽ' എന്ന പദ്ധതിക്ക് 2012-13-ലെ ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. 2013-ലെ നയപ്രഖ്യാപന പ്രസംഗത്തിലും പ്രതിപാദിച്ചിട്ടുള്ള ഈ പദ്ധതിക്കായി 1000 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4435-01-101-96—<u>കാർഷിക സൂപ്പർമാൾ (ആനയറ, മരട്, വേങ്ങേരി)</u>

കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആനയറ, മരട്, വേങ്ങേരി എന്നീ കാർഷികോല്പന്ന മൊത്തവ്യാപാര വിപണികളെ കാർഷിക സൂപ്പർമാളുകളുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും കൃഷിക്കാരന്റെ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിലയും ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് നിത്യോപയോഗസാധനങ്ങളും ലഭ്യമാക്കുന്നതിന് കർഷക ഉത്പാദക സംഘങ്ങളുടെ ആഭിമുഖ്യത്തിൽ കർഷക മാർക്കറ്റുകൾ സ്ഥാപിക്കുമെന്നും ഇതുകൂടാതെ പ്രധാന നഗരങ്ങളിൽ അഗ്രിമാളുകൾ ആരംഭിക്കുന്നതാണെന്നും 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ആയതിന് തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതിക്ക് 2500 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

തുടർന്ന് താഴെക്കൊടുത്തിരിക്കുന്ന വിഷയങ്ങൾ സമിതി ചർച്ച ചെയ്യുകയും അതു സംബന്ധിച്ച് ശുപാർശ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു:

സംസ്ഥാനത്തെ നാളികേര കർഷകരെ സഹായിക്കുന്നതിനായി കേരോല്പന്ന വൈവിദ്ധ്യവൽക്കരണം, ഉല്പാദനം, വിപണനം എന്നിവ ഏറ്റെടുത്ത് നാളികേര വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതും ആയതിന് കോർപ്പറേഷന്റെ കൈവശമുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന പദ്ധതികളും ആരംഭിക്കാവുന്നതാണെന്നും പ്രസ്തുത പ്രവൃത്തികൾക്കായി 2013-14 സാമ്പത്തിക വർഷത്തേക്ക് 100 ലക്ഷം രൂപ വകയിരുത്തേണ്ടതാണെന്നും ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കാർഷിക കർമ്മസേനകൾ**

കാർഷിക കർമ്മസേനകൾ തുടങ്ങുന്നതിനായി ഒരു കൃഷിഭവന് 10 ലക്ഷം രൂപ വീതം 100 കൃഷിഭവനുകൾക്കായി 1000 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**സംയോജിത കൃഷിത്തോട്ട പദ്ധതി**

കോഴിക്കൃഷി, മത്സ്യക്കൃഷി, തേനീച്ചക്കൃഷി, കൂൺകൃഷി, പുഷ്പക്കൃഷി എന്നിവയിൽ മൂന്നോ അതിലധികമോ കൃഷികൾ സംയോജിപ്പിച്ച് പുതുതായി കൃഷിത്തോട്ടം സജ്ജീകരിക്കുന്ന സംരംഭകർക്ക് പ്രോത്സാഹനമായി ഏക്കറിന് പതിനായിരം രൂപ നൽകുന്ന പദ്ധതി ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളത് പ്രകാരം ഒരു പഞ്ചായത്തിൽ 10 കൃഷിത്തോട്ടം എന്ന കണക്കിൽ 10000 കൃഷിത്തോട്ടങ്ങൾ ആരംഭിക്കുവാൻ കൃഷി വകുപ്പ് വിഭാവനം ചെയ്തിരിക്കുന്നതിനാൽ ആയതിനായി 1000 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**മാതൃക ഹൈടെക് ഹരിത ഗ്രാമങ്ങൾ**

ഭക്ഷ്യസുരക്ഷ, ജലസുരക്ഷ, ഊർജ്ജ സുരക്ഷ, പരിസ്ഥിതി സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്ന മാതൃകാ ഹരിത ഗ്രാമങ്ങൾ അംഗീകൃത മാനദണ്ഡങ്ങൾക്കനുസൃതമായി ജില്ലയിൽ ഒന്നു വീതം സ്ഥാപിക്കുന്ന പദ്ധതി ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ളതിനാൽ ആയതിനായി ഓരോ ഗ്രാമത്തിനും 3 കോടി രൂപ വീതം 14 ഗ്രാമങ്ങൾക്കായി 4200 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**ജൈവകൃഷിക്ക് കേരളാ ബ്രാൻഡ്**

ജൈവ കൃഷി വികസനത്തിനും അതിന്റെ ഒരു ആഗോള ബ്രാൻഡ് വികസിപ്പിക്കുന്നതിനുമായി ജൈവവളം, കീടനാശിനി, രോഗപ്രതിരോധ ശേഷിയുള്ള വിത്തിനങ്ങൾ, ടിഷ്യുകൾച്ചർ ചെടികൾ എന്നിവയുടെ ഉത്പാദനം പ്രോത്സാഹിപ്പി ക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കാസറഗോഡ്, വയനാട്, ഇടുക്കി എന്നീ ജില്ലകളിൽ ഓരോ താലൂക്കുകളെ ജൈവ താലൂക്കുകളായി വികസിപ്പിക്കുകയും പദ്ധതിയുടെ ഭാഗമായി 'ഗന്ധകശാല' പോലുള്ള പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് ബ്രാൻഡ് നേടിയെടുക്കുന്നതിനാവശ്യമായ പിൻബലവും നൽകുന്ന ഈ പദ്ധതിക്കായി 1200 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**നീര**

നാളികേര മേഖലയിൽ മൂല്യവർദ്ധന കൈവരിക്കാൻ ഉതകുന്ന പ്രധാന പദ്ധതിയായ നീര ഉത്പാദനം മുഖേന കേരകർഷകർക്ക് ഉയർന്ന വരുമാനം, ചെത്തു തൊഴിലാളികൾക്ക് കൂടുതൽ ജോലിസാധ്യത എന്നിവ ഉറപ്പു വരുത്താനാകും. നീര വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിന് 10 ജില്ലകളിൽ നീര യൂണിറ്റുകൾ സ്ഥാപിക്കുമെന്നും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിനായി 1500 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**നിറവ് പദ്ധതി**

കൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന നിറവ് പദ്ധതി 12 നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളത് മറ്റ് 30 നിയോജക മണ്ഡലങ്ങളിൽക്കൂടി വ്യാപിപ്പിക്കുന്നതിന് 2100 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**പച്ചക്കറി, പൂക്കൾ, പഴവർഗ്ഗങ്ങൾ**

സംസ്ഥാനത്ത് ഏറെ വിപണന സാധ്യതകളുള്ള വിളകളായ പച്ചക്കറി, പൂക്കൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉത്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് നെതർലാന്റ് സർക്കാരിന്റെ സഹായത്തോടെ ഒരു ടെക്നോളജി സെന്റർ സ്ഥാപിക്കാൻ ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ളതിനാൽ ഇതിനായി 50 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**നാളികേര സംഭരണം**

കൃഷിഭവനുകൾവഴി പച്ചത്തേങ്ങ സംഭരിക്കുന്ന ഒരു പദ്ധതിക്ക് കൃഷി വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി കൂടുതൽ കൃഷി ഭവനുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് 2500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പാടശേഖര സമിതികൾക്കും വ്യക്തികൾക്കും ആനുകൂല്യങ്ങൾ നൽകുന്നതിനായി 500 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 1.10-ന് പിരിഞ്ഞു.

## 2013 ഏപ്രിൽ 23-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി-I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും) 2013 ഏപ്രിൽ 23-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് 2.30-ന് നിയമസഭാ കോംപ്ലക്സിലെ IV-B കോൺഫറൻസ് ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഗ്രാമവികസനവും ആസൂത്രണവും സാസ്കാരികവും നോർക്കയും വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫും പ്രത്യേക ക്ഷണിതാവായി ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം.എൽ.എ.

ശ്രീമതി ജമീലാ പ്രകാശം, എം.എൽ.എ.

ശ്രീ. സി. പി. മുഹമ്മദ്, എം.എൽ.എ.

ശ്രീ. സി. മോയിൻകുട്ടി, എം.എൽ.എ.

ശ്രീ. എസ്. ശർമ്മ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. പ്രിയദർശനൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. സുബ്രത ബിശ്വാസ്, കാർഷികോത്പാദന കമ്മീഷണർ ആന്റ് പ്രിൻസിപ്പൽ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്.
2. ശ്രീ. വി. എസ്. സെന്തിൽ, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവും ആസൂത്രണവും വകുപ്പ്.
3. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധനവും തുറമുഖവും വകുപ്പ്.
4. ശ്രീ. ഇ. കെ. പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യവകുപ്പ്.
5. ശ്രീ. പി. റെജി വർഗ്ഗീസ്, അഡീഷണൽ സെക്രട്ടറി, ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്.
6. ശ്രീമതി പി. മേരിക്കുട്ടി, കമ്മീഷണർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്.
7. പ്രൊഫ. ബി. മധുസൂദനക്കുറുപ്പ്, വൈസ് ചാൻസലർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്.
8. ഡോ. കെ. ജി. സുമ, ഡയറക്ടർ, മൃഗസംരക്ഷണവകുപ്പ്.
9. ശ്രീമതി കെ.എ. സൈറാബാനു, അഡീഷണൽ ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്.
10. ഡോ. എസ്. സുനിൽകുമാർ, അസിസ്റ്റന്റ് ഡയറക്ടർ (പ്ലാനിംഗ്), മൃഗസംരക്ഷണവകുപ്പ്.
11. ശ്രീ. എം. ദിവാകരൻ, ജോയിന്റ് ഡയറക്ടർ, പശ്ചിമഘട്ട വികസന പദ്ധതി.
12. ശ്രീ. വിമൽ കിഷോർ, റ്റി., ഡെപ്യൂട്ടി ഡയറക്ടർ (മണ്ണ് പര്യവേഷണം), പശ്ചിമഘട്ടസെൽ.
13. ഡോ. വി. ഗോപകുമാർ, ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്), മൃഗസംരക്ഷണ ഡയറക്ടറേറ്റ്.

14. ശ്രീ. പി. സഹദേവൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, FIRMA.

15. ശ്രീമതി സന്ധ്യ, ആർ., എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻ ചാർജ്ജ്, ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ.

16. ശ്രീ. എസ്. സെൽവെസ്റ്റ്, സെക്രട്ടറി, കേരള ഫിഷർമെൻസ് വെൽഫെയർ ഫണ്ട് ബോർഡ്.

17. ശ്രീ. സത്യനാരായണ ഭട്ട്, സെക്രട്ടറി, മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ.

18. ശ്രീ. കെ. ബി. സുഭാഷ് ചന്ദ്രൻ, മാനേജർ, മത്സ്യഫെഡ്.

19. ഡോ. എസ്. ബൈജു, സീനിയർ മാനേജർ, കെ.എസ്.പി.ഡി.സി.

20. ഡോ. കെ. അമ്പാടി, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ്.

സമിതി 2013-2014 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥന നമ്പർ XXIX [കൃഷി-കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, മലമ്പ്രദേശങ്ങൾ (ഹിൽ ഏര്യ ഡെവലപ്മെന്റ് ഏജൻസി), മലമ്പ്രദേശങ്ങൾ-പശ്ചിമഘട്ട വികസനം, കേരള റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ], XXXI (മൃഗസംരക്ഷണം), XXXII (ക്ഷീരവികസനം), XXXIII (മത്സ്യബന്ധനം) എന്നിവ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. സമിതി 2013-14 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിൽ താഴെപ്പറയുന്ന ശുപാർശകൾ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു:

## ധനാഭ്യർത്ഥന നമ്പർ XXXIII—മത്സ്യബന്ധനം

2405-00-101-87—<u>നഴ്സറികൾ സ്ഥാപിക്കൽ</u>

അക്വാകൾച്ചറും ടൂറിസവും സംയോജിപ്പിച്ചുകൊണ്ട് ഹാബിറ്റാറ്റ് നടപ്പിലാക്കുന്ന പൊയ്യ നെയ്തൽ പൈതൃകമത്സ്യഗ്രാമ പദ്ധതി പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-103-91—<u>മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും (ആഴക്കടൽ മത്സ്യബന്ധനം)</u>

മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയുള്ള കൃത്രിമപ്പാര് പദ്ധതി തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിൽ നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-103-97—<u>മത്സ്യബന്ധന തുറമുഖങ്ങളുടെ സംരക്ഷണവും നടത്തിപ്പും</u>

മത്സ്യബന്ധന തുറമുഖങ്ങളിലെ ജീവനക്കാരുടെ വേതനം, തുറമുഖങ്ങളുടെ സംരക്ഷണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 150 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-103-88—ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്താലുള്ള ഭവന പദ്ധതി

മാതൃകാ ഗ്രാമീണവികസന പദ്ധതിയുടെ കീഴിൽ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ സഹായം ലഭ്യമാക്കുവാനുള്ള പരിപാടിയാണിത്. കേന്ദ്ര സർക്കാർ ഒരു വീടിന് 25,000 രൂപയാണ് നൽകുന്നത്. സംസ്ഥാന സർക്കാർ ഭവനനിർമ്മാണ ഗ്രാന്റ് വീടൊന്നിന് 2 ലക്ഷം രൂപയാക്കി ഉയർത്തിയ സാഹചര്യത്തിൽ ഒരു വീടിന് സംസ്ഥാന സർക്കാർ 1.75 ലക്ഷം രൂപ നൽകേണ്ടതായി വരുന്നുണ്ടെന്ന് നിരീക്ഷിച്ച സമിതി 2013-14 സാമ്പത്തിക വർഷം 800 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ച തുകയ്ക്കുപുറമേ 400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-105-96—മൂല്യവർദ്ധിത വിപണി

മത്സ്യമാർക്കറ്റുകളുടെ പണി പൂർത്തീകരിക്കുന്നതിന് അധികമായി 247 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-97—വികസനം

2014 ഫെബ്രുവരി മാസം ഇന്റർനാഷണൽ അക്വാഷോ സംഘടിപ്പിക്കുന്നതിന് 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-94—മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സഹായം

തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡിന് 2013 ജനുവരി മുതലുള്ള പെൻഷൻ തുക അനുവദിച്ച് നൽകാനുണ്ട്. കൂടാതെ പെൻഷൻകാരുടെ എണ്ണം വർദ്ധിക്കുകയും പെൻഷൻ തുക മാസം 400 രൂപയിൽനിന്നും 500 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ ഇതിനായി 828 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-92—രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം

മത്സ്യത്തൊഴിലാളികളുടെ വിവിധ ക്ലാസുകളിൽ പഠിക്കുന്ന മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് പ്രതിവർഷം 1385 ലക്ഷം രൂപ ആവശ്യമാണ്. 2012-13 സാമ്പത്തിക വർഷത്തെ കുടിശ്ശിക വിതരണം ചെയ്യുന്നതിനും ഈ സാമ്പത്തിക വർഷത്തെ ആനുകൂല്യങ്ങൾ നൽകുന്നതിനുമായി 1200 ലക്ഷം രൂപ വേണ്ടിവരുമെന്നതിനാൽ 1200 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-82—മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷനുള്ള പ്രീമിയം (50% കേന്ദ്ര സഹായം)

2013-14 സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് തുക 3 ലക്ഷത്തിൽ നിന്നും 5 ലക്ഷമാക്കി വർദ്ധിപ്പിക്കുമ്പോൾ അതിന്

ആനുപാതികമായി പ്രീമിയം തുക 150 രൂപയോളം വർദ്ധിക്കുന്ന സാഹചര്യത്തിൽ അതിനായി 65 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-76—സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി.-സഹായം) (സംസ്ഥാന വിഹിതം)

ഐ.എഫ്.ഡി.പി. 2011-12 പദ്ധതിയുടെ കാലാവധി 30-6-2014-ന് അവസാനിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 700 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-75—മത്സ്യത്തൊഴിലാളികൾക്കു ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെ നടപ്പാക്കുന്ന സമ്പാദ്യ സമാശ്വാസപദ്ധതി (50% സി.എസ്.എസ്.)

പഞ്ഞമാസങ്ങളിൽ ഉൾനാടൻ/ആഴക്കടൽ മത്സ്യത്തൊഴിലാളികൾക്ക് സഹായം ലഭ്യമാക്കുന്നതിനുള്ള ഈ പദ്ധതി പ്രകാരം 1.84 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് 1,200 രൂപ നിരക്കിൽ സഹായം നൽകുന്നതിന് 1000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-50—മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

ഈ സാമ്പത്തിക വർഷം മത്സ്യത്തൊഴിൽ മേഖലയിലെ അനുബന്ധ തൊഴിലാളികളുടെ ഇൻഷ്വറൻസ് തുക വർദ്ധിപ്പിച്ചതിനാൽ അതിന് ആനുപാതികമായി വർദ്ധിച്ച പ്രീമിയം തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 89.95 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-30—കടുങ്ങല്ലൂർ അക്വാടെക്നോളജി പാർക്ക്

ആലുവായിലെ കടുങ്ങല്ലൂരിലെ കേരള അക്വാവെൻച്വർ ഇന്റർനാഷണലിന്റെ (കാവിൽ) പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 300 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-29—ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷ്യാനേറിയവും സ്ഥാപിക്കൽ

കൊച്ചിയിലെ പുതുവൈപ്പിൽ ഒരു ഓഷ്യനേറിയം സ്ഥാപിക്കുന്നതിനും ആയതിന്റെ പരിസ്ഥിതി ആഘാത പഠനച്ചെലവുകൾക്കുമായി 500 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-21—കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

വിവിധ സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിക്കുന്നതിനായി 14100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-10—തീരമൈത്രി സേവന സഹായം

ഈ പദ്ധതിയിൻ കീഴിലെ മുൻവർഷത്തെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും 2013-14 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 415 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405--00-800-09—നാടൻ വള്ളങ്ങളുടെ ആധുനികവത്കരണം (50% കേന്ദ്രസഹായം)

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 10 എച്ച്.പിയ്ക്കു താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിനുകൾ മാറ്റിവയ്ക്കുവാൻ 30,000 രൂപ വരെ സബ്സിഡിയായി നൽകുന്ന ഈ പദ്ധതിക്കായി 2012-13 സാമ്പത്തിക വർഷം വകയിരുത്തിയ തുക എല്ലാ അപേക്ഷകർക്കും സഹായം ലഭ്യമാക്കാൻ അപര്യാപ്തമായതിനാൽ 110 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-103-98—സംയോജിത മത്സ്യബന്ധന വികസന പദ്ധതി (എൻ.സി.ഡി.സി. സഹായം)

ഐ.എഫ്.ഡി.പി 2011-12 പദ്ധതിയുടെ കാലാവധി 30-6-2014-ന് അവസാനിക്കുമെന്നതിനാൽ ഈ ശീർഷകത്തിൽ 650 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104-97—വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ വികസനം (കേന്ദ്രാവിഷ്കൃത പദ്ധതി 50% കേന്ദ്ര ധനസഹായം)

രണ്ടും മൂന്നും ഘട്ടങ്ങളുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്ന വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ പദ്ധതിയുടെ ഡ്രെഡ്ജിംഗ് പണികളും അനുബന്ധ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിനായി 175 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104-84—തലായി മത്സ്യബന്ധന തുറമുഖ പദ്ധതി (50% കേന്ദ്രാവിഷ്കൃതം)

കണ്ണൂർ ജില്ലയിലെ തലായി ഫിഷിംഗ് ഹാർബറിന്റെ പണി പൂർത്തിയാക്കുന്നതിനായി 424 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104-83—പുതിയ മത്സ്യബന്ധന തുറമുഖ കേന്ദ്രങ്ങൾ കണ്ടെത്തൽ

വലിയതുറ, ചിലക്കൂർ, വർക്കല, സൗത്ത് പറവൂർ, പുതിയങ്ങാടി, പരപ്പനങ്ങാടി, പൂന്തുറ, പതിയാങ്കര, അജാന്നൂർ എന്നീ ഫിഷിംഗ് ഹാർബറുകളുടെ അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കും വെള്ളയിൽ, പരപ്പനങ്ങാടി, താനൂർ, അർത്തുങ്കൽ, വലിയതുറ എന്നീ തുറമുഖങ്ങളുടെ അനുബന്ധ പഠനങ്ങൾക്കും വേണ്ടി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക തീരെ അപര്യാപ്തമായതിനാൽ അധികമായി 125 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104-80—കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം (50% കേന്ദ്രാവിഷ്കൃത പദ്ധതി)

കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്തിന്റെ അവശേഷിക്കുന്ന ഡ്രെഡ്ജിംഗ് റിക്ലമേഷൻ, അനുബന്ധ പ്രവൃത്തികൾ എന്നിവ ചെയ്ത് പദ്ധതി പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 1039.98 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104-74—ചെത്തി മത്സ്യബന്ധന തുറമുഖം (50% കേന്ദ്ര വിഹിതം)

ചെത്തി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തികൾക്കായി 100 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4405-00-104-73—ചേറ്റുവ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രവിഹിതം)

ചേറ്റുവ മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവൃത്തികൾക്കായി 2013-14 സാമ്പത്തിക വർഷത്തേക്ക് 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4405-00-104-72—ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര വിഹിതം)

ചെറുവത്തൂർ മത്സ്യബന്ധന തുറമുഖ പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കണമെന്ന് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമുള്ളതിനാൽ പദ്ധതി പൂർത്തീകരണത്തിനായി 110 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104-71—മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര വിഹിതം)

മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖ പദ്ധതിക്ക് കേന്ദ്രസഹായമായി 100 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാന വിഹിതമായി 50 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104-63—കടലോര മത്സ്യബന്ധനവും അടിസ്ഥാന സൗകര്യവും മത്സ്യവിളവെടുപ്പിനുശേഷമുള്ള വികസന പദ്ധതിക്ക് കീഴിൽ തൃശ്ശൂർ മുനയ്ക്കക്കടവിൽ മത്സ്യം കരയ്ക്കടുപ്പിക്കുന്നതിനുള്ള കേന്ദ്രത്തിന്റെ നിർമ്മാണം (75% കേന്ദ്ര സഹായം)

തൃശ്ശൂർ മുനയ്ക്കക്കടവിൽ മത്സ്യം കരയ്ക്കടുപ്പിക്കുന്നതിനുള്ള കേന്ദ്ര നിർമ്മാണ പദ്ധതിക്ക് 73.2 ലക്ഷം രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാന വിഹിതമായി 100 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-800-80—തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ

ഭരണാനുമതി ലഭിച്ച നിരവധി തീരദേശ റോഡുകളുടെ നിർമ്മാണ പരിപാലന പ്രവൃത്തികൾ ഈ സാമ്പത്തിക വർഷം നടപ്പിലാക്കേണ്ടതുള്ളതിനാൽ 25 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-800-78—ആലപ്പുഴ വടക്ക് അന്ധകാരനാഴി പാലം നിർമ്മാണം

ആലപ്പുഴ അന്ധകാരനാഴി വടക്കേ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് 500 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-800-76—സംയോജിത തീരദേശ വികസനം

പൊന്നാനി താലൂക്ക് ആശുപത്രി ഐ.പി. ബ്ലോക്ക് നിർമ്മാണം, വലിയവേളി ആശുപത്രി കെട്ടിടനിർമ്മാണം എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി അതിനായി 246 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6405-00-195-99—മത്സ്യബന്ധന വികസനത്തിന് സമഗ്ര മാർഗ്ഗനിർദ്ദേശ പദ്ധതിക്കായി മത്സ്യഫെഡ്ഡിന് കൊടുക്കുന്ന വായ്പ (എൻ.സി.ഡി.സി. സഹായം)

ഐ.എഫ്.ഡി.പി. 2011-12 പദ്ധതിയുടെ കാലാവധി 30-6-2014-ന് അവസാനിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104—മത്സ്യബന്ധന തുറമുഖങ്ങളും കരയ്ക്കടുപ്പിക്കുന്നതിനുള്ള സൗകര്യങ്ങളും

പ്രത്യേകിച്ച് ബഡ്ജറ്റ് ശീർഷകമില്ലാത്ത സംസ്ഥാന ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് ഈ സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ചതും 75% കേന്ദ്രസഹായമുള്ളതുമായ വർക്കല ചിലക്കൂർ മത്സ്യബന്ധന തുറമുഖം, കാസറഗോഡ് അജാന്നൂർ മത്സ്യബന്ധന തുറമുഖം കൂടാതെ ഉടനെ ഭരണാനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന തൃക്കുന്നപ്പുഴ മത്സ്യബന്ധന തുറമുഖം എന്നീ പദ്ധതികൾക്കായി പുതിയ ശീർഷകങ്ങളും ടോക്കൺ വിഹിതവും അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

മത്സ്യബന്ധന തുറമുഖങ്ങളെ യൂറോപ്യൻ നിലവാരത്തിലേക്ക് ഉയർത്തൽ (സ്റ്റേറ്റ് പ്ലാൻ)

കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ സൗകര്യങ്ങളും കുറവുകളും വിലയിരുത്തി ശുചിയായ രീതിയിൽ മത്സ്യം സൂക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും മത്സ്യകയറ്റുമതി രംഗത്തെ നിലവിലുള്ള പ്രതികൂല അവസ്ഥ പരിഹരിക്കുന്നതിനുമായി മത്സ്യബന്ധന തുറമുഖങ്ങളെ യൂറോപ്യൻ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതിക്കായും, മത്സ്യബന്ധനത്തൊഴിലാളികൾക്ക് അവബോധം നൽകുന്നതിനുമായി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതിന് ഒരു പുതിയ ശീർഷകത്തിൽ 200 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രധാന അറ്റകുറ്റപ്പണികളും വലിയതോതിലുള്ള നിർമ്മാണ പ്രവൃത്തികളും (സ്റ്റേറ്റ് പ്ലാൻ)

നിലവിൽ മത്സ്യബന്ധന തുറമുഖങ്ങളുടെയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനും കമ്മീഷൻ ചെയ്ത

മത്സ്യബന്ധന തുറമുഖങ്ങളിലേയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും പുലിമുട്ടുകളുടെ നീളം കൂട്ടൽ, വാർഫ് നീളം കൂട്ടൽ, റോഡ് നിർമ്മാണം, യാർഡ് നീളം കൂട്ടൽ എന്നീ പ്രവൃത്തികൾക്കും തുക വിനിയോഗിക്കുന്നതിന് ഒരു ശീർഷകം നിലവിലില്ല എന്ന് സമിതി മനസ്സിലാക്കുകയും ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി ഒരു പുതിയ ശീർഷകം അനുവദിക്കണമെന്നും ആയതിലേക്ക് 300 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തണമെന്നും ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

പുതിയ പദ്ധതികളുടെ സാധ്യതാപഠനം (സ്റ്റേറ്റ് പ്ലാൻ)

പദ്ധതികളുടെ പ്രാഥമികഘട്ടമായ സാങ്കേതികവും സാമൂഹികവുമായ സാധ്യത പഠനം, പുറം കരാർ കൊടുക്കുന്ന ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നേരിട്ട് ചെയ്യുന്ന ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ, ശാസ്ത്ര സാങ്കേതിക ഉപകരണങ്ങൾ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ, സർവ്വേ, രൂപകല്പന എന്നിവയ്ക്ക് ലഭിക്കുന്ന ഫണ്ടുകൾ വിനിയോഗിക്കുന്നതിന് നിലവിൽ ബഡ്ജറ്റ് ശീർഷകമില്ലാത്തതിനാൽ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെന്ന് മനസ്സിലാക്കിയ സമിതി ഇതിനായി ഒരു പ്രത്യേക ശീർഷകം അനുവദിക്കണമെന്നും ആയതിലേക്ക് 200 ലക്ഷം രൂപ വകയിരുത്തണമെന്നും ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഓൺഷോർ/ഓഫ്ഷോർ എഞ്ചിനീയറിംഗ് (സ്റ്റേറ്റ് പ്ലാൻ)

മത്സ്യബന്ധനതുറമുഖം, തുറമുഖ നിർമ്മാണം എന്നിവയ്ക്കു പുറമേ തീരദേശത്തെ അടിസ്ഥാന സൗകര്യങ്ങളായ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, ശുദ്ധജലവിതരണം, സ്കൂളുകൾ, ഡിസ്പെൻസറികൾ, ഐസ്പ്ലാന്റുകൾ, നടപ്പാത ടൂറിസം-അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. ആയതിന് ഒരു പ്രധാന ശീർഷകം അനുവദിക്കണമെന്നും ആഴക്കടൽ മത്സ്യബന്ധനം, ഓഷ്യൻ വിന്റ്ഫാം, വേവ് എനർജി പ്ലാന്റുകൾ, തെർമൽ എനർജി പ്ലാന്റുകൾ, ആഴക്കടൽ റീഫുകൾ, കപ്പൽ ഗതാഗത നിയന്ത്രണ സംവിധാനം എന്നിവയ്ക്കായി ഒരു പുതിയ ശീർഷകം അനുവദിക്കണമെന്നും പ്രസ്തുത ശീർഷകത്തിൽ 100 ലക്ഷം രൂപ വകയിരുത്തണമെന്നും ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2415-05-277-99—കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്

കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയ്ക്കുള്ള പ്ലാൻ ഫണ്ട് അലോക്കേഷനിലെ പ്രത്യേക നിബന്ധനമൂലം സർവ്വകലാശാലയ്ക്ക് അക്കാദമിക് കൗൺസിൽ അംഗീകരിച്ച പുതിയ 8 കോഴ്സുകൾ തുടങ്ങുവാൻ നിർവ്വാഹമില്ലാതിരിക്കുന്ന അടിയന്തര സാഹചര്യം സമിതി ചർച്ച ചെയ്തു. 2013-14 സാമ്പത്തികവർഷത്തിൽ ഫിഷറീസ് സർവ്വകലാശാല പുതിയ കോഴ്സുകളോ വകുപ്പുകളോ പ്ലാൻ ഫണ്ടിന്റെ സഹായത്തോടെ തുടങ്ങുവാൻ പാടില്ലെന്നും 2012-13-ൽ ആരംഭിച്ച ഐ.സി.എ.ആർ. പാഠ്യപദ്ധതി അനുസരിച്ചുള്ള കോഴ്സുകൾക്കു മാത്രമേ പദ്ധതിവിഹിതം ഉപയോഗിക്കുവാൻ പാടുള്ളൂ എന്നുമുള്ള പ്ലാൻ ഫണ്ട് അലോക്കേഷനിലെ നിബന്ധന യൂണിവേഴ്സിറ്റിയുടെ സ്വതന്ത്രാധികാരത്തിന്

വിരുദ്ധമാണെന്ന് സമിതി വിലയിരുത്തി. തുടർന്ന് സർവ്വകലാശാലയ്ക്ക് സ്വതന്ത്രമായി പ്രവർത്തിക്കുവാൻ മേല്പറഞ്ഞ നിബന്ധനകൾ നീക്കം ചെയ്യണമെന്നും പ്രസ്തുത പദ്ധതിയനുസരിച്ചുള്ള 8 പുതിയ കോഴ്സുകൾ തുടങ്ങുവാൻ അടിയന്തരമായി അനുമതി നൽകണമെന്നും ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഉൾനാടൻ മത്സ്യബന്ധന ബോട്ട് വാങ്ങുന്നതിനായും പുതുവൈപ്പ് ഗവേഷണകേന്ദ്രത്തിൽ ഒരു ഇൻസ്ട്രക്ഷണൽ ഫാം സ്ഥാപിക്കുന്നതായും കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിനും ജെട്ടി-ബർത്ത് എന്നിവയുടെ നിർമ്മാണത്തിനും പുതുവൈപ്പ് കേന്ദ്രത്തിൽ രണ്ട് പുതിയ സ്കൂളുകളും അവയിൽ ഹോസ്റ്റൽ, ലൈബ്രറി, പരീക്ഷണശാലകൾ എന്നിവ നിർമ്മിക്കുന്നതിനുമായി ആകെ 1500 ലക്ഷം രൂപ അനുവദിക്കണമെന്നും ഗവേഷണ പഠന പ്രവർത്തനങ്ങൾക്കായി കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയുടെ കീഴിലുള്ള Directorate of Research, Directorate of Extension എന്നിവയ്ക്കും Prof. Alikunhi Chair for Substainable Aquatic Systems-നും ഒരു ബയോ ഫ്ളോക് ടെക്നോളജി സെന്റർ തുടങ്ങുന്നതിനുമായി ആകെ 200 ലക്ഷം രൂപ വകയിരുത്തണമെന്നും ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയുടെ കീഴിൽ 2013-14 സാമ്പത്തിക വർഷം പുതുതായി തുടങ്ങുവാൻ ഉദ്ദേശിക്കുന്ന 8 കോഴ്സുകൾക്കായി 400 ലക്ഷം രൂപ വകയിരുത്തണമെന്നും സർവ്വകലാശാലയുടെ വികസന പ്രവർത്തനങ്ങൾക്കായി 100 ലക്ഷം രൂപ വകയിരുത്തണമെന്നും ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

തുടർന്ന് 16-4-2013-ലെ യോഗത്തിൽ മാറ്റിവച്ചിരുന്നതും ധനാഭ്യർത്ഥന നമ്പർ XXIX-കൃഷിയുമായി ബന്ധപ്പെട്ടതുമായ കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, കേരള സംസ്ഥാന ബഹുദൂര ഗ്രഹണ പരിസ്ഥിതി കേന്ദ്രം, ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി, പശ്ചിമഘട്ട സെൽ എന്നിവയുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകൾ പരിശോധിക്കുകയും താഴെപ്പറയുന്ന ശുപാർശകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാൻ തീരുമാനിക്കുകയും ചെയ്തു:

2402-00-001-94—കേരള സംസ്ഥാന ബഹുദൂര ഗ്രഹണ പരിസ്ഥിതി കേന്ദ്രം (കെ.എസ്.ആർ.ഇ.സി.) ധനസഹായം

കെ.എസ്.ആർ.ഇ. സെന്റർ കഡസ്ട്രൽ തോതിലുള്ള സമഗ്ര വിവര ശേഖരണം, കീടരോഗനിയന്ത്രണത്തിനുള്ള സ്പെഷ്യൽ ഡേറ്റാ ലെയേഴ്സ് തുടങ്ങിയ സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ 2013-14-ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അഞ്ച് ജില്ലകളിലെ ഡേറ്റ സൃഷ്ടിക്കുന്നതിനാവശ്യമായ സാറ്റലൈറ്റ് ഡേറ്റ, കഡസ്ട്രൽ ഡേറ്റ എന്നിവയ്ക്കും ഫീൽഡ് ഡേറ്റാ കളക്ഷൻ, ഹ്യൂമൻ റിസോഴ്സ് മുതലായവയ്ക്കുമായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ഇതിനായി 130 ലക്ഷം രൂപ അധികമായി വകയിരു ത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2402-00-001-96—പഞ്ചായത്തുതല വിഭവ സർവ്വേ

ഈ പദ്ധതിയിൻകീഴിലെ പ്രോജക്ട് സ്റ്റാഫിന് വേതനമായി 35.10 ലക്ഷം രൂപയും പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 12 ലക്ഷം രൂപയും ചെലവ് പ്രതീക്ഷിക്കുന്നതിനാൽ 17 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2551-01—മലമ്പ്രദേശങ്ങൾ പശ്ചിമഘട്ടവികസനം

പശ്ചിമഘട്ടത്തിലെ മണ്ണും ഭൂവിഭവങ്ങളുടെയും നീർത്തടാടിസ്ഥാനത്തിലുള്ള പ്രഥമ സംയോജിത പര്യവേഷണം, നീർത്തടങ്ങളുടെ സംയോജിത നീർത്തടവികസനം, പശ്ചിമഘട്ടത്തിലെ വനാധിഷ്ഠിത പ്രവർത്തനങ്ങൾ, ഗവേഷണം, നിരീക്ഷണവും മറ്റു പരിശീലനവും തുടങ്ങിയ വികസനപദ്ധതി പ്രവർത്തനങ്ങൾക്ക് 2758 ലക്ഷം രൂപയുടെ വാർഷിക പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിക്കുവാൻ സാധ്യതയുണ്ടെന്ന് നിരീക്ഷിച്ച സമിതി ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ച തുകയ്ക്ക് പുറമെ 23.6 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2551-01-800-90—മലയോരവികസന അതോറിറ്റി

കേരളത്തിലെ പ്രത്യേക കാലാവസ്ഥ, ഭൂപ്രകൃതി എന്നിവ കാരണം നിരവധി മലയോര റോഡുകൾ സഞ്ചാരയോഗ്യമല്ലാതായി എന്ന് വിലയിരുത്തിയ സമിതി 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനും നവീകരണ ത്തിനും അനുവദിച്ച തുക അപര്യാപ്തമാണെന്ന് അഭിപ്രായപ്പെടുകയും ഈ ശീർഷകത്തിൽ അധികമായി 2000 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

തുടർന്ന് സമിതി ധനാഭ്യർത്ഥന നമ്പർ XXXI (മൃഗസംരക്ഷണം), XXXII (ക്ഷീരവികസനം) എന്നീ ധനാഭ്യർത്ഥനകൾ സംബന്ധിച്ച് ചർച്ച ചെയ്യുകയും അതു സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന ശുപാർശകൾക്ക് രൂപം നൽകുകയുമുണ്ടായി.

**മൃഗസംരക്ഷണം**

2403-00-001-99—ഭരണവും നടത്തിപ്പും (നടത്തിപ്പ്)

മൃഗസംരക്ഷണ ഡയറക്ടറേറ്റിന് മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്ന ഇനത്തിനും ഡയക്ടറേറ്റ് നവീകരണത്തിനും അധിക തുക ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-001-98—ജില്ലാഭരണം

വിവിധ ജില്ലാ ഓഫീസുകളുടെ ചെറുകിട മരാമത്തുപണികൾക്കായി വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ 2403-00-001-98-17ലോ, 34-മറ്റു ചെലവുകൾ എന്ന ശീർഷകത്തിലോ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-101- 86—രോഗ ഗവേഷണം

വാഹന ഇന്ധനത്തിനുള്ള ചെലവിനായി ഈ ശീർഷകത്തിൽ 20,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-102-99—ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ

മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്ന ഇനത്തിൽ അനുവദിച്ച തുക അപര്യാപ്ത മായതിനാൽ അധികമായി 4 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-103-99—കോഴിവളർത്തൽ കേന്ദ്രങ്ങൾ

ഈ ശീർഷകത്തിൽ കോഴിവളർത്തൽ കേന്ദ്രങ്ങളിലെ വൈദ്യുതി ചാർജ്ജിനായും കുടപ്പനക്കുന്ന് ആർ.പി.എഫിന്റെ വാടക, കരം, നികുതി എന്നിവയ്ക്കായും മെഡിക്കൽ റീഇംബേഴ്സ്മെന്റിനായും ആകെ 7.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തിരുമാനിച്ചു.

2403-00-102-96—വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

ഈ പദ്ധതി ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിനാൽ കർഷകരുടെ രജിസ്ട്രേഷൻ ആവശ്യത്തിനായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ വകയിരുത്തണ മെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403--00-105-99—പന്നി വളർത്തൽ വികസന പദ്ധതി

ഈ ശീർഷകത്തിൽ 34-മറ്റു ചെലവുകൾ എന്ന ഇനത്തിൽ അനുവദിച്ച തുകയ്ക്ക് പുറമെ 2 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-109-96—വികസനവും പരിശീലനവും

തിരുവനന്തപുരം കുടപ്പനക്കുന്ന് കന്നുകാലി പരിശീലന കേന്ദ്രത്തെ ഒരു സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന് ആവശ്യമായി വരുന്ന അധിക തുകയായ 60 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-113-98—സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം സ്ഥാപിക്കൽ

ഈ ശീർഷകത്തിൽ യാത്രാ ചെലവിനത്തിൽ അനുവദിച്ച തുകയ്ക്ക് പുറമെ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-113-93—നവീകരണവും ഇ-ഗവേണൻസും

മൃഗസംരക്ഷണ ഡയറക്ടറേറ്റിന് പുതുതായി അനുവദിച്ച ഓഫീസ് സ്ഥലം നവീകരിക്കുന്നതിനായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-190-94—കെ.എസ്.പി.ഡി.സി.ക്ക് സഹായം

സംസ്ഥാനത്ത് മുട്ടയുടെ ഇപ്പോഴത്തെ ആഭ്യന്തര ഉപയോഗം പ്രതിവർഷം ഏകദേശം 500 കോടി ആണ്. ഇപ്പോൾ ഏകദേശം 189 കോടി മാത്രമുള്ള ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിച്ചെങ്കിൽ മാത്രമെ കോഴിമുട്ടയ്ക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന അവസ്ഥ ഒഴിവാക്കാൻ സാധിക്കുകയുള്ളു. ഇതിനായി കൊട്ടിയം, മാള എന്നീ ഹാച്ചറികളുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് കൂടുതൽ പേരന്റ് സ്റ്റോക്കിനെ വളർത്തി കർഷകർക്ക് വിതരണം ചെയ്യുവാൻ 2013-14 വർഷത്തിൽ 1 കോടി കോഴിക്കുഞ്ഞുങ്ങളെ അധികമായി ഉൽപ്പാദിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും അതിനുപുറമേ വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികളിലൂടെ ഗുണഭോക്താക്കൾക്ക് കോഴിത്തീറ്റ, മരുന്ന് എന്നിവ വിതരണം ചെയ്ത് വിപുലീകരിക്കേണ്ടതുണ്ടെന്നും ഈ ആവശ്യങ്ങൾക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള 500 ലക്ഷം രൂപ തികച്ചും അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കി. ആയതിനാൽ ഇതിനായുള്ള ലെയർ ബ്രീഡർ ഫാമുകളുടെ അടിസ്ഥാന സൗകര്യവികസനം, പേരന്റ് സ്റ്റോക്ക് വാങ്ങൽ, കോഴിത്തീറ്റ ഉല്പാദനം, ഹാച്ചറി വികസനം, കാസർഗോഡ് മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ എന്നിവയ്ക്കും കമ്പോള വിലയിലെ ഏറ്റക്കുറച്ചിൽ കാരണം കർഷകർക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിനും ഈ ശീർഷകത്തിൽ 1150 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-190-93—എം.പി.ഐ.ക്ക് സഹായം

രോഗവിമുക്തമായ മാംസം ഉല്പാദിപ്പിക്കുന്നതിനായി നല്ലയിനം പന്നിക്കുഞ്ഞുങ്ങളെ വളർത്തുന്നതിനാവശ്യമായ പരിശീലനം കർഷകർക്ക് നൽകുന്ന ഇടയാർ ക്യാംപസിലെ ഫാം ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന് 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നും ഭരണാനുമതി ലഭിച്ച ചാലക്കുടിയിൽ സ്ഥാപിക്കുന്ന ആധുനിക മാംസ സംസ്കരണ യൂണിറ്റിന് 37 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്നതിനാൽ ഇതിനായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന വിഹിതത്തിനു പുറമേ 240 ലക്ഷം രൂപകൂടി വകയിരുത്തണമെന്നും ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഇടയാറിൽ നിലവിലുള്ള പഴക്കമേറിയ റെൻഡറിംഗ് പ്ലാന്റിനു പകരം ആധുനിക പ്ലാന്റ് നിർമ്മിക്കുന്നതിന് 210 ലക്ഷം രൂപയും തീറ്റയുടെ വർദ്ധിച്ചുവരുന്ന ആവശ്യകത കണക്കിലെടുത്ത് ഒരു ആധുനിക തീറ്റ ഉല്പാദന പ്ലാന്റ് സ്ഥാപിക്കുന്നതിനായി 100 ലക്ഷം രൂപയും മുണ്ടയാട് സ്ഥാപിക്കാനിരിക്കുന്ന ആധുനിക കോഴി സംസ്കരണ പ്ലാന്റിനായി 100 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാനും സമിതി തീരുമാനിച്ചു.

കേന്ദ്ര ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രീസ് മന്ത്രാലയം അംഗീകാരം നൽകുകയും കേന്ദ്രവിഹിതം ലഭിക്കുകയും ചെയ്ത് ഇടയാറിലെ 'പന്നികളേയും ആടുമാടുകളേയും സംസ്കരിക്കുന്ന പദ്ധതി'ക്ക് 1666 ലക്ഷം രൂപയും ഗുണമേന്മയുള്ളതും രാഗവിമുക്തവുമായ മാംസം കഴിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും വിപണന വിപുലീകരണത്തിനുമായി 5 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-190-86—കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം

കോഴിക്കോട് ചേമഞ്ചേരി പഞ്ചായത്തിലെ തിരുവാങ്ങൂരിൽ 300 ടൺ പ്രതിദിന ഉല്പാദന ശേഷിയുള്ള ഹൈടെക് കാലിത്തീറ്റ നിർമ്മാണ യൂണിറ്റിന് 800 ലക്ഷം രൂപയും ഇടുക്കി പാക്കേജിന്റെ ഭാഗമായി 300 ടൺ പ്രതിദിന ഉല്പാദന ശേഷിയുള്ള ഹൈടെക് കാലിത്തീറ്റ നിർമ്മാണയൂണിറ്റിന് 600 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്നും സമീകൃത കാലിത്തീറ്റയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ഫീഡ് അനലറ്റിക്കൽ ലബോറട്ടറി സ്ഥാപിക്കുന്നതിനായി 200 ലക്ഷം രൂപയും കുട്ടനാട് പാക്കേജിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ 50 ടൺ പ്രതിദിന ഉല്പാദന ശേഷിയുള്ള വൈയ്ക്കോൽക്കട്ട നിർമ്മാണയൂണിറ്റിനായി 450 ലക്ഷം രൂപയും വകയിരുത്തണമെന്നും ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-800-73—പക്ഷിപ്പനി ഉണ്ടാകുന്ന സാഹചര്യത്തിൽ പക്ഷികളെ നശിപ്പിക്കുന്നതിനുള്ള നഷ്ടപരിഹാരം

പക്ഷിപ്പനി ഉണ്ടാകുന്ന സാഹചര്യത്തിൽ രോഗം ബാധിച്ച പക്ഷികളെ നശിപ്പിച്ച് മറവു ചെയ്യുന്നതിന് നഷ്ടപരിഹാരം നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6403-00-190-99 (02)—എം.പി.ഐ.ക്കുള്ള വായ്പ (ആർ.ഐ.ഡി.എഫ്.)

2009-10 സാമ്പത്തികവർഷം RIDF പദ്ധതിയിലുൾപ്പെടുത്തി മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയ്ക്ക് 27 ലക്ഷം രൂപ നൽകുവാൻ അവശേഷിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുകയും ഇതിനായി 27 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6403-00-190-98—ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്കുള്ള RIDF വായ്പ

2010-11 സാമ്പത്തികവർഷം വയനാട് സുൽത്താൻ ബത്തേരിയിൽ ഒരു ആധുനിക അറവുശാല സ്ഥാപിക്കുന്നതിന് RIDF പദ്ധതിയിലുൾപ്പെടുത്തി 224.2 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6403-00-190-97—മൃഗസംരക്ഷണത്തിനുള്ള വായ്പകൾ (നബാർഡ്-ആർ.ഐ.ഡി.എഫ്.)

കോഴിക്കോട് ചേമഞ്ചേരിയിലെ കാലിത്തീറ്റ നിർമ്മാണ യൂണിറ്റിനും ഇടുക്കി ജില്ലയിലെ അരീക്കുഴിയിലെ കാലിത്തീറ്റ നിർമ്മാണ യൂണിറ്റിനും നബാർഡ് 18-ാം ആർ.ഐ.ഡി.എഫ്. വായ്പയ്ക്കായി 1700 ലക്ഷം രൂപ വകയിരുത്തണമെന്നും 6403-00-190-97 എന്ന ശീർഷകത്തിൽ തൊടുപുഴ കാലിത്തീറ്റ ഫാക്ടറിക്ക് ആർ.ഐ.ഡി.എഫ്. വായ്പത്തുകയ്ക്കായി 1200 ലക്ഷം രൂപ വകയിരുത്തണമെന്നും ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കൂടാതെ, ആഭ്യന്തര കന്നുകാലികളുടെ എണ്ണവും പാലുല്പാദനവും വർദ്ധിപ്പിക്കുന്നതിനും പശുക്കുട്ടികളെ സംരക്ഷിക്കുന്നതിനുമായി ഗോവർദ്ധിനി എന്ന പേരിൽ ഒരു പുതിയ ശീർഷകം സൃഷ്ടിച്ച് ആയതിൽ 1000 ലക്ഷം രൂപ വകയിരുത്താനാവശ്യമായ നടപടി സ്വീകരിക്കുക; ആടു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും മാംസോല്പാദനം

വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ആട് വികസന ബോർഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനായി ഒരു ശീർഷകം സൃഷ്ടിച്ച് അതിൽ 50 ലക്ഷം രൂപ വകയിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക; നെതർലാന്റ് ആഗ്രോഫുഡ് ആന്റ് ടെക്നോളജി സെന്ററിന്റെ സാങ്കേതിക സഹായത്തോടെ സംസ്ഥാനത്ത് ആധുനിക പന്നിവളർത്തൽ ഫാമുകൾ സ്ഥാപിക്കുന്ന പുതിയ പദ്ധതിയുടെ പ്രാരംഭ നടപടികൾക്കായി ഒരു പുതിയ ശീർഷകം സൃഷ്ടിച്ച് അതിൽ 50 ലക്ഷം രൂപ വകയിരുത്താനാവശ്യമായ നടപടി സ്വീകരിക്കുക എന്നീ പൊതു ശുപാർശകൾ കൂടി റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാനും സമിതി തീരുമാനിച്ചു.

**ക്ഷീരവികസനം**

2404-00-001-99-05—ഡയറക്ടറേറ്റ്-ഓഫീസ് ചെലവുകൾ-4 മറ്റിനങ്ങൾ

വൈദ്യുതി ചാർജ്ജിനത്തിലെ വർദ്ധനവ് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 2.46 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2404-00-001-99-21—ഡയറക്ടറേറ്റ്-മോട്ടോർ വാഹനങ്ങൾ

2012-2013-ൽ ഭരണാനുമതി ലഭിച്ച 7 വാഹനങ്ങളിൽ 6 വാഹനം വാങ്ങുന്ന തിനുള്ള നടപടിക്രമങ്ങൾ മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഒരു വാഹനം കൂടി ഈ സാമ്പത്തികവർഷം വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ കൂടി വകയിരുത്തണമെന്നും വാഹനങ്ങളുടെ സ്പെയർപാർട്ടുകൾ വാങ്ങുന്നതിനും റിപ്പയർ ചാർജ്ജിനായും 37,000 രൂപ അധികമായി വകയിരുത്തണമെന്നും ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-001-99-17—ഡയറക്ടറേറ്റ്-ചെറുകിട മരാമത്ത് പണികൾ

ക്ഷീര വികസനവകുപ്പ് ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന പഴക്കമേറിയ കെട്ടിട ത്തിന്റെ അറ്റകുറ്റപ്പണികൾ, ക്ഷീരപരിശീലന കേന്ദ്രത്തിൽ വെറ്ററിനറി സർവ്വകലാ ശാലയ്ക്ക് പരിശീലന പരിപാടികൾ നടത്തുന്നതിനായുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ, അതോടൊപ്പം ഡയറക്ടറേറ്റ് കെട്ടിടത്തിൽ ഒരു കോൺഫറൻസ് ഹാളിന്റെ നിർമ്മാണം, കൂടാതെ ഡയറക്ടറേറ്റിലേക്കുള്ള സബ്റോഡിന്റെ അറ്റകുറ്റപ്പണി എന്നിവ അടിയന്തരമായി നിർവ്വഹിക്കേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 250 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-001-98-04—ജില്ലാഭരണം-01-യാത്രാബത്ത

14 ജില്ലാ ഓഫീസുകളിലെ ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക, റിട്ടയർ ചെയ്ത ജീവനക്കാരുടെ റ്റി. എ. കുടിശ്ശിക എന്നിവയ്ക്ക് ഈ ശീർഷകത്തിൽ 13.86 ലക്ഷം രൂപയും 14 ജില്ലാ ഓഫീസുകളുടെ ഓഫീസ് ചെലവുകൾക്കായി 59,000 രൂപയും പ്രവർത്തനക്ഷമമല്ലാത്തതും കാലപ്പഴക്കമുള്ളതുമായ 6 വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 35 ലക്ഷം രൂപയും വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2404-00-001-97-04-1—വികസന പ്രവർത്തന ഘടകങ്ങൾ-യാത്രാചെലവുകൾ-യാത്രാബത്ത

152 ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റുകളിലെ ജീവനക്കാർക്കും റിട്ടയർ ചെയ്ത ജീവനക്കാർക്കും യാത്രാബത്ത കുടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിൽ അധികമായി 6.38 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2404-00-102-96—ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ

20 ഡയറി ഫ്രൺലി പഞ്ചായത്തുകളിൽ ക്ഷീരവികസന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ക്ഷീരവികസന വകുപ്പിന്റെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കും ഈ സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2404-00-102-83—ക്ഷീരോല്പാദന ഗുണനിലവാരവും പരിശുദ്ധിയും ഉറപ്പാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ (100% സി.എസ്.എസ്.)

മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയനുകൾ മുഖേന നടപ്പാക്കുന്ന 100% കേന്ദ്രാവിഷ്കൃത പദ്ധതിക്കായി 2012-13 സാമ്പത്തിക വർഷം തുക വകകൊള്ളിക്കാത്തതിനാൽ പദ്ധതികൾക്കുള്ള ധനസഹായം നൽകാൻ സാധിച്ചിട്ടില്ല. ആയതിനാൽ ഈ സാമ്പത്തികവർഷം 135 ലക്ഷം രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2404-00-102-79—കാലിത്തീറ്റയ്ക്കുള്ള സബ്സിഡി

ക്ഷീര കാർഷിക സംഘത്തിൽ പാൽ നൽകുന്ന എല്ലാ ക്ഷീരകർഷകർക്കും സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകി പാൽസംഭരണം വർദ്ധിപ്പിക്കുന്നതിനായി അനുവദിച്ച തുകയ്ക്ക് പുറമേ 900 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-109-98-04—ക്ഷീരവികസന പരിശീലന കേന്ദ്രം

ക്ഷീരവികസന പരിശീലന കേന്ദ്രത്തിലെ യാത്രാബത്ത കുടിശ്ശികയ്ക്കായി 22,000 രൂപയും കേന്ദ്രങ്ങളിലെ നിലവിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി 9,000 രൂപയും അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2404-00-109-95—ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ

നാല് പ്രധാന ചെക്ക് പോസ്റ്റുകളിൽ സ്ഥിരം പരിശോധനാ സംവിധാനം ഏർപ്പെടുത്തൽ, രണ്ട് പുതിയ റീജിയണൽ ലബോറട്ടറികളുടെ പ്രവർത്തനം ആരംഭിക്കൽ, മൊബൈൽ ഗുണനിയന്ത്രണ ലബോറട്ടറികൾ സ്ഥാപിക്കൽ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ സാമ്പത്തികവർഷം 200 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-800-78—കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിനുള്ള ധനസഹായം

കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ കർഷകർക്ക് ആവശ്യമായ സാമൂഹ്യ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതിനും പെൻഷൻതുക 300 രൂപയിൽ നിന്നും 400 രൂപയായി വർദ്ധിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 750 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2404-00-190-89—കെ.എൽ.ഡി. ബോർഡിനുള്ള ധനസഹായം

കർഷകരുടെ സഹായത്തോടും സഹകരണത്തോടും കൂടി സംസ്ഥാനത്തിന് അനുയോജ്യമായ തീറ്റപ്പുൽ ഉൽപ്പാദനവും വിപണനവും നടത്തുന്ന പദ്ധതിക്കായി 32 ലക്ഷം രൂപയും മികച്ച ഇനം കാളക്കുട്ടികളെ വളരെ ചെറുപ്രായത്തിൽത്തന്നെ കണ്ടുപിടിക്കാനുതകുന്ന നൂതന സാങ്കേതിക വിദ്യ പ്രയോഗിക്കുന്നതിനായി ബോർഡിന്റെ നിയന്ത്രണത്തിൽ ഒരു അത്യന്താധുനിക ജീനോമിക് ലബോറട്ടറി സ്ഥാപിക്കുന്ന പദ്ധതിയുടെ നടത്തിപ്പിനായി 170 ലക്ഷം രൂപയും സംസ്ഥാനത്തെ ആഭ്യന്തര പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായുള്ള ക്ഷീരവികസന പദ്ധതിയായ ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിലെയും മാട്ടുപ്പെട്ടിയിലെയും ഹൈടെക് ഡയറി ഫാമുകളിൽ നൂതന ഡയറി ഫാം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി 1.5 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഫീൽഡ് പെർഫോമൻസ് റിക്കോർഡിംഗ് വഴി കന്നുകാലികളുടെ ജനിതക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും പദ്ധതിയുടെ വിപുലീകരണത്തിനും അധികമായി 135 ലക്ഷം രൂപയും കേരളത്തിന്റെ തനതു ജനുസ്സുകളായ വെച്ചൂർ, കാസർഗോഡ് ഡ്വാർഫ്, മറ്റു നാടൻ ജനുസ്സുകൾ എന്നിവയുടെ സംരക്ഷണ-വ്യാപനത്തിനുള്ള പദ്ധതിയുടെ ആദ്യഘട്ടനടത്തിപ്പിനായി അധികമായി 65 ലക്ഷം രൂപയും വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാനും സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 4.15-ന് പിരിഞ്ഞു.

## 2013 മേയ് 8-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും) 2013 മെയ് 8-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക്ശേഷം 2.30-ന് നിയമസഭാ കോംപ്ലക്സിലെ V 'എ' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ പ്രത്യേക ക്ഷണിതാവായ മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. ജെയിംസ് മാത്യു, എം.എൽ.എ.
2. ശ്രീ. ഇ. പി. ജയരാജൻ, ,,

3. ശ്രീ. സി. പി. മുഹമ്മദ്, എം.എൽ.എ.

4. ശ്രീ. സി. മോയിൻകുട്ടി, ,,

5. ശ്രീ. എസ്. ശർമ്മ, ,,

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. പ്രിയദർശനൻ, ജോയിന്റ് സെക്രട്ടറി

2. ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

സമിതി 2013-2014 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചുള്ള കരട് റിപ്പോർട്ട് പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

കരട് റിപ്പോർട്ടിലെ പൊതു ശുപാർശകളിലെ 27-ാം ഖണ്ഡിക 16-ാം ഖണ്ഡികയായി ചേർക്കാനും നിലവിലുള്ള 16 മുതൽ 27വരെയുള്ള ഖണ്ഡികകളുടെ നമ്പരുകൾ അതിനനുസൃതമായി പുനഃക്രമീകരിക്കുവാനും സമിതി തീരുമാനിച്ചു.

31-ാം ഖണ്ഡികയുടെ ശീർഷകം 'മാതൃക ഹൈടെക് ഗ്രാമങ്ങൾ' എന്നത് പകരം 'മാതൃക ഹൈടെക് ഹരിതഗ്രാമങ്ങൾ' എന്ന് ഭേദഗതി ചെയ്യാൻ സമിതി നിർദ്ദേശിച്ചു.

കരട് റിപ്പോർട്ടിലെ പേജ് 13-ൽ ആവർത്തിച്ചിരിക്കുന്ന ഖണ്ഡിക നമ്പർ 41 എന്നത് 42 എന്നാക്കാനും തുടർന്നുള്ള ഖണ്ഡിക നമ്പരുകൾ അതനുസരിച്ച് പുനഃക്രമീകരിക്കാനും തീരുമാനിച്ചു.

പുനഃക്രമീകരിച്ച 47-ാം ഖണ്ഡിക "കർഷകരുടെ വാസകേന്ദ്രങ്ങളുടെ വിവരങ്ങളും വളർത്തപ്പെടുന്ന പക്ഷിമൃഗാദികളുടെ വിവരങ്ങളും ശേഖരിച്ച് സൂക്ഷിക്കുകയും അതുവഴി അർഹതപ്പെട്ട കർഷകർക്ക് സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നതിന് രജിസ്ട്രേഷൻ പദ്ധതി നടപ്പാക്കുന്നതാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിനാൽ കർഷകരുടെ രജിസ്ട്രേഷൻ ആവശ്യത്തിനായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു" എന്ന് ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചു.

തുടർന്ന് 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾക്കൊള്ളുന്ന ആനുകാലിക റിപ്പോർട്ടിന്റെ കരട് പരിശോധിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 2.50-ന് പിരിഞ്ഞു.

## 2013 ജൂൺ 18-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും) 2013 ജൂൺ മാസം 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V ഡി കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫും സമിതിയുടെ പ്രത്യേക ക്ഷണിതാവായ ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം. എൽ. എ.
2. ശ്രീ. സി. മോയിൻകുട്ടി, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധനവും തുറമുഖവും വകുപ്പ്
2. ശ്രീ. സുബ്രത വിശ്വാസ്, പ്രിൻസിപ്പൽ സെക്രട്ടറി & കാർഷികോൽപ്പാദക കമ്മീഷണർ
3. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, കൃഷി വകുപ്പ്
4. ശ്രീ. എം. എച്ച്. മുഹമ്മദ് റാഫി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. പ്രസാദ്, പി. എസ്., ജോയിന്റ് സെക്രട്ടറി, കൃഷി (മൃഗസംരക്ഷണവും ക്ഷീരവികസനവും) വകുപ്പ്
6. ഡോ. പി. എൻ. പ്രേമചന്ദ്രൻ, ഡയറക്ടർ, മണ്ണ് സംരക്ഷണവും മണ്ണ് പര്യവേഷണവും വകുപ്പ്
7. ശ്രീമതി സരോജിനി, കെ. ടി., ഡയറക്ടർ, ക്ഷീര വികസന വകുപ്പ്
8. ശ്രീ. ആർ. അജിത് കുമാർ, ഡയറക്ടർ, കൃഷി വകുപ്പ്
9. ശ്രീ. സി. ആർ. രമേശ്, അഡീഷണൽ ഡയറക്ടർ, കൃഷി (പ്ലാനിംഗ്) വകുപ്പ്
10. ശ്രീ. ബി. ജെ. ജയകുമാർ, അഡീഷണൽ ഡയറക്ടർ, കൃഷി വകുപ്പ്
11. ശ്രീ. എസ്. ശിവപ്രസാദ്, അഡീഷണൽ ഡയറക്ടർ, കൃഷി വകുപ്പ്
12. ശ്രീ. എം. രാജീവ്, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

13. ശ്രീ. കെ. എം. മോഹനൻ, സീനിയർ ഫിനാൻസ് ഓഫീസർ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്

14. ഡോ. എം. സുരേഷ് കുമാർ, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ

15. ഡോ. നൗഷാദ് അലി, കെ. എൻ., മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ.

I. **സമിതിയുടെ പരിഗണനയ്ക്കായി കൃഷി (മൃഗസംരക്ഷണ) വകുപ്പ് ലഭ്യമാക്കിയ 1993-ലെ കേരള അനിമൽ ഹസ്ബന്ററി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിന്റെ ഭേദഗതിക്കായുള്ള ചട്ടങ്ങളുടെ കരട് സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു:**

കരട് ചട്ടത്തിലെ ചട്ടം 1, 2 എന്നിവ താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തുക:

" 1. *Short title and commencement*.— (1) These rules may be called the Special Rules for the Kerala Animal Husbandry Subordinate Service (Amendment) Rules, 2013.

(2) They shall come into force at once.

2. *Amendment of the rules*.—In the Special Rules for the Kerala Animal Husbandry Subordinate Service, 1993,—

in the rule 4, against category VII (2) Cinema Operator-cum-Driver in column (2), for item (1) the following shall be substituted, namely:—

"A pass in S.S.L.C or equivalent examination". ".

(ഫയൽ നമ്പർ 1357/സബ്.സി സി2/2013/ലെജി.)

II. **തുടർന്ന് സമിതിയുടെ വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ചുവടെപ്പറയുന്ന റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:**

(1) <u>2005-2006-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്</u>

ഖണ്ഡിക 13.

(ഫയൽ 7607/സബ്.സി. സി2/2005/ലെജി.)

(2) <u>2006-2007-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്</u>

ഖണ്ഡിക 32, 40, 48.

(ഫയൽ 12260/സബ്.സി. സി2/2006/ലെജി.)

(3) 2007-2008-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

ഖണ്ഡിക 24, 26, 34, 37.

(ഫയൽ 13415/സബ്.സി. സി2/2007/ലെജി.)

(4) 2008-2009-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

ഖണ്ഡിക 27, 28, 29, 30.

(ഫയൽ 16113/സബ്.സി. സി2/2008/ലെജി.)

(5) 2009-2010-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

ഖണ്ഡിക 26.

(ഫയൽ 15597/സബ്.സി. സി2/2009/ലെജി.)

(6) 2010-2011-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

ഖണ്ഡിക 10.

(ഫയൽ 14979/സബ്.സി. സി2/2010/ലെജി.)

(7) 2010-2011-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ (ഭൂനികുതിയും വനവും മത്സ്യബന്ധനവും) അഞ്ചാമത് റിപ്പോർട്ട്

ഖണ്ഡിക 43, 49, 50, 53, 68, 72, 73.

(ഫയൽ 16583/സബ്.സി. സി2/2010/ലെജി.)

(8) 2011-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

ഖണ്ഡിക 62, 63, 64, 65.

(ഫയൽ 4871/സബ്.സി. സി2/2011/ലെജി.)

(9) 2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

ഖണ്ഡിക 3,15,16,19 മുതൽ 39 വരെയും 60 മുതൽ 74 വരെയും 76 മുതൽ 97 വരെയുള്ളവയും 40 മുതൽ 59 വരെയുള്ളവയുടെ അന്തിമ മറുപടിയും.

(ഫയൽ 3037/സബ്.സി. സി2/2012/ലെജി.)

III. **സമിതിയുടെ ചുവടെപ്പറയുന്ന പ്രത്യേക റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അവ അംഗീകരിക്കുകയും ചെയ്തു:**

(1) പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച റിപ്പോർട്ട്

ഖണ്ഡിക 139.

(ഫയൽ 15381/സബ്.സി. സി2/2010/ലെജി.)

(2) നാളികേര മേഖലയിലെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച റിപ്പോർട്ട്

ഖണ്ഡിക 7, 9, 11, 12, 20, 22, 27, 29, 30, 31, 37, 43, 44, 45, 51, 55, 61.

(ഫയൽ 15380/സബ്.സി. സി2/2010/ലെജി.)

IV. **2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും, മുകളിൽ പരാമർശിക്കപ്പെട്ടതും സമിതി അംഗീകാരം നൽകിയതുമായ പ്രസ്തുത വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശംകൂടി കരട് റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ ആയത് അംഗീകരിക്കുകയും ചെയ്തു.**

(ഫയൽ 2145/സബ്.സി. സി2/2013/ലെജി.)

സമിതി രാവിലെ 10.15-ന് യോഗം പിരിഞ്ഞു.

## 2013 നവംബർ 20-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും) 2013 നവംബർ 20-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V ഡി സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ പ്രത്യേക ക്ഷണിതാവായ ബഹുമാനപ്പെട്ട മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ ഹാജരായി:

ഹാജരായ അംഗങ്ങൾ

1. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം.എൽ.എ.
2. ശ്രീമതി ജമീലാ പ്രകാശം, എം.എൽ.എ.
3. ശ്രീ. ഇ. പി. ജയരാജൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. സുബ്രത ബിശ്വാസ്, പ്രിൻസിപ്പൽ സെക്രട്ടറി, മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ് ആന്റ് കാർഷികോത്പാദന കമ്മീഷണർ
2. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, കൃഷി വകുപ്പ്
3. ശ്രീ. പി. കെ. മൊഹന്തി, അഡീഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ്
4. ശ്രീ. വി. ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്
5. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
6. ശ്രീ. സി. കെ. രാജശേഖര പണിക്കർ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
7. ശ്രീ. അബ്ദുൾ വാഹീദ്, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
8. ശ്രീ. ബെന്നി, പി. ജി., ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
9. ശ്രീ. പ്രസാദ്, പി. എസ്., ജോയിന്റ് സെക്രട്ടറി, കൃഷി (മൃഗസംരക്ഷണവും ക്ഷീരവികസനവും) വകുപ്പ്
10. ഡോ. കെ. പി. ഔസേപ്പ്, പ്രിൻസിപ്പൽ ചീഫ് കൺസർവ്വേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഡി. & പി. എഫ്.എം.), വനം വകുപ്പ്
11. ഡോ. ബി. എസ്. കോശി, പ്രിൻസിപ്പൽ ചീഫ് കൺസർവ്വേറ്റർ ഓഫ് ഫോറസ്റ്റ് (എസ്. എഫ്.), വനം വകുപ്പ്
12. ശ്രീ. ആർ. അജിത് കുമാർ, ഡയറക്ടർ, കൃഷി വകുപ്പ്
13. ശ്രീമതി മിനി ആന്റണി, ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
14. ശ്രീമതി സരോജിനി, കെ. റ്റി., ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
15. ഡോ. പി. എൻ. പ്രേമചന്ദ്രൻ, ഡയറക്ടർ, മണ്ണ് സംരക്ഷണവും മണ്ണ് പര്യവേഷണവും വകുപ്പ്
16. ഡോ. നൗഷാദ് അലി, കെ. എൻ., മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
17. ഡോ. ജോസ് ജെയിംസ്, മാനേജിംഗ് ഡയറക്ടർ, കന്നുകാലി വികസന ബോർഡ്
18. ഡോ. അനി എസ്. ദാസ്, മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്

19. ഡോ. എസ്. മോത്തിലാൽ, അസോസിയേറ്റ് ഡയറക്ടർ, കേരള കാർഷിക സർവ്വകലാശാല

20. ശ്രീമതി ലതിക പി., ചീഫ് എഞ്ചിനീയർ, ജലവിഭവ വകുപ്പ്

കാര്യപരിപാടിയിലെ ആദ്യ ഇനമായ 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങളുടെ പരിഗണന മാറ്റിവയ്ക്കുകയും സമിതിയുടെ 4-12-2013-ലെ യോഗത്തിൽ പരിഗണിക്കുവാൻ തീരുമാനിക്കുകയും ചെയ്തു

തുടർന്ന് സമിതിയുടെ മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ നാളിതുവരെ മറുപടി ലഭ്യമാക്കാത്തതു സംബന്ധിച്ച് വകുപ്പ് സെക്രട്ടറിമാരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ഇനിയും മറുപടി സമർപ്പിക്കുവാനുള്ള താഴെപ്പറയുന്ന ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റുമെന്റുകൾ അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു:

(1) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകൾ

(i) 2005-06-ലെ അഞ്ചാമത് റിപ്പോർട്ട്.

ഖണ്ഡിക 7, 9, (കൃഷി വകുപ്പ്)

(ഫ. നമ്പർ 7607/സബ്.സി. സി2/2005/നി.സെ.)

(ii) 2007-2008-ലെ രണ്ടാമത് റിപ്പോർട്ട്.

ഖണ്ഡിക 15, 30, 92 (കൃഷി വകുപ്പ്)

(ഫ. നമ്പർ 13415/സബ്സി. സി2/2007/നി.സെ.)

(iii) 2009-2010-ലെ നാലാമത് റിപ്പോർട്ട്.

ഖണ്ഡിക 3, 4, 12, 23, 24, 25 (കൃഷി വകുപ്പ്)

(ഫ. നമ്പർ 15597/ സബ്.സി. സി2/2009/നി.സെ.)

(iv) 2010-2011-ലെ അഞ്ചാമത് റിപ്പോർട്ട്.

ഖണ്ഡിക 4, 6, 7, 12, 14, 16, 18, 19 (കൃഷി വകുപ്പ്)

(ഫ. നമ്പർ 14979/സബ്.സി. സി2/2010/നി.സെ.)

(v) 2011-2012-ലെ ഒന്നാമത് റിപ്പോർട്ട്.

ഖണ്ഡിക 7, 8, 9, 12, 13, 14,17 (കൃഷി വകുപ്പ്)

(ഫ. നമ്പർ 4871/സബ്.സി. സി2/2011/നി.സെ.)

(vi) 2012-2013-ലെ രണ്ടാമത് റിപ്പോർട്ട്.

ഖണ്ഡിക 7, 10, 11, 12, 16, 17 (കൃഷി വകുപ്പ്)

(ഫ. നമ്പർ 3037/സബ്.സി. സി2/2012/നി.സെ.)

(2) നാളികേര മേഖലയിലെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച 11-3-2010-ന് സമർപ്പിച്ച റിപ്പോർട്ട്.

ഖണ്ഡിക 18, 32, 35, 38, 40, 56, 59, 62, 63 (കൃഷി വകുപ്പ്)

(ഫയൽ നമ്പർ 15380/സബ്.സി. സി2/2010/നി.സെ.)

(3) പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് 11-3-2010-ന് സഭയിൽ സമർപ്പിച്ച റിപ്പോർട്ട്.

ഖണ്ഡിക 13, 16, 18, 22, 123, 124, 125 എന്നിവയും 127 മുതൽ 130 വരെയും (കൃഷി വകുപ്പ്) 33, 47, 77 (ജലവിഭവവകുപ്പ്) 77 (റവന്യൂ വകുപ്പ്)

(ഫയൽ നം. 15381/സബ്.സി. സി2/2010/നി.സെ.)

2. സമിതിയുടെ മുൻവർഷങ്ങളിലെ വിവിധ റിപ്പോർട്ടുകളിലെയും സമിതിയോഗങ്ങളിലെയും ശുപാർശകളിന്മേൽ സർക്കാർ ലഭ്യമാക്കിയ താഴെപ്പറയുന്ന നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

(1) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകൾ

(i) 2004-05-ലെ നാലാമത് റിപ്പോർട്ട്

ഖണ്ഡിക 10 മുതൽ 13 വരെ

(ഫയൽ നം. 10417/സബ്.സി. സി2/2004/നി.സെ.)

(ii) 2005-06-ലെ അഞ്ചാമത് റിപ്പോർട്ട്

ഖണ്ഡിക 39

(ഫയൽ നമ്പർ 7607/സബ്.സി. സി2/2005/നി.സെ.)

(iii) 2007-08-ലെ രണ്ടാമത് റിപ്പോർട്ട്

ഖണ്ഡിക 68

(ഫയൽ നമ്പർ 13415/സബ്.സി. സി2/2007/നി.സെ.)

(iv) 2008-09-ലെ മൂന്നാമത് റിപ്പോർട്ട്

ഖണ്ഡിക 10, 12, 18, 20, 22, 24 എന്നിവയും 34 മുതൽ 39 വരെയും

(ഫയൽ നമ്പർ 16113/സബ്.സി. സി2/2008/നി.സെ.)

(v) വിഷയ നിർണ്ണയ സമിതി II-ന്റെ 2008-09-ലെ 3-ാമത് റിപ്പോർട്ട്

ഖണ്ഡിക 29, 44, 46, 53, 54, 55, 56, 57, 64, 66

(ഫയൽ നമ്പർ 16694/സബ്.സി. സി2/2010/നി.സെ.)

(vi) 2009-10-ലെ നാലാമത് റിപ്പോർട്ട്

ഖണ്ഡിക 16, 22 എന്നിവയും 28 മുതൽ 43 വരെയും

(ഫയൽ നമ്പർ 15597/സബ്.സി. സി2/2009/നി.സെ.)

(vii) 2010-11-ലെ അഞ്ചാമത് റിപ്പോർട്ട്

ഖണ്ഡിക 1, 15

(ഫയൽ നമ്പർ 14979/സബ്സി. സി2/2010/നി.സെ.)

(viii) 2011 -2012-ലെ ഒന്നാമത് റിപ്പോർട്ട്

ഖണ്ഡിക 1, 4, 10, 15, 18, 19, 20, 22, 26, 27

(ഫയൽ നമ്പർ 4871/സബ്.സി. സി2/2010/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 20-ലെ ശുപാർശയ്ക്കുള്ള മറുപടി പരിഗണിക്കവേ, കേരള കാർഷിക സർവ്വകലാശാലയുടെ 31-3-2011 വരെയുള്ള ബാധ്യതകൾ തീർക്കുന്നതിന് ഒറ്റത്തവണ ഗ്രാന്റായി 100 കോടി രൂപയെങ്കിലും അനുവദിക്കണമെന്നതായിരുന്നു സമിതിയുടെ ശുപാർശയെന്നും ഇതിനായി വീണ്ടും ആവശ്യപ്പെട്ടിരുന്നുവെങ്കിലും ധനകാര്യവകുപ്പിന് അപ്രകാരം അനുവദിക്കാൻ കഴിയില്ലെന്ന് അറിയിച്ചിട്ടുണ്ടെന്നും, 2011-12 സാമ്പത്തികവർഷത്തേക്കായി പെൻഷൻ/പ്രോവിഡന്റ് ഫണ്ട് ബാധ്യതകൾക്കായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും കൃഷി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ബയോപാർക്കിനുവേണ്ടി സർവ്വകലാശാല 30 ഏക്കർ സ്ഥലം നൽകണമെന്ന വ്യവസ്ഥയിന്മേൽ 30 കോടി രൂപ നൽകാൻ അനുമതി നൽകിയിട്ടുണ്ടെന്നും എന്നാൽ സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അനുവാദം നൽകാത്തതിനാൽ ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കേരള കാർഷിക സർവ്വകലാശാലയിൽനിന്നും ഫിഷറീസ് സർവ്വകലാശാലയെ വേർപെടുത്തിയെങ്കിലും ആവശ്യമായ ഉദ്യോഗസ്ഥരെ ഫിഷറീസ് സർവ്വകലാശാലയ്ക്ക് വിട്ടുനൽകിയിട്ടില്ല എന്നും ഇതു സംബന്ധിച്ച് തീരുമാനമായിട്ടുണ്ടെങ്കിലും നാളിതുവരെ നടപ്പിലാക്കിയിട്ടില്ലെന്നും ആയത് ഉടനെ നടപ്പിലാക്കേണ്ടതാണെന്നും അതോടൊപ്പം ഫിഷറീസ് സർവ്വകലാശാലയ്ക്ക് പ്രത്യേക പ്ലാൻഫണ്ട് വിഹിതം വകയിരുത്തേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

(ix) 2012-2013-ലെ രണ്ടാമത് റിപ്പോർട്ട്.

ഖണ്ഡിക 1, 2, 4, 5, 6, 13, 14, 15, 18, 75

(ഫയൽ നമ്പർ 3037/സബ്.സി. സി2/2012/നി.സെ.)

(2) നാളീകേരമേഖലയിലെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് 11-3-2010-ന് സഭയിൽ സമർപ്പിച്ച റിപ്പോർട്ട്

ഖണ്ഡിക 17, 23, 24, 25, 26, 28, 34, 36, 41, 46

(ഫയൽ നമ്പർ 15380/സബ്.സി. സി2/2010/നി.സെ.)

(3) പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് 11-3-2010-ന് സഭയിൽ സമർപ്പിച്ച റിപ്പോർട്ട്

ഖണ്ഡിക 15, 20, 23 മുതൽ 26 വരെയും, 28 മുതൽ 31 വരെയും, 40 മുതൽ 46വരെയും, 48 മുതൽ 68 വരെയും, 70 മുതൽ 75 വരെയും, 78, 79, 80, 82, 83, 84, 86, 88, 91, 92, 93, 96, 97, 107, 109, 140 എന്നിവയും

(ഫയൽ നമ്പർ 15381/സബ്.സി. സി2/2010/നി.സെ.)

തുടർന്ന് സമിതിയുടെ താഴെപ്പറയുന്ന തീയതികളിലെ യോഗതീരുമാനപ്രകാരം വിവിധ വകുപ്പുകൾ ലഭ്യമാക്കിയ മറുപടി പരിഗണിച്ചു:

1. 9-6-2010-ലെ യോഗ നിർദ്ദേശപ്രകാരം കേരള കാർഷിക സർവ്വകലാശാലയുടെ ഭാവി പ്രവർത്തനപരിപാടി സംബന്ധിച്ച് കൃഷി (ഫാംസ്) വകുപ്പ് ലഭ്യമാക്കിയ സമഗ്ര റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

   (ഫയൽ നമ്പർ 20168/സബ്.സി. സി2/2009/നി.സെ.)

2. കേന്ദ്രസർക്കാർ അനുവദിക്കുന്ന രാസവളങ്ങളുടെ കൃത്യമായ കണക്ക് ലഭ്യമാക്കണമെന്നും ആയതിന്റെ ഉപയോഗം സംബന്ധിച്ചും വിനിയോഗ സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നത് സംബന്ധിച്ചുമുള്ള സമിതിയുടെ 10-11-2010-ലെ യോഗനിർദ്ദേശപ്രകാരം സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

   (ഫയൽ നമ്പർ 15597/സബ്.സി. സി2/2009/നി.സെ.)

3. 4-1-2012-ലെ യോഗതീരുമാനപ്രകാരം മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ചും ജലക്ഷാമം നേരിടുന്നതിന് ജനങ്ങൾക്ക് അവബോധം നൽകുന്നതിനുള്ള വിവിധ പരിപാടികളെക്കുറിച്ചും ആർ. ഐ. ഡി. എഫ്.ന്റെ വിവിധ പദ്ധതികളെക്കുറിച്ചും ഉള്ള വിവരങ്ങൾ പൊതുജനങ്ങളിലും ജനപ്രതിനിധികളിലും എത്തിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച് കൃഷി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

   (ഫയൽ നമ്പർ 5714/സബ്.സി. സി2/2011/നി.സെ.

   15381/സബ്.സി. സി2/2010/നി.സെ.)

4. 10-12-2012-ലെ യോഗതീരുമാനപ്രകാരം കെ.എൽ.ഡി. ബോർഡിനെ സംബന്ധിച്ച ചെലവുകൾക്കായുള്ള ശീർഷകങ്ങൾ ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട 2404 എന്ന മുഖ്യശീർഷകത്തിൽനിന്ന് മൃഗസംരക്ഷണ വകുപ്പിന്റെ 2403 എന്ന മുഖ്യശീർഷകത്തിലേക്ക് മാറ്റുന്നതിന് 2011-12-ലെ ഒന്നാമത് റിപ്പോർട്ടിലെ 41 മുതൽ 54 വരെയുള്ള ഖണ്ഡികളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ച 10-12-2013-ലെ യോഗത്തിലെ സമിതിയുടെ ശുപാർശ പ്രകാരം സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

   (ഫയൽ നമ്പർ 4871/സബ്.സി. സി2/2011/നി.സെ.)

ഉച്ചയ്ക്കുശേഷം 3 മണിക്ക് യോഗം പിരിഞ്ഞു.

## 2013 ഡിസംബർ 4-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I, 2013 ഡിസംബർ 4-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V 'എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ പ്രത്യേക ക്ഷണിതാവായ ബഹുമാനപ്പെട്ട മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം.എൽ.എ.
2. ശ്രീമതി ജമീലാ പ്രകാശം, എം.എൽ.എ.
3. ശ്രീ. എസ്. ശർമ്മ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. „ എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, കൃഷി വകുപ്പ്
2. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. സി. കെ. രാജശേഖര പണിക്കർ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
4. „ ബെന്നി, പി. ജി., ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
5. „ ഹരി പി. നായർ, ജോയിന്റ് സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
6. „ പ്രസാദ്, പി. എസ്., ജോയിന്റ് സെക്രട്ടറി, കൃഷി (മൃഗസംരക്ഷണവും ക്ഷീരവികസനവും) വകുപ്പ്.
7. ഡോ. എൻ. എൻ. ശശി, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
8. ശ്രീമതി മിനി ആന്റണി, ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
9. „ സരോജിനി, കെ. ടി., ഡയറക്ടർ, ക്ഷീരവികസനവകുപ്പ്
10. ഡോ. എസ്. ചന്ദ്രൻകുട്ടി, അഡീഷണൽ ഡയറക്ടർ(പ്ലാനിംഗ്), മൃഗസംരക്ഷണ വകുപ്പ്
11. ഡോ. വി. ബ്രഹ്മാനന്ദൻ, അഡീഷണൽ ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്

12. ഡോ. എസ്. സുനിൽ കുമാർ, അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്), മൃഗസംരക്ഷണ വകുപ്പ്

13. ശ്രീമതി സൈറാ ബാനു, കെ. എ., അഡീഷണൽ ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്

14. ഡോ. എം. സുരേഷ് കുമാർ, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യാ ലിമിറ്റഡ്

15. „ ജോസ് ജെയിംസ്, മാനേജിംഗ് ഡയറക്ടർ, കന്നുകാലി വികസന ബോർഡ്

16. ശ്രീ. വി. ഉണ്ണി, ജോയിന്റ് ഡയറക്ടർ, ക്ഷീരവികസനവകുപ്പ്

17. „ രാധാകൃഷ്ണൻ, വി., സീനിയർ ഫിനാൻസ് ഓഫീസർ, മൃഗസംരക്ഷണ ഡയറക്ടറേറ്റ്

18. ,, ജി. അരുൺ ജോർജ്, അസി. പ്രൊഫസർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി

19. ഡോ. അജിത്, എം. ജി., അസിസ്റ്റന്റ് മാനേജർ, കേരള ഫീഡ്സ് ലിമിറ്റഡ്.

സമിതി 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങൾ പുറപ്പെടുവിക്കാനുണ്ടായ കാലതാമസവും പ്രസ്തുത ചട്ടങ്ങൾ സമിതിയുടെ അംഗീകാരം കൂടാതെ പുറപ്പെടുവിച്ച നടപടിയും സാധൂകരിക്കുകയും 429/2013-ാം നമ്പർ എസ്.ആർ.ഒ. ആയി പുറപ്പെടുവിച്ച പ്രസ്തുത വിജ്ഞാപനം താഴെപ്പറയുന്ന ഭേദഗതികൾ ഉൾപ്പെടുത്തണമെന്ന ശുപാർശയോടെ അംഗീകരിക്കുകയും ചെയ്തു.

<u>ചട്ടം 2</u>

11-ാം ഉപചട്ടത്തിൽ,—

(i) (ഡി) ഖണ്ഡത്തിൽ 'ഫ്രൈകളോ' എന്ന വാക്കിനു പകരം 'മുട്ടകളോ ഹാച്ച്ലിംഗുകളോ, ഫ്രൈകളോ, ഫിംഗർ ലിംഗുകളോ, നോപ്ളിയകളോ പോസ്റ്റ് ലാർവകളോ' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (കെ) ഖണ്ഡത്തിൽ 'ഫ്രൈകളും' എന്ന വാക്കിനുശേഷം 'ഹാച്ച്ലിംഗുകളും' എന്ന വാക്ക് ചേർക്കേണ്ടതാണ്.

(iii) (എൽ) ഖണ്ഡത്തിൽ 'മൊളാസ്ക്ക വിഭാഗം' എന്നീ വാക്കുകൾ ഒഴിവാക്കേണ്ടതാണ്.

(iv) (ഒ) ഖണ്ഡം ഒഴിവാക്കേണ്ടതാണ്.

ചട്ടം 5

(i) (1)-ാം ഉപചട്ടത്തിലെ ക്ലിപ്ത നിബന്ധനയ്ക്കു പകരം ചുവടെ ചേർത്തിരിക്കുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, തദ്ദേശസ്വയംഭരണ വകുപ്പിന്റെയോ ജലവിഭവവകുപ്പിന്റെയോ അധീനതയിലുള്ള ജലാശയങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി യോടെ മാത്രമേ പ്രസ്തുത അവകാശം ഫിഷറീസ് വകുപ്പിന് ലഭിക്കുകയുള്ളൂ."

(ii) (4)-ാം ഉപചട്ടത്തിനും ക്ലിപ്ത നിബന്ധനകൾക്കും പകരം ചുവടെ ചേർത്തിരിക്കുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"ഏതൊരു സ്വകാര്യ ജലാശയങ്ങളിലെയും സ്വകാര്യ ചെമ്മീൻകെട്ടുകളിലെയും പാടശേഖരങ്ങളിലെയും മറ്റു സ്വകാര്യ വെള്ളക്കെട്ടിലെയും മത്സ്യബന്ധനം നടത്തുന്നതിനുള്ള അവകാശം അവയുടെ ഉടമയിലോ ഉടമകളിലോ നിക്ഷിപ്തമായിരിക്കുന്നതും അത്തരം പ്രദേശങ്ങൾ അതിന്റെ ഉടമകൾക്ക് ഏതെങ്കിലും വ്യക്തിക്കോ സംഘങ്ങൾക്കോ മത്സ്യത്തൊഴിലാളിക്കോ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്കോ നികായത്തിനോ പാട്ടത്തിന് നൽകാവുന്നതുമാണ്".

ചട്ടം 6

(i) (1)-ാം ഉപചട്ടത്തിൽ,—

(എ) (സി) ഖണ്ഡത്തിൽ 'അഴിമുഖം, തോട്, കായൽ'എന്നീ വാക്കുകൾക്ക് പകരം 'അഴിമുഖം തൊട്ട് കായൽ' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) (കെ) ഖണ്ഡത്തിൽ 'നാല്പത്തിയെട്ട് മീറ്റർ വിസ്താരത്തോടെയുള്ള' എന്നീ വാക്കുകൾക്കുപകരം 'നാല്പത്തിയെട്ട് മീറ്ററോ അതിൽ കൂടുതലോ ചുറ്റളവുള്ള' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (7)-ാം ഉപചട്ടം ഒഴിവാക്കേണ്ടതാണ്.

(iii) (8)-ാം ഉപചട്ടത്തിന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ ശാസ്ത്രീയമായ ചെമ്മീൻ കൃഷിയുടെ കാര്യത്തിൽ മേൽപ്പറഞ്ഞ വ്യവസ്ഥ പാലിക്കേണ്ടതില്ല".

(iv) (13)-ാം ഉപചട്ടത്തിനുപകരം ചുവടെ ചേർത്തിരിക്കുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"(13) യാതൊരാളും ഇരുപത് മില്ലീ മീറ്ററിൽ കുറഞ്ഞ കണ്ണി വലിപ്പമുള്ള വല ഉപയോഗിച്ച് മത്സ്യബന്ധനം നടത്താൻ പാടില്ലാത്തതാണ്".

ചട്ടം 7

(i) ഉപചട്ടം(4), ഉപചട്ടം(5) എന്നിവ ഒഴിവാക്കേണ്ടതാണ്.

(ii) (7)-ാം ഉപചട്ടത്തിൽ 'ഒരു ഹാച്ചറിയിൽ നിന്നുല്പാദിപ്പിച്ചതോ അയൽസംസ്ഥാനത്ത് നിന്ന് കൊണ്ടുവന്നതോ ആയ' എന്ന വാക്കുകൾ ഒഴിവാക്കേണ്ടതാണ്.

(iii) ഉപചട്ടം(8), ഉപചട്ടം (9) എന്നിവ ഒഴിവാക്കേണ്ടതാണ്.

ചട്ടം 8

(i) (5)-ാം ഉപചട്ടത്തിൽ 'സ്വതന്ത്ര വലകൾ' എന്നീ വാക്കുകൾക്കുപകരം 'സ്ഥാവര വലകൾ' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (9)-ാം ഉപചട്ടത്തിന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ ഈ ഉപചട്ടത്തിലെ യാതൊന്നുംതന്നെ ഈ ചട്ടങ്ങളുടെ പ്രാരംഭത്തിൽ നിലവിലുള്ള ഊന്നി അഥവാ കുറ്റിവലകൾക്ക് ബാധകമാകുന്നതല്ല".

(iii) (10)-ാം ഉപചട്ടത്തിന്റെ ക്ലിപ്ത നിബന്ധന പ്രത്യേക ഖണ്ഡികയായി ചേർക്കേണ്ടതും അപ്രകാരം പ്രത്യേക ഖണ്ഡികയായി ചേർത്ത ക്ലിപ്ത നിബന്ധനയിൽ 'നാല് ഊന്നി അഥവാ കുറ്റിവലകളിൽ കൂടുതൽ' എന്നീ വാക്കുകൾക്കു പകരം 'ഊന്നി അഥവാ കുറ്റിവലകളോ ചീനവലകളോ' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(iv) (11)-ാം ഉപചട്ടത്തിലെ ക്ലിപ്ത നിബന്ധന പ്രത്യേക ഖണ്ഡികയായി ചേർക്കേണ്ടതും അപ്രകാരം പ്രത്യേക ഖണ്ഡികയായി ചേർത്ത ക്ലിപ്ത നിബന്ധനയിൽ 'സംഘങ്ങളുടെയോ' എന്ന വാക്കിനുശേഷം "പരമ്പരാഗത മത്സ്യ തൊഴിലാളികളുടെയോ മത്സ്യത്തൊഴിലാളികളുടെ സ്ഥാപനങ്ങളുടെയോ സംഘടന യുടെയോ" എന്നീ വാക്കുകൾ ചേർക്കേണ്ടതുമാണ്.

(v) (12)-ാം ഉപചട്ടത്തിൽ "മത്സ്യത്തൊഴിലാളി സംഘങ്ങൾക്കോ" എന്ന വാക്കുകൾക്കുശേഷം "പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംഘടനകൾക്കോ സ്ഥാപനങ്ങൾക്കോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(vi) (13)-ാം ഉപചട്ടത്തിന് ഇനിപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്:

"എന്നാൽ ഈ ഉപചട്ടത്തിലെ യാതൊന്നും തന്നെ ഈ ചട്ടങ്ങളുടെ പ്രാരംഭ ത്തിൽ ഒന്നിൽ കൂടുതൽ ചീനവലകൾ കൈവശം വച്ചിരിക്കുന്ന അങ്ങനെയുള്ള വ്യക്തി കൾക്ക് ബാധകമാകുന്നതല്ല".

(vii) (16)-ാം ഉപചട്ടത്തിൽ 'ലൈസൻസുകളോ പെർമിറ്റുകളോ' എന്ന വാക്കുകൾക്കുശേഷം 'ശിക്ഷ അനുഭവിച്ചതിനുശേഷം രണ്ടു വർഷക്കാലം വരെ' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(viii) (18)-ാം ഉപചട്ടത്തിൽ, 'അലങ്കാര മത്സ്യമെന്നോ നശിച്ചുകൊണ്ടിരിക്കുന്ന വിഭാഗത്തിൽപ്പെടുന്ന മത്സ്യമാണെന്നോ' എന്ന വാക്കുകൾക്കുപകരം 'നശിച്ചു കൊണ്ടിരിക്കുന്ന വിഭാഗത്തിൽപ്പെടുന്ന മത്സ്യമാണെന്ന്' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

<u>ചട്ടം 9</u>

(i) (1)-ാം ഉപചട്ടത്തിൽ 'സ്വകാര്യ ജലാശയത്തിലോ' എന്ന വാക്കുകൾക്കു പകരം 'സ്വകാര്യ ജലാശയങ്ങളിലോ അക്വാകൾച്ചർ നടത്തുന്ന മറ്റ് ജലാശയ ങ്ങളിലോ' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (3)-ാം ഉപചട്ടത്തിനുപകരം താഴെ പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"(3) സർക്കാരിന്റെ വിജ്ഞാപനപ്രകാരം നിരോധിച്ചിരിക്കുന്ന മത്സ്യവിത്തുകൾ യാതൊരു കാരണവശാലും അക്വാകൾച്ചറിനായി ഉപയോഗിക്കുവാൻ പാടുള്ളതല്ല".

(iii) (4)-ാം ഉപചട്ടം ഒഴിവാക്കേണ്ടതാണ്.

(iv) (5)-ാം ഉപചട്ടത്തിന്റെ ക്ലിപ്ത നിബന്ധനയിൽ 'സർക്കാർ സ്ഥാപനങ്ങൾക്ക്' എന്നീ വാക്കുകൾക്ക് പകരം 'സർക്കാർ സ്ഥാപനങ്ങൾക്കും ഗവേഷണ സ്ഥാപന ങ്ങൾക്കും' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(v) (7)-ാം ഉപചട്ടത്തിൽ 'ശിക്ഷിക്കപ്പെട്ട യാതൊരാൾക്കും' എന്ന വാക്കുകൾക്ക് ശേഷം 'ശിക്ഷ അനുഭവിച്ച് രണ്ട് വർഷക്കാലം വരെ' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

<u>ചട്ടം 10</u>

(i) (3)-ാം ഉപചട്ടത്തിൽ 'കക്കവർഗ്ഗ ജീവികളുടെ വളർത്തലിനുമായി' എന്നീ വാക്കുകൾക്കുപകരം 'കക്കവർഗ്ഗ ജീവികളുടെ വളർത്തലിനും പെൻകൃഷിക്കായും' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (5)-ാം ഉപചട്ടത്തിൽ 'രജിസ്ട്രേഷനും ലൈസൻസും ആ പ്രദേശങ്ങൾ ക്കടുത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക്' എന്നീ വാക്കുകൾക്ക് പകരം 'രജിസ്ട്രേഷൻ ആ പ്രദേശങ്ങൾക്കടുത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്കോ, മത്സ്യത്തൊഴിലാളി സംഘങ്ങൾക്കോ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം മത്സ്യകർഷകർക്കോ' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(iii) (9)-ാം ഉപചട്ടത്തിൽ 'മത്സ്യത്തൊഴിലാളി വനിതകൾ' എന്ന വാക്കുകൾക്കുശേഷം 'മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, മത്സ്യ കൃഷിക്കാരൻ' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

<u>ചട്ടം 11</u>

(i) (2)-ാം ഉപചട്ടത്തിൽ 'മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളിൽ നിന്നോ' എന്ന വാക്കുകൾക്കുശേഷം 'പരമ്പരാഗത മത്സ്യത്തൊഴിലാളി സംഘടനയിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (5)-ാം ഉപചട്ടം ഒഴിവാക്കേണ്ടതാണ്.

<u>ചട്ടം 12</u>

(i) (2)-ാം ഉപചട്ടത്തിൽ 'ലൊക്കേഷൻ സർട്ടിഫിക്കറ്റ്' എന്ന വാക്കുകൾക്കു പകരം 'ലൊക്കേഷൻ സർട്ടിഫിക്കറ്റും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റോ അഥവാ കൈവശാവകാശ സർട്ടിഫിക്കറ്റോ ലീസിന് എടുത്തിട്ടുള്ളതാണെങ്കിൽ ലീസ് എഗ്രിമെന്റിന്റെ സർട്ടിഫൈഡ് പകർപ്പോ' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

<u>ചട്ടം 13</u>

(2)-ാം ഉപചട്ടത്തിൽ.—

(i) (ബി) ഖണ്ഡത്തിൽ 'ഹാച്ചറിയുടെയോ മത്സ്യപ്രജനന കേന്ദ്രങ്ങളുടെയോ അടിസ്ഥാനസൗകര്യ വികസന പ്ലാൻ' എന്ന വാക്കുകൾക്കു പകരം "കെട്ടിട നിർമ്മാണ പെർമിറ്റ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (സി) ഖണ്ഡത്തിനു പകരം ഇനിപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്. അതായത്:—

"(സി) ഹാച്ചറിയുടെയോ മത്സ്യപ്രജനന കേന്ദ്രങ്ങളുടെയോ പദ്ധതിരേഖ".

<u>ചട്ടം 15</u>

(2)-ാം ഉപചട്ടത്തിൽ (ബി) ഖണ്ഡത്തിൽ 'ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ' എന്ന വാക്കിനുപകരം 'ശിക്ഷിക്കപ്പെട്ട് രണ്ട് വർഷ കാലാവധി കഴിഞ്ഞിട്ടില്ലായെങ്കിൽ' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

<u>ചട്ടം 16</u>

(6)-ാം ഉപചട്ടത്തിന്റെ ക്ലിപ്ത നിബന്ധനയിൽ 'ഏപ്രിൽ 30 വരെ' എന്നതിനു പകരം 'ഏപ്രിൽ 14 വരെ' എന്ന് ചേർക്കേണ്ടതാണ്.

<u>ചട്ടം 18</u>

(1)-ാം ഉപചട്ടത്തിലെ 'ഹാച്ചറി സ്ഥിതിചെയ്യുന്ന' എന്ന വാക്കുകളും ക്ലിപ്ത നിബന്ധനയും ഒഴിവാക്കേണ്ടതാണ്.

<u>ചട്ടം 22</u>

(i) (1)-ാം ഉപചട്ടത്തിൽ 'മത്സ്യങ്ങൾ അഥവാ കക്ക, കക്കയിറച്ചി അഥവാ രണ്ടും കൂടിയോ ഒരു അധികാര പരിധിയിൽനിന്നും മറ്റൊരു അധികാര പരിധിയിലേക്ക് ഉൾനാടൻ ജലാശയത്തിലൂടെ' എന്നീ വാക്കുകൾക്കുപകരം 'ഷെൽ ഒരു അധികാര പരിധിയിൽനിന്നും മറ്റൊരു അധികാര പരിധിയിലേക്ക്' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) ഉപചട്ടം (1) മുതൽ (3) വരെയുള്ളവയുടെ ക്ലിപ്ത നിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക, അതായത്:—

"വ്യാവസായികാടിസ്ഥാനത്തിലുള്ള ചരക്കുനീക്കത്തിന് മാത്രം പെർമിറ്റ് ബാധകമാണ്".

ചട്ടം 23

(1)-ാം ഉപചട്ടത്തിൽ;—

(i) 'സ്വതന്ത്രവലകൾ, ചെമ്മീൻകെട്ടുകൾ, അക്വാകൾച്ചർ ഫാമുകൾ, ഹാച്ചറികൾ' എന്നീ വാക്കുകൾ ഒഴിവാക്കേണ്ടതാണ്.

(ii) ഒന്നാം ഖണ്ഡത്തിനുപകരം ഇനിപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്. അതായത്:—

"(i) മത്സ്യബന്ധന ഉരുക്കൾ, സ്ഥാവര വലകൾ എന്നിവ നിയമാനുസൃത പിൻതുടർച്ചാവകാശിക്കോ അല്ലെങ്കിൽ മത്സ്യത്തൊഴിലാളി സംഘത്തിനോ അല്ലാതെ മറ്റൊരാൾക്കും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതും പ്രസ്തുത കൈമാറ്റം ഒരു രജിസ്റ്റർചെയ്ത ഉടമ്പടി പ്രകാരമായിരിക്കേണ്ടതുമാണ്".

(iii) ഒന്നാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(iഎ) സ്വതന്ത്ര വലകൾ, അക്വാകൾച്ചർ ഫാമുകൾ, ഹാച്ചറികൾ, ചെമ്മീൻകെട്ടുകൾ എന്നിവ ഏതൊരാൾക്കും കൈമാറ്റം ചെയ്യാവുന്നതും സ്വതന്ത്ര വലകൾ ഒഴികെയുള്ള സംഗതികളിൽ ഒരു രജിസ്റ്റർ ചെയ്ത ഉടമ്പടി പ്രകാരമല്ലാതെ കൈമാറ്റം നടത്തുവാൻ പാടില്ലാത്തതുമാണ്."

ചട്ടം 24

(1)-ാം ഉപചട്ടത്തിൽ 'ഓരോ വില്പനയുടെയും രോഗങ്ങളുണ്ടാകുന്നതിന്റെയും എണ്ണം നിർദ്ദിഷ്ട സ്ഥലം എന്നിവ സംബന്ധിച്ച രേഖകൾ സൂക്ഷിക്കേണ്ടതാണ്' എന്നീ വാക്കുകൾക്കു പകരം 'ഓരോ വില്പനയുടെയും കൃഷി സംബന്ധിച്ച വിശദാംശങ്ങളുടെയും രേഖകൾ സൂക്ഷിക്കേണ്ടതാണ്' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ചട്ടം 30

(i) (2)-ാം ഉപചട്ടത്തിൽ 'ഓരോ സാമ്പിളിനും 250 രൂപ നിരക്കിൽ' എന്ന വാക്കുകൾക്കുപകരം 'ഓരോ ടെസ്റ്റിനും കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (3)-ാം ഉപചട്ടത്തിനുപകരം താഴെ പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"(3) ഏജൻസികൾ മത്സ്യവിത്തുകളുടെ പരിശോധന നടത്തുകയും പ്രസ്തുത മത്സ്യവിത്തുകൾക്ക് രോഗമോ, പരാദബാധയോ ഇല്ലായെന്ന് ബോദ്ധ്യപ്പെടുകയും ചെയ്യേണ്ടതാണ്".

<u>ചട്ടം 31</u>

(i)-ാം ഉപചട്ടത്തിൽ ഇനി പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്നതിൽ ഒരാൾ ഒരു മൈക്രോബയോളജിസ്റ്റ് ആയിരിക്കേണ്ടതാണ്.".

(ii) (3)-ാം ഉപചട്ടത്തിൽ 'കൈപ്പടിയിൽ' എന്ന വാക്കിനുപകരം 'കൈപ്പടയിൽ' എന്ന വാക്ക് ചേർക്കേണ്ടതാണ്.

<u>ചട്ടം 32</u>

(2)-ാം ഉപചട്ടത്തിൽ 'ഐ.സി.എ.ആർ. ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും' എന്നീ വാക്കുകൾക്കു പകരം 'ഐ.സി.എ.ആർ. ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നോ ഫിഷറീസ് യൂണിവേഴ്സിറ്റിയിൽ നിന്നോ' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

<u>ചട്ടം 33</u>

(എഫ്) ഖണ്ഡത്തിൽ 'ജൈവസസ്യ സമ്പത്ത്' എന്നീ വാക്കിനുപകരം 'ജൈവ സമ്പത്ത്' എന്ന വാക്ക് ചേർക്കേണ്ടതാണ്.

പട്ടിക

പട്ടിക 1-ൽ,—

(i) '2. രജിസ്ട്രേഷനുള്ള ഫീസ്' എന്ന തലവാചകത്തിന് കീഴിലെ (5)-ാം ഇനമായ അക്വാകൾച്ചറിനുള്ള രജിസ്ട്രേഷൻ ഫീസ് എന്ന മാർജിനൽ ശീർഷകത്തിനും അതിൻകീഴിലുള്ള പട്ടികയ്ക്കും പകരം ഇനിപ്പറയുന്ന മാർജിനൽ ശീർഷകവും പട്ടികയും ചേർക്കേണ്ടതാണ്:

## (5) അക്വാകൾച്ചറിനുള്ള രജിസ്ട്രേഷൻ ഫീസ്

| *ക്രമ നമ്പർ* | *തരം* | *ഓരുജല മത്സ്യക്കൃഷി* | *ശുദ്ധജല മത്സ്യകൃഷി* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | മത്സ്യക്കൃഷി | <u>അഞ്ചുഹെക്ടർ വരെ :—</u> കുറഞ്ഞത് 600 രൂപ എന്ന പരിധിക്ക് വിധേയമായി ഹെക്ടർ ഒന്നിന് 250 രൂപ നിരക്കിൽ | കുറഞ്ഞത് 200 രൂപ എന്ന പരിധിക്ക് വിധേയമായി ഹെക്ടർ ഒന്നിന് 100 രൂപ നിരക്കിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | അഞ്ചു ഹെക്ടറിന് മുകളിൽ 10 ഹെക്ടർ വരെ:—1,250 രൂപയും അഞ്ചു ഹെക്ടറിനു മുകളിലുള്ള ഓരോ ഹെക്ടറിനും ഹെക്ടർ ഒന്നിന് 600 രൂപ നിരക്കിൽ | 500 രൂപയും അഞ്ചു ഹെക്ടറിന് മുകളിലുള്ള ഓരോ ഹെക്ടറിനും ഹെക്ടർ ഒന്നിന് 200 രൂപ നിരക്കിൽ |
| | | പത്തു ഹെക്ടറിന് മുകളിൽ:—4,250 രൂപയും പത്തു ഹെക്ടറിനു മുകളിലുള്ള ഓരോ ഹെക്ടറിനോ അതിന്റെ ഭാഗത്തിനോ 1,100 രൂപ നിരക്കിൽ | 1,500 രൂപയും പത്തു ഹെക്ടറിന് മുകളിലുള്ള ഓരോ ഹെക്ടറിനോ അഥവാ അതിന്റെ ഭാഗത്തിനോ 300 രൂപ നിരക്കിൽ |
| 2 | അലങ്കാര മത്സ്യക്കൃഷി | ഒരേക്കറിന് താഴെ 250 രൂപ ഒരേക്കറോ അതിന് മുകളിലോ ഉള്ള കൃഷിയിടം ഏക്കർ ഒന്നിന് 1,000 രൂപ നിരക്കിൽ. | ഒരേക്കറിന് താഴെ 250 രൂപ ഒരേക്കറോ അതിന് മുകളിലോ ഉള്ള കൃഷിയിടം ഏക്കർ ഒന്നിന് 1,000 രൂപ നിരക്കിൽ |
| 3 | കൂട്ടുമത്സ്യ കൃഷി | ഘനമീറ്റർ ഒന്നിന് 10 രൂപ നിരക്കിൽ | ഘനമീറ്റർ ഒന്നിന് 10 രൂപ നിരക്കിൽ |
| 4 | പലകത്തട്ടിൽ ചങ്ങാടത്തിൽ നീണ്ട നാരുകൾ ഉപയോഗിച്ചുള്ള കല്ലുമ്മേക്കായ് കൃഷി | ചതുരശ്രമീറ്റർ ഒന്നിന് 1 രൂപ നിരക്കിൽ | ചതുരശ്രമീറ്റർ ഒന്നിന് 1 രൂപ നിരക്കിൽ |

(ii) '3. ലൈസൻസിനുള്ള ഫീസ്' എന്ന തലവാചകത്തിന് കീഴിലെ

'(ii) പലതരത്തിലുള്ള സ്ഥാവര വലകളുടെ ലൈസൻസ് ഫീസ്' എന്ന മാർജിനൽ ശീർഷകത്തിനും അതിൻകീഴിലുള്ള പട്ടികയ്ക്കും പകരം ഇനിപ്പറയുന്ന മാർജിനൽ ശീർഷകവും പട്ടികയും ചേർക്കേണ്ടതാണ്, അതായത്:—

(ii) പലതരത്തിലുള്ള സ്ഥാവര വലകളുടെ ലൈസൻസ് ഫീസ്:

| *ക്രമ നമ്പർ* | *സ്ഥാവര വലയുടെ തരം* | *ശരാശരി വാർഷിക വരുമാനം* | *അനുമതി ഫീസ് (രൂപ)* |
|---|---|---|---|
| 1 | ചീനവല | മോക്ക് ഗിയർ | 300.00 |
| | | 20,000 രൂപയിൽ കൂടുതൽ | 500.00 |
| | | 10,000 രൂപയ്ക്കും 20,000 രൂപയ്ക്കും ഇടയിൽ | 300.00 |
| | | 10,000 രൂപയ്ക്കു താഴെ | 250.00 |
| 2 | ഊന്നിവല | 20,000 രൂപയിൽ കൂടുതൽ | 500.00 |
| | | 10,000 രൂപയ്ക്കും 20,000 രൂപയ്ക്കും ഇടയിൽ | 300.00 |
| | | 10,000 രൂപയ്ക്ക് താഴെ | 250.00 |
| 3 | ചീപ്പ് ചാൽ വല | 20,000 രൂപയിൽ കൂടുതൽ | 500.00 |
| | | 10,000 രൂപയ്ക്കും 20,000 രൂപയ്ക്കും ഇടയിൽ | 300.00 |
| | | 10,000 രൂപയ്ക്ക് താഴെ | 250.00 |
| 4 | മറ്റ്വലകൾ | 20,000 രൂപയിൽ കൂടുതൽ | 300.00 |
| | | 10,000 രൂപയ്ക്കും 20,000 രൂപയ്ക്കും ഇടയിൽ | 250.00 |
| | | 10,000 രൂപയ്ക്കു താഴെ | 150.00 |

(iii) '3. ലൈസൻസിനുള്ള ഫീസ്' എന്ന തലവാചകത്തിന് കീഴിലെ '(iii) പലതരത്തിലുള്ള ചെമ്മീൻ കെട്ട് പാടത്തിന്റെ ലൈസൻസ് ഫീസ്' എന്ന ശീർഷകത്തിനും അതിൻകീഴിലുള്ള പട്ടികയ്ക്കും പകരം ഇനിപ്പറയുന്ന ശീർഷകവും പട്ടികയും ചേർക്കേണ്ടതാണ്.

(iii) പലതരത്തിലുള്ള ചെമ്മീൻകെട്ട് പാടത്തിന്റെ ലൈസൻസ് ഫീസ്:

| *ക്രമ നമ്പർ* | *തരം* | *അനുമതി ഫീസ് (രൂപ)* |
|---|---|---|
| 1 | 100 ഹെക്ടറിൽ കുറഞ്ഞ വിസ്തൃതിയുള്ള ചെമ്മീൻകെട്ട് പാടം | ഹെക്ടർ ഒന്നിന് 200 രൂപ |
| 2 | 100 ഹെക്ടറിനും 200 ഹെക്ടറിനും ഇടയിൽ വിസ്തൃതിയുള്ള ചെമ്മീൻകെട്ട് പാടം | 20,000 + 250 പെർ ഹെക്ടർ |
| 3 | 200 ഹെക്ടറിനും 500 ഹെക്ടറിനും ഇടയിൽ വിസ്തൃതിയുള്ള ചെമ്മീൻകെട്ട് പാടം | 45,000 + 300 പെർ ഹെക്ടർ |
| 4 | 500 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള ചെമ്മീൻകെട്ട് പാടം | 1,35,000.00 + 500 പെർ ഹെക്ടർ |
| 5 | സീസൺ കെട്ട് (ചെമ്മീൻകെട്ട്) പാടം/ഒരു ഹെക്ടറിന് | 100.00 പെർ ഹെക്ടർ |

മേൽപ്പറഞ്ഞ ഭേദഗതികൾ ചട്ടത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള കരട് ഭേദഗതി ചട്ടം സമിതിയുടെ പരിഗണനയ്ക്കു സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

തുടർന്ന്, സമിതി "ഉപജീവനമാർഗ്ഗമെന്ന നിലയിൽ മൃഗസംരക്ഷണം—സർക്കാർ പദ്ധതികൾ" എന്ന വിഷയം സംബന്ധിച്ച് നടത്തുവാൻ തീരുമാനിച്ചിരുന്ന ചർച്ച അടുത്ത യോഗത്തിലേക്ക് മാറ്റിവയ്ക്കുകയും ആയതിനായി 2013 ഡിസംബർ 11-ാം തീയതി യോഗം ചേരുന്നതിനും തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം 3.45 മണിക്ക് യോഗം പിരിഞ്ഞു.

## 2014 ജനുവരി 21-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും) 2014 ജനുവരി 21-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 5.20 മണിക്ക് നിയമസഭാ സമുച്ചയത്തിലെ IV 'എ' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ യോഗംചേർന്നു. സമിതിയുടെ പ്രത്യേക ക്ഷണിതാവായ ബഹുമാനപ്പെട്ട മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ ഹാജരായി:

ഹാജരായ അംഗങ്ങൾ

1. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം.എൽ.എ.
2. ,, ജെയിംസ് മാത്യു, എം.എൽ.എ.
3. ,, പി. തിലോത്തമൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. „ എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
2. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
3. ഡോ. ബി. വി. സത്യനാരായണ ഭട്ട്, സെക്രട്ടറി, കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ
4. ശ്രീ. സി. കെ. രാജശേഖര പണിക്കർ, അഡീഷണൽ ലാ സെക്രട്ടറി, നിയമ വകുപ്പ്.
5. ശ്രീമതി മിനി ആന്റണി, ഡയറക്ടർ, മത്സ്യബന്ധനവകുപ്പ്
6. ശ്രീ. പി. ജി. ബെന്നി, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
7. ശ്രീമതി പി. ബി. രാധിക, ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്
8. ശ്രീ. എം. ചന്ദ്രശേഖരൻ നായർ, ലാ ഓഫീസർ, നിയമവകുപ്പ് ഡയറക്ടറേറ്റ്.

സമിതി 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ഖണ്ഡം ഖണ്ഡമായി പരിശോധിക്കുകയും താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തുവാൻ തീരുമാനിക്കുകയും ചെയ്തു:

(എ) ഖണ്ഡം 1-ലെ (1)-ാം ഉപഖണ്ഡത്തിലെ ‘2013’ എന്ന അക്കങ്ങൾക്കു പകരം ‘2014’ എന്ന അക്കങ്ങൾ ചേർക്കുവാനും,

(ബി) ഖണ്ഡം 2-ൽ മൂലനിയമത്തിന്റെ 8-ാം വകുപ്പ് (4)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനയ്ക്ക് ഉപഖണ്ഡം (iii) പ്രകാരം പകരം ചേർക്കുന്ന ക്ലിപ്ത നിബന്ധന താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുന്നതിനും സമിതി തീരുമാനിച്ചു:

“എന്നാൽ അങ്ങനെ രൂപീകരിക്കപ്പെടുന്ന ഓരോ ബെഞ്ചിലും കമ്മീഷൻ ചെയർപേഴ്സൺ അല്ലെങ്കിൽ കമ്മീഷൻ അംഗമായ ഒരു ഫിഷറീസ് സാമൂഹിക, സാങ്കേതിക, സാമ്പത്തിക, ഭരണവിദഗ്ദ്ധൻ ഇവരിൽ ആരെങ്കിലും ഒരാൾ ഉണ്ടായിരിക്കേണ്ടതാണ്”.

ബില്ലിന്മേൽ ശ്രീ. ജെയിംസ് മാത്യു, ശ്രീ. പി. തിലോത്തമൻ എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

സമിതി വൈകുന്നേരം 5.30 മണിക്ക് യോഗം പിരിഞ്ഞു.

## 2014 ഫെബ്രുവരി 18-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I, 2014 ഫെബ്രുവരി 18-ാംതീയതി ചൊവ്വാഴ്ച നിയമസഭാ സമുച്ചയത്തിലെ 'V എ' സമ്മേളനഹാളിൽ ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം. എൽ. എ.
2. ശ്രീമതി ജമീലാ പ്രകാശം, എം. എൽ. എ.
3. ശ്രീ. സി. മോയിൻകുട്ടി, എം. എൽ. എ.
4. „ എസ്. ശർമ്മ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. എം. രത്നാകരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. „ എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, കൃഷി വകുപ്പ്
2. ശ്രീ. വി. കെ. ബാലകൃഷ്ണൻ, സ്പെഷ്യൽ സെക്രട്ടറി & ഡയറക്ടർ (സി.പി.എം.യു.), ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്
3. ശ്രീമതി മിനിമോൾ എബ്രഹാം, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
4. ശ്രീമതി മരിയൻ ലോറൻസ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. ആർ. അജിത് കുമാർ, ഡയറക്ടർ, കൃഷി വകുപ്പ്
6. ഡോ. പി. എൻ. പ്രേമചന്ദ്രൻ, ഡയറക്ടർ, മണ്ണ് സംരക്ഷണവും മണ്ണ് പര്യവേഷണവും വകുപ്പ്
7. ശ്രീ. കെ. സുബൈർ ഖാൻ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ
8. „ ബി. ജെ. ജയകുമാർ, അഡീഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്), കൃഷി വകുപ്പ്
9. ,, ഗോർക്കി ജോസ്, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്
10. „ എസ്. എഡിസൺ, ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്

11. ശ്രീ. പി. എ. ജോസഫ്, ജോയിന്റ് ഡയറക്ടർ, പശ്ചിമഘട്ട സെൽ
12. ശ്രീമതി റാണി ജോർജ്, മാനേജർ, വെജിറ്റബിൾസ് & ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ, കേരള
13. ശ്രീ. എ. സ്റ്റാൻലി, സെക്രട്ടറി, ഹിൽ ഏര്യാ ഡെവലപ്മെന്റ് ഏജൻസി
14. ശ്രീ. എസ്. ശിവപ്രസാദ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വെജിറ്റബിൾസ് & ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ, കേരള, എറണാകുളം
15. ഡോ. എൻ. സി. അനിൽകുമാർ, സയന്റിസ്റ്റ്, കേരള സ്റ്റേറ്റ് റിമോർട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ
16. ശ്രീ. ശ്രീകുമാർ, പി., കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി.

സമിതി 2014-15 സാമ്പത്തിക വർഷത്തെ ബജറ്റിലെ XXIX—കൃഷി, XXX—ഭക്ഷ്യം എന്നീ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

**കൃഷി വകുപ്പ്**

2401-00-104-86 (01)—ഫാം സെക്ടറുകൾക്കു വേണ്ടിയുള്ള പ്രത്യേക സഹായ പദ്ധതി-കടാശ്വാസകമ്മീഷൻ

കടാശ്വാസത്തിനായി ആകെ ലഭിച്ച 4.2 ലക്ഷം അപേക്ഷകളിൽ തീർപ്പാക്കാൻ ബാക്കിയുള്ള 53000 അപേക്ഷകളും വയനാട് ജില്ലയിൽ നിന്നും ലഭിച്ച 20000 പുതിയ അപേക്ഷകളും ഉൾപ്പെടെ 73279 അപേക്ഷകൾ തീർപ്പാക്കുന്നതിനും ഇതിനകം തീർപ്പാക്കിയ അപേക്ഷകളിൽ കടാശ്വാസം അനുവദിക്കുന്നതിനും അധിക തുക ആവശ്യമായതിനാൽ ബഡ്ജറ്റ് വിഹിതത്തിനുപുറമേ പ്രസ്തുത ശീർഷകത്തിൽ 2500 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-104-81—സമഗ്ര പൂന്തോട്ട പദ്ധതി

2013-2014 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് സംയോജിത മാതൃകാ പൂന്തോട്ട പദ്ധതി. ഒരു ഏക്കർ വരെയുള്ള കൃഷിയിടത്തിൽ വിവിധതരം കാർഷിക-ഫല-പുഷ്പ വിളകളോടൊപ്പം മൂന്നോ അതിലധികമോ കാർഷികേതര മേഖലകൾ സംയോജിപ്പിച്ചുകൊണ്ട് പുതിയ ചെറുകിട മാതൃകാ കൃഷിത്തോട്ടങ്ങൾ സജ്ജീകരിക്കുന്ന സംരംഭകർക്ക് പ്രോത്സാഹനം എന്ന നിലയ്ക്ക് ഏക്കറിന് 10,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതാണ് ഈ പദ്ധതി. ഓരോ പഞ്ചായത്തിലും ഇത്തരം പത്ത് കൃഷിത്തോട്ടങ്ങൾ എന്ന നിരക്കിൽ 10000 സംയോജിത മാതൃകാ കൃഷിത്തോട്ടങ്ങൾ സംസ്ഥാനമൊട്ടാകെ സജ്ജീകരിക്കുന്നതാണ്. ഒരു യൂണിറ്റിൽ കാർഷിക-ഫല-പുഷ്പ വിളകൾക്കൊപ്പം കോഴി/കാട/മുയൽ/താറാവ്/ടർക്കി/മത്സ്യം/തേനീച്ച/കൂൺ എന്നിവയിൽ എതെങ്കിലും മൂന്ന് ഘടകങ്ങൾ കൂടി ഉൾപ്പെടും. 10 കോടി രൂപയുടെ പദ്ധതിക്ക് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ

അനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 2014-2015 സാമ്പത്തിക വർഷത്തേക്ക് 1000 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-104-80—ജൈവകൃഷിക്കുവേണ്ടിയുള്ള കേരള ബ്രാൻഡ്

ജൈവകൃഷിയുടെ വികസനത്തിനും അതുവഴി ഒരു ആഗോള ബ്രാൻഡ് വികസിപ്പിക്കുന്നതിനും സാധ്യതയുള്ള സംസ്ഥാനമാണ് കേരളം. ഘട്ടംഘട്ടമായ വികസനം ലക്ഷ്യമിടുന്ന ഈ രംഗത്ത് ആദ്യമായി കാസർഗോഡ് ജില്ലയെ ജൈവ ജില്ലയായി പ്രഖ്യാപിച്ചു. ബഡ്ജറ്റിൽ പ്രഖ്യാപിച്ച ജൈവകൃഷിക്ക് കേരള ബ്രാൻഡ് എന്ന പദ്ധതിക്കായി ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ 9 കോടി രൂപയുടെ ജൈവകൃഷി പ്രോത്സാഹന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകളിൽ ഓരോ താലൂക്കുകളെ ജൈവ താലൂക്കുകളായി വികസിപ്പിച്ചെടുക്കുന്നതിനും ഗന്ധകശാല പോലുള്ള പ്രാദേശികയിനം ഉൽപ്പന്നങ്ങൾക്ക് ബ്രാൻഡ് അംഗീകാരം നേടിയെടുക്കുന്നതിന് ആവശ്യമായ പിൻബലം നൽകുന്നതിനും തീരുമാനിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കി. സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 1809/2013/എ.ഡി. തീയതി 10-10-2013 പ്രകാരം ഭരണാനുമതി ലഭിച്ച പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 2014-2015 സാമ്പത്തിക വർഷത്തേക്ക് 1200 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു..

2401-00-108-36—അടയ്ക്കാ കർഷകർക്കുള്ള പ്രത്യേക പദ്ധതി

2014-2015-ലെ ബഡ്ജറ്റിൽ കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർക്കായി 10 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ള മാതൃകയിൽ മറ്റ് ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി 2500 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-108-30—കേരചക്കരയ്ക്കും കേരാമൃതത്തിനും (നീര) വേണ്ടിയുള്ള പൈലറ്റ് പ്രോജക്ടുകൾ

തെങ്ങിൻ പൂക്കുലയിൽനിന്നുള്ള കേരാമൃതം (നീര), കേരചക്കര എന്നിവയുടെ ഉല്പാദനത്തിനും മറ്റ് മൂന്ന് പൈലറ്റ് പ്രോജക്ടുകൾക്കും ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ, കേരള കാർഷിക സർവ്വകലാശാല നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതികൾക്കായി 495 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-110-87—കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടിയുള്ള ഇൻഷ്വറൻസ് പദ്ധതി (ഒറ്റത്തവണ അധിക കേന്ദ്രസഹായം)

2013-2014 സാമ്പത്തിക വർഷം പുനഃക്രമീകരിച്ച നാഷണൽ അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് സ്കീമിൽ നിലവിലുണ്ടായിരുന്ന നാളികേര ഇൻഷ്വറൻസിനുള്ള പ്രാരംഭ പദ്ധതിയും കാലാവസ്ഥ അടിസ്ഥാനമാക്കിയുള്ള ഇൻഷ്വറൻസും

ഉൾപ്പെടുത്തിയിട്ടുള്ളതായും 2014-2015 സാമ്പത്തിക വർഷം 100 ലക്ഷം രൂപ ഈയിനത്തിൽ അനുവദിച്ചിട്ടുള്ളതായും സമിതി മനസ്സിലാക്കി. എന്നാൽ ഇൻഷ്വറൻസ് കമ്പനികൾവഴി 25 പ്രധാന വിളകളെ ഇൻഷ്വർ ചെയ്യുന്ന വിപുലമായ ഒരു പദ്ധതിക്ക് സർക്കാർ രൂപം നൽകുന്നതാണെന്ന് 2014-2015-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പദ്ധതിക്കായി 4900 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-115-99—ചെറുകിടനാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി

ചെറുകിട നെൽകൃഷിക്കാർക്ക് ഭൂപരിധിയില്ലാതെയും കരകൃഷിക്ക് 2 ഹെക്ടർ വരെയും സൗജന്യ വൈദ്യുതി നൽകുന്നതിന് 2014-2015 സാമ്പത്തിക വർഷം 3279 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2013-2014 ലെ കുടിശ്ശിക നികത്തുന്നതിന് പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 904.8928 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-115-98—ചെറുകിട നാമമാത്ര കർഷക പെൻഷൻ

2 ഹെക്ടർവരെ കൃഷി ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പ്രസ്തുത പദ്ധതിയിൽ രണ്ടു ഘട്ടങ്ങളിലായി അംഗങ്ങളായിട്ടുള്ള 313979 കർഷകർക്ക് 2014 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 500 രൂപ നിരക്കിലും രണ്ടാം ഘട്ടമായി അനുമതി നൽകിയ പദ്ധതി ഗുണഭോക്താക്കൾക്ക് 2013-2014 സാമ്പത്തിക വർഷം അർഹമായ പെൻഷൻ നൽകുന്നതിനും 2014 ഏപ്രിൽ മുതൽ വർദ്ധിപ്പിച്ച നിരക്കായ 600 രൂപ വീതവും പെൻഷൻ നൽകുന്നതിനായി ഈ ശീർഷകത്തിൽ 19386.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-191-50—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം

2401-00-192-50—മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം

2401-00-198-50—ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം

നെൽകൃഷിക്കാർക്ക് ഒരു സീസണിൽ ഒരു ഹെക്ടർ സ്ഥലത്തേക്ക് 1,000 രൂപ നിരക്കിൽ നൽകി വരുന്ന നെൽകൃഷി ഉല്പാദന ബോണസ് മുൻകാല പ്രാബല്യത്തോടെ നൽകുന്നതിന് സ.ഉ. നമ്പർ (എംഎസ്.) 2/2014/കൃഷി തീയതി 3-1-2014 പ്രകാരം ഉത്തരവായിട്ടുള്ളതിനാൽ ഈ ശീർഷകങ്ങളിൽ ആകെ വകയിരുത്തിയിരിക്കുന്ന 1243.44 ലക്ഷം രൂപയ്ക്കുപുറമേ 1933.86817 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2435-01-101-85—വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ

തെരഞ്ഞെടുത്ത കാർഷിക ഉൽപ്പന്നങ്ങളുടെ സ്ഥിരതയുള്ള വിലനിലവാരം ഉറപ്പാക്കുന്നതിനും കർഷകർക്ക് ന്യായമായ വരുമാനമെങ്കിലും ലഭ്യമാക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനും വിളവെടുപ്പുകാലങ്ങളിൽ നിയുക്ത ഏജൻസികൾ വഴി വിപണിയിൽ ഇടപെടലുകൾ നടത്തുന്നതിനുള്ള ചെലവുകൾക്കു വേണ്ട തുക വിനിയോഗിക്കുന്ന ഈ ശീർഷകത്തിൽ 2014-2015 സാമ്പത്തിക വർഷം 1000 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പച്ചത്തേങ്ങ, കൊപ്ര, റബ്ബർ എന്നിവയുൾപ്പെടെയുള്ള കാർഷിക വിളകളുടെ സംഭരണത്തിന് പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4435-01-101-97—ആർ.ഐ.ഡി.എഫ്. പദ്ധതികൾ

ആർ. ഐ. ഡി. എഫ്.-നു കീഴിൽ അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിനായി പ്രസ്തുത ശീർഷകത്തിൽ 2014-2015 സാമ്പത്തിക വർഷം 500 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4435-01-101-95—അഗ്രിമാളുകൾ

കൃഷി വകുപ്പിന്റെ കീഴിലുള്ള മൊത്തവ്യാപാര വിപണികളിൽ അഗ്രിമാളുകൾ ആരംഭിക്കുന്നതിന് പ്രസ്തുത ശീർഷകത്തിൽ, 2014-2015 സാമ്പത്തിക വർഷം 500 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## പൊതുശുപാർശ

2014-2015-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും എന്നാൽ ശീർഷകം അനുവദിക്കാത്തതുമായ പദ്ധതികൾ താഴെ ചേർത്തിരിക്കുന്നു:

| *ക്രമ നമ്പർ* | *പദ്ധതി* | *ബജറ്റിൽ പ്രഖ്യാപിച്ച തുക (ലക്ഷത്തിൽ)* |
|---|---|---|
| (1) | (2) | (3) |
| 1 | കർഷകർക്ക് 90 ശതമാനം സർക്കാർ പ്രീമിയത്തോടുകൂടി ഇൻകം ഗാരന്റിയും വിലനിർണ്ണയ അവകാശവും | 5000.00 |
| 2 | കേരളത്തെ ഹൈടെക് കാർഷിക സംസ്ഥാനമായി രൂപാന്തരപ്പെടുത്തുന്നതിനുള്ള അഗ്രിമിഷൻ രൂപീകരണം | 20000.00 |
| 3 | കാർഷികോത്പന്ന വിപണനത്തിന് സംഘങ്ങൾക്ക് 5 ലക്ഷം രൂപവരെ പലിശരഹിത വായ്പ | 1000.00 |

| (1) | (2) | (3) |
|---|---|---|
| 4 | കാർഷിക വികസന പദ്ധതികൾക്ക് മുൻതൂക്കം നൽകുന്ന പഞ്ചായത്തുകൾക്ക് മാച്ചിംഗ് ഗ്രാന്റ് | 2500.00 |
| 5 | അത്യുല്പാദനശേഷിയുള്ള വിത്ത്/തൈ ഉൽപ്പാദന കേന്ദ്രങ്ങൾ | 1500.00 |
| 6 | പാഴ്‌വസ്തുക്കളിൽ നിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ | 100.00 |
| 7 | വെർട്ടിക്കൽ ഫാമിംഗ് | 100.00 |
| 8 | ന്യായവില നൽകി കാർഷികോൽപ്പന്നങ്ങളുടെ സംഭരണം | 1000.00 |
| 9 | ഗ്ലോബൽ അഗ്രി-മീറ്റ് | 25.00 |
| 10 | കർഷക നൈപുണ്യ അവാർഡ് | 100.00 |
| 11 | സംയോജിത സേവന വിതരണത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കേന്ദ്രസഹായത്തോടെ കാർഷിക വിപണന കേന്ദ്രങ്ങൾ (Malls) സ്ഥാപിക്കുന്നതിന് | 500.00 |
| 12 | നിറവ് | 500.00 |
| 13 | പ്രാദേശിക കൃഷി ഡയറക്ടറേറ്റ്, കണ്ണൂർ | 25.00 |
| 14 | മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ (2013-2014-ലെ പ്രഖ്യാപനം) | 4200.00 |
| 15 | അഗ്രി ബയോപാർക്ക് (2013-2014-ലെ പ്രഖ്യാപനം) | 1000.00 |
| | ആകെ | 37550.00 |

മേൽ വിവരിച്ച പദ്ധതികൾക്കായി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 37550 ലക്ഷം രൂപയും നിറവ് എന്ന പദ്ധതിയിൽ 40 നിയോജകമണ്ഡലങ്ങൾകൂടി ഉൾപ്പെടുത്തേണ്ടതായിട്ടുള്ളതിനാൽ ആയതിനായി പ്രഖ്യാപിച്ച 500 ലക്ഷം രൂപയ്ക്കുപുറമേ 3500 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 41050 ലക്ഷം രൂപ പുതിയ ശീർഷകങ്ങൾ അനുവദിച്ച് വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ്**

2402-00-101-84—പഞ്ചായത്ത് തലത്തിലുള്ള വിശദമായ മണ്ണ് പര്യവേഷണം

പദ്ധതി രൂപരേഖകൾ തയ്യാറാക്കുന്നതിനാവശ്യമായ വിവരശേഖരണത്തിനായി ഓരോ പഞ്ചായത്തിലെയും ഭൂപ്രകൃതി, മണ്ണിന്റെ സ്വഭാവം എന്നിവ പഠിക്കുന്നതിനും രാസപരിശോധനകൾ നടത്തി സമാന മണ്ണിനങ്ങൾ കണ്ടെത്തി വർഗ്ഗീകരണം നടത്തി 1:5000 സ്കെയിലുള്ള ഭൂപടങ്ങളിൽ രേഖപ്പെടുത്തുന്നതിനും പ്രസ്തുത വിവരങ്ങൾ ഉപയോഗിച്ച് ഓരോ പഞ്ചായത്തിലെയും ഭൂക്ഷമത, ജലസേചന ക്ഷമത, ഭൂവിനിയോഗം, ഫലഭൂയിഷ്ഠത, പരിപാലനമുറകൾ എന്നീ അടിസ്ഥാന വിവരങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ടുകളും ഭൂപടങ്ങളും തയ്യാറാക്കുന്നതിനുമായുള്ള ഈ പദ്ധതി, കർഷകർക്കും, ഗവേഷകർക്കും, കാർഷിക മേഖലയിലെ പദ്ധതി രൂപീകരണത്തിനാവശ്യമായ വിവരങ്ങൾ കമ്പ്യൂട്ടറിന്റെ സഹായത്തോടെ ലഭ്യമാക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ്. വയനാട് ജില്ലയിലെ 26-ഉം തൃശൂർ ജില്ലയിലെ 88-ഉം പഞ്ചായത്തുകളിൽ മേൽ പ്രസ്താവിച്ച പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലായതിനാലും കാർഷിക വികസന പദ്ധതികളും ഗവേഷണ പദ്ധതികളും ആസൂത്രണം ചെയ്യുന്നതിന് ഉപകാരപ്രദമായ ഈ പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിനായും 2014-2015 സാമ്പത്തിക വർഷത്തേക്ക് 40 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2402-00-101-83—സോയിൽ മ്യൂസിയം

കേരളത്തിലെ വ്യത്യസ്തത പുലർത്തുന്ന പ്രധാന മണ്ണിനങ്ങളെ കാർഷിക മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാവർക്കും നേരിട്ട് മനസ്സിലാക്കുവാനാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സോയിൽ മ്യൂസിയം തിരുവനന്തപുരത്ത് പാറോട്ടുകോണത്ത് പ്രവർത്തനമാരംഭിച്ചത്. കേരളത്തിലെ പ്രധാനപ്പെട്ട 82 മണ്ണിനങ്ങളുടെ പരിച്ഛേദികകൾ, ധാതുക്കൾ, ശിലകൾ, നീർത്തടത്തിന്റെ പ്രവർത്തന മാതൃക, മണ്ണ് ജല പ്രവർത്തനമാതൃകകൾ, എല്ലാ ജില്ലകളുടെയും സോയിൽ മാപ്പുകൾ, നീർത്തട മാപ്പുകൾ എന്നിവ ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. സോയിൽ ഇൻഫർമേഷൻ സെന്ററും റഫറൻസ് സെക്ഷനും മണ്ണിനെ കുറിച്ചുള്ള ലഘു ചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന മിനി തിയേറ്ററും മ്യൂസിയത്തിൽ ഒരുക്കിയിട്ടുണ്ട്. മണ്ണുസംരക്ഷണ വകുപ്പിന്റെ മുൻവർഷങ്ങളിൽ വകയിരുത്തിയ പദ്ധതി വിഹിതം ഉപയോഗിച്ചാണ് പ്രസ്തുത മ്യൂസിയത്തിന്റെ കെട്ടിടനിർമ്മാണം നടത്തിയത്. മ്യൂസിയത്തിന്റെ തുടർപ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ ശമ്പളത്തിനുമായി 2014-2015 സാമ്പത്തിക വർഷത്തേക്ക് 140 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4402-00-800-80—ഡ്രയിനേജ്—വെള്ളപ്പൊക്ക സംരക്ഷണ പദ്ധതി ആർ.ഐ.ഡി.എഫ്. XVI

വയനാട് ജില്ലയിലെ ചെക്ക് ഡാം പദ്ധതി നിർവ്വഹണത്തിനും KLDC-യുടെ ഡ്രെയിനേജ് പദ്ധതികൾക്കുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2014-15 വർഷത്തേക്ക് 350 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## പൊതു ശുപാർശ

<u>വ്യക്തിഗത പുരയിടങ്ങളിലെയും പാടശേഖരങ്ങളിലെയും മണ്ണു-ജല സംരക്ഷണ പദ്ധതി</u>

മണ്ണുപര്യവേഷണ വകുപ്പ് നടത്തിയ പരിശോധനയിൽ ചില വ്യക്തിഗത പുരയിടങ്ങളിൽ മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമാണെന്ന് കണ്ടെത്താറുണ്ടെങ്കിലും വകുപ്പ് നടപ്പിലാക്കി വരുന്ന വാട്ടർഷെഡ് പദ്ധതികളുടെ പരിധിയിൽ ഈ പ്രദേശങ്ങൾ ഉൾപ്പെടാത്തതിനാലും ഫണ്ടിന്റെ അപര്യാപ്തതമൂലവും ഈ പ്രദേശങ്ങളിൽ മണ്ണു-ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ സാധ്യമാകാറില്ല എന്നും ഇത്തരത്തിൽ ചിതറിക്കിടക്കുന്ന പ്രദേശങ്ങളിൽ അവശ്യം വേണ്ട മണ്ണു-ജലസംരക്ഷണ പദ്ധതികളെ അവലംബിച്ച് അവയെ കൃഷി യോഗ്യമാക്കിയാൽ മാത്രമേ കേരളത്തിന്റെ കാർഷിക വളർച്ചക്കാവശ്യമായ അടിസ്ഥാന സൗകര്യ വികസനം പൂർണ്ണരൂപത്തിൽ സ്വായത്തമാക്കാൻ സാധിക്കു എന്നും സമിതി വിലയിരുത്തി. ഇതിലേക്കായി വ്യക്തിഗത പുരയിടങ്ങളിലെ മണ്ണു-ജലസംരക്ഷണപ്രവർത്തനങ്ങൾ എന്ന പുതിയ പദ്ധതിക്കായി പുതിയ ശീർഷകം അനുവദിക്കണമെന്നും ആയതിൻ കീഴിൽ പാടശേഖരസമിതികളുടെയും 5 ഏക്കർവരെ കൃഷിഭൂമിയുള്ള കർഷകരുടെയും കൃഷിയിടങ്ങളിലെ മണ്ണു-ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി 2014-2015 സാമ്പത്തിക വർഷം 500 ലക്ഷം രൂപ വകയിരുത്തണമെന്നും ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

### ഹിൽ ഏരിയ ഡെവലപ്പ്മെന്റ് ഏജൻസി

### (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്)

2551-01-800-90—<u>മലയോര വികസന അതോറിറ്റി</u>

കാലാവസ്ഥ, ഭൂപ്രകൃതി എന്നിവയുടെ പ്രത്യേകത കാരണം സഞ്ചാരയോഗ്യമല്ലാതായി തീർന്ന വയനാട്, കണ്ണൂർ, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിലെ മലയോര റോഡുകളുടെ പുനരുദ്ധാരണത്തിന് തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ജില്ലകളിലെ മലയോര പ്രദേശങ്ങളുടെ സമഗ്രവികസനത്തിനായി 2500 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

തുടർന്ന് ഉരുൾപൊട്ടൽമൂലം നഷ്ടപ്പെടുന്ന റോഡുകളുടെയും കൃഷിഭൂമിയുടെയും പുനരുദ്ധാരണം നടത്തുന്നതു സംബന്ധിച്ച് സമിതി ചർച്ച ചെയ്തു. നഷ്ടപ്പെടുന്ന കൃഷിഭൂമി വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണെന്നും കുത്തനെ ചരിവുള്ള ഭൂമി തട്ടുതട്ടായി തിരിച്ച് കയ്യാലകെട്ടി കൃഷി യോഗ്യമായ രീതിയിലുള്ള മണ്ണു സംരക്ഷണ പ്രവർത്തനമാണ് നടത്തേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു. ഉരുൾപൊട്ടലിൽ ഭൂമി നഷ്ടപ്പെടുന്നവർക്ക് സഹായം നൽകുന്നതിനുള്ള തുക അനുവദിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. റോഡ് പുനരുദ്ധാരണംപോലെ തന്നെ വളരെ പ്രാധാന്യമുള്ളതാണ് ഭൂമി നഷ്ടപ്പെട്ട് പൂർണ്ണമായും നിലനിൽപ്പ് നഷ്ടമാകുന്ന വ്യക്തികൾക്ക് ആനുകൂല്യം നൽകുന്നതുമെന്നും കേരളത്തിൽ ഒരു വർഷം ശരാശരി 20 മുതൽ 25 വരെ സ്ഥലങ്ങളിൽ ഉരുൾപൊട്ടൽ ഉണ്ടാകാറുണ്ടെന്നും സമിതി ചൂണ്ടിക്കാണിച്ചു. ഉരുൾപൊട്ടൽ ഉണ്ടാകുന്ന സ്ഥലങ്ങളിലെ കാർഷികവിളകൾക്കുള്ള നഷ്ടപരിഹാരമല്ലാതെ ഭൂമി നഷ്ടപ്പെടുന്നതിന് ആളുകൾക്ക് ഇത്തരത്തിലുള്ള സഹായം നൽകുന്നതിന് നിലവിൽ സർക്കാരിന്റെ ഏതെങ്കിലും സമിതിക്കോ ബോർഡിനോ വകുപ്പിനോ കഴിയില്ലെന്നും സമിതി

വിലയിരുത്തി. ഭൂമി നഷ്ടപ്പെടുന്നവർക്ക് സഹായം നൽകുന്നതിനുള്ള തുക അനുവദിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടതിന് ഹിൽ ഏര്യ ഡെവലപ്മെന്റ് ഏജൻസിയിൽ ഇക്കാര്യം ഉൾപ്പെടുത്തുന്നതിന് ബുദ്ധിമുട്ടാണെന്നും മണ്ണു സംരക്ഷണ ത്തിൽ ഉൾപ്പെടുത്താൻ സാധിക്കുമെന്നും ഹിൽ ഏര്യ ഡെവലപ്മെന്റ് ഏജൻസി സെക്രട്ടറി സമിതിയെ ബാധ്യപ്പെടുത്തി.

2402-00-102-87—മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ

ഉരുൾപൊട്ടൽ, മണ്ണൊലിപ്പ് എന്നിവമൂലം കൃഷിനാശം സംഭവിക്കുന്ന പ്രദേശങ്ങളുടെ ശാസ്ത്രീയ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 300 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഉരുൾപൊട്ടൽമൂലം ഭൂമിയും കൃഷിയിടങ്ങളും നഷ്ട പ്പെട്ടവരുടെ കൃഷിയിടങ്ങൾ പുനഃകൃഷി സാധ്യമാകുന്നതരത്തിൽ പൂർവ്വസ്ഥിതിയിലാക്കു ന്നതിനുള്ള പ്രവർത്തനങ്ങൾക്കായി പദ്ധതി വിഹിതത്തിനു പുറമേ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കേരള കാർഷിക സർവ്വകലാശാല**

2415-01-277-99-31—കേരള കാർഷിക സർവ്വകലാശാല—സഹായധനം—ശമ്പളം

2014-2015 സാമ്പത്തിക വർഷത്തിൽ കേരള കാർഷിക സർവ്വകലാശാലയുടെ പദ്ധതിയേതര ചെലവായി കണക്കാക്കപ്പെട്ടിട്ടുള്ളത് 269.475 കോടി രൂപയാണ്. മുൻവർഷങ്ങളിലെ കണക്ക് പരിശോധിച്ചതിൻപ്രകാരം സർവ്വകലാശാലയുടെ ആവശ്യ ത്തിലും കുറഞ്ഞ തുകയാണ് അനുവദിക്കപ്പെട്ടുവന്നിരിക്കുന്നത് എന്ന് സമിതി ചൂണ്ടിക്കാണിച്ചു. 2013-2014 സാമ്പത്തിക വർഷം സമിതി 243.71 കോടി രൂപയുടെ ഒറ്റത്തവണ ഗ്രാന്റ് അനുവദിക്കണമെന്നാവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് തുക യൊന്നും തന്നെ വകയിരുത്തി നൽകിയിട്ടില്ല. സർവ്വകലാശാലയുടെ പ്രസ്തുത ബാധ്യത 2013-2014 സാമ്പത്തിക വർഷാവസാനം 265 കോടിയായി ഉയരുമെന്ന് കണക്കാക്ക പ്പെടുന്നു. ഇൻഡ്യയിലെ ഏറ്റവും നല്ല കാർഷിക വിദ്യാഭ്യാസം നൽകുന്ന സർവ്വകലാ ശാല എന്ന നിലയ്ക്ക് കഴിഞ്ഞ അഞ്ചുവർഷക്കാലം തുടർച്ചയായി അംഗീകാരം ലഭിച്ചുകൊണ്ടിരിക്കുന്ന കേരള കാർഷിക സർവ്വകലാശാലയുടെ ഭാവി പുരോഗതിക്ക് വിഘാതമായി നിൽക്കുന്ന പ്രസ്തുത സാമ്പത്തിക ബാദ്ധ്യത തീർക്കുന്നതിനായി ഒറ്റത്തവണ ഗ്രാന്റായി 26500 ലക്ഷം രൂപയും 2014-2015 സാമ്പത്തിക വർഷത്തെ ശമ്പളത്തിനായുള്ള ധനസഹായമായി വകയിരുത്തിയിട്ടുള്ള 208.824 കോടി രൂപയ്ക്കു പുറമേ അധികമായി 1407.6 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 27907.6 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി**

2415-03-277-99—കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാലയിൽ 2014-2015 സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന ഗവേഷണം, വിദ്യാഭ്യാസം,

ഫാമുകളുടെ വികസനം, അടിസ്ഥാന സൗകര്യമൊരുക്കൽ, ഭക്ഷണം, വിജ്ഞാന വ്യാപനം തുടങ്ങിയ പ്രവർത്തനങ്ങൾക്കുവേണ്ടി വരുന്ന അധിക ബാധ്യത കണക്കിലെ ടുത്ത് ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2415-03-277-99-31—കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി സഹായധനം—ശമ്പളം

കേരള കാർഷിക സർവ്വകലാശാലയുടെ വിഭജനത്തെത്തുടർന്ന് കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാലയിലേക്ക് നിയമിതരായ അദ്ധ്യാപക/അനദ്ധ്യാപക, തൊഴിലാളി വിഭാഗങ്ങളുടെ പി. എഫ്., ശമ്പളപരിഷ്കരണ കുടിശ്ശിക എന്നീ ഇനങ്ങൾക്കായി ആകെ 2833 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ**

2435-00-800-99—മാർക്കറ്റ് വികസനം

വിവരസാങ്കേതികവിദ്യയുടെ വികസനത്തിനായി കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6408-02-190-98—ആർ.ഐ.ഡി.എഫ്. XVII-നുകീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ലോൺ

കേന്ദ്ര സർക്കാരിന്റെ നബാർഡ് ധനസഹായത്തോടു കൂടി 2012-2013-ലേക്ക് വെയർഹൗസിംഗ് കോർപ്പറേഷന്റെ ഇപ്പോഴുള്ള ഗോഡൗണുകളുടെ നവീകരണത്തിനും സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ ഗോഡൗണുകളുടെ നിർമ്മാണ ത്തിനും മറ്റുമായി 119.44 കോടി രൂപയ്ക്ക് അനുമതി ലഭിച്ചിട്ടുള്ളതായി സമിതി മനസ്സി ലാക്കി. പ്രാരംഭ നിർമ്മാണത്തിനായി 22.66 കോടി രൂപ നബാർഡിൽനിന്നും അനുവദിച്ചതിൽ 11.33 കോടി രൂപ ഗവൺമെന്റിന്റെ കണ്ടിജൻസി ഫണ്ടിൽനിന്നും ലഭ്യ മാക്കിയിരുന്നു. പ്രസ്തുത പ്രവർത്തനങ്ങൾക്കായി അനുവദിച്ചതിന്റെ ബാക്കി തുകയായ 1133 ലക്ഷം രൂപ കൂടി RIDF XVII ഇനത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കൂടാതെ മുതലമടയിൽ മാമ്പഴം സൂക്ഷിക്കുന്നതിനായുള്ള ഗോഡൗണിന് ശീതീകരണ സൗകര്യം ഒരുക്കുന്നതിനായി ഈ സാമ്പത്തിക വർഷം 50 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സമിതി യോഗം രാവിലെ 11.30 മണിക്ക് പിരിഞ്ഞു.

## 2014 ഫെബ്രുവരി 26-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I, 2014 ഫെബ്രുവരി 26-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V ഡി' സമ്മേളനഹാളിൽ ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം. എൽ. എ.
2. ശ്രീ. സി. മോയിൻകുട്ടി, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. എം. രത്നാകരൻ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
2. പ്രൊഫ. ബി. മധുസൂദനകുറുപ്പ്, വൈസ് ചാൻസലർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷൻ സ്റ്റഡീസ്
3. ശ്രീ. കെ. ബാബു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീമതി സുധാകുമാരി, ജോയിന്റ് സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്
5. ശ്രീ. പ്രസാദ്. വി. എസ്., ജോയിന്റ് സെക്രട്ടറി, കൃഷി (മൃഗസംരക്ഷണവും ക്ഷീര വികസനവും) വകുപ്പ്
6. ശ്രീമതി ജയലക്ഷ്മി, പി., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീ. ഹരി പി. നായർ, ജോയിന്റ് സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
8. ഡോ. എൻ. എൻ. ശശി, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
9. ശ്രീമതി മിനി ആന്റണി, ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
10. ശ്രീമതി സരോജിനി, കെ. റ്റി., ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
11. ഡോ. വി. ബ്രഹ്മാനന്ദൻ, അഡീഷണൽ ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
12. ഡോ. എസ്. ചന്ദ്രൻ കുട്ടി, അഡീഷണൽ ഡയറക്ടർ, (പ്ലാനിംഗ്)
13. ശ്രീ. പി. അനിൽകുമാർ, അഡീഷണൽ ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
14. ശ്രീ. എച്ച്. സലിം, ഡെപ്യൂട്ടി ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്

15. ശ്രീമതി താരാ ജേക്കബ്, ഡെപ്യൂട്ടി ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്), മത്സ്യബന്ധന വകുപ്പ്

16. ശ്രീ. ബൈജു കെ. അലക്സ്, ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസന വകുപ്പ്

17. ശ്രീമതി ലതാകുമാരി, സി. എസ്., ഡെപ്യൂട്ടി ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്

18. ശ്രീമതി സ്മിതാ ആർ. നായർ, ഡെപ്യൂട്ടി ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്

19. ശ്രീ. ഇഗ്നീഷ്യസ് മൻഡ്രോ, ഡെപ്യൂട്ടി ഡയറക്ടർ (പി.എം.ഇ.), മത്സ്യബന്ധന വകുപ്പ്

20. ശ്രീ. എം. വി. ചാർളി, ഡെപ്യൂട്ടി ഡയറക്ടർ (ഇൻലാൻഡ്), മത്സ്യബന്ധന വകുപ്പ്

21. ഡോ. ജോസ് ജെയിംസ്, മാനേജിംഗ് ഡയറക്ടർ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

22. ഡോ. എം. സുരേഷ് കുമാർ, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

23. ഡോ അനി എസ്. ദാസ്, മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്

24. ഡോ. കെ. അമ്പാടി, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ്

25. ശ്രീ. എം. രാജീവ്, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ്

26. ശ്രീമതി സ്മിതാ, ബി. എസ്. അസിസ്റ്റന്റ് ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്

27. ശ്രീ. കെ. എം. മോഹനൻ, സീനിയർ ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ഫിഷറീസ്

28. ശ്രീ. രാധാകൃഷ്ണൻ, വി., സീനിയർ ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് അനിമൽ ഹസ്ബന്ററി

29. ശ്രീമതി സബീഹ പി. എം., ഫിനാൻസ് ഓഫീസർ, ക്ഷീരവികസന വകുപ്പ്

30. ശ്രീ. എം. ചന്ദ്രശേഖരൻ നായർ, ലാ ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ഫിഷറീസ്

31. ശ്രീമതി വി. രേഖ, ഡെപ്യൂട്ടി ജനറൽ മാനേജർ (അക്വാ), മത്സ്യഫെഡ്

32. ശ്രീ. എം. എസ്. സാജു, FIRMA.

സമിതി 2014-2015 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥന നമ്പർ XXXI—മൃഗസംരക്ഷണം, XXXII—ക്ഷീരവികസനം, XXXIII—മത്സ്യബന്ധനം എന്നിവ

പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. സമിതിയുടെ 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിൽ താഴെപ്പറയുന്ന ശുപാർശകൾ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു:

## ധനാഭ്യർത്ഥന നമ്പർ XXXI—മൃഗസംരക്ഷണം

2403-00-001-99—ഭരണവും നടത്തിപ്പും-നടത്തിപ്പ്

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്, ഫാം ഇൻഫർമേഷൻ ബ്യൂറോ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റിനായി നിലവിൽ 3 ലക്ഷം രൂപ കുടിശ്ശിക നല്കുന്നതിനാൽ 2014-2015-ൽ വകയിരുത്തിയ 1.24 ലക്ഷം രൂപയ്ക്കു പുറമേ 3 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-101-97—മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും

സംസ്ഥാനത്തെ മൃഗാരോഗ്യ പരിപാലന സംവിധാനം 210 വെറ്ററിനറി ആശുപത്രികൾ, 895 വെറ്ററിനറി ഡിസ്പെൻസറികൾ, 50 വെറ്ററിനറി പോളി ക്ലിനിക്കുകൾ, 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ, ജില്ലാ തലത്തിൽ 9 സഞ്ചരിക്കുന്ന ആശുപത്രികൾ/ ഡിസ്പെൻസറികൾ, 14 ജില്ലാതല ക്ലിനിക്കുകൾ 4 റീജിയണൽ രോഗനിർണ്ണയ ലാബുകൾ ഒരു സംസ്ഥാന വന്ധ്യതാ നിവാരണ ഓഫീസ്, ഒരു സാംക്രമിക രോഗ വിശകലന യൂണിറ്റ്, ഒരു കന്നുകാലി ഉല്പന്ന പരിശോധനാ ലാബ്, 18 ജില്ലാതല ചെക്ക് പോസ്റ്റുകൾ എന്നിവ ഉൾപ്പെടുന്നതാണ്. പ്രസ്തുത കേന്ദ്രങ്ങൾവഴി സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള മരുന്നുകൾ സംഭരിക്കുന്നതിന് വകയിരുത്തിയിരിക്കുന്ന 8 കോടി രൂപ അപര്യാപ്തമായതിനാൽ അധികമായി 600 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-102-99—ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ

തിരുവനന്തപുരം, കൊട്ടാരക്കര, പത്തനംതിട്ട, ഇടുക്കി, ആലുവ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ കന്നുകാലി വികസന പ്രോജക്ടുകളിലെ ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിന് 2014-2015-ൽ അനുവദിച്ച 1.21 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-102-81—ഡിപ്പാർട്ട്മെന്റ് ഫാമുകൾ ശക്തിപ്പെടുത്തൽ

ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ മാംസോല്പാദനം വർദ്ധിപ്പിക്കുന്നതിന് 5 മുതൽ 10 വരെ അടങ്ങുന്ന കാളക്കുട്ടികളുടെ 1000 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുകൂടാതെ മലപ്പുറം ജില്ലയിൽ എടവണ്ണയിൽ ഒരു പുതിയ പൗൾട്രി ഫാമും ഹാച്ചറി യൂണിറ്റും സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. എന്നാൽ മേൽപ്പറഞ്ഞ ഘടകങ്ങളിൽ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ല. ഇതുകൂടാതെ സാറ്റലൈറ്റ് സീഡ് ഉൽപ്പാദനവും വിതരണവും എന്ന ഘടകത്തിൽ 120 ലക്ഷം രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമാണ്. കർഷകരെ ഈ മേഖലയിൽ നിലനിർത്തുന്നതിനും ആഭ്യന്തര ഉല്പാദനം

വർദ്ധിപ്പിക്കുന്നതിനും അവർക്ക് ആവശ്യമായ സഹായവും പ്രോത്സാഹനവും നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 1600 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-102-80—കർഷകരുടെ രജിസ്ട്രേഷൻ

2014-2015 സാമ്പത്തിക വർഷത്തിൽ കർഷകരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി പുതിയ സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുക്കുന്നതിനും ഡാറ്റാഎൻട്രിയിലൂടെ ക്രോഡീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-102-78—ആർ. കെ. വി. വൈ. സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി

രാഷ്ട്രീയ കൃഷി വികാസ് യോജനയുമായി സംയോജിപ്പിച്ചുകൊണ്ട് നടപ്പിലാക്കേണ്ട ഈ പദ്ധതിയിൽ 2 വർഷം കൊണ്ട് 1 ലക്ഷം കന്നുകുട്ടികളെ ഉൾപ്പെടുത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ആദ്യ ഗഡുവായി 50000 കന്നുകുട്ടികളെ ഉൾക്കൊള്ളിക്കുന്നതിന് കേന്ദ്രസർക്കാർ ഭരണാനുമതി നൽകിക്കഴിഞ്ഞു. അതോടൊപ്പം സംസ്ഥാന വിഹിതമായി 49.395 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തേണ്ടതുള്ളതിനാൽ 2014-2015 സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിരിക്കുന്ന തുകയ്ക്കു പുറമേ 2539.5 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-800-73—പക്ഷിപ്പനി ഉണ്ടാകുന്ന സാഹചര്യത്തിൽ പക്ഷികളെ നശിപ്പിക്കുന്നതിനുള്ള നഷ്ടപരിഹാരം

പക്ഷിപ്പനി ഉണ്ടാകുന്ന അടിയന്തിര സാഹചര്യത്തിൽ വളർത്തു പക്ഷികളെ നശിപ്പിക്കുന്നതിന് നഷ്ടപരിഹാരം നൽകുന്നതിനായി 1 ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ**

2403-00-190-94—കെ.എസ്.പി.ഡി.സി.ക്ക് സഹായം

**ഗ്രാമീണ മേഖലയിലെ കോഴി വളർത്തൽ പദ്ധതി**

ഈ പദ്ധതി നടപ്പിലാക്കിയ ശേഷം 2011-2012-ൽ 50 കോടി കോഴിമുട്ട അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുള്ളതായും, കേരളത്തിലെ വനിതകൾക്ക് അധികവരുമാനം നേടാൻ വഴിയൊരുക്കിയതായും കോഴിമുട്ട ഇറക്കുമതി തത്ഫലമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുള്ളതായും സമിതി വിലയിരുത്തി. ഗുണഭോക്താക്കളായ കർഷകർക്ക് കോഴികൾ, മരുന്ന്, തീറ്റ എന്നിവ സൗജന്യമായി ലഭ്യമാക്കിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിലെ ആഭ്യന്തര മുട്ടയുത്പാദനം വർദ്ധിപ്പിച്ച് ഈ രംഗത്ത് സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിന് 2014-2015 സാമ്പത്തിക വർഷത്തേക്ക് 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കാസറഗോഡ് ജില്ലയിൽ പുതിയ ബ്രീഡർ ഫാം**

പ്രതിമാസം 5 ലക്ഷം കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കാസറഗോഡ് ജില്ലയിൽ ഒരു ആധുനിക ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രം ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളതായും ആയതുവഴി ഓരോ മാസവും ഇറക്കുമതി ചെയ്യപ്പെടുന്ന കോഴികളുടെ എണ്ണം കുറച്ച് സംസ്ഥാനത്തിന്റെ വരുമാന നഷ്ടം കുറയ്ക്കുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നതായി സമിതി വിലയിരുത്തി. പ്രസ്തുത ഫാം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിന് 2014-2015-ൽ വകയിരുത്തിയ തുകയ്ക്കു പുറമേ 100 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കെപ്കോ നഗരപ്രിയ**

നഗരപ്രദേശങ്ങളിലെ മുട്ടയുല്പാദനം വർദ്ധിപ്പിക്കുക, അടുക്കള മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുക, പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കെ.എസ്.പി.ഡി.സി. നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജനപ്രിയ പദ്ധതിയാണ് കെപ്കോ നഗരപ്രിയ. 2014-2015 സാമ്പത്തിക വർഷത്തിൽ ഏകദേശം 6000 ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. ഈ പദ്ധതിക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള 200 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കുടപ്പനക്കുന്ന്, കൊട്ടിയം, മാള ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്**

സംസ്ഥാനത്തിന്റെ വാർഷിക ആഭ്യന്തര മുട്ട ഉപഭോഗം ഏകദേശം 500 കോടിയും ആഭ്യന്തര ഉത്പാദനം ഏകദേശം 189 കോടിമുട്ടയുമാണെന്നിരിക്കവേ, കൊട്ടിയം, മാള, കുടപ്പനക്കുന്ന് എന്നീ ഹാച്ചറികളുടെ കോഴിക്കുഞ്ഞ് ഉത്പാദനം വർദ്ധിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിലൂടെ മുട്ട ഉത്പാദനത്തിൽ വർദ്ധനവ് വരുത്താൻ സാധിക്കുമെന്ന് സമിതി ചൂണ്ടിക്കാണിച്ചു. 2014-2015-ൽ 1 കോടി കോഴിക്കുഞ്ഞുങ്ങളെ പ്രസ്തുത ഫാമുകൾവഴി അധികമായി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതിനാൽ ആയതിനായി വകയിരുത്തിയിട്ടുള്ള തുകയ്ക്കു പുറമേ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കോഴിയിറച്ചിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്**

ഏറെ ജനപ്രീതി നേടിയ കെപ്കോ കോഴിയിറച്ചി ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ ഉപഭോക്താൾക്കു മാത്രമേ ലഭ്യമാകുന്നുള്ളൂ. ഇതരജില്ലകളിലും കെപ്കോ കോഴിയിറച്ചിയുടെ ലഭ്യത ഉറപ്പുവരുത്തണമെന്ന ആവശ്യം ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ ഭാഗത്തുനിന്നും ശക്തമായിക്കൊണ്ടിരിക്കുകയാണ്. ഇതിന് കുടപ്പനക്കുന്നിൽ ആധുനിക രീതിയിലുള്ള ഒരു പുതിയ ഓട്ടോമാറ്റിക് മാംസസംസ്കരണ കേന്ദ്രം തുടങ്ങാൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കി. മൊത്തം 600 ലക്ഷം രൂപ ഈ പ്ലാന്റിന്റെ പൂർത്തീകരണത്തിന് ആവശ്യമായിവരുമെന്നു പ്രതീക്ഷിക്കുന്നതിനാൽ 300 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കോഴിത്തീറ്റ നിർമ്മാണത്തിന് ഒറ്റത്തവണ ധനസഹായം**

കേരളത്തിലെ കോഴിവളർത്തൽ കർഷകർ നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രശ്നമായ ഗുണനിലവാരമുള്ള കോഴിത്തീറ്റയുടെ ദൗർലഭ്യത്തിന് ഒരു പരിഹാരം എന്ന നിലയിൽ മാളയിൽ ഉടൻ പ്രവർത്തനം ആരംഭിക്കുന്ന ഓട്ടോമാറ്റിക് ഫീഡ് മിക്സിംഗ് പ്ലാന്റിന്റെ നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിലും തീറ്റ നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് ഫണ്ട് അനുവദിച്ചിട്ടില്ല. ആകയാൽ ഈ ആവശ്യത്തിന് ഒറ്റത്തവണ സഹായമായി 1000 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**പൗൾട്രി പാർക്ക്/പൗൾട്രി എസ്റ്റേറ്റ്**

അട്ടപ്പാടി മേഖലയുടെ സമഗ്ര വികസനം എന്ന ലക്ഷ്യം മുൻനിർത്തി അട്ടപ്പാടിയിൽ ഒരു പൗൾട്രി എസ്റ്റേറ്റ്/പൗൾട്രി പാർക്ക് സ്ഥാപിക്കുന്നതിന് ആകെ ആവശ്യമായ 12 കോടി രൂപയിൽ പ്രാരംഭപ്രവർത്തനങ്ങൾക്കുവേണ്ടി തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ആയതിനായി 500 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡ്**

2403-00-190-93—<u>എം.പി.ഐ.യ്ക്ക് സഹായം</u>

ഈ ശീർഷകത്തിൽ ഓഫീസ് ആധുനികവത്കരണത്തിനും സോഫ്റ്റ്‌വെയർ വിപുലീകരണത്തിനുമായി 50 ലക്ഷം രൂപയും വിപണിയിൽ എം.പി.ഐ.-യുടെ സാന്നിദ്ധ്യം ശ്രദ്ധേയമാക്കുന്നതിന് പരസ്യം നൽകുന്നതിന് 35 ലക്ഷം രൂപയും, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഇനത്തിൽ ജീവനക്കാരുടെ 45 വർഷം പഴക്കമുള്ള ക്വാർട്ടേഴ്സുകളും മറ്റടിസ്ഥാന സൗകര്യങ്ങളും വിപുലപ്പെടുത്തുന്നതിനുമായി 125 ലക്ഷം രൂപയും മുണ്ടയാട് തുടങ്ങുവാൻ ഉദ്ദേശിക്കുന്ന കോഴിഇറച്ചി സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 100 ലക്ഷം രൂപയും ചാലക്കുടിയിൽ ആരംഭിക്കുവാനുദ്ദേശിക്കുന്ന ആധുനിക മാംസ സംസ്ക്കരണ പദ്ധതിക്ക് അധികമായി 185 ലക്ഷം രൂപയും ചേർത്ത് ആകെ 495 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6403-00-190-99-02—<u>എം. പി. ഐ.യ്ക്കുള്ള വായ്പ ധനസഹായം (ആർ.ഐ.ഡി.എഫ്.)</u>

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയ്ക്കുള്ള വായ്പ എന്ന ശീർഷകത്തിൽ 2009-2010 സാമ്പത്തിക വർഷം ആർ. ഐ. ഡി. എഫ്. പദ്ധതിയിൽ അനുവദിച്ച 190 ലക്ഷം രൂപയിൽ 27 ലക്ഷം രൂപ കുടിശ്ശികയായി ലഭ്യമാക്കാനുണ്ടെന്ന് മനസ്സിലാക്കിയതിനാൽ ഈ ശീർഷകത്തിൽ 27 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6403-00-190-98—<u>മീറ്റ് പ്രോസസ്സിംഗ് പ്ലാന്റും ആധുനിക അറവുശാലയും സ്ഥാപിക്കുന്നതിന് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്കുള്ള വായ്പ (നബാർഡ് -15-ാം ആർ.ഐ.ഡി.എഫ്. പദ്ധതി)</u>

2010-2011 സാമ്പത്തിക വർഷം വയനാട്ടിലെ സുൽത്താൻ ബത്തേരിയിൽ ഒരു ആധുനിക അറവുശാല സ്ഥാപിക്കുന്നതിന് ആർഐഡിഎഫ്. പദ്ധതിയിലൂടെ 10 കോടി രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ ഇതുവരെ 925.80 ലക്ഷം രൂപ മേൽപ്പറഞ്ഞ സൊസൈറ്റിക്ക് നൽകികഴിഞ്ഞു. 39.71 ലക്ഷം രൂപയ്ക്ക് ബഡ്ജറ്റിൽ തുക അധികമായി ഉൾക്കൊള്ളിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള 34.49 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6403-00-190-99-01—<u>മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയ്ക്കുള്ള വായ്പ</u>

ഇടയാറിലെ ആധുനിക മാംസസംസ്ക്കരണ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും 1436 ലക്ഷം രൂപയും ആർ.ഐ.ഡി.എഫ്. വിഹിതമായി 649 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതമായി ലഭിക്കേണ്ട 642 ലക്ഷം രൂപയിൽ 150 ലക്ഷം രൂപ മാത്രമാണ് ഈ ശീർഷകത്തിൽ 2013-14-ൽ അനുവദിച്ചിട്ടുള്ളത്. സംസ്ഥാന വിഹിതത്തിലെ ബാക്കി തുകയായ 492 ലക്ഷം രൂപ കൂടി ഗ്രാന്റ്-ഇൻ-എയ്ഡായി 2014-15-ൽ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കേരള ഫീഡ്സ് ലിമിറ്റഡ്**

2403-00-190-86—<u>കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം</u>

ഈ ശീർഷകത്തിൽ താഴെപ്പറയുന്ന പദ്ധതികൾക്കായി ആകെ 2000 ലക്ഷം രൂപ ആവശ്യമുണ്ടെന്ന് സമിതി വിലയിരുത്തി.

കോഴിക്കോട് ജില്ലയിൽ ചേമഞ്ചേരി പഞ്ചായത്തിൽ തിരുവാങ്ങൂരിൽ പ്രതിദിനം 300 ടൺ ഉല്പാദനശേഷിയുള്ള ഒരു ഹൈടെക് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിലേക്കുള്ള ധനസഹായമായി 800 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ഇടുക്കി പാക്കേജിന്റെ ഭാഗമായി 500 ടൺ ഉൽപ്പാദനശേഷിയുള്ള ഒരു ഹൈടെക് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിലേക്കുള്ള വിഹിതമായി 700 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സമീകൃത കാലിത്തീറ്റയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ഫീഡ് അനലറ്റിക്കൽ ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള വിഹിതമായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

മലപ്പുറം, ആതവനാട് ആരംഭിക്കുന്ന 300 ടൺ ഉൽപ്പാദനശേഷിയുള്ള സന്തുലിത ധാതുലവണ മിശ്രിത യൂണിററിനുള്ള വിഹിതമായി 100 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കേന്ദ്ര ഗവൺമെന്റിന്റെ വനിത ശിശുക്ഷേമ വകുപ്പ് മുഖാന്തിരം സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന 10000 വനിതകൾക്ക് ആട് വിതരണം ചെയ്യുന്ന പദ്ധതിക്കുള്ള വിഹിതമായി 200 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6403-00-190-96—കോഴിക്കോട് തിരുവാങ്ങൂർ കാലിത്തീറ്റ നിർമ്മാണ കേന്ദ്രത്തിനുള്ള വായ്പ (നബാർഡ് ആർ.ഐ.ഡി.എഫ്.)

കോഴിക്കോട് ചേമഞ്ചേരി കാലിത്തീറ്റ നിർമ്മാണ യൂണിറ്റിനുള്ള വായ്പയ്ക്കായി 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6403-00-190-95—ഇടുക്കി തൊടുപുഴ കാലിത്തീറ്റ നിർമ്മാണ കേന്ദ്രത്തിനുള്ള വായ്പ (ആർ.ഐ.ഡി.എഫ്.)

ഇടുക്കി അരീക്കുഴിയിലെ കാലിത്തീറ്റ നിർമ്മാണ യൂണിറ്റിനുള്ള വായ്പയ്ക്കായി ഈ ശീർഷകത്തിൽ 1200 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6403-00-190-94—കോഴിക്കോട് തിരുവാങ്ങൂർ കാലിത്തീറ്റ നിർമ്മാണ കേന്ദ്രത്തിനുള്ള വായ്പ-സംസ്ഥാന വിഹിതം

കോഴിക്കോട് ചേമഞ്ചേരിയിലെ കാലിത്തീറ്റ നിർമ്മാണ യൂണിറ്റിനുള്ള വായ്പയ്ക്കായി ഈ ശീർഷകത്തിൽ 800 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് ലിമിറ്റഡ്**

2403-00-190-83—കേരള ലൈവ്സ്റ്റോക്ക് ബോർഡിനുള്ള സഹായം

ഈ ശീർഷകത്തിൽ താഴെ വിവരിക്കുന്ന പദ്ധതികൾക്കായി 2014-2015-ൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

**കന്നുകാലി പ്രജനനം ശക്തിപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം**

2014-2015 സാമ്പത്തിക വർഷത്തിൽ കെ.എൽ.ഡി. ബോർഡിന്റെ 5 കന്നുകാലി ഫാമുകളിൽ ഇടുക്കിയിലെ മാട്ടുപ്പെട്ടി, പാലക്കാട് ജില്ലയിലെ ധോണി, കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ബുൾസ്റ്റേഷനുകളിലെ ക്യാറ്റിൽഷെഡ്ഡുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ക്വാർട്ടേഴ്സുകൾ റിപ്പയർ ചെയ്യുക, കൂടുതൽ തീറ്റപ്പുൽ ഉണ്ടാക്കുന്നതിനാവശ്യമായ വികസന പ്രവർത്തനങ്ങൾ നടത്തുക ജലസേചന സൗകര്യം മെച്ചപ്പെടുത്തുക, കന്നുകാലിപരിപാലനം തുടങ്ങിയവ ഉൾപ്പെടുന്ന ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 240 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി ആവശ്യമുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു.

**ഫീൽഡ് പെർഫോമൻസ് റിക്കോർഡിംഗ് വഴി നൂതന വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കന്നുകാലികളുടെ ജനിതക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതി.**

ഫീൽഡ് പെർഫോമൻസ് റിക്കോർഡിംഗ് പ്രോഗ്രാം പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന പശുക്കളിൽ രാവിലെയും വൈകിട്ടുമുള്ള പാലുൽപ്പാദനം രേഖപ്പെടുത്തുന്നതാണ്. 100 ഓളം ബീജധാന കേന്ദ്രങ്ങളിലായി 40000 പശുക്കളെ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നുണ്ട്. ഈ പശുക്കളുടെ ആദ്യകറവക്കാലത്തെ പാലുൽപ്പാദനം ആദ്യം രേഖപ്പെടുത്തുന്നു. ഇതിൽ നിന്നും തെരഞ്ഞെടുക്കുന്ന മികച്ച പശുക്കളുടെ മാത്രം പിന്നീടുള്ള കറവക്കാലത്തെ പാലുൽപ്പാദനം രേഖപ്പെടുത്തുന്നു. ഈ പദ്ധതിയുടെ ഭാഗമാകുന്ന ഓരോ കർഷകനും ഒരു പശുവിന് ഒരു ദിവസത്തേക്ക് 1കി.ഗ്രാം കാലിത്തീറ്റ നിരക്കിൽ പദ്ധതി വിഹിതം ഉപയോഗിച്ച് നൽകുന്നതാണ്. ഇത് കർഷകന്, ഈ പദ്ധതിയുടെ ഭാഗമാകാനുള്ള ഒരു പ്രോൽസാഹനമാകുന്നതോടൊപ്പം സംസ്ഥാനത്തിന്റെ ആകെ പാലുൽപ്പാദനം വർദ്ധിക്കുന്നതിനും കാരണമാകുന്നു. കൂടാതെ പദ്ധതിയുടെ ഭാഗമാകുന്ന വെറ്ററിനറി ഡോക്ടർമാർക്കും, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും ഹോണറേറിയം നൽകുന്നതാണ്. 2014-2015 സാമ്പത്തിക വർഷം ഈ പദ്ധതിയിൽ 3000 പശുക്കുട്ടികളെ രജിസ്റ്റർ ചെയ്യുവാനും 2500 പശുക്കളുടെ പാലുൽപ്പാദനവിവരങ്ങൾ ശേഖരിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 200 ലക്ഷം രൂപയ്ക്കു പുറമേ 37 ലക്ഷം രൂപ കൂടി ആവശ്യമായി വരുമെന്നും സമിതി വിലയിരുത്തി. ആയതിനാൽ മേൽപ്പറഞ്ഞ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ ആകെ 47 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## പൊതുശുപാർശ

**ആടുവികസന ബോർഡ്**

ബഹുമാനപ്പെട്ട ഗവർണ്ണറുടെ 2013-14-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ സംസ്ഥാനത്ത് ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി മാംസോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ഒരു ആട് വികസന ബോർഡ് സ്ഥാപിക്കുന്നതാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ആയതിന്റെ പ്രാരംഭ നടപടികൾക്കായി 2014-2015 സാമ്പത്തിക വർഷം ഒരു പുതിയ ശീർഷകം അനുവദിക്കണമെന്നും ആയതിൽ ഒരു ലക്ഷം രൂപ വകയിരുത്തണമെന്നും ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**ആധുനിക പന്നിവളർത്തൽ ഫാമുകൾ**

ബഹുമാനപ്പെട്ട ഗവർണ്ണറുടെ 2013-2014-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ നെതർലാന്റ് അഗ്രോ ഫുഡ് ആന്റ് ടെക്നോളജി സെന്ററിന്റെ സാങ്കേതിക സഹായത്തോടെ സംസ്ഥാനത്ത് ആധുനിക പന്നി വളർത്തൽ ഫാമുകൾ ആരംഭിക്കുമെന്ന് പ്രതിപാദിച്ചിരുന്നു. ആയതിന്റെ പ്രാരംഭ നടപടികൾക്കായി 2014-2015 സാമ്പത്തിക വർഷം ഒരു പുതിയ ശീർഷകം ആരംഭിക്കണമെന്നും ആയതിൽ 1 ലക്ഷം രൂപ വകയിരുത്തണമെന്നും ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXXII—ക്ഷീരവികസനം

2404-00-001-99-01-4—മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്

ക്ഷീര വികസന ഡയറക്ടറേറ്റ് ഉദ്യോഗസ്ഥരുടെ 2013-2014-ലെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് കുടിശ്ശികയ്ക്കും 2014-2015-ലെ മതിപ്പു ചെലവിനുമായി 3.07 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-001-99-041—ഡയറക്ടറേറ്റ് ഉദ്യോഗസ്ഥരുടെ യാത്രാബത്ത

സ്റ്റേറ്റ്ലെവൽ ഓഫീസർമാരുടെ യാത്രയും, ഇൻസ്പെക്ഷൻ, റീകൺസിലിയേഷൻ, ഓഡിറ്റ്, ഒ.&എം. ഇൻസ്പെക്ഷൻ, പദ്ധതി അവലോകന യോഗങ്ങൾ എന്നിവയ്ക്കായി ആകെ 5 ലക്ഷം രൂപ വേണ്ടി വരുമെന്നു കണക്കാക്കപ്പെടുന്നതിനാൽ ഈയിനത്തിൽ 2,50,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-001-99-05-4—ഡയറക്ടറേറ്റ് ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

പോസ്റ്റേജ് ചെലവുകൾക്കും കമ്പ്യൂട്ടർ ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും സ്റ്റേറ്റ് ഡെയറി ലാബിലെ ചെലവുകൾക്കും വൈദ്യുതി ചാർജ്ജ് നിരക്കുവർദ്ധന കണക്കിലെടുത്തും 2014-2015 സാമ്പത്തിക വർഷം അനുവദിച്ച തുകയ്ക്കു പുറമേ 5.21 ലക്ഷം രൂപ അധികമായി ഈ ഇനത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-001-99-17—ചെറുകിട മരാമത്ത് പണികൾ

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന കെട്ടിടം 60 വർഷത്തോളം പഴക്കമുള്ളതാണ്. ഇതിന്റെ മേൽക്കൂരയിൽ ചോർച്ചയും പലഭാഗത്തും സീലിംഗ് പൊട്ടി താഴെ വീണിട്ടുള്ളതും ആയതിനാൽ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നിർവ്വഹിക്കേണ്ടതുമാണ്. കൂടാതെ മെയിൻ റോഡിൽ നിന്നും ഹെഡ് ഓഫീസിലേക്കുള്ള സബ്റോഡ് ഗതാഗതയോഗ്യമല്ലാതായിത്തീർന്നിട്ടുണ്ട്. ആയതിന്റെ അറ്റകുറ്റപ്പണിയും അത്യാവശ്യമാണ്. ക്ഷീര പരിശീലന കേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നല്ല ഒരു ഭാഗം പുതുതായി ആരംഭിച്ച വെറ്ററിനറി സർവ്വകലാശാലയുടെ ലേസൺ ഓഫീസ് പ്രവർത്തിക്കുന്നതിനു വേണ്ടി അനുവദിച്ചതിനാൽ വകുപ്പിന്റെ കീഴിലുള്ള പരിശീലന കേന്ദ്രത്തിൽ വച്ച് വിവിധ പരിശീലനങ്ങൾക്കായി നിലവിലുള്ള കെട്ടിടത്തിന്റെ മുകൾഭാഗത്ത് ഒരു ഹാൾ നിർമ്മിക്കേണ്ടതുണ്ട്. കൂടാതെ ഡെയറി ഡയറക്ടറേറ്റ് സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ മുകളിൽ അവലോകനയോഗങ്ങൾ നടത്തുന്നതിന് ഒരു കോൺഫറൻസ്ഹാൾ പണിയേണ്ടതുണ്ട്. മുൻവർഷങ്ങളിലും ഇതു സംബന്ധിച്ച ശുപാർശ സമിതി നൽകിയിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 2014-2015 സാമ്പത്തിക വർഷം പ്രസ്തുത ആവശ്യത്തിലേക്കായി 250 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-001-99-21-1—ഡയറക്ടറേറ്റ്-വാഹനംവാങ്ങൽ

2012-2013-ൽ 7 മഹീന്ദ്ര ബൊലേറോ ജീപ്പുകൾ വാങ്ങുന്നതിന് ഭരണാനുമതി ലഭിച്ചെങ്കിലും 2013-2014-ൽ എക്സൈസ് തീരുവ വർദ്ധിപ്പിച്ചതിനാൽ 6 എണ്ണം വാങ്ങുന്ന നടപടി മാത്രമേ പൂർത്തീകരിക്കാൻ സാധിച്ചുള്ളൂ. ഏഴാമത്തെ വാഹനം കൂടി വാങ്ങേണ്ട ആവശ്യത്തിലേക്ക് ഈ ശീർഷകത്തിൽ 2014-2015 സാമ്പത്തിക വർഷം 6 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-001-99-21-2—ഡയറക്ടറേറ്റ് സംരക്ഷണവും അറ്റകുറ്റപ്പണികളും

വാഹനങ്ങളുടെ സ്പെയർപാർട്ടുകൾ, റിപ്പയർ, ടയർ, സർവ്വീസിംഗ് എന്നിവയുടെ ചെലവ് ഗണ്യമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ ഇനത്തിൽ 28,000 രൂപ അധികം വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-001-98-04-1—ജില്ലാഭരണം-യാത്രബത്ത

14 ജില്ലാ ഓഫീസുകളിലെ ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക, 2014-2015 വർഷത്തെ യാത്രാബത്ത, വിരമിച്ച ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക എന്നിവയ്ക്ക് വേണ്ടി 7.75 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-001-98-05—ജില്ലാഭരണം-ഓഫീസ് ചെലവുകൾ

14 ജില്ലാ ഓഫീസുകളുടെയും ഓഫീസ് ചെലവുകൾക്കും അത്യാവശ്യ ചെലവുകൾക്കും തപാലുകൾ അയയ്ക്കുന്നതിനുമായി അനുവദിച്ചിരിക്കുന്ന തുക സാമ്പത്തിക വർഷം പകുതിയാകുമ്പോഴേക്കും തീരുന്നതാണ്. ആയതിനാൽ 2014-2015 സാമ്പത്തിക വർഷം ഈ ഇനത്തിൽ 4.58 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-001-98-06—ജില്ലാഭരണം-വാടക, കരം, നികുതി

ജില്ലാ ഓഫീസുകളുടെ വാടകക്കുടിശ്ശിക നൽകുന്നതിന് ഈ ഇനത്തിൽ 6.08 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-001-98-21—ജില്ലാഭരണം - മോട്ടോർ വാഹനങ്ങൾ

ജില്ലാ ഓഫീസുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഈയിനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2014-2015-ലേക്ക് 3.23 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-001-97-04-1—വികസന പ്രവർത്തന ഘടകങ്ങൾ-യാത്രാബത്ത

152 ഡെയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റുകളിലെ ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശികയും 2014-2015 വർഷത്തെ യാത്രാബത്തയും നൽകുന്നതിനും വിരമിച്ച ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക നൽകുന്നതിനും വകയിരുത്തിയ തുക അപര്യാപ്തമാണെന്നു കാണുകയാൽ ഈ ഇനത്തിൽ 14.38 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-102-96-34—ഗ്രാമീണ ക്ഷീര വ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ-മറ്റു ചെലവുകൾ

ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള അഞ്ചു പരിശീലന കേന്ദ്രങ്ങൾവഴി വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ നടത്തുക, സെമിനാറുകൾ, ജില്ലാ/ബ്ലോക്ക് ക്ഷീര കർഷക സംഗമങ്ങൾ, ഉപഭോക്തൃ മുഖാമുഖ പരിപാടികൾ, ഗുണനിലവാര ബോധവത്കരണ പരിപാടികൾ, വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് സംസ്ഥാനത്തിനകത്തും, പുറത്തും സെമിനാറുകൾ, ശില്പശാലകൾ, പരിശീലനം, സ്കൂളുകളിൽ ഡെയറി ക്ലബുകൾ സ്ഥാപിക്കുന്നതിനും മികച്ച ക്ഷീരകർഷകർക്ക് അവാർഡ്, ക്ഷീരവികസനത്തിന് മികച്ച സാധ്യതയുള്ള ബ്ലോക്കുകളിൽ ഫാം ഫീൽഡ് സ്കൂളുകൾ സ്ഥാപിക്കൽ, ക്ഷീരകർഷകർക്കുണ്ടാകുന്ന അപ്രതീക്ഷിത നഷ്ടങ്ങൾക്ക് ധനസഹായം നൽകുന്നതിനും ക്ഷീരവികസന ഓഫീസുകളിൽ ക്ഷീര കർഷകർക്ക് ഡെമോൺസ്ട്രേഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനുമാണ് ഈ ശീർഷകത്തിൽ ഫണ്ട് അനുവദിച്ചിട്ടുള്ളത്. 2012-2013-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണർ 20 പുതിയ ക്ഷീരവികസന യൂണിറ്റുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. കൂടാതെ 2009-2010-ൽ നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടിന്റെ 83-ാം ഖണ്ഡികയിലും പുതിയ 20 ക്ഷീരവികസന യൂണിറ്റുകൾ തുടങ്ങുന്ന കാര്യം ആവശ്യപ്പെട്ടിരുന്നു. ഇതിനുവേണ്ടി പ്രൊപ്പോസലുകൾ വകുപ്പിൽ നിന്നും സമർപ്പിച്ചിട്ടുണ്ടെങ്കിലും നടപടികൾ പുരോഗമിച്ചിട്ടില്ല. പുതിയ ക്ഷീരവികസന യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ ആരംഭിക്കുന്നതിനും 2013-2014 വർഷത്തിൽ അപ്രതീക്ഷിതമായുണ്ടായ വെള്ളപ്പൊക്കക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച ക്ഷീരകർഷകർക്കും കുളമ്പുരോഗബാധമൂലം ഉരുക്കൾ മരണപ്പെട്ട് നഷ്ടമനുഭവിച്ച എല്ലാ കർഷകർക്കും ധനസഹായം നൽകുന്നതിന് കണ്ടിജൻസി ഫണ്ടിനത്തിൽ മതിയായ തുക ലഭ്യമല്ലായിരുന്നു എന്ന് സമിതി വിലയിരുത്തി. പ്രസ്തുത ശീർഷകത്തിൽ ഉൾപ്പെടുത്തി എന്റർപ്രിണർഷിപ്പ് ആന്റ് സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാമും നടപ്പിലാക്കുന്നതിനായി 160 ലക്ഷവും ഉൾപ്പെടെ 545 ലക്ഷത്തിന്റെ പ്രൊപ്പോസൽ വകുപ്പ് സമർപ്പിച്ചിരുന്നതിൽ 350 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തി നൽകിയത്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 195 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-102-79—കാലിത്തീറ്റയ്ക്കുള്ള സബ്സിഡി

ഈ ശീർഷകത്തിൽ വർഷം മുഴുവൻ കാലിത്തീറ്റ സബ്സിഡി കർഷകർക്ക് ലഭ്യമാക്കുമെന്ന് 2013-2014 ബഡ്ജറ്റ് പ്രസംഗത്തിൽ വാഗ്ദാനം ചെയ്യുകയും ആയതിന് 15 കോടി രൂപ വകയിരുത്തുമെന്നും പറഞ്ഞിരുന്നെങ്കിലും 6 കോടി മാത്രമാണ് അനുവദിച്ചത്. ഒരു രൂപ നിരക്കിൽ വർഷം മുഴുവൻ കാലിത്തീറ്റ സബ്സിഡി നൽകണമെങ്കിൽ ആകെ 4750 ലക്ഷം രൂപയാണ് ആവശ്യമായത്. 2013-2014-ൽ ആർ.കെ.വി.വൈ. പദ്ധതിയിലൂടെ ഇതിന്റെ തുക ലഭ്യമായിട്ടില്ല. 1000 ലക്ഷം രൂപ കൂടിയെങ്കിലും ഈ ഇനത്തിൽ അനുവദിച്ചാൽ മാത്രമേ 5 മാസത്തേക്കെങ്കിലും കർഷകർക്ക് പ്രസ്തുത സഹായമെത്തിക്കാൻ കഴിയുകയുള്ളൂവെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 1000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-109-95—ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ

നിലവിലുള്ള ലാബുകളിൽ ആവശ്യമായ തസ്തികകൾ ഇല്ലാത്തത് അവയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇതിനാവശ്യമായ പ്രൊപ്പോസലുകൾ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. 5 മേജർ ചെക്ക് പോസ്റ്റുകളിൽ പാൽ പരിശോധനാ സംവിധാനം ഒരുക്കുന്നതാണെന്ന ബഹുമാനപ്പെട്ട കേരളാ ഗവർണ്ണറുടെ 2014-ലെ നയപ്രഖ്യാപന പ്രസംഗത്തിലെ പരാമർശ പ്രകാരം പ്രാരംഭച്ചെലവുകൾക്കായി 250 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-109-93—മിൽക്ക് ഷെഡ്സ് വികസന പദ്ധതി

2014-2015-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുസരിച്ച് പ്രസ്തുത ശീർഷകത്തിൽ ആകെ 3750 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 2900 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. തീറ്റപ്പുൽകൃഷി വികസനത്തിനും, കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിനുള്ള തുകകൾ കൂടി ഈ ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ 2404-00-109-93 ശീർഷകത്തിൽ നിന്നും 800 ലക്ഷം രൂപ 2404-00-800-84 എന്ന ശീർഷകത്തിലേക്കും 50 ലക്ഷം രൂപ 2404-00-800-79 എന്ന ശീർഷകത്തിലേക്കും മാറ്റി അനുവദിച്ച് നൽകേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ മേൽപ്പറഞ്ഞ പ്രകാരം ഈ ശീർഷകത്തിൽ നിന്നും തുകകൾ മാറ്റി അനുവദിച്ചു നൽകണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത പരിപാടിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന ജില്ലകളിലെ ഒരു പ്രത്യേക പ്രദേശത്തെ ക്ഷീര മേഖലയുടെ വികസനത്തിനും അവിടുത്തെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും, പശ്ചാത്തല സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി പ്രത്യേക ആവശ്യാധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുകയും, മിനി ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ബഡ്ജറ്റ് പ്രസംഗത്തിൽ എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിനെ ക്ഷീരഗ്രാമമാക്കി മാറ്റുമെന്ന് പരാമർശിക്കുക യുണ്ടായി. ആയതിനാൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 1000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-109-98-04-1—ക്ഷീരവികസന പരിശീലന കേന്ദ്രം-യാത്രാബത്ത

5 ക്ഷീര പരിശീലന കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് യാത്ര-ബത്ത കുടിശ്ശികയും 2014-2015 വർഷത്തെ യാത്രാബത്തയും നൽകുന്നതിന് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 3.14 ലക്ഷം രൂപ അധികമായി വകയിരുത്തണ മെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-109-98-04-2—ക്ഷീരവികസന പരിശീലന കേന്ദ്രം-സ്ഥലംമാറ്റബത്ത

ക്ഷീര പരിശീലന കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് നൽകേണ്ട സ്ഥലംമാറ്റ ബത്തയിലെ കുടിശ്ശിക തീർക്കുന്നതിന് 81,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-109-98-05-1—ക്ഷീരസഹകരണ പരിശീലനകേന്ദ്രം-വെള്ളക്കരം

ക്ഷീരപരിശീലനകേന്ദ്രങ്ങളിലെ വെള്ളക്കരം കുടിശ്ശിക നൽകുന്നതിന് 1.47 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-109-98-05-3—ക്ഷീരപരിശീലന കേന്ദ്രം- ടെലിഫോൺ ചാർജ്

ക്ഷീരപരിശീലന കേന്ദ്രങ്ങളിലെ ടെലിഫോൺ ചാർജിനത്തിൽ വന്നിട്ടുള്ള കുടിശ്ശിക തീർക്കുന്നതിന് 1.89 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-195-94—ക്ഷീരസഹകരണ സംഘങ്ങൾക്ക് സഹായം

2014-2015 സാമ്പത്തികവർഷം 2404-00-195-94 എന്ന ശീർഷകത്തിൽ 2050 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഈ ശീർഷകത്തിൽ വകുപ്പ് ആവശ്യപ്പെട്ടിരുന്നത് 1550 ലക്ഷം രൂപയാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 1550 ലക്ഷം രൂപ വകകൊള്ളിക്കുകയും, ബാക്കി 500 ലക്ഷം രൂപ 2404-00-109-95—Strengthening of Quality Control Labs എന്ന ശീർഷകത്തിലേക്ക് മാറ്റി അനുവദിക്കുകയും ചെയ്യണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്ന സംവിധാനത്തെപ്പറ്റി സമിതി ആരാഞ്ഞതിനു മറുപടിയായി, ഗുണമേന്മ പരിശോധിക്കാനുള്ള അധികാരം ഫുഡ് സേഫ്റ്റി കമ്മീഷർക്ക് മാത്രമാണുള്ളതെന്നും ക്ഷീരവികസന വകുപ്പിന് അധികാരമില്ലെന്നും, എന്നാൽ പരിശോധനാ സംവിധാനമുള്ള ലബോറട്ടറി വകുപ്പിനുണ്ടെന്നും ക്ഷീരവികസനവകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിനില്ല എന്നും പുറത്തുനിന്നും കൊണ്ടുവരുന്ന ഇറച്ചിയുടെ കാര്യത്തിലും ഇതേ പ്രശ്നംതന്നെയാണ് നിലനിൽക്കുന്നതെന്നും ഡയറക്ടർ കൂട്ടിച്ചേർത്തു.

തുടർന്ന് മാർക്കറ്റിൽ ലഭ്യമാകുന്ന പാലിന്റെയും ഇറച്ചിയുടേയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള അധികാരം ക്ഷീരവികസന വകുപ്പിനുകൂടി നൽകുന്നതിന് 2011-ൽ നിലവിൽവന്ന ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് റൂൾസ് ഭേദഗതി ചെയ്യണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2404-00-195-90—ക്ഷീരസഹകരണ സംഘങ്ങൾക്ക് സഹായം (ACA)

മലബാർ മേഖലാ യൂണിയൻ മുഖേന സ്റ്റെറിലൈസ്ഡ് മിൽക്ക് മാനുഫാക്ചറിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി ഈ ശീർഷകത്തിൽ 2500 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-800-99-02—കന്നുകാലിത്തീറ്റ കൃഷി-വലിയതുറ സ്വീവേജ് ഫാം-വേതനം

വലിയതുറ സ്വീവേജ് ഫാമിലെ തൊഴിലാളികളുടെ വേതനം, ക്ഷാമബത്ത എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമാണെന്നു കാണുകയാൽ ആയതിനായി 2014-2015 സാമ്പത്തികവർഷത്തേക്ക് 53.63 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-800-79—ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് ഇൻഷ്വറൻസ് പദ്ധതിക്ക് ധനസഹായം

കേരള ക്ഷീരകർഷകക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകരുടെ എണ്ണം വർദ്ധിച്ചതിനാലും സാമൂഹിക സുരക്ഷാ പദ്ധതികൾക്കായി നൽകുന്ന ധനസഹായം വർദ്ധിപ്പിക്കേണ്ടതിനാൽ 1240 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXXIII—മത്സ്യബന്ധനം

2405-00-101-87—നഴ്സറികൾ സ്ഥാപിക്കൽ

പൊയ്യ നെയ്തൽ പൈതൃക മത്സ്യഗ്രാമ പദ്ധതി പൂർത്തിയാക്കുന്നതിന് ഈ ശീർഷകത്തിൽ 400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-101-71—തൃശൂരിലെ കോൾനിലങ്ങളിലും കുട്ടനാട്ടിലെ വയലുകളിലും സംയോജിത മത്സ്യക്കൃഷി

50 ഹെക്ടർ ഓരുജല പ്രദേശത്ത് ശാസ്ത്രീയ രീതികൾ അവലംബിച്ച് ചെമ്മീൻ കൃഷി നടപ്പാക്കുന്നതിനുള്ള സാങ്കേതിക-സാമ്പത്തികസഹായം കർഷകർക്ക് നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 2014-2015 സാമ്പത്തികവർഷം 150 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-101-62—മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും

2014-2015 സാമ്പത്തികവർഷം ഈ ശീർഷകത്തിൽ അക്വാ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് 230 ലക്ഷം രൂപയും വേമ്പനാട്ട് കായലിലെ കുളവാഴ യന്ത്ര സഹായത്തോടെ നിർമ്മാർജ്ജനം ചെയ്യുന്നതിന് 250 ലക്ഷം രൂപയും ഉൾപ്പെടെ 480 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-103-97—മത്സ്യബന്ധന തുറമുഖങ്ങളുടെ സംരക്ഷണവും നടത്തിപ്പും

സംസ്ഥാനത്തെ പ്രധാന മത്സ്യബന്ധന തുറമുഖങ്ങളിലെയും ഫിഷ് ലാന്റിംഗ് സെന്ററുകളിലെയും ജീവനക്കാരുടെ വേതനത്തിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-103-91—മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും (ആഴക്കടൽ മത്സ്യബന്ധനം)

കേരള സമുദ്ര മത്സ്യബന്ധനനിയമം നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ഒരു കോടി രൂപ അപര്യാപ്തമായതിനാൽ 2014-2015 സാമ്പത്തികവർഷത്തേക്ക് 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-103-90—മത്സ്യത്തൊഴിലാളികളുടെ കടൽ സുരക്ഷ (90% കേന്ദ്രാവിഷ്കൃതം)

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തെരഞ്ഞെടുത്ത 250 യന്ത്രവൽക്കൃത ബോട്ടുകൾക്ക് AIS, GPS, ഹോളോഗ്രാഫിക് പ്ലേറ്റ്സ്, ബീക്കൺ, എക്കോസൗണ്ടർ എന്നിവ നൽകുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 400 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-103-88—ദേശീയമത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്താലുള്ള ഭവന പദ്ധതി

ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് 2012-2013-ൽ അധികം ആവശ്യമുണ്ടായിരുന്ന 2 കോടി രൂപയും 2013-2014-ൽ അധികം ആവശ്യമുണ്ടായിരുന്ന 4 കോടി രൂപയും 2014-2015 വർഷം അധികമായി വേണ്ടിവരുന്ന 4 കോടി രൂപയും ചേർത്ത് ഈ ശീർഷകത്തിൽ ആകെ 1000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-105-96—മൂല്യവർദ്ധിത വിപണി

മുൻവർഷങ്ങളിൽ ഏറ്റെടുത്ത് നിർമ്മാണം ആരംഭിച്ച മത്സ്യമാർക്കറ്റുകളുടെ പൂർത്തീകരണത്തിനായും 2014-2015-ൽ വിഭാവനം ചെയ്തിരിക്കുന്ന 13 മത്സ്യ മാർക്കറ്റുകൾക്ക് വേണ്ടതായ അധിക തുകയും ചേർത്ത് 248.61 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-105-90—അടിമാലിത്തുറ മാതൃകാ മത്സ്യബന്ധന ഗ്രാമവികസനം

2013-2014 ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്ന അടിമാലിത്തുറ മാതൃകാ മത്സ്യബന്ധന ഗ്രാമപദ്ധതി നടപ്പിലാക്കുന്നതിന് 2014-2015 സാമ്പത്തികവർഷം 470 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-190-97—ഫിഷ് പ്രോസസ്സിംഗ് കേന്ദ്രങ്ങളും ഫിഷ് മാളുകളും ആധുനിക ഫിഷ് മാർക്കറ്റുകളും

2014-2015 സാമ്പത്തികവർഷത്തിൽ ഫിഷ് മാളുകളുടെ നിർമ്മാണത്തിനായി 990 ലക്ഷം രൂപയും ഫിഷ് പ്രോസസ്സിംഗ് യൂണിറ്റുകളുടെ നിർമ്മാണത്തിനായി 650 ലക്ഷം രൂപയും ചേർത്ത് ആകെ 1640 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-94—മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സഹായം

2013 സെപ്റ്റംബർ മുതലുള്ള മത്സ്യത്തൊഴിലാളി പെൻഷൻ തുക കുടിശ്ശികയായിട്ടുള്ളതും പെൻഷൻകാരുടെ എണ്ണത്തിലുണ്ടായ വർദ്ധനയും പെൻഷൻ തുകയിലുണ്ടായ 100 രൂപയുടെ വർദ്ധനയും കണക്കിലെടുത്ത് 2014-2015 സാമ്പത്തികവർഷം ഈ ശീർഷകത്തിൽ 2120 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-92—രജിസ്റ്റർചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം

രജിസ്റ്റർചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കളായ, വിവിധ ക്ലാസ്സുകളിൽ പഠിക്കുന്ന 67000-ത്തോളം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് പ്രതിവർഷം 15 കോടി രൂപ ആവശ്യമാണ്. 2013-2014 വർഷത്തെ കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള 7 കോടി രൂപയും 2014-2015 വർഷത്തെ ആനുകൂല്യങ്ങൾ മുഴുവൻ കൊടുക്കുന്നതിനായി അധികം ആവശ്യമായ 6 കോടി രൂപയും ചേർത്ത് 2014-2015 സാമ്പത്തികവർഷം 1300 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-76—സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം സംസ്ഥാന വിഹിതം)

ഈ ശീർഷകത്തിൽ മുൻവർഷങ്ങളിൽ അനുവദിച്ച എൻ.സി.ഡി.സി. പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാരിൽ നിന്നും മുഴുവൻ തുകയും അനുവദിച്ച് നൽകിയിട്ടില്ല. ആയതിനാൽ 2012-2013, 2013-2014 വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടേയും, 2014-2015 വർഷത്തിൽ നടപ്പിലാക്കേണ്ട ഐ.എഫ്.ഡി.പി. 2013-2014 പദ്ധതിയുടേയും പൂർത്തീകരണത്തിനായി 2092.87 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2405-00-800-75—മത്സ്യത്തൊഴിലാളികൾക്ക് ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെ നടപ്പാക്കുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി (50% CSS)

2014-2015 സാമ്പത്തികവർഷം 1,200 രൂപ തോതിൽ 1.8 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്നതിന് 2160 ലക്ഷം രൂപ ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 160 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-50—മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

2014-2015 സാമ്പത്തിക വർഷത്തിൽ 76480 അനുബന്ധ മത്സ്യത്തൊഴിലാളികളെ ഇൻഷ്വർ ചെയ്യേണ്ടതിനാലും പ്രീമിയംനിരക്ക് കുറഞ്ഞത് 155 രൂപയും ടാക്സും ആകാൻ സാദ്ധ്യതയുള്ളതിനാലും ഈ ശീർഷകത്തിൽ 33.84 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-30—കടുങ്ങല്ലൂർ അക്വാ ടെക്നോളജി പാർക്ക്

കടുങ്ങല്ലൂരിലെ അക്വാ ടെക്നോളജി പാർക്ക് പുനരുദ്ധരിക്കുന്നതിനായി 400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-29—ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷ്യനേറിയവും സ്ഥാപിക്കൽ

മത്സ്യ ടൂറിസം വികസനവും സമുദ്ര ശാസ്ത്ര ഗവേഷണവും ലക്ഷ്യമിട്ട് എറണാകുളത്ത് പുതുവൈപ്പിൽ ഓഷ്യനേറിയവും മറൈൻ ബയോളജിക്കൽ

റിസർച്ച് സ്റ്റേഷനും സ്ഥാപിക്കുന്നതിനായുള്ള പദ്ധതിക്ക് മലിനീകരണ ബോർഡിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേയും അനുമതി ലഭിച്ചിട്ടുണ്ടെന്നും പരിസ്ഥിതി ആഘാത പഠനം പൂർത്തിയായതായും സമിതി മനസ്സിലാക്കി. ആയതിനായി 2014-2015 സാമ്പത്തികവർഷം വകയിരുത്തിയ ടോക്കൺ പ്രൊവിഷനുപുറമേ 1000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-28—കേരള മത്സ്യ അനുബന്ധ തൊഴിലാളി ക്ഷേമ സെസ് ആക്ട്, 2007 പ്രകാരം പിരിച്ചെടുത്ത സെസ് തുക കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് മാറ്റുന്നത്

കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധതൊഴിലാളികളുടെയും ക്ഷേമ സെസ് ആക്ട് 2007 പ്രകാരം പിരിച്ചെടുത്ത സെസ് തുക കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് മാറ്റുന്നതിനുള്ള ചെലവിനായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-27—മത്സ്യബന്ധനോപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ

2014-2015 സാമ്പത്തികവർഷം എറണാകുളം ജില്ലയിലെ മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് 185 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-21—കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

വിവിധ സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തിട്ടുള്ള മത്സ്യത്തൊഴിലാളി കൾക്ക് കടാശ്വാസം അനുവദിക്കുന്നതിന് 15000 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-10—തീരമൈത്രി സേവനസഹായം

മുൻവർഷത്തെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന വേമ്പനാട് കായലിനോട് ചേർന്ന് താമസിച്ചുവരുന്ന മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണത്തിനും സാമ്പത്തിക ഉന്നമനത്തിനുമായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ജീവനോപാധി കണ്ടെത്തുന്നതിനുള്ള പദ്ധതിയുടെ നടത്തിപ്പിനുമായി 2014-2015 സാമ്പത്തികവർഷം 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-09—നാടൻവള്ളങ്ങളുടെ ആധുനികവൽക്കരണം (50% കേന്ദ്ര സഹായം)

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 10 എച്ച്.പി.ക്കു താഴെയുള്ള ഔട്ട്ബോർഡ് മോട്ടോറുകൾ വാങ്ങുന്നതിന് പരമാവധി 30000 രൂപ വരെ സബ്സിഡിയായി നൽകുന്ന പദ്ധതിയാണിത്. മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിക്കായി ഈ ശീർഷകത്തിൽ ലഭ്യമാക്കിയ തുക എല്ലാ അപേക്ഷകർക്കും സഹായം ലഭ്യമാക്കുവാൻ

പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2014-2015 സാമ്പത്തികവർഷം 110 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-103-98—സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം)

മത്സ്യഫെഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളി കൾക്ക് മത്സ്യ വിപണന സൗകര്യങ്ങൾ വിപുലമാക്കുന്നതിന് ആവശ്യമായ വായ്പാ സൗകര്യങ്ങൾ നൽകുന്നതിനുള്ള പദ്ധതിയാണിത്. മുൻവർഷങ്ങളിൽ അനുവദിച്ച എൻ.സി.ഡി.സി. പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാരിൽ നിന്നും മുഴുവൻ തുകയും അനുവദിച്ച് കിട്ടിയിട്ടില്ല. ആയതിനാൽ 2012-2013, 2013-2014 വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടേയും, 2014-2015 വർഷത്തിൽ നടപ്പിലാക്കേണ്ട ഐ.എഫ്.ഡി.പി. 2013-2014 പദ്ധതിയുടേയും പൂർത്തീകരണത്തിനായി 1471.64 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104-91—പൊന്നാനി മത്സ്യബന്ധന തുറമുഖം (50% CSS)

പൊന്നാനി മത്സ്യബന്ധന തുറമുഖത്തിൽ നിർമ്മിച്ച ഫിഷ് സ്റ്റോറേജ് ഷെഡ്ഡിന്റെ ബിൽ കൊടുത്തു തീർക്കുന്നതിനായി 12 ലക്ഷം രൂപയും പുതിയതായി പണികഴിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഫിഷ് സ്റ്റോറേജ് ഷെഡ്ഡിന്റെ നിർമ്മാണ ചെലവിനായി 220 ലക്ഷം രൂപയും ചേർത്ത് 232 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104-84—തലായി മത്സ്യബന്ധന തുറമുഖ പദ്ധതി (50% കേന്ദ്ര സഹായം)

തലായി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി 3510.59 ലക്ഷം രൂപയുടെ കോംപ്രിഹെൻസീവ് റിപ്പോർട്ട്-കം-റിവൈസ്ഡ് എസ്റ്റിമേറ്റ് ഡൽഹിയിൽ കൂടിയ പ്രോജക്ട് സാങ്ഷനിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. 2014-2015 വർഷം ഈ പദ്ധതി പൂർത്തീകരിക്കുന്നതിനായി 800 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104-83—പുതിയ മത്സ്യബന്ധന തുറമുഖ കേന്ദ്രങ്ങൾ കണ്ടെത്തൽ

പതിയാങ്കര, പുതിയങ്ങാടി, പരപ്പനങ്ങാടി, പുന്നപ്ര, പൂന്തുറ, അജാനൂർ എന്നിവിടങ്ങളിൽ ഫിഷിംഗ് ഹാർബറുകൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള അന്വേഷണ ഗവേഷണ പഠനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നതിനാൽ, പ്രസ്തുത പഠനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് 107.00 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104-80—കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം (50% കേന്ദ്രാവിഷ്കൃത പദ്ധതി)

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ ത്തിനായുള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് ബാക്കിനിൽക്കുന്ന ഡ്രെഡ്ജിംഗ്, റിക്ലമേഷൻ,

അനുബന്ധ പ്രവൃത്തികൾ എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 600 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4405-00-104-76—സാമ്പ്രാണിക്കോടി, മുഹമ്മ, ബേക്കൽ ഇൻലാന്റ് ഫിഷ് ലാന്റിംഗ് സെന്ററുകൾ

മുറിഞ്ഞപ്പുഴ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 35.7 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104-71—മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര സഹായം)

മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണം, വാർഫ്, ലേലപ്പുര തുടങ്ങിയ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104-70—വെള്ളയിൽ മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര സഹായം)

വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിന്റെ പ്രധാന ഘടകങ്ങളായ പുലിമുട്ട്, വാർഫ്, ലേലപ്പുര തുടങ്ങിയവയുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനായി 1000 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104-69—പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര വിഹിതം)

പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 2014-2015 സാമ്പത്തികവർഷം 10 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104-68—താനൂർ മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര വിഹിതം)

താനൂർ മത്സ്യബന്ധന തുറമുഖ പദ്ധതി നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് ഈ ശീർഷകത്തിൽ 1000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104-64—അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര വിഹിതം)

അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 1000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104-62—<u>കടലോര മത്സ്യബന്ധന അടിസ്ഥാനസൗകര്യം-മത്സ്യബന്ധനത്തിനു ശേഷമുള്ള പ്രവർത്തനങ്ങൾ എന്നിവയുടെ വികസനത്തിനായുള്ള പദ്ധതി (50% കേന്ദ്ര വിഹിതം)</u>

പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ ആഴംകൂട്ടി ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ഈ ശീർഷകത്തിൽ 2091 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-109-99—<u>മത്സ്യക്കൃഷി പരിശീലന കേന്ദ്രം സ്ഥാപിക്കൽ</u>

തിരുവനന്തപുരം ജില്ലയിലെ നെയ്യാർ ഡാം, കോട്ടയം ജില്ലയിലെ പള്ളം, എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ, തൃശ്ശൂർ ജില്ലയിലെ അഴിക്കോട്, പാലക്കാട് ജില്ലയിലെ മലമ്പുഴ എന്നിവിടങ്ങളിൽ ഫിഷറീസ് വകുപ്പിന്റെ ഓഫീസുകളോട് ചേർന്ന് മത്സ്യക്കൃഷിയും പരിശീലന കേന്ദ്രങ്ങളും ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതില്ല എന്നും വകുപ്പിന്റെ നിലവിലുള്ള ജീവനക്കാരുടെ സേവനം വിനിയോഗിക്കുന്നതാണ് എന്നും സമിതി മനസ്സിലാക്കി. 2014-2015 വർഷം മരാമത്ത് പണികൾ (123.56 ലക്ഷം രൂപ), ചാർജ്ജുകൾ (24.72 ലക്ഷം രൂപ), യന്ത്രസാമഗ്രികളും ഉപകരണങ്ങളും (1.72 ലക്ഷം രൂപ) എന്നീ ഘടകങ്ങളിലായി ആകെ 150 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മേൽ പ്രസ്താവിച്ച ഓരോ യൂണിറ്റിനും 50 ലക്ഷം രൂപ നിരക്കിൽ ആകെ 250 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ അധികമായി 100 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-800-80—<u>തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ</u>

തീരദേശ റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി 2014-2015 വർഷത്തെ ബഡ്ജറ്റിൽ 107.50 കോടി രൂപ ആവശ്യപ്പെട്ടിരുന്നു വെങ്കിലും 55 കോടിയാണ് അനുവദിച്ചിട്ടുള്ളത്. നടന്നുവരുന്ന പ്രവൃത്തികൾക്കും ഭരണാനുമതി ലഭ്യമായ തുകയ്ക്കും അനുസൃതമായി 5250 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-800-78—<u>ആലപ്പുഴ വടക്ക് അന്ധകാരനഴി പാലം നിർമ്മാണം</u>

ആലപ്പുഴ ജില്ലയിലെ അന്ധകാരനഴിയുടെ വടക്കുഭാഗത്ത് പാലം നിർമ്മിക്കുന്നതിനായി 635 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. റീ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി 500 ലക്ഷം രൂപ 2014-2015 സാമ്പത്തികവർഷം വകയിരുത്തണ മെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-800-76—<u>സംയോജിത തീരദേശ വികസനം</u>

ഭരണാനുമതി ലഭിച്ച പൊന്നാനി താലൂക്ക് ആശുപത്രി ഐ.പി. ബ്ലോക്ക് നിർമ്മാണത്തിനായി 200 ലക്ഷം രൂപയും, പൂന്തുറ ആയുഷ് ആശുപത്രി നിർമ്മാണത്തിന് അധികമായി ആവശ്യമുള്ള 34.00 ലക്ഷം രൂപയും ചേർത്ത് 234 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## പൊതു ശുപാർശകൾ

### മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനാവശ്യത്തിനായി മത്സ്യഫെഡുവഴി മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി

സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനാവശ്യത്തിനായി പ്രതിമാസം നിശ്ചിത തോതിൽ സബ്സിഡി നിരക്കിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ, ഭാരത് പെട്രോളിയം കോർപ്പറേഷൻ എന്നീ ഓയിൽ കമ്പനികളിൽ നിന്നും വെള്ള മണ്ണെണ്ണ നേരിട്ട് ലഭ്യമാക്കി സംസ്ഥാനത്തെ ഫിഷിംഗ് ഹാർബർ/ ലാന്റിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ച് പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യുന്നതുവഴി മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ആശ്വാസമെത്തിക്കാൻ സാധിക്കും. സമുദ്രോല്പന്ന കയറ്റുമതിയിലൂടെ സംസ്ഥാനത്തിന് ഗണ്യമായതോതിൽ വിദേശനാണ്യം നേടിത്തരുന്നതിൽ ഏറ്റവും നിർണ്ണായകമായ പങ്കുവഹിക്കുന്ന സമൂഹത്തിലെ നിർദ്ധനരായ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള ഈ പദ്ധതിക്കായി 2014-2015 ബഡ്ജറ്റ് പ്രസംഗത്തിൽ 100 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിലേക്കായി പ്രതിവർഷം 155 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. ആയതിനാൽ ഈ പദ്ധതിക്കായി ഒരു പുതിയ ശീർഷകം അനുവദിക്കണമെന്നും ആയതിൽ 2014-2015 വർഷത്തേക്ക് 15500 ലക്ഷം രൂപ വകയിരുത്തണമെന്നും ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

### മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന വർദ്ധനവിനും വരുമാനവർദ്ധനവിനുമായി ഉൽപ്പാദന ബോണസ്

കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പ്രാഥമിക സഹകരണ സംഘങ്ങൾവഴി മത്സ്യബന്ധനോപകരണങ്ങൾ നൽകുകയും അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം ലേലം ചെയ്യുകയുമാണ് പ്രധാനമായും നടത്തിക്കൊണ്ടിരുന്നത്. മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിന് ശക്തമായ പ്രാഥമിക സഹകരണ സംഘങ്ങൾ രൂപപ്പെടുത്തി എടുക്കുക എന്നതും മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യശീലം ഉണ്ടാക്കുകയെന്നതും വളരെ പ്രധാനമാണ്. ഈ സാഹചര്യത്തിലാണ് മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന ബോണസ് നൽകുക എന്ന പദ്ധതിക്ക് മത്സ്യഫെഡ് രൂപം നൽകിയിരിക്കുന്നത്. ഇതിനായി 2014-2015-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 2 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിലേക്കായി പ്രതിവർഷം 10 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. ആയതിനാൽ ഇതിനായി ഒരു പുതിയ ശീർഷകം ആരംഭിക്കണമെന്നും 2014-2015 സാമ്പത്തികവർഷത്തേക്ക് 1000 ലക്ഷം രൂപ വകയിരുത്തണമെന്നും ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

### എറണാകുളം നെറ്റ് ഫാക്ടറിയിലെ പഴയവല നിർമ്മാണ യന്ത്രങ്ങൾ ഘട്ടം ഘട്ടമായി മാറ്റി പുതിയ മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി

മത്സ്യത്തൊഴിലാളികൾക്ക് ഗുണമേന്മയേറിയ മത്സ്യബന്ധന വലകൾ വിതരണം ചെയ്യുന്നതിനായി സർക്കാർ സംവിധാനത്തിൽ 1960-കളിൽ പ്രവർത്തനം ആരംഭിച്ച നെറ്റ്

ഫാക്ടറിയാണ് എറണാകുളം നെറ്റ് ഫാക്ടറി. ഈ ഫാക്ടറിയിൽ മുൻപ് സ്ഥാപിച്ചിട്ടുള്ള വിദേശ നിർമ്മിത മെഷീനുകളുടെ പ്രവർത്തനക്ഷമത പുതിയ മെഷീനുകളെ അപേക്ഷിച്ച് താരതമ്യേന കുറഞ്ഞുവരുന്നതിനാൽ പഴയ മെഷീനുകൾ ഘട്ടംഘട്ടമായി മാറ്റി പുതിയ മെഷീനുകൾ സ്ഥാപിച്ചുകൊണ്ട് ഫാക്ടറിയുടെ ഉൽപ്പാദനശേഷി പുനഃസ്ഥാപിക്കുന്നതിനായി അടിയന്തര നടപടികൾ കൈക്കൊള്ളേണ്ടതായിട്ടുണ്ട്. ഇതിനായി 2014-2015-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 5 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനാൽ ഇതിനായി ഒരു പ്രത്യേക ശീർഷകം ആരംഭിക്കണമെന്നും 2014-2015 വർഷത്തേക്ക് 1000 ലക്ഷം രൂപ വകയിരുത്തണമെന്നും ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**മത്സ്യവിപണന കേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള പദ്ധതി**

മത്സ്യ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുവാൻ മത്സ്യ വിപണനശാലകൾ (മത്സ്യഫെഡ് ഫിഷ് മാർട്ട്) എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതിനായി 2014-2015 ബഡ്ജറ്റിൽ കോർപ്പറേഷനുകൾക്ക് 4.00 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്ക് 3.00 ലക്ഷം രൂപയും പഞ്ചായത്തുകൾക്ക് 2.00 ലക്ഷം രൂപയും വീതം പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു ഹൈ-ടെക് ഫിഷ് സ്റ്റാൾ സ്ഥാപിക്കുന്നതിന് ഏകദേശം 7.50 ലക്ഷം രൂപ ആവശ്യമായി വരും. ഇത് പരിഗണിച്ച് മത്സ്യഫെഡ് സ്ഥാപിക്കുന്ന ഓരോ ഫിഷ് മാർട്ടിനും 7.50 ലക്ഷം രൂപ വകയിരുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവിധ തരത്തിൽ നൽകുന്നതിന് പകരം മൊത്തമായി മത്സ്യഫെഡിന് മാർട്ട് ഒന്നിന് 7.50 ലക്ഷം രൂപ തോതിൽ നിജപ്പെടുത്തി അനുവദിച്ചു നൽകുവാൻ നടപടി സ്വീകരിക്കണ മെന്നും ഇതിനായി ഒരു പുതിയ ശീർഷകം അനുവദിച്ച് ആയതിൽ 2014-2015 വർഷം 3000 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല**

2415-05-277-99—<u>കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്</u>

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയുടെ പനങ്ങാട്ടുള്ള ആസ്ഥാനത്തിന്റെയും പുതുവൈപ്പിനിലെ ഫിഷറീസ് സ്റ്റേഷന്റെയും തിരുവല്ലം കാമ്പസിലെയും താഴെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങൾക്കായി അധികതുക ആവശ്യമാണ്:

| | | | |
|---|---|---|---|
| 1. | പുതുവൈപ്പിൻ കാമ്പസിൽ രണ്ട് സ്കൂളുകൾ, ലൈബ്രറികൾ, ഹോസ്റ്റൽ എന്നിവ | .. | 1000 ലക്ഷം രൂപ |
| 2. | മത്സ്യബന്ധന ബോട്ട് വാങ്ങുന്നതിന് | .. | 100 ലക്ഷം രൂപ |
| 3. | സെമിനാർ സമുച്ചയം (ആസ്ഥാന കേന്ദ്രം) | .. | 100 ലക്ഷം രൂപ |
| 4. | അമിനിറ്റി സെന്റർ | .. | 100 ലക്ഷം രൂപ |
| 5. | റസിഡൻഷ്യൽ ഫ്ളാറ്റ്-ആസ്ഥാന കേന്ദ്രം | .. | 100 ലക്ഷം രൂപ |
| 6. | കോമ്പൗണ്ട് വാൾ നിർമ്മാണം (പുതുവൈപ്പിൻ) | .. | 100 ലക്ഷം രൂപ |
| 7. | കണ്ടൽ ഗവേഷണ കേന്ദ്രം-പുതുവൈപ്പിൻ | .. | 50 ലക്ഷം രൂപ |

| | | | |
|---|---|---|---|
| 8. | ഇൻസ്ട്രക്ഷണൽ ഫാം പരിഷ്കരിക്കുന്നതിന് | .. | 200 ലക്ഷം രൂപ |
| 9. | ബയോഗ്യാസ്, സോളാർ യൂണിറ്റുകൾ എന്നിവയ്ക്ക് | .. | 100 ലക്ഷം രൂപ |
| 10. | കാമ്പസ് വികസനം | .. | 100 ലക്ഷം രൂപ |
| 11. | കോമ്പൗണ്ട് വാൾ (തിരുവല്ലം കാമ്പസ്) | .. | 100 ലക്ഷം രൂപ |
| 12. | ബിരുദാനന്തര കോഴ്സുകൾക്കും പി. എച്ച്. ഡി. പരിപാടികൾക്കും | .. | 200 ലക്ഷം രൂപ |
| 13. | ഡയറക്ടറേറ്റ് ഓഫ് റിസർച്ച് & എക്സ്റ്റൻഷൻ | .. | 200 ലക്ഷം രൂപ |
| 14. | മണ്ണു-ജല ഗുണനിലവാര പരിശോധനയ്ക്കുള്ള പരീക്ഷണശാലയ്ക്കായി | .. | 200 ലക്ഷം രൂപ |
| 15. | കപ്പാസിറ്റി ബിൽഡിംഗ് കണ്ടൽവനവൽക്കരണം-എക്സ്റ്റൻഷൻ | .. | 50 ലക്ഷം രൂപ |
| 16. | എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് | .. | 50 ലക്ഷം രൂപ |

മേൽ വിവരിച്ച പരിപാടികൾക്കുള്ള വിഹിതമായി പദ്ധതിയിനത്തിൽ ആകെ 2750 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിലെ ജീവനക്കാരുടെ ശമ്പളം, യു.ജി.സി. കുടിശ്ശിക, പ്രോവിഡന്റ് ഫണ്ട് ബാലൻസ്, ശമ്പള പരിഷ്കരണ കുടിശ്ശിക, പെൻഷൻ, സറണ്ടർ തുടങ്ങിയ പദ്ധതിയേതര ചെലവുകൾക്ക് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ആയതിലേക്ക് 1786 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

തുടർന്ന്, 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണനയ്ക്കായി 2014 മാർച്ച് 11-ന് ചേരാൻ നിശ്ചയിച്ചിരുന്ന യോഗം 2014 മാർച്ച് 12-ന് ഉച്ചയ്ക്കുശേഷം 2.30-ന് ചേരുന്നതിന് സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.30 മണിക്ക് പിരിഞ്ഞു.

## 2014 മാർച്ച് 12-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I, 2014 മാർച്ച് 12-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V സി' സമ്മേളനഹാളിൽ ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ

അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീമതി ജമീലാ പ്രകാശം, എം. എൽ. എ.
2. ശ്രീ. സി. മോയിൻകുട്ടി, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. എം. രത്നാകരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

സമിതി 2014-2015 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും റിപ്പോർട്ടിലെ 64-ാം ഖണ്ഡികയിലെ "വിവിധ പരിശീലനങ്ങൾ നിലവിലുള്ള കെട്ടിടത്തിന്റെ മുകൾഭാഗത്തായി നിർമ്മിക്കേണ്ടതുണ്ട്". എന്നതിനു പകരം "വിവിധ പരിശീലനങ്ങൾക്കായി നിലവിലുള്ള കെട്ടിടത്തിന്റെ മുകൾഭാഗത്ത് ഒരു ഹാൾ നിർമ്മിക്കേണ്ടതുണ്ട്." എന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ അടുത്ത യോഗം 2014 ഏപ്രിൽ 22-ാം തീയതി തിരുവനന്തപുരത്ത് വച്ച് ചേരുന്നതിനും തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം 3 മണിക്ക് സമിതി യോഗം പിരിഞ്ഞു.